# വിലാസങ്ങളെ തേടുന്ന കത്തുകൾ




Farook College Library
BP 3419

ഫാറൂഖ് കോളേജ് (സ്വയംഭരണം)

**മാഗസിൻ 2018-2019**

ഫാറൂഖ് കോളേജ് പി.ഒ

FAROOK COLLEGE LIBRARY
Date:
FAROOK COLLEGE LIBRARY

"തങ്ങളുടെ രക്ഷിതാവ്
അല്ലാഹുവാണ്
എന്ന പറഞ്ഞതിന്റെ
പേരിൽ മാത്രം
വീടുകളിൽ നിന്നും
പുറത്താക്കപ്പെട്ടവരാണവർ"

[ഖുർആൻ 22:40]

CHIEF EDITOR: DR. K.M. NASEER

STAFF EDITOR: T. MANSOORALI

STUDENT EDITOR: MUHAMMED HADI P.

EDITORIAL BOARD
Dr. K.P. Abbas
Dr. M. Abdul Jabbar
Dilara M

EDITORIAL BOARD
Jashim Ali
Muhammed Thahir
Sayeed Nalakath

EDITORIAL BOARD
Afrin
Amana Shadin
Raniya Kallayi

ADVERTISEMENT:
Mubashir
Nivas Muhammed
Farzan

PHOTOGRAPHY
Shafi C
Aghin Komachi
Hasanul Basari

LAYOUT & DESIGN: MAHIN PULPDESIGN

ILLUSTRATION: ADHIL LATHEEF

PRINTING: HOPUZ PRINTERS & PACKAGERS

SPECIAL THANKS:
Hilal
Muhammed Azhar

EP 3419
10-9-2021




തലമുറകളുടെ മേൽവിലാസം യാഥാർത്ഥ്യമാക്കി
നടന്നു നീങ്ങിയവരേ,
നിങ്ങൾ പകർന്ന വെളിച്ചത്തിനു കീഴിൽ
തലമുറകളിങ്ങനെ ഉണർന്നുകൊണ്ടേയിരിക്കും......

FAROOK COLLEGE LIBRARY
EP 3419
Farook College Library
BP 3419




ഒന്നുറങ്ങിയെണീറ്റപ്പോഴേക്ക് രാജ്യത്തെ പൗരനല്ലതായിത്തീർന്നവർക്ക്...
മകനയച്ച കത്തിന് മറുപടി കാത്തിരിക്കുന്ന ഉമ്മമാർക്ക്...
ദുരിതാശ്വാസ ക്യാമ്പുകളെ സ്വന്തം വിലാസമാക്കാൻ വിധിക്കപ്പെട്ടവർക്ക്...
ഇപ്പോഴും ഉണ്ടെന്ന് പറയപ്പെടുന്ന ആമസോൺ കാടുകൾക്ക്,
ആവിഷ്കാര സ്വാതന്ത്ര്യത്തിന്,
കശ്മീരിലെ മനുഷ്യജീവനുകൾക്ക്, മതേതരത്വത്തിന്,
അവസാനമായി...
തങ്ങളുടെ വിലാസങ്ങൾ സുരക്ഷിതമെന്നു കരുതി ഇപ്പോഴും
ഉറങ്ങിക്കൊണ്ടേയിരിക്കുന്നവർക്ക്..

बीस रुपये

सत्यमेव जयते

भारत

INDIA

२०रू. TWENTY RUPEES 20RS.

MARCH
NIGHT
971

ഉറങ്ങുന്നതിനിടയിൽ ഇടക്കൊന്ന് പുറത്തേക്ക് നോക്കുക. മഴത്തൊട്ടിലെ സംവാദങ്ങളിൽ ആരെയും പേടിക്കാതെ അഭിപ്രായം പറയുന്ന കൂട്ടുകാരനെ നിനക്കവിടെ കാണാം. വിലാസം നഷ്ടപ്പെടുമെന്ന ഭയമില്ലാതിരുന്നിട്ടും പലരും ഏറ്റുവിളിക്കുന്ന മുദ്രാവാക്യങ്ങളും നിനക്ക് കേൾക്കാം ഇതൊന്നും കേൾക്കാനും കാണാനുമായില്ലെങ്കിൽ ഒരു പക്ഷേ ഗാന്ധിജി ആത്മഹത്യ ചെയ്തെന്ന ചരിത്ര പുസ്തകങ്ങളുടെ ഗന്ധം നിന്നെ തേടി വന്നേക്കാം. ഇതൊന്നും അനുഭവിക്കാനായില്ലെങ്കിൽ പലരുടെയും മേൽവിലാസം നഷ്ടപ്പെടുത്തിയവർക്ക് കത്തെഴുതുന്നവരുടെ കാൽപാടുകളെ പിന്തുടരാം.

ഡിജിറ്റൽ ലോകത്ത് നിന്ന് ഇന്റർനെറ്റിനെ നിഷേധിക്കപ്പെടുമ്പോൾ കത്തുകൾ തന്നെയാണ് ശരണം. ചിലപ്പോൾ നമ്മളെഴുതിയ വിലാസത്തിൽ തന്നെ കത്തുകൾ എത്തിച്ചേരണമെന്നില്ല. ഇനിയും നിന്റെ ഉറക്കം നഷ്ടപ്പെട്ടിട്ടില്ലയെങ്കിൽ ഉറങ്ങിക്കോളൂ. പക്ഷേ ഉറക്കം നടിക്കരുത്. പ്രത്യേകിച്ച് പേന പിടിച്ച്. ഇനിയുറങ്ങിപ്പോയാലും പ്രശ്നമില്ല. ആ പേന തട്ടി നിന്റെ മുന്നിലെ കടലാസിൽ എന്തെങ്കിലുമൊക്കെ വര വീഴട്ടെ. ഒരു കുത്തിവരയെങ്കിലും. അത് മേൽവിലാസം നഷ്ടപ്പെടുത്തുന്നവർക്കെതിരെയുള്ള പ്രതിഷേധമാവട്ടെ...

മുഹമ്മദ് ഹാദി. പി

എഡിറ്റർ

THE CERTIFICATE
EDITOR
24-PARGANAS.

49 പ്രണയ - രുചിഭേദങ്ങളെ നിയമം കൊണ്ട് വിലക്കാമോ?

67 പഞ്ച് ഡയലോഗുകൾക്ക് മാത്രമല്ല; നിലപാടുകൾക്ക് കൂടിയുള്ള കയ്യടിയാണ് സിനിമ

64 വിശക്കുന്നവരുടെ ലോകം

66 വിശപ്പ്

93 വിഷം നുണയുന്ന ജീവിതങ്ങൾ

95 ബഷീറിയൻ കൃതികളിലെ സാമൂഹ്യപാഠങ്ങൾ

12 ഭയപ്പെടുത്തി കൂടെ കൂട്ടാമെന്ന് വിചാരിക്കരുത്

84 പുനർനിർമ്മിക്കേണ്ടത് ഹരിതകേരളത്തെ

16 ദാറ്റ് ഇസ് എ റെ ജിമെൻറഡ് ലൈഫ്, നാ അയാം ഫ്രീ

87 നമ്മൾ അതിജീവിക്കും

88 ഹർത്താൽ: അതിരു കടക്കുന്ന അക്രമങ്ങൾ

38 അറിവിൻ മുറ്റത്തെ അക്ഷരത്തെറ്റുകൾ

52 A Ménage against the Menace

14 ഫ്രീസറിൽ വെച്ച കശ്മീർ

47 നീതി, നീ തീയോ

90 എവിടെയാണ് നാം സുരക്ഷിതർ?

23 കശ്മീർ

28 പാരിനൊരു പുഷ്പ സമർപ്പണം

21 ഇന്ത്യാ ദഹനം

41 ഒരു ജാതി കാലം

33 രാജ്യദ്രോഹി

# ഇവിടെ തേടുന്ന വിലാസങ്ങൾ




75 ചരിത്രവും ചതിത്രവും

58 വലതുപക്ഷ ജനാധിപത്യ സിദ്ധാന്തം തീവ്രമാകുമ്പോൾ

42 ജാതിയും അംബേദ്കറും

30 ജയ്ശ്രീറാം' മുദ്രാവാക്യങ്ങൾ അടിച്ചേൽപ്പിക്കപ്പെടുമ്പോൾ

80 കുതിര (പുറത്തുള്ള) കയറുന്ന ദൈവം

82 ദളിത് ആവിഷ്കാരത്തിന്റെ പുതിയ മുഖങ്ങൾ

62 എങ്ങനെയാണ് മോദിയെ ഇന്ത്യ ഓർക്കുക

44 എല്ലാം വല്ല്യേട്ടൻ നോക്കുന്നുണ്ട്

34 ആവിഷ്കാരങ്ങളെ പടിയിറക്കുമ്പോൾ



ഹിന്ദുരാജ് യാഥാർഥ്യമായാൽ
രാജ്യത്തിന്റെ നാശമാകും ഫലം.
ഹിന്ദുക്കൾ എന്തുതന്നെ ധരിച്ചാലും ശരി ഹിന്ദുയിസം
സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനും
ഭീഷണിയാണ്. ഈ അർഥത്തിൽ അതിന്
ജനാധിപത്യത്തോടും വെറുപ്പാണ്.
എന്തുവിലകൊടുത്തും ഹിന്ദുരാജിനെ തടയണം.'

**ഡോ. ബി. ആർ. അംബേദ്കർ**
*Pakistan or the Partition of India*

# മഹാബലി

ഭൂമിമലയാളികളിൽ 'പൗരത്വം നഷ്ടപ്പെട്ട'
ആദ്യവ്യക്തി. നേരിട്ടേറ്റുമുട്ടിയല്ല,
'ചതി'യിലൂടെയാണവർ മാവേലി മന്നനെ
'ഡിറ്റക്ഷൻ സെന്ററി' (പാതാളം)ലേക്കയച്ചത്...
ശിരസ്സ് കുനിച്ചെന്ന് കണ്ടപ്പോൾ
അവർ ചവിട്ടിത്താഴ്ത്തി...




ചതിയും കുടിലതന്ത്രങ്ങളുമായി
അവരുടെ പിന്മുറക്കാർ
നമ്മുടെ പൗരത്വവും തേടി വീണ്ടും വരുമ്പോൾ
രേഖ കാണിച്ച് രക്ഷപ്പെടാമെന്ന് കരുതുന്നവർക്ക്
'മഹാബലി' ഒരു പാഠമാണ്!

The struggle of man against power is
the struggle of memory against
forgetting.

\- MILAN KUNDERA
Czechoslovakian Writer


അഞ്ചൽ ഓട്ടക്കാരൻ
ചിത്രീകരണം: ആദിൽ ലത്തീഫ്
ന്യൂജനറേഷൻ കാലത്ത് വളരെ അപ്രസക്തനായ, എന്നാൽ കഴിഞ്ഞ കാലത്തെ ജനതയുടെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായിരുന്ന, സന്തോഷങ്ങളുമായി പ്രത്യക്ഷപ്പെടാൻ ജനം തപസ്സിരുന്ന ഒരവതാരമായിരുന്നു ഞാൻ.
എനിക്ക് സുപരിചിതമായിരുന്ന പല വിലാസങ്ങളും എത്ര പെട്ടെന്നാണ് നിഗൂഢവും അപ്രത്യക്ഷവുമായി മാറിയത്. ചിലർ ജയിലറകൾ പുതിയ വിലാസമായി സ്വീകരിച്ചപ്പോൾ മറ്റുചിലർ 'ഖബറിടം' എന്ന നിത്യവിലാസത്തിലേക്ക് ചേക്കേറിയിരുന്നു.
വിലാസങ്ങളെ തേടിയാണ് എന്റെ യാത്രകൾ മുഴുവൻ! ഒരുപാട് വിലാസങ്ങളെ ഞാൻ തേടിപ്പിടിച്ചിട്ടുണ്ട്. അവർക്കുള്ള കത്തുകൾ കൈമാറി. ചിലപ്പോൾ വിലാസങ്ങളെ കണ്ടുമുട്ടാതെ നിരാശനായി തിരിച്ചു പോരേണ്ടിയും വന്നിട്ടുണ്ട്.
പേരു തന്നെയും ചിലർക്ക് പൂർണവിലാസമാകുമ്പോൾ പേരുകൊണ്ട് മാത്രം വിലാസം പൂർണമായി നഷ്ടപ്പെട്ടവരും നമുക്കിടയിലുണ്ട്.


ചിതറിക്കിടക്കുന്ന
കബന്ധങ്ങൾക്കിടയിലൂടെയാണ്
'സ്വതന്ത്ര ഇന്ത്യ' എന്ന വിലാസം തേടി
ഞാൻ പുറപ്പെട്ടത്.
ഞാൻ തേടിച്ചെന്ന പലയിടങ്ങളും വിജനമായിരുന്നു.
കത്ത് കൈപ്പറ്റേണ്ട പല പേരുകളും പിന്നീട്
ഇന്ത്യാഗേറ്റിൽ ഞാൻ കണ്ടെത്തി.
വാഗൺ ട്രാജഡി


വിശ്വാസങ്ങളുടെ പേ
രിൽ വെട്ടിമുറിച്ച രാജ്യ
ത്തിന്റെ നടുവിലൂടെയാണ്
ഇന്ത്യയുടെ രാഷ്ട്രപിതാവ്
മഹാത്മജിയുടെ വിലാസവും
തേടി ബിർളാ മന്ദിരിലേക്ക്
ഞാൻ കയറിച്ചെന്നത്. അപ
രവിദ്വേഷത്തിന്റെ അപ്പോസ്ത
ലന്മാരുടെ വെടിയേറ്റ്
പിടയുന്ന മഹാത്മയാണ്
എന്നെ എതിരേറ്റത്.
വെടിയേറ്റു വീണു കിടക്കുന്ന ഗാന്ധി
(തുടരും)

സഊദ് നാലകത്ത്
എം.സി.ജെ, രണ്ടാംവർഷം

# ഭയപ്പെടുത്തി കൂടെ കൂട്ടാമെന്ന് വിചാരിക്കരുത്

ഇന്ത്യയുടെ പ്രതാപവും പാരമ്പര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പൂർവ്വസൂരികൾ പടുത്തുയർത്തിയ അഭിമാനം ഇന്ന് അപമാനത്തിലേക്ക് നീങ്ങുന്നു. വ്യക്തവും ശക്തവുമായ ഒരു ഭരണഘടന കൊണ്ട് ഇന്നലെവരെ അഭിമാനം കൊണ്ടവരായിരുന്നു നമ്മൾ. പക്ഷേ ഇന്നത് മാറ്റി എഴുതപ്പെടുകയാണ്. തങ്ങളുടെ സ്വേച്ഛാധിപത്യത്തിനനുസരിച്ച് ഭരണഘടനയെ മാറ്റി വരയ്ക്കുകയാണ് സംഘപരിവാറും കൂട്ടരും. ന്യൂനപക്ഷങ്ങളെ ആവുന്നതിലധികം വേട്ടയാടുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് സംഘ്പരിവാർ അനുയായികളുടെ ദിനചര്യയായി മാറി. അതിന് ഭരണകൂടവും അവർക്ക് ഒത്താശ പാടുന്നു!.

അസമിൽ നടപ്പാക്കിയ ദേശീയ പൗരത്വ രജിസ്റ്റർ രാജ്യത്തുടനീളം വ്യാപിപ്പിക്കുമെന്ന് അമിത് ഷാ നടത്തിയ പ്രഖ്യാപനത്തിന് ശേഷം അത് പാർലമെന്റും കടന്ന് പാതിരാത്രി രാഷ്ട്രപതി ഒപ്പുവെച്ചതിലേക്ക് വരെ എത്തി നിൽക്കുന്നു. മുസ്‌ലിം ഒഴികെ മറ്റുള്ള ന്യൂനപക്ഷ മത വിഭാഗങ്ങളിൽ പെട്ട കുടിയേറ്റക്കാർക്ക് രാജ്യത്ത് പൗരത്വം ഉറപ്പാക്കുന്നതും എന്നാൽ നൂറ്റാണ്ടുകളായി ഈ നാട്ടിൽ ജീവിക്കുന്ന മുസ്‌ലിം സമുദായത്തിന്റെ അസ്തി



ത്വം ചോദ്യം ചെയ്യുന്നതുമാണ് ഈ ബിൽ. ഒരു സമുദായത്തെ മാത്രം മാറ്റി നിർത്തുകയും അവരോട് ഉച്ചനീചത്വം പുലർത്തുകയും ചെയ്യുന്നതിന് വർഗ്ഗീയതയെന്നല്ലാതെ പിന്നെന്ത് വിളിക്കാനാണ്?!

ഇതര മതസ്ഥരോടൊപ്പം മുസ്‌ലിം സമുദായത്തിന്റെയും പൂർവ്വസൂരികൾ നെഞ്ച് വിരിച്ച് പറങ്കികളുടെയും വെള്ളക്കാരുടെയും തോക്കിനു മുന്നിലേക്ക് ചാടിവീണ് സമരം ചെയ്തത് അവരുടെ പിന്മുറക്കാർക്ക് ഈ നാട്ടിൽ അഭിമാനത്തോടെ ജീവിക്കാൻ വേണ്ടിയാണ്.

സ്വാതന്ത്ര്യസമരത്തോട് പുലബന്ധം പോലുമില്ലാത്തവർ ഈ പിന്മുറക്കാരുടെ അസ്തിത്വം ചോദ്യം ചെയ്യുന്നതിലെ യുക്തി എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാനാവുന്നില്ല!

പൗരത്വ ബിൽ മുസ്‌ലിംകളുടെ മാത്രം പ്രശ്നമാണെന്ന് തെറ്റിദ്ധരിച്ചവർക്കു തെറ്റി. ഇത് വഴി ആദ്യം വേട്ടയാടപ്പെടുന്നവർ മുസ്‌ലിംകളാണെന്നത് ശരിതന്നെ, എന്നാൽ ഈ ബില്ല് തീർത്തും ജനവിരുദ്ധവും ഭരണഘടനാ ലംഘനവുമാണെന്നതിൽ സംശയമില്ല.

ഒന്നാമതായി ഇത് ഒരു പൗരനു ഭരണഘടന വകവെച്ച് നൽകിയ മൗലികാവകാശ ധ്വംസനമാണ്. മാത്രമല്ല ഇത് ഭാരതത്തിന്റെ രണ്ടാം വിഭജനത്തിലേക്കുള്ള കാൽവെപ്പ് കൂടിയാണ്.

ഈ ഒരു സമുദായത്തെ മാത്രം ആട്ടിയോടിച്ചും തുറുങ്കിലടച്ചും മറ്റു സമുദായക്കാർക്ക് ഈ നാട്ടിൽ സമാധാനത്തോടെ ജീവിക്കാം എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? സാധ്യമല്ലെന്നു മാത്രമല്ല, അത് നാടിന്റെ ക്രമസമാധാനത്തിനു നേരെയുള്ള വെല്ലുവിളി കൂടിയാണ്.

ഇതിന് കൺമുന്നിൽ കാണുന്ന ഉദാഹരണം അസം തന്നെയാണ്.

മതം പറഞ്ഞ് ഭാരതത്തെ വീണ്ടും വിഭജിക്കുകയാണ് സംഘപരിവാർ.

മനുഷ്യർക്കിടയിൽ ജാതിയും മതവും പറഞ്ഞു വേർതിരിവ് ഉണ്ടാക്കുമ്പോൾ സംസ്ഥാനങ്ങൾക്കിടയിൽ അതിരുകൾ തീർക്കാനും അവർ മറന്നില്ല. ഇന്ത്യയിൽ ആർക്കും എവിടെയും സ്വൈര്യവിഹാരം നടത്താൻ കഴിഞ്ഞിരുന്ന കാലഘട്ടം അവസാനിക്കുകയാണ്. ഒരു സംസ്ഥാനത്തിൽ ഉള്ളവർക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് പോവണമെങ്കിൽ ഇനി നൂലാമാലകൾ ഏറെയാണ്. ഇതു വഴി ഭരണ പരാജയത്തിന് മറതീർക്കുകയാണവർ.

ഇന്ത്യൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും നേരിടുമ്പോൾ അതിന് മറയിടാൻ മതം പറഞ്ഞുള്ള വർഗീയതയേക്കാൾ മൂർച്ചയുള്ള മറ്റൊന്നില്ലെന്ന് ഫാഷിസ്റ്റു ഭരണകൂടം മനസ്സിലാക്കിയിരിക്കുന്നു.

**രാജ്യം ഇന്ന് ഫാഷിസ്റ്റു ഭരണകൂടത്തിന്റെ നരനായാട്ടിനെതിരെ ചെറുത്തുനിൽപ്പു സമരത്തിലാണ്. നാടും നഗരവും ഇവർക്കെതിരെ ഉണർന്നെന്നത് ഏറെ ആവേശം പകരുന്ന ഒന്നു തന്നെയാണ്. അതിൽ എടുത്ത് പറയേണ്ടത് വിദ്യാർത്ഥി പ്രക്ഷോഭങ്ങളെയാണ്.**



FAROOK COLLEGE LIBRARY
BP3419
FAROOK COLLEGE LIBRARY

രാജ്യം ഇന്ന് ഫാഷിസ്റ്റു ഭരണകൂടത്തിന്റെ നരനായാട്ടിനെതിരെ ചെറുത്തുനിൽപ്പു സമരത്തിലാണ്. നാടും നഗരവും ഇവർക്കെതിരെ ഉണർന്നെന്നത് ഏറെ ആവേശം പകരുന്ന ഒന്നു തന്നെയാണ്. അതിൽ എടുത്ത് പറയേണ്ടത് വിദ്യാർത്ഥി പ്രക്ഷോഭങ്ങളെയാണ്. ജാമിഅയും, ജെ.എൻ.യുവും തൊട്ട് ബനാറസ് ഹിന്ദു സർവകലാശാലയുൾപ്പെടെയുള്ള കേന്ദ്ര സർവ്വകലാശാലകളും ഇവിടെ കേരളത്തിൽ ഫാറൂഖ് കോളേജും ഫാഷിസ്റ്റു ഭരണകൂടത്തിനെതിരെ തെരുവിലിറങ്ങിയത് കേവലം ഒരു പൗരത്വ ബില്ലിനെതിരെ മാത്രമല്ല, ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കൊണ്ട് പൊറുതിമുട്ടിയതുകൊണ്ടുതന്നെയാണ്. ഇത് വരും തലമുറ ഈ ഫാഷിസ്റ്റു ഭരണകൂടത്തിനെതിരാണെന്ന വലിയ സന്ദേശവും വിളിച്ചോതുന്നുണ്ട്.

യുവതയുടെ ഈ ചെറുത്ത് നിൽപ്പ് ഫലം നൽകുമെന്നുറപ്പാണ്. മാത്രമല്ല ഇത് സ്വേച്ഛാധിപതികളുടെ പതനത്തിലേക്കുള്ള മുന്നൊരുക്കം കൂടിയാണ്. അവരുടെ താവളമായ വരാണസിയിലെ കലാലയത്തിൽ എ.ബി.വി.പിയെയും ഹെഡ് കോട്ടേഴ്സ് ഭൂമികനാഗ്പൂരിൽ നിന്ന് ബി.ജെ.പിയെയും പടികടത്തിയത് ഇതിന്റെ അനുരണനം മാത്രമാണ്.

ന്യൂനപക്ഷ പീഡനം നടത്തിയ ഒരു ഭരണാധികാരിയും ഒരു ഗവൺമെന്റും മുന്നേറിയ ചരിത്രം ഇന്നേവരെ ലോക ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഹിറ്റ്ലറിന്റെ പതനം ഇത്തരം അരുതായ്മകൾ കൊണ്ടായിരുന്നുവെന്നത് ഇത്തരക്കാർ പഠിക്കുന്നത് നല്ലതാണ്.

അങ്ങനെ ഒരു സമുദായത്തെ വേട്ടയാടി ഇന്ത്യയെന്ന മഹാരാജ്യത്തെ നശിപ്പിക്കാമെന്ന് നരേന്ദ്രമോദിയും അമിത് ഷായും തെറ്റിദ്ധരിക്കരുത്. ചെറുത്തുനിൽപ്പിന്റെ ബാലപാഠങ്ങൾ പൂർവ്വികരാൽ പകർത്തിയെടുത്തവരാണ് ഈ സമുദായമെന്ന പൊതുബോധം നിങ്ങൾക്കു നഷ്ടപ്പെടാതിരിക്കട്ടെ.

നദ അഫ്നാൻ
മലയാളം, രണ്ടാംവർഷം

# ഫ്രീസറിൽ വെച്ച കശ്മീർ



സ്വത്വബോധത്തെ വ്രണപ്പെടുത്തുന്ന നിയമ വ്യവസ്ഥിതികൾക്കെതിരെ നീതിയുടെ മുദ്രാവാക്യങ്ങൾ ശബ്ദിക്കപ്പെടുമ്പോൾ അധികാരബോധങ്ങൾ അതിനെ അടിച്ചമർത്തുന്നു. സ്വതന്ത്രതയുടെ അഭിലാഷങ്ങളെ മാറോടണക്കിപ്പിടിച്ച് ഒരു ജനത കാണുന്ന സ്വപ്നങ്ങൾക്ക് ഒരു വിലയും കൽപ്പിക്കപ്പെടാതെ അവരുടെ വികാരങ്ങളെ അസ്വാതന്ത്ര്യത്തിന്റെ കൂച്ചുവിലങ്ങു കൊണ്ട് ബന്ധിപ്പിക്കുമ്പോഴും ചില ചോദ്യചിഹ്നങ്ങൾ അവിടെ ഉത്തരങ്ങളുടെ കടന്നു വരവിന് വേണ്ടി ഉച്ചത്തിൽ പ്രതിധ്വനിക്കുന്നതായി നമുക്ക് കാണാം. ജമ്മു കശ്മീരിന്റെ പ്രത്യേകപദവിയുടെ റദ്ദാക്കൽ ഉത്തരവിറങ്ങിയപ്പോൾ അവിടെ നിലച്ചത് പാരമ്പര്യങ്ങളുടെ തുടർച്ച മാത്രമല്ല, മറിച്ച് ഒരു ജനതയുടെ സ്വാതന്ത്ര്യാഭിലാഷങ്ങൾ കൂടിയാണ്.

സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം നടന്ന ഇന്ത്യൻ രാഷ്ട്രീയത്തിലെത്തന്നെ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ് കശ്മീർ പ്രശ്നം. ജമ്മുകശ്മീരിനെ പൊതുവായി ജമ്മു, കശ്മീർ, ലഡാക്ക് എന്നീ മൂന്ന് തരത്തിലാണ് വിഭജിച്ചിട്ടുള്ളത്. ജമ്മു എന്ന പ്രദേശത്ത് ഹിന്ദുക്കളും മുസ്‌ലിങ്ങളും സിഖുകാരും ഇടകലർന്ന് ജീവിക്കുമ്പോൾ കശ്മീരിൽ ഭൂരിഭാഗം പേരും മുസ്‌ലിങ്ങളാണ്. എന്നാൽ ജനസംഖ്യയിൽ കുറവുള്ള ലഡാക്കിൽ ബുദ്ധമതക്കാരും മുസ്‌ലിങ്ങളുമാണുള്ളത്. ഹിന്ദുരാജാവായിരുന്ന ഹരിസിങ്ങിന്റെ കീഴിലുള്ള നാട്ടുരാജ്യങ്ങളുടെ ലയനക്കരാറുകളിൽ ഒപ്പുവെക്കാൻ അദ്ദേഹം സമ്മതിച്ചില്ല. മാത്രമല്ല, ഇന്ത്യയിലോ പാകിസ്താനിലോ ലയിക്കാതെയുള്ള സ്വതന്ത്രരാജ്യമാക്കി നിലനിർത്താനാഗ്രഹിക്കുകയും ചെയ്തു. മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായതുകൊണ്ടുതന്നെ അത് പാക്കിസ്ഥാന്റേതാണെന്നായിരുന്നു അവരുടെ വാദം. മതേതര

ത്വത്തെ നെഞ്ചിലേറ്റി നടക്കുന്ന കശ്മീർ ജനതയുടെ സ്വത്വം ഇതിനെതിരായിരുന്നു. കശ്മീരിൽ രൂപം കൊണ്ടിരുന്ന ഷെയ്ഖ് അബ്ദുള്ളയുടെ കീഴിലുള്ള 'നാഷണൽ കോൺഫറൻസ്' എന്ന സംഘടന മഹാരാജാവിന്റെ ഭരണത്തിന് എതിരായിരുന്നു. സ്വാതന്ത്ര്യത്തിന്റെ നടപ്പാതകൾ കശ്മീരിൽ നിർമിക്കപ്പെടണമെങ്കിൽ അത് ഒഴിവാക്കപ്പെടേണ്ടതാണെന്നും അദ്ദേഹം വിശ്വസിച്ചു. പാകിസ്താനോട് ചേരുന്നതിന് അദ്ദേഹത്തിന് വിയോജിപ്പുണ്ടാവുകയും മതേതരത്വത്തിന്റെ ചുറ്റുപാടുകൾ കാത്തുസൂക്ഷിക്കണമെന്ന ആഗ്രഹമുണ്ടാവുകയും ചെയ്തു. ഗോത്രവർഗക്കാരായ നുഴഞ്ഞുകയറ്റക്കാരെ അയച്ച് പാകിസ്ഥാൻ കശ്മീർ പിടിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അവർ ഇന്ത്യയുടെ സഹായം അഭ്യർത്ഥിക്കുകയും മഹാരാജാവ് ലയനക്കരാറിൽ ഒപ്പുവെക്കാൻ നിർബന്ധിതനാവുകയും ചെയ്തു. ഇതിനെ തുടർന്ന് ഇന്ത്യ, പാക്സൈന്യത്തെ തുരത്തുകയും ചെയ്തു. 1948ൽ ശെയ്ഖ് അബ്ദുള്ള ജമ്മു കശ്മീരിലെ പ്രധാന മന്ത്രിയായി അധികാരമേറ്റു. ഇതിനെത്തുടർന്ന് ജമ്മുകശ്മീരിന് സ്വയം ഭരണാവകാശം നൽകാമെന്നും ഇന്ത്യ സമ്മതിച്ചു. 370ാം അനുഛേദ പ്രകാരം പ്രതിരോധം, വിദേശകാര്യം, വാർത്താ വിനിമയം ഒഴികെയുള്ള ഏതു നിയമവും പ്രാബല്യത്തിൽ വരണമെങ്കിൽ കശ്മീർ നിയമസഭയുടെ അംഗീകാരം വേണമെന്നായി. 35എ വകുപ്പ് പ്രകാരം ജമ്മുകശ്മീരിലെ സ്ഥിരതാമസക്കാർക്ക് പ്രത്യേക പരിഗണന ലഭിക്കുകയും ചെയ്തു.

പ്രത്യേക പദവിയുടെ പശ്ചാത്തലത്തിൽ കപടതകളെ എടുത്തുകാട്ടി ചിലർ മുന്നോട്ടു വന്നു. സംസ്ഥാനങ്ങൾക്കിടയിലുള്ള അസമത്വമായി മാറുന്നുവെന്ന ശക്തമായ ആരോപണങ്ങൾ ബാഹ്യമായി ഉയർന്നുവന്നു. കശ്മീരിൽ ഹിതപരിശോധന നടത്തുമെന്ന് പറഞ്ഞ ഇന്ത്യ പിന്നീട് അതിന് തയ്യാറായില്ല. ഉറപ്പു നൽകിയിരുന്ന ഫെഡറൽ പദവിയും ജനാധിപത്യവും സ്വീകാര്യതയിലേക്കെത്തിക്കുന്നതിൽ ഇന്ത്യ പരാജയപ്പെടുകയും ചെയ്തു. കൊടുത്ത വാക്ക് പൂർണമായും പാലിക്കപ്പെടാതെ കശ്മീരി ജനതയുടെ നാൾവഴികളിൽ പ്രത്യേക പദവിയുടെ കീഴിൽ പോയികൊണ്ടിരുന്ന അവരുടെ സ്വതബോധത്തിനേറ്റ ആഘാതമായിരുന്നു 370ാം വകുപ്പിന്റെ എടുത്തുകളയൽ. സമകാലികരാഷ്ട്രീയത്തിൽ സർവ സമത്വത്തിന്റെ മുദ്രാവാക്യങ്ങൾ ബാഹ്യമായി വിളിച്ചുപറയുമ്പോൾ ആന്തരികമായി വർഗീയതയുടെ പടലങ്ങൾ പൊടിപിടിച്ചു കിടക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട വസ്തുത തന്നെയാണ്. കശ്മീർ പോലെ പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ലഭിച്ചിരുന്ന സംസ്ഥാനങ്ങളിലേക്ക് അധികാരത്തിന്റെ നുഴഞ്ഞുകയറ്റങ്ങൾ എത്തിനോക്കിയില്ല. അവകാശ സ്വാതന്ത്ര്യത്തിലേക്ക് കടന്നു വന്ന് നിസ്സഹായതയുടെ ചുറ്റുപാടുകൾ സമ്മാനിച്ചില്ല. കശ്മീരിന് മാത്രമാണ് ഇത് ബാധകമെന്നും മറ്റു സംസ്ഥാനങ്ങളുടേത് എടുത്തുകളയുന്നതല്ലെന്നും ആഭ്യന്തരമന്ത്രി അമിത് ഷാ പ്രഖ്യാപിക്കുകയുണ്ടായി. സമത്വമെന്ന സങ്കൽപ്പത്തിലേക്കുള്ള ചുവടുവെപ്പുകൾക്ക് ചേർന്ന പ്രസ്താവനയായി മാറുന്നത് എങ്ങനെയാണെന്നത് ഇവിടെ ചിന്തിക്കേണ്ട ഒരു കാര്യം തന്നെയാണ്. നീതിയുടെയും സമത്വത്തിന്റെയും കാവലാളായി മാറേണ്ട അധികാരബോധങ്ങൾ കപടതകളുടെ മുഖംമൂടിയണിഞ്ഞ കാവൽ നായകന്മാരായി മാറുന്നുണ്ടോ എന്നത് തീർച്ചയായും ചിന്തിക്കപ്പെടേണ്ട ഒന്നു തന്നെയാണ്.

> **നീതിയുടെയും സമത്വത്തിന്റെയും കാവലാളായി മാറേണ്ട അധികാരബോധങ്ങൾ കപടതകളുടെ മുഖംമൂടിയണിഞ്ഞ കാവൽ നായകന്മാരായി മാറുന്നുണ്ടോ എന്നത് തീർച്ചയായും ചിന്തിക്കപ്പെടേണ്ട ഒന്നു തന്നെയാണ്.**



# ദാറ്റ് ഇസ് എ റെജിമെന്റഡ് ലൈഫ്



# NOW I'M FREE

തയ്യാറാക്കിയത് : മുഹമ്മദ് ഹാദി, അബ്ദുൽ മുഹൈമിൻ, ഇല്യാസ്, ഹാനി ഹനീഫ

**ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെ തുടർന്ന് ജമ്മു കശ്മീരിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കെതിരായ പ്രതിഷേധത്തിന്റെ ഭാഗമായി സർവീസിൽ നിന്ന് രാജിവെച്ച മുൻ ഐ.എ.എസ്. ഓഫിസറാണ് കണ്ണൻഗോപിനാഥൻ. ഇപ്പോൾ രാജ്യത്തുടനീളമുള്ള എൻ.ആർ.സി–സി.എ.എ വിരുദ്ധ പോരാട്ടങ്ങളിൽ സജീവ സാന്നിധ്യമാണ്.**

*? ഫാസിസ്റ്റ് കാലത്ത് താങ്കളുടെ പേര് തന്നെ നിലപാട് എന്ന വാക്കിനോട് ചേർത്ത് വായിക്കുമ്പോൾ എന്ത് തോന്നുന്നു?*

അങ്ങനെ ആളുകൾ ചിന്തിക്കുമോ എന്നെനിക്ക് അറിയില്ല. ഞാനെടുത്തത് നിലപാട് എന്നതിൽ ഉപരി ആരും ഒന്നും പറയുന്നില്ല എന്ന് കണ്ടപ്പോൾ പറയുക എന്നതാണ്. ഇപ്പോൾ NRC, CAA എന്നീ വിഷയങ്ങളിൽ ആളുകൾ അവ തെറ്റെന്ന് ചൂണ്ടിക്കാണിക്കാൻ ധൈര്യപ്പെടുന്നു. അവരുടെ പേടി മാറി. കശ്മീരിലെ പ്രശ്നങ്ങളുടെ സമയത്ത് തെറ്റ് എന്ന് ബോധ്യമുള്ളവർ പോലും ഇതിനെതിരേ പ്രതികരിച്ചില്ല. എന്തുകൊണ്ട് 'തെറ്റ്' എന്ന് ആരും ജനങ്ങളിലേക്ക് എത്തിച്ചില്ല? സർക്കാർ എന്ത് പറയുന്നു, അത് ജനങ്ങൾ കേൾക്കുന്നു. ഒരു റജിമെന്റഡ് ലൈഫ്! നമ്മൾ ലൈനിൽ നിൽക്കുന്നു. സർക്കാരിന്റെ ഡയറക്ഷനിൽ പോകുന്നു. അതൊരു ജനാധിപത്യ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആപൽക്കരമായ നിമിഷമായി തോന്നി; അതുകൊണ്ട് ആ സമയത്ത് ഇറങ്ങി. സർക്കാർ ഫാസിസ്റ്റ് ആവുന്നത് അവിടുത്തെ ജനങ്ങളുടെ കുറ്റമാണ്. ജർമനിയിൽ ഉണ്ടായെങ്കിൽ അത് അവിടുത്തെ ജനങ്ങളുടെ പ്രശ്നമാണ്. ഒരു ജനത മുഴുവൻ നിശ്ശബ്ദമായിരിക്കുമ്പോൾ ആണ് ഹിറ്റ്ലർ ഉണ്ടാവുന്നത്.

*?രാജിയിലേക്ക് നയിച്ചത് ഈയൊരു വിഷയം തന്നെ ആയിരുന്നോ അതോ മറ്റെന്തെങ്കിലും കാരണം ഉണ്ടായിരുന്നോ.*

കശ്മീർ പ്രശ്നം ആണ് കാര്യമായിട്ടും. അതിനു മുൻപും ചെറിയ പ്രശ്നങ്ങൾ ഒക്കെ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അത് കഴിഞ്ഞിട്ട് നാലഞ്ച് മാസമായി. ഇപ്പോൾ നമ്മളത് തിരിഞ്ഞു നോക്കില്ല. അതാണ് നമ്മുടെ പ്രശ്നം. ഇപ്പോൾ അത് നോർമൽ ആയ പോലെയാണ് നമുക്ക്. അവിടുത്തെ ആളുകളെ ജയിലിൽ ഇടുന്നു, കംപ്ലീറ്റ് കർഫ്യൂ ആകുന്നു. ഇന്റർനെറ്റ് പറ്റില്ല. എതിർക്കാൻ പറ്റില്ല. എതിർത്തിരുന്നുവെങ്കിൽ ഇന്ന് യു.പിയിലും കർണാടകയിലും ഇത് സംഭവിക്കില്ലായിരുന്നു. നമുക്ക് വരുമ്പോൾ മാത്രമേ നമ്മൾ അത് മനസ്സിലാക്കുന്നുള്ളൂ. രാജ്യത്ത് ഒരു പ്രശ്നം നടക്കുമ്പോൾ നമ്മൾ അതിനെതിരേ ഒന്നും ചെയ്യുന്നില്ല. ഇതൊരു വലിയ പ്രശ്നമാണ്. മീഡിയ, ജുഡീഷ്യറി, പ്രതിപക്ഷ പാർട്ടി, പൗരസമൂഹം ഇങ്ങനെ ആരെങ്കിലും പ്രതികരിക്കുമെന്ന് വിചാരിച്ചു. ആരും ഒന്നും പറഞ്ഞില്ല. ആരും ഒന്നും പറയാത്ത സ്ഥിതിക്ക് ആരെങ്കിലും പറയണ്ടേ!

*? സർവീസിൽ നിന്നുകൊണ്ട് തന്നെ പോരാടാമായിരുന്നില്ലേ?*

> **രാജ്യത്ത് ഒരു പ്രശ്നം നടക്കുമ്പോൾ നമ്മൾ അതിനെതിരേ ഒന്നും ചെയ്യുന്നില്ല. ഇതൊരു വലിയ പ്രശ്നമാണ്. മീഡിയ, ജുഡീഷ്യറി, പ്രതിപക്ഷ പാർട്ടി, പൗരസമൂഹം ഇങ്ങനെ ആരെങ്കിലും പ്രതികരിക്കുമെന്ന് വിചാരിച്ചു. ആരും ഒന്നും പറഞ്ഞില്ല. ആരും ഒന്നും പറയാത്ത സ്ഥിതിക്ക് ആരെങ്കിലും പറയണ്ടേ!**

സർവീസിൽ നിന്ന് ഇറങ്ങിയതിന് ശേഷം ഞാൻ പ്രതികരിച്ചതുകൊണ്ട് 'ഇന്ത്യയും വിദേശ രാജ്യവും തമ്മിലുള്ള ബന്ധത്തിന് കോട്ടം തട്ടി, ഇന്ത്യൻ സർക്കാരിന്റെ ഇമേജിനു കോട്ടം തട്ടി, അതുകൊണ്ട് എനിക്കെതിരെ എന്തുകൊണ്ട് അച്ചടക്ക നടപടി എടുത്തുകൂടാ' എന്നൊക്കെ പറഞ്ഞു എനിക്ക് നോട്ടീസ് വന്നു. അതിന് മുന്നേ പറഞ്ഞിരുന്നുവെങ്കിൽ അവരെന്നെ രണ്ട് മാസം കൂടുമ്പോൾ സ്ഥലം മാറ്റും. അതുകൊണ്ട് എനിക്ക് കുഴപ്പമൊന്നുമില്ല. പക്ഷേ, നാട്ടുകാർക്ക് ഒരു ഗുണവും ഇല്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടാവും. വെറുതെ ശമ്പളം വാങ്ങുന്നതല്ലാതെ പ്രോഡക്റ്റിവിറ്റി ഉണ്ടാവില്ല.

*? രാജിവെച്ചാൽ കുറച്ച് പേർക്കെങ്കിലും സർവീസിൽ നിന്നിട്ട് കാര്യമില്ല എന്ന ബോധം വരും. ഇത്തരം ഒരു ആശയം അല്ലേ സിസ്റ്റത്തിന്റെ അകത്തു നിന്ന് പോരാടുന്നവർക്ക് ലഭിക്കുക?*

ഒരു സിസ്റ്റം ബിഹേവ് ചെയ്യേണ്ട പോലെ ബിഹേവ് ചെയ്തില്ല എന്നത് കൊണ്ടാണ് ഞാൻ ഇറങ്ങിയത്. നമ്മുടെ അഡ്മിനിസ്ട്രേഷനോ, പോലിസോ ഒക്കെ അവർക്കു ശരി ആണെന്ന് തോന്നുന്നത് പൊളിറ്റിക്കൽ നേതാക്കന്മാരോട് പറഞ്ഞിരുന്നെങ്കിൽ എനിക്ക് ഇറങ്ങേണ്ടി വരില്ലായിരുന്നു..

*? ഒരുപാട് പേര് സിസ്റ്റത്തിന്റെ അകത്തു നിന്ന് പോരാടിയാൽ, അത് വേറൊരു വിധത്തിൽ കാണില്ലേ?*

അത് ഒരാൾ എന്ന സ്ഥിതിക്ക് ഞാൻ എങ്ങനെ തീരുമാനിക്കും!

അവസാനം ഇതെല്ലാം വന്നു ചേരുന്നത് ഒരു വ്യക്തി എന്ന നിലക്ക് എനിക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നതിലാണ്. മീഡിയയോ ജു

ഡിഷ്യറിയോ സിവിൽ സൊസൈറ്റിയോ ഒക്കെ ചോദ്യങ്ങൾ ചോദിക്കാൻ തയ്യാറായിരുന്നെങ്കിൽ, ഇങ്ങനെ ഒന്നും വരില്ലായിരുന്നു. എനിക്ക് സ്വന്തമായി ചെയ്യാൻ കഴിയുന്നത്, എനിക്ക് മൂല്യമുള്ള ഒരു കാര്യം കാണിച്ചിട്ട്, എനിക്കിത് വേണ്ട, കാര്യം ഇന്ത്യയുടെ പോക്ക് ശരിയല്ല എന്ന് കാണിക്കുന്നതാണ്. അതിനെക്കുറിച്ച് നാട്ടുകാരോട് പറയേണ്ട ആവശ്യമുണ്ട്. കണ്ണടച്ച്, ചെറിയ നല്ല കാര്യങ്ങൾ മാത്രം ചെയ്ത് മുന്നോട്ടു പോകുന്നവർ ഉണ്ട്. പക്ഷെ ചില സമയങ്ങളിൽ ചില നിലപാടുകൾ ആവശ്യമാണ്. എല്ലാവരും ആ നിലപാട് എടുക്കണമെന്നില്ല. പക്ഷേ, ആരെങ്കിലുമൊക്കെ നിലപാട് എടുത്തേ പറ്റൂ. ഇത്രയൊക്കെ എത്തിയത് കൊണ്ടാണ് പലരും സംസാരിക്കുന്നതും.

*? വിദ്യാർത്ഥി രാഷ്ട്രീയത്തെ കുറിച്ച്?*

അത് ഏതൊരു ജനാധിപത്യ രാജ്യത്തിന്റെയും ആവശ്യമാണ്. അക്രമ രാഷ്ട്രീയവും വിദ്യാർഥി രാഷ്ട്രീയവും രണ്ടും രണ്ടാണ്. അക്രമ രാഷ്ട്രീയം നിരോധിക്കാൻ പോയിട്ട് വിദ്യാർഥി രാഷ്ട്രീയം നിരോധിക്കുന്നത് വളരെ ഇടുങ്ങിയ വീക്ഷണമായിട്ടാണ് ഞാൻ കാണുന്നത്.

*? സിവിൽ സർവീസിലേക്ക് കടന്നു വരുമ്പോൾ എന്തെല്ലാം സ്വപ്നങ്ങൾ ഉണ്ടായിരുന്നു.*

ഇല്ല. സിവിൽ സർവന്റ് ആവാൻ വേണ്ടി ഐ.എ.എസ്. ആയ ആളല്ല ഞാൻ. നാട്ടുകാർക്കു വേണ്ടി എന്തെങ്കിലും ചെയ്യണം എന്നേ ഉണ്ടായിരുന്നുള്ളു. ഞാൻ എഞ്ചിനീയർ ആയി

> **ഐ. എ. എസ്. ആകണമെന്നു കുഞ്ഞുനാൾ മുതലേ ഉള്ള സ്വപ്നമൊന്നും ആയിരുന്നില്ല. ഐ. എ. എസ്, ഐ. പി. എസ്. എല്ലാം ഒരു മാർഗമാണ്. സർവീസിനു തയ്യാറെടുക്കുന്നവരോട് ഒന്നേ പറയാനുള്ളൂ; ഐ.എ.എസ്. ആവാൻ വേണ്ടി നിങ്ങൾ ഐ.എ.എസ്. ആവരുത്.**

നാല് വർഷം വർക്ക് ചെയ്തു. അവിടെ വെച്ച് ചേരി പ്രദേശത്തെ പഠിപ്പിച്ചു. പഠിപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്തു പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നപ്പോൾ ഇത് സർവീസിൽ കയറിക്കൊണ്ട് ചെയ്യാം എന്ന് ചിന്തിച്ചു വന്നതാണ്. ഐ. എ. എസ്. ആകണമെന്നു കുഞ്ഞുനാൾ മുതലേ ഉള്ള സ്വപ്നമൊന്നും ആയിരുന്നില്ല. ഐ. എ. എസ്, ഐ. പി. എസ്. എല്ലാം ഒരു മാർഗമാണ്. സർവീസിനു തയ്യാറെടുക്കുന്നവരോട് ഒന്നേ പറയാനുള്ളൂ; ഐ.എ.എസ്. ആവാൻ വേണ്ടി നിങ്ങൾ ഐ.എ.എസ്. ആവരുത്. എന്തെങ്കിലും നല്ലത് ചെയ്യാൻ വേണ്ടി ഐ.എ.എസ്. ആവണം.

*?മോദിക്കെതിരേ തിരിഞ്ഞ ആളാണ് സഞ്ജയ് ഭട്ട്. എതിരെ സംസാരിച്ചത് കൊണ്ട് ജയിലിലായി. താങ്കൾക്ക് അങ്ങനെയൊരു ഭയമുണ്ടോ.*

ഹർഷ് മന്ദർ സാറും അതുപോലെ അല്ലെ. അദ്ദേഹത്തിനു കുഴപ്പമില്ലല്ലോ? ബി.ജെ.പി.ക്കെതിരേ ശബ്ദമുയർത്തുമ്പോൾ നമുക്ക് എന്തിനാണിത്ര പേടി? പേടിക്കുമ്പോൾ മാത്രമേ പേടിയുള്ളു. നമ്മൾ എല്ലാവരും ഒരു കാര്യത്തിനു ഇറങ്ങിത്തിരിച്ചാൽ, അതിന് ഭവിഷത്തുകൾ ഉണ്ടാകും.





രാജ്യത്തോടുള്ള വിശ്വാസം കൊണ്ടോ ബുദ്ധിമോശം കൊണ്ടോ എനിക്കൊരു പേടിയും തോന്നുന്നില്ല. എന്താണ് ശരി, എന്താണ് തെറ്റ് എന്ന് ഈ രാജ്യത്തോടു പറയാം എന്നെനിക്ക് ശക്തമായ വിശ്വാസമുണ്ട്. സത്യസന്ധതയിൽ നിന്ന് ധൈര്യം ലഭിക്കും.

*? സർവീസിൽ നിന്നും പുറത്തു വന്ന താങ്കളുടെ ഭാവി പരിപാടികൾ എന്തൊക്കെയാണ്.*

നോ പ്ലാൻസ്. കശ്മീർ വിഷയത്തിൽ ആണ് ഞാൻ രാജി വെക്കുന്നത്. ചെന്നൈയിൽ ഒരു ടോക്കിൽ ഒരു പെൺകുട്ടി എഴുന്നേറ്റു നിന്ന് എവിടെയാണ് 'ഫ്രീഡം ഓഫ് എക്സ്പ്രഷൻ, ഞാൻ ഇന്ത്യക്കാരി ആണോ എന്നുപോലും എനിക്ക് അറിയില്ലല്ലോ' എന്ന് ചോദിച്ചു. സങ്കടവും ദേഷ്യവും കലർന്ന ഒരു ചോദ്യമായിരുന്നു അത്. അത്രയൊന്നും ഈ രാജ്യത്തിന് താങ്ങാനാവില്ലാ. പിന്നീട് എന്റെ ജൂനിയറിനെ കണ്ടുമുട്ടി. 'എന്നിൽ പ്രചോദിതനായാണ് അദ്ദേഹം സർവീസിൽ വരുന്നത് എന്നിരിക്കെ ഞാൻ പോയതിൽ വിഷമമുണ്ട്' എന്ന് പറഞ്ഞു എനിക്കൊരു ബുക്ക് തന്നു. 'ഈ ഡോക്യുമെന്റ്സ് എടുത്ത് നിങ്ങളൊരു സ്റ്റേഡിയത്തിൽ പോകണം. ആ സ്റ്റേഡിയത്തിൽ നിങ്ങളൊരു പൗരൻ ആണെന്ന് പ്രൂവ് ചെയ്താൽ പിന്നെ നിങ്ങൾക്കൊന്നും പേടിക്കേണ്ട കാര്യമില്ല' എന്ന സ്റ്റേറ്റ്മെന്റ്സ് ഒക്കെ അതിലുണ്ട്.

> **വ്യവസ്ഥിതികളിൽ വിശ്വാസം നഷ്ടപ്പെടാം, പക്ഷേ ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടു കൂടാ. വിശ്വാസമുള്ളത് കൊണ്ടാണ് പ്രതിഷേധിക്കുന്നത്. നമുക്ക് തന്നിട്ടുള്ള അവകാശമാണ് 'സമരം'. അതിനെയും അടിച്ചമർത്തുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്.**

ഞാൻ ലഖ്നോയിൽ പോകുമ്പോൾ യാദൃശ്ചികമായിട്ടാണ് ഈ കാര്യത്തിലേക്ക് വരുന്നത്. അവിടുത്തെ മൗലവി പറയുന്നുണ്ട് ഏതൊക്കെ ഡോക്യുമെന്റ്സ് ആണ് കൊണ്ടുവരേണ്ടത് എന്നൊക്കെ. ക്യാഷ് ഉള്ള മുസൽമാനു പറ്റുമായിരിക്കും. ഉദ്യോഗസ്ഥരുമായി ബന്ധമുള്ളവർക്ക് പറ്റുമായിരിക്കും. പക്ഷേ, ഒന്നുമറിയാത്ത പാവങ്ങൾ! അന്നത്തെ പൊതുസഭയിൽ ആണ് ഞാൻ പറഞ്ഞത് എൻ.ആർ.സി. പാടില്ല എന്ന്. പിന്നൊരു സ്റ്റുഡന്റ്സ് കോൺഫറൻസിൽ ആണ് ഞാൻ ഡോക്യുമെന്റ്സ് ഉണ്ടാക്കുകയല്ല, പ്രക്ഷോഭം ആണ് വേണ്ടത് എന്ന് പറഞ്ഞത്.

ഒരു വ്യക്തിയെന്ന നിലയിൽ നമുക്ക് പല കാര്യങ്ങളും ചെയ്യാൻ സാധിക്കും.

*? സർക്കാരിന്റെ നീതിന്യായ വ്യവസ്ഥയിൽ ആശങ്കയുണ്ടാവുമ്പോൾ ആണോ മാവോയിസ്റ്റുകൾ ഉണ്ടാവുന്നത്.*

വ്യവസ്ഥിതികളിൽ വിശ്വാസം നഷ്ടപ്പെടാം, പക്ഷേ ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടു കൂടാ. വിശ്വാസമുള്ളത് കൊണ്ടാണ് പ്രതിഷേധിക്കുന്നത്. നമുക്ക് തന്നിട്ടുള്ള അവകാശമാണ് 'സമരം'. അതിനെയും അടിച്ചമർത്തുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്.

*? തീർത്തും ഭരണഘടനാ വിരുദ്ധമല്ലേ കശ്മീരിൽ നടന്നത്. മാസങ്ങളായി നെറ്റ് കണക്ഷൻ വിച്ഛേദിച്ചത് പോലുള്ളവ? ജുഡീഷ്യറി പോലും മൗനം പാലിച്ചതെന്തുകൊണ്ട്.*

ജനങ്ങൾ പ്രതിഷേധമുയർത്താത്തതു കൊണ്ടാണ് ജുഡീഷ്യറി പോലും മൗനം പാലിക്കുന്നത്.

*? ഡൽഹി ഹൈക്കോടതി ജാമിയ വിഷയം ഫെബ്രുവരി അഞ്ചിലേക്ക് മാറ്റി വെച്ചതിൽ അഭിഭാഷകർ പോലും പ്രതിഷേധിച്ചു. ഇവിടെയൊക്കെ ജുഡീഷ്യറിയിൽ നമുക്ക് വിശ്വാസം നഷ്ടപ്പെടുകയല്ലേ.*

ഒരു സ്റ്റേഡിയത്തിൽ പൊളിറ്റിക്കൽ പാർട്ടിയും, ജുഡീഷ്യറിയും മീഡിയയും ഒക്കെ കളിക്കുകയാണ്. ഗാലറിയുടെ ഒരു ഭാഗം മാത്രമേ ആളുകളുള്ളൂ എങ്കിൽ അവിടേക്കു കളിക്കാനേ താല്പര്യം ഉണ്ടാവുകയുള്ളൂ. ഒരു പറ്റം ആളുകൾക്ക് ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടു പോയിക്കഴിഞ്ഞു. ബാലൻസ്ഡ് കോൺസ്റ്റിറ്റ്യൂഷൻ റോൾ എന്താണെന്ന് ജുഡീഷ്യറി മനസ്സിലാക്കണം. ഇപ്പോൾ കോടതി ഗവർണൻസ് അല്ലെങ്കിൽ കൺവീനിയന്റ് മോഡിലേക്ക് മാറി. ഭരണനിർവഹണത്തിന് സർക്കാരുണ്ട്. ഭരണഘടനാ അവകാശങ്ങൾ ജനങ്ങൾക്ക് ഉറപ്പാക്കാൻ വേണ്ടിയാണ് കോടതി. 130 കോടിയിൽ ഒരാളൊഴികെ മറ്റെല്ലാവരും തെറ്റു ചെയ്താലും ശരിയായ ഒരാൾക്കു വേണ്ടി നിലകൊള്ളുക എന്നതാണ് കോടതിയുടെ ചുമതല. കോടതികൾ ഇത് മനസ്സിലാക്കി പ്രവർത്തിച്ചില്ലെങ്കിൽ എന്ത് ചെയ്യണമെന്ന് പിന്നീട് ആലോചിക്കണം.

*?ഗവർണൻസ് മോഡിലേക്ക് മാറിയത് ഭരണകൂടത്തിന്റെ ഇടപെടൽ കൊണ്ടാണോ.*



അതാണ് ഞാൻ നേരത്തേ പറഞ്ഞത് ഗാലറിയുടെ ഒരു ഭാഗം മാത്രമേ ആളുകളുള്ളൂ എങ്കിൽ അവിടേക്കു കളിക്കാനേ താല്പര്യമുണ്ടാവുകയുള്ളൂ. ജനങ്ങളുടെ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉയർത്തേണ്ടത് നമ്മുടെ കടമയാണ്.

*?കശ്മീർ പ്രശ്നത്തിൽ ആളുകൾ ഇത്ര പ്രതികരിച്ചില്ല. എല്ലാവരെയും ബാധിക്കും എന്ന തോന്നൽ ആണോ ഇപ്പോൾ ഇത്ര പ്രതിഷേധം ഉണ്ടാവാൻ കാരണം.*

അങ്ങനെ ഞാൻ കരുതുന്നില്ല. 2016ൽ വന്നതാണ് എൻ.ആർ.സി. അന്നൊന്നും ഇതിനെതിരേ പ്രതിഷേധം ഉണ്ടായിരുന്നില്ല. ആരും അന്ന് ഇതിനെക്കുറിച്ച് അവബോധമുള്ളവരായിരുന്നില്ല. അല്ലെങ്കിൽ ആരും ഇതിനെ മനസ്സിലാക്കാൻ ശ്രമിച്ചില്ല. ശരിക്കും നമ്മുടെ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ് നാളെ വരാൻ പോകുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിച്ച് ജനങ്ങളെയും മീഡിയയെയും ബോധവാന്മാരാക്കുക എന്നത്. ഇതൊക്കെ രാഷ്ട്രീയത്തിന്റെ ഭാഗമാണ്. നമ്മുടെ രാഷ്ട്രീയം അഞ്ച് വർഷത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പ് മാത്രമായതുകൊണ്ടാണ് നമുക്കിത് മനസ്സിലാകാത്തത്. കശ്മീരിന്റെ കാര്യത്തിൽ അവിടെ നിയമമായതിനുശേഷമാണ് സമരം നടക്കുന്നത്. ഞാൻ കശ്മീരിനെക്കുറിച്ച് പറയാനാണ് പലയിടത്തും പോവാറുള്ളത്. പലർക്കും കശ്മീരിന്റെ അവസ്ഥ അറിയില്ല. അവർ വിചാരിക്കുന്നത് കശ്മീർ ഇന്ത്യയുടെ ഭാഗമായി എന്നുള്ളതാണ്. കശ്മീരിനെക്കുറിച്ച് പറയേണ്ടത് കശ്മീരിന് പുറത്താണ്. ജനങ്ങൾക്ക് എന്താണ് വേണ്ടത് എന്നത് എത്തിച്ചുകൊടുക്കലല്ല ഭരണകൂടത്തിന്റെയോ യഥാർഥ നേതാവിന്റെയോ ജോലി. ശരിയും തെറ്റും മനസ്സിലാക്കിക്കൊടുത്ത് അവരെ ശരിയായ രീതിയിൽ നയിക്കുക എന്നതാണ് ലീഡറുടെ ജോലി. ജനങ്ങൾ ഇതൊക്കെ മനസ്സിലാക്കി മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കാം.

*? ഈ സമരത്തിന്റെ ഭാവി എന്താണ്.*

*സമരം ഇപ്പോൾ തന്നെ വലിയ ഒരു വിജയമാണ്. ജനാധിപത്യം എന്താണെന്ന് അറിയാത്ത ഒരു ജനത കടന്നു പോകുകയായിരുന്നു. അവരത് തിരിച്ചറിഞ്ഞു.*

*? ജാതീയ വേർതിരിവ് ആണോ എൻ.ആർ.സിയും ഇപ്പോൾ കാമ്പസുകളിൽ നടന്ന ആത്മഹത്യകളും എല്ലാം.*

ഞാൻ അങ്ങനെ ഒന്നും കാണുന്നില്ല. എന്ത് ചെയ്യണമെന്ന് അറിയാതെ എന്തെങ്കിലുമൊക്കെ ചെയ്തു കൂട്ടണം എന്നുള്ള നിലപാട് ആണ് സർക്കാരിന്. വെപ്രാളത്തിൽ ചെയ്യുന്ന കാര്യങ്ങൾ ആണിതെല്ലാം.

*? പ്രളയസമയത്തു താങ്കൾ സാധാ മലയാളിയെപോലെ പണി ചെയ്തിട്ടുണ്ട്. ആ സമയത്തും പ്രളയാനന്തര സമയത്തും ഗവൺമെന്റ് എങ്ങനെ ആയിരുന്നു.*

പ്രളയാനന്തരം ഞാൻ സ്ഥലത്തില്ലായിരുന്നു. അതുകൊണ്ട് പ്രളയത്തിനു ശേഷമുള്ള കാര്യം അറിയില്ല. പ്രളയ സമയത്ത് രാവും പകലും ജോലി ചെയ്ത ഒരുപാട് പേരുണ്ട്. അന്ന് ദാദ്രാ നഗർ ഹവേലിയിൽ നിന്ന് പല സാധനങ്ങളും ഇങ്ങോട്ടു കൊടുത്തയച്ചിട്ടുണ്ട്. ഇതെല്ലാം ചെയ്തിട്ടും നമ്മൾ എന്തു ചെയ്തു വെന്ന തോന്നലായിരുന്നു. നമ്മുടെ വീട്ടിലൊരു പ്രശ്നം നടക്കുമ്പോൾ വീട്ടിലില്ലാത്തതുപോലൊരു തോന്നൽ. അങ്ങനെ തോന്നി വന്നതാണ്. അഞ്ചാറ് ജില്ലകളിലുണ്ടായിരുന്നു. പല കാര്യങ്ങളും പഠിക്കാൻ പറ്റിയിട്ടുണ്ട്. ●

**ഉനൈസ് വട്ടപ്പറമ്പൻ**
ഫങ്ഷനൽ ഇംഗ്ലിഷ്, ഒന്നാം വർഷം



# ഇന്ത്യാ ദഹനം

വാ പൊത്തിപ്പിടിക്കൂ
ഇനിയൊരാളും ശബ്ദിക്കരുത്

ഇനി നിങ്ങൾ വീട്ടുപടിക്കൽ
സ്വാതന്ത്ര്യമെന്നെഴുതി വെക്കരുത്
നെറ്റിയിലേക്ക് വെടിയുതിർക്കപ്പെടേണ്ട
കുറ്റമാണത്

നിങ്ങളാരും
വിശക്കുന്നെന്ന് പറയാതിരിക്കുക
വയറ് കല്ലാക്കി കല്ലിൽ പ്രതിമ
കൊത്തിവെച്ചിട്ടുണ്ട് നമ്മൾ
നല്ല വിശപ്പ് തോന്നുമ്പോൾ
പ്രതിമയുടെ
ചോട്ടിൽ വന്ന് നിന്ന്
ഒരുമയുടെ മുദ്രാവാക്യം വിളിക്കുക

മദം ചീറ്റുന്ന കാളകളെയും
കൊമ്പിലെ ചോരപ്പാടും കണ്ട്
ഇനിയൊരാളും
ഉറക്കത്തിൽ ഞെട്ടിയുണരരുത്
കരയരുത്
പിറന്ന് വീഴുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ
ശ്വാസമൂറ്റി വിറ്റാലും
കൊന്നാലും
നമ്മളാരും ചോദിക്കരുത്
പറയരുത്

വാ പൊത്തിപിടിക്കൂ
ഇനിയൊരാളും ശബ്ദിക്കരുത്

നമുക്കിനി
ദൈവത്തിന്റെ ബ്രഹ്മചര്യത്തെക്കുറിച്ച്
പഠനം നടത്താം
ദൈവം അമ്പലത്തിലോ
പള്ളിയിലോയെന്ന്
നീണ്ട നീണ്ട
ചർച്ചകൾ നടത്താം

ഗുഹാന്തരങ്ങളിൽ ചെന്ന്
ദൈവത്തിന് കൂട്ടിരിക്കാം

നമുക്കിനി
ഒരായുസ്സിന്റെ സമ്പാദ്യം മുഴുവൻ
ഗംഗയിലൊഴുക്കിക്കളയുന്നതിനെപ്പറ്റി
ചിന്തിക്കാം
ശത്രുരാജ്യത്തിന്റെ
വാലിൽ ചവിട്ടിയുണർത്തി
വായിൽ കോലിട്ടിളക്കി
പോരിന് വിളിക്കാം
അത്രമാത്രം
അത്രമാത്രം നമുക്ക്
രാജ്യസ്നേഹികളാവാം
അതല്ലാതെ
നാല്പത് വർഷം പിന്നോട്ടെന്ന് പറഞ്ഞാലും
രാജ്യമൂറ്റി വിറ്റെന്ന് കേട്ടാലും
വാ പൊത്തിപിടിക്കുക
ഇനിയൊരാളും ശബ്ദിക്കരുത്

നാളെ
പെരപ്പുറത്തൊരു ബോംബു
വന്ന് വീഴുമ്പോൾ
വാ തുറക്കാം
തൊണ്ടകീറി
തൊണ്ടകീറി
അലറിക്കരയാം



അൻഫസ് ഖാൻ
ഇംഗ്ലീഷ്, മൂന്നാം വർഷം




ഓരോ മനുഷ്യർക്കും സ്വപ്നങ്ങളുണ്ട്, ചിലർക്ക് സാക്ഷാത്കാരങ്ങളും. എന്നാൽ, അവയെ വെറും സ്വപ്നങ്ങളായി മാത്രം കാണാതെ ആവശ്യങ്ങളായി കാണുന്നിടത്താണ് നാം ഓരോരുത്തരും ജീവിച്ചുതുടങ്ങുന്നത്. എന്റെ ഓരോ യാത്രകൾക്കു പിന്നിലും, മനോഹരമായ കാഴ്ചകൾക്കും അനുഭവങ്ങൾക്കുമപ്പുറം "ഞാനെന്ന" എനിക്കു വേണ്ടിയുള്ള തിരച്ചിലായിരുന്നു. ഓരോ യാത്രയിലും ശരീരം മാത്രമായിരുന്നു ഒറ്റക്ക്, എനിക്ക് സംസാരിക്കാനും സന്തോഷം പങ്കുവെക്കാനും എന്റെ ചിന്തകളും അവ നെയ്തെടുത്ത സ്വപ്നങ്ങളുമുണ്ടല്ലോ! അത്കൊണ്ട് എന്നെ തന്നെയാണ് പങ്കാളിയായി കൂട്ടാറ്. എന്നെ, എന്നേക്കാൾ അറിയുന്ന മറ്റാരുമില്ലല്ലോ? എന്ത്കൊണ്ടോ? എന്നിട്ടും അവരെന്നെ വിളിച്ചത് "സോളോ ട്രാവലർ" എന്നുതന്നെയായിരുന്നു. ഈ നിമിഷത്തിൽ മരിച്ചാലും കുഴപ്പമൊന്നുമില്ലെന്ന് തോന്നിയിട്ടുണ്ട് പലപ്പോഴും. അതിനുപുറമെ മറ്റെന്തൊക്കെയോ എനിക്കുവേണ്ടി കാത്തിരിപ്പുണ്ടെന്ന സത്യമാവണം ഇനിയുള്ള

ജീവിതത്തിനർത്ഥമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആഗ്രഹങ്ങളും മനസ്സും ഒരുപോലെ കണ്ണുതുറന്ന കാലം തൊട്ടേയുള്ള ആഗ്രഹമായിരുന്നു ഈ ദുനിയാവ് മൊത്തം കറങ്ങിക്കാണണമെന്ന്. ചിലയിടങ്ങളൊക്കെ തനിച്ച് തന്നെ പോവണമെന്നും. അങ്ങനെയൊരാഗ്രഹമായിരുന്നു ഭൂമിയിലെ സ്വർഗ്ഗമായ കശ്മീരിലേക്ക് ഒറ്റക്ക് പോവണമെന്നത്. ബോംബുകളുടെയും വെടിയുണ്ടകളുടെയും കഥകൾക്കപ്പുറത്തൊരു കശ്മീരുണ്ടെന്ന് ആരോ മനസ്സിൽ പറയുന്നുണ്ടായിരുന്നു. അതുകൊണ്ടാവണം മറ്റുള്ളവരുടെ ഭയപ്പെടുത്തലുകൾക്ക് കീഴടങ്ങാതിരുന്നത്. വീട്ടിൽ പറഞ്ഞാൽ ഇനി "കെട്ടിയിടൽ" മാത്രമേ അവർക്കു മുമ്പിലൊരു വഴിയുള്ളൂ. എന്നത് കൊണ്ട് ഉമ്മയോട്പോലും പറഞ്ഞില്ല. മകൻ കശ്മീരിലാണ് ഉള്ളത് എന്ന് ഉമ്മയറിയുന്നത് പതിനഞ്ചുദിവസങ്ങൾക്ക് ശേഷം ഗുൽമർഗിലെ മഞ്ഞുപെയ്യുന്ന രാത്രിയിൽ ഞാൻ വീട്ടിലേക്കു വിളിച്ചപ്പോഴാണ്. കരച്ചിലായിരുന്നു ആകെയുണ്ടായിരുന്ന മറുപടി. ഒരു വീഡിയോകോൾ ചെയ്ത് ഞാൻ ജീവിച്ചിരുപ്പുണ്ടെന്ന് ബോധ്യപ്പെടുത്തി. ബോംബുകളുടെയും ഭീകരാക്രമണങ്ങളുടെയും കഥയാണല്ലോ അവരും കേട്ടുപഠിച്ചത്. കയ്യിൽ വെറും മൂവായിരം രൂപ കരുതിയാണ് യാത്ര തുടങ്ങിയത്. എന്തോ എല്ലാം നല്ല നിലയിലാവുമെന്ന പ്രതീക്ഷയാവണം എന്നെ എല്ലായിടത്തും എത്തിക്കുന്നത്. മറിച്ച് ചിന്തിക്കാറേയില്ല. മണാലിയിലൊക്കെ നിസ്സാരമായ തണുപ്പാണെന്ന് ബോധ്യമായത് മൈനസ് 20° കൊണ്ട് എന്നെ വരവേറ്റ കശ്മീരിനെ അനുഭവിച്ചപ്പോൾ എനിക്കു മനസ്സിലായി. ജാക്കറ്റുകൾക്കു മേലെ ജാക്കറ്റുകളായിരുന്നു വസ്ത്രം.

യാത്രക്കിടയിൽ ട്രെയിനിലും മറ്റും വച്ച് സംസാരിച്ചവരൊക്കെ എന്നെ അത്ഭുതത്തോടെയായിരുന്നു കണ്ടത്. "കശ്മീരിലേക്കോ? അതും ഒറ്റക്ക്, മോനേ ഇതൊക്കെ ഈ പ്രായത്തിൽ തോന്നുന്നതാ മോൻ തിരിച്ച് വീട്ടിലേക്ക് ചെല്ല്" എന്നെന്നെ ഉപദേശിച്ചു. കൂടാതെ തൊട്ടുമുമ്പ് കശ്മീരിലെ കൊലപാതകത്തെക്കുറിച്ചും പറഞ്ഞു. പക്ഷേ, അവർക്കറിയില്ലല്ലോ, എന്റെ ജീവിതത്തേക്കാൾ വിലയുണ്ട് എന്റെ സ്വപ്നങ്ങൾക്കെന്ന്, നീണ്ട മൂന്നു ദിവസത്തെ യാത്രക്ക് ശേഷം ഞാൻ ശ്രീനഗറിലെത്തി.

**ആഗ്രഹങ്ങളും മനസ്സും ഒരുപോലെ കണ്ണുതുറന്ന കാലം തൊട്ടേയുള്ള ആഗ്രഹമായിരുന്നു ഈ ദുനിയാവ് മൊത്തം കറങ്ങിക്കാണണമെന്ന്. ചിലയിടങ്ങളൊക്കെ തനിച്ച് തന്നെ പോവണമെന്നും. അങ്ങനെയൊരാഗ്രഹമായിരുന്നു ഭൂമിയിലെ സ്വർഗ്ഗമായ കശ്മീരിലേക്ക് ഒറ്റക്ക് പോവണമെന്നത്.**

ലോകത്തിലേറ്റവും നല്ല മന
ഷ്യർ ജീവിക്കുന്നൊരിടത്തേക്കാണ
ഞാൻ ചെന്നെത്തിയതെന്ന് മനസ്സ
ലാക്കാൻ അധികം സമയം വേണ്ട
വന്നില്ല. എല്ലാരിലും പുഞ്ചിരി മാത്രം
സലാം പറഞ്ഞ് തുടങ്ങിയാൽ പിന്നെ
സംസാരം നിർത്തില്ല. അങ്ങനെ യ
ത്രക്കിടയിലാണ് ആദിലിനെ പര
ചയപ്പെടുന്നത്. ബനിഹലിൽ നിന്ന
ശ്രീനഗറിലേക്കുള്ള ട്രെയിൻ യാത്ര
അവസാനിച്ചത് രാത്രി 8 മണിക്ക
ണ്. സഹിക്കാനാവാത്ത തണുപ്പിൽ
സ്റ്റേഷനിൽ നിന്നിറങ്ങി റൂം കണ്ടുപ
ടിക്കാൻ കഷ്ടപ്പെടുന്ന എന്നെ സലാം
പറഞ്ഞ് കെട്ടിപ്പിടിച്ച് പേരോ, ഊരോ
ചോദിക്കാതെ ഉമ്മയും ഒരു ഏട്ടനു
ഉള്ള വീട്ടിലേക്ക് പാതിരാത്രി ആദിൽ
കേറിച്ചെന്നു. അതെന്നെ വളരേയേറെ
അത്ഭുതപ്പെടുത്തി. കണ്ടു പഠിക്കണം
നമ്മളെല്ലാവരും കശ്മീരിലെ സ്നേ
ഹിക്കാൻ മാത്രം അറിയാവുന്ന മനു
ഷ്യരെ. ആർക്കുവേണ്ടിയാണ് കശ്
മീരിനെ ഇത്തരത്തിൽ ആക്രമണങ്ങ
ളുടെ മാത്രം നാടായി ചിത്രീകരിച്ച
ത്? ആദിലിന്റെ പിറകേ വെളിച്ചമി
ല്ലാത്ത തെരുവിലൂടെ ഇരുട്ടിനേയും
ചേർത്ത് പിടിച്ച് നടന്നപ്പോഴും എനി
ക്ക് സംശയമായിരുന്നു, പടച്ചോനെ
ഇവൻ എന്നെ അപായപ്പെടുത്താനാ
ണോ കൊണ്ടുപോകുന്നത്? ഒരു മനു
ഷ്യന്റെ പേര് പോലും ചോദിക്കാതെ
വീട്ടിലേക്ക് കൊണ്ടു പോവുക എന്ന്
പറയുമ്പോൾ? പടച്ചോനെ കാക്കണേ!
എനിക്ക് എന്നോട് തന്നെ വെറുപ്പ്



തോന്നിയ നിമിഷം, നിങ്ങളായിരുന്നെങ്കിലും അങ്ങനെയേ ചിന്തിക്കൂ. ആ ചിന്തയ്ക്ക് അവസാനമെന്നോണം വീടിന്റെ വാതിൽ തുറന്ന് എന്നെ കണ്ടപ്പോൾ പ്രകാശം കൊണ്ട് തിളങ്ങിയ ആദിലിന്റെ ഉമ്മയുടെ മുഖമായിരുന്നു. സന്തോഷം കൊണ്ട് കരയണമെന്നു തോന്നി. വികാരങ്ങൾക്ക് അതിനപ്പുറം വേറൊരു ഭാഷയില്ലല്ലോ.

ആ കുടുംബം എന്നെ ദൈവത്തെപ്പോലെയാണ് കണ്ടത്. അവരുടെ സംസ്കാരവും രീതിയും എന്നെ പഠിപ്പിച്ചു. നീളം കൂടിയ ഫെറാനായിരുന്നു എന്റെ വസ്ത്രം. കാലാവസ്ഥക്കനുസരിച്ച് തയ്യാറാക്കിയവയായിരുന്നു വീടിനുള്ളിലെ മുറികൾ. തണുപ്പുകാലത്തും ചൂടുകാലത്തും വേറെ മുറികളായിരുന്നു. ആദിലിന്റെ ഉപ്പ രണ്ട് വർഷം മുമ്പ് മരിച്ചുപോയതാണ്. ഉമ്മയാണ് കഷ്ടപ്പെട്ട് വളർത്തിയത്. അടുത്തുള്ള ഹോസ്പിറ്റലിലെ സെക്യൂരിറ്റിയായിരുന്നു ആദിൽ. ഞാനവരോടൊപ്പം മൂന്നു ദിവസം ചിലവിട്ടു. കശ്മീരിന്റെ ഭക്ഷണവും ഭാഷയും അവരുടെ മറ്റു കുടുംബങ്ങളേയും എനിക്ക് പരിചയപ്പെടുത്തി. എനിക്ക് വേറൊരു കുടുംബത്തെ ലഭിക്കുകയായിരുന്നു അവിടെ. ഞാനിന്നും ഫോണിലൂടെ സംസാരിക്കാറുണ്ട് അവരോട്. ഒറ്റയ്ക്കു പോവണമെന്ന എന്റെ വാശിയാവണം ആദിലിനെ കൂട്ടാതെ ഞാൻ ഏറ്റവും തണുപ്പേറിയ മഞ്ഞ് വീഴുന്ന നഗരങ്ങളുള്ള ഗുൽമാർഗിലേക്കും പച്ചമരങ്ങൾക്കിടയിൽ മഞ്ഞ് പുതച്ച് കിടക്കുന്ന സോനംമാർഗിലേക്കും, പഹൽഗമിലേക്കും പോയി. അവസാന ഇടവും കീഴടക്കിയപ്പോൾ ജീവിതം തന്നെ പൂർണമായ പോലെ. മണിക്കൂറുകളോളം ഒറ്റക്കിരുന്നു. അതിനിടയിൽ ഒരുപാട് കരഞ്ഞു. എന്തോ! സന്തോഷത്തിന്റെ അവസാനപടിയും കഴിഞ്ഞ് മുന്നോട്ട് പോയാൽ പിന്നെ കരച്ചിലായിരുന്നു എന്റെ ലഹരി.

ഓരോ കിലോമീറ്ററിലും എല്ലാവിധ സജ്ജീകരണങ്ങളോടും നിൽക്കുന്ന പട്ടാളക്കാരെന്നെ ആശ്ചര്യപ്പെടുത്തി. മരംകോച്ചുന്ന തണുപ്പിലും സ്വന്തം രാജ്യത്തിനുവേണ്ടി ജീവിക്കുന്ന മനുഷ്യരേയാണ് ഞാൻ കണ്ടത്. നാലഞ്ച് തവണകളായിട്ട് പലരും എന്നെ ചെക്ക് ചെയ്തു. ഭീകരവാദിയാണെങ്കിലോ? പുറത്തെടുത്തതെല്ലാം ബാഗിലേക്ക് നാലും അഞ്ചും തവണയും തിരികെ കയറ്റുമ്പോഴും സങ്കടപ്പെട്ടില്ല, മറിച്ച് അഭിമാനം തോന്നി; രാജ്യം കാക്കുന്നവരെയോർത്ത്. ഇവരേക്കാൾ നന്മയും ഭാഗ്യവും ചെയ്തവരാരുണ്ട്? കാർഗിലിലേക്കുള്ള എന്റെ യാത്ര വഴി തടസ്സപ്പെട്ടതിനാൽ പകുതിക്ക് നിർത്തേണ്ടി വന്നു. കരുതിയിരുന്നതിനപ്പുറമായിരുന്നു ഇന്ത്യയുടെ പ്രതിരോധശേഷി. ചിലരൊക്കെ വിവിധ ആയുധങ്ങൾ എന്നെ പരിചയപ്പെടുത്തി. സിനിമകൾക്കിടയിലെ വില്ലനായ എ.കെ 47 നേരിട്ട് കണ്ടത് അവിടെ വെച്ചാണ്. മൊബൈൽ ഫോണുകൾക്ക് കടുത്ത വിലക്കായിരുന്നു അവിടങ്ങളിൽ. സൈന്യത്തിനൊപ്പമുള്ള ഫോട്ടോ കിട്ടാത്തത് എന്നെ സങ്കടപ്പെടുത്തി. ഓർക്കാനതൊക്കെയല്ലേ ബാക്കിയുണ്ടാവുക. എങ്കിലും അതിരു കാക്കുന്ന ദൈവങ്ങൾക്കൊപ്പം ഭക്ഷണവും, അവരോട് സലാം പറഞ്ഞ് കെട്ടിപ്പിടിച്ച് യാത്ര പറഞ്ഞപ്പോ കാലുകൾ നിലത്തുറക്കാത്ത പോലെ തോന്നി.

അങ്ങനെ സ്വപ്ന സാക്ഷാത്കാരങ്ങളുടെ അവസാനത്തെ പടിയും കടന്ന് കശ്മീരിനോടും അവിടത്തെ കുടുംബത്തോടും യാത്ര പറഞ്ഞു. ഇതിനിടയിൽ നാട്ടിൽ നിന്ന് സുഹൃത്തുക്കൾ പണം അയച്ചുതന്നു. അവസാനം തിരിക്കാൻ നേരത്ത്, കയ്യിൽ 500 രൂപ മടക്കിവച്ചിട്ട് ഉമ്മ പറഞ്ഞു. മോൻ

**അടുത്തുള്ള ഹോസ്പിറ്റലിലെ സെക്യൂരിറ്റിയായിരുന്നു ആദിൽ. ഞാനവരോടൊപ്പം മൂന്നു ദിവസം ചിലവിട്ടു. കശ്മീരിന്റെ ഭക്ഷണവും ഭാഷയും അവരുടെ മറ്റു കുടുംബങ്ങളേയും എനിക്ക് പരിചയപ്പെടുത്തി. എനിക്ക് വേറൊരു കുടുംബത്തെ ലഭിക്കുകയായിരുന്നു അവിടെ. ഞാനിന്നും ഫോണിലൂടെ സംസാരിക്കാറുണ്ട് അവരോട്.**






ട്ടുണ്ട്. മഞ്ഞു പെയ്യുന്ന രാത്രികൾ പകലാക്കിയിട്ടുണ്ട്, ഹിമാലയൻ താഴ്‌വരയിൽ കിടന്നുറങ്ങിയിട്ടുണ്ട്, പുരിയിലെ ബീച്ച് സർഫിംഗിലെ ലഹരിയറിഞ്ഞ് വെള്ളം കുടിച്ചിട്ടുണ്ട്. പ്രണയ സാക്ഷാത്കാരത്തിന്റെ കഥ പറയുന്ന താജ്മഹലിനേയും നോക്കിയിരുന്നിട്ടുണ്ട്. മസൂരിയിലെ മലകളിൽ പോയി ആർത്തു വിളിച്ചിട്ടുണ്ട്.

ശത്രുരാജ്യമായി പഠിപ്പിച്ച പാകിസ്താനെ നോക്കിയിരുന്നിട്ടുണ്ട്. (വാഗാ ബോർഡർ) ഓരോ അനുഭവങ്ങളിലും ജീവിക്കുകയായിരുന്നു.

എന്നെ ഞാനാക്കി മാറ്റിയത് എന്റെ ഉപ്പയും ഉമ്മയുമാണ്. സ്വപ്നങ്ങളെപ്പറ്റി പറയുമ്പോഴൊക്കെ അവയെ ചിറകടിക്കാൻ പഠിപ്പിച്ചത് ഉമ്മയാണ്. യാത്രകളെക്കുറിച്ചുള്ള ഓരോ സ്വപ്നങ്ങൾ പറയുമ്പോഴും ഞാനെവിടെയാണോ നിർത്തുന്നത്, അവിടെനിന്ന് പുതിയ വർണങ്ങളേകി അതിനെ മുമ്പോട്ട് നയിക്കുകയായിരുന്നു എന്റെ ഉപ്പയും ഉമ്മയും. മക്കളുടെ ഇഷ്ടങ്ങൾക്ക് വിലകൽപ്പിക്കുന്നവരായ മാതാപിതാക്കളാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ ശക്തി എന്ന് ഞാൻ വിശ്വസിക്കുന്നു.

സിക്കിം, ആസ്സാം, മേഘാലയ, ത്രിപുര, മിസോറാം, മണിപ്പൂർ, നാഗാലാന്റ് വഴി തവാങ്ങിലെ മഞ്ഞ് മലനിരകൾക്കിടയിലൂടെ നടന്നുനടന്ന് അതിർത്തിയിൽ ചെന്ന് ചൈനയിലേക്ക് നോക്കിയിരിക്കണമെന്ന് ബാക്കി നിൽക്കുന്ന ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നം. അതും നടക്കുമെന്ന് വിശ്വസിക്കുന്നു. പണത്തിനും മറ്റെന്തിനും പുറമേ പറക്കുന്നത് എന്റേയും നിന്റേയും സ്വപ്നങ്ങൾ മാത്രമല്ലേ?

"I'm not scared of walking hours or days if there are alluring speetacies meat for me, Im not perturbed about how hard my paths are, internified devotion behind elesines can clear Them"

പണത്തിനപ്പുറം ജീവിതാനുഭവങ്ങളെ സമ്പത്താക്കി മാറ്റിയാൽ തീരാവുന്ന ദാരിദ്ര്യമേ നമുക്കുള്ളൂ. പടച്ചോൻ സൃഷ്ടിച്ച ഭൂമിയേക്കാൾ സുന്ദരമായതെന്തുണ്ട്? അലയടിക്കുന്ന കടലിനും, താഴ്ന്നിറങ്ങുന്ന സൂര്യനും പെയ്തൊലിക്കുന്ന മഴക്കും മഞ്ഞിനും അവയേ ഏറ്റു വാങ്ങുന്ന ഹിമാലയങ്ങൾക്കുമപ്പുറത്തല്ലേ സ്വർഗം?

ഇനിയും വരണം. മോന്റെ എല്ലാ സ്വപ്നങ്ങളും പടച്ചോൻ നടത്തിത്തരും എന്ന്. കരയണമെന്നു തോന്നി, നിയന്ത്രിച്ചു നിർത്തി. ജീവിതത്തിലെ വിലയേറിയ നിമിഷങ്ങളായിരുന്നു ഞാൻ വിട്ടുപോന്നത്. അതിനുശേഷം ഉത്തരാഖണ്ഡിലേക്കും അവിടുന്ന് പഞ്ചാബിലേക്കും പോയി. ശേഷം തിരിച്ച് നാട്ടിലേക്ക് വണ്ടി കയറി. അതിനുശേഷവും ഒരുപാട് യാത്രകൾ. ഇന്ത്യയെന്ന രാജ്യത്ത് തീർക്കാൻ ഇനിയും എട്ട് സംസ്ഥാനങ്ങൾ ബാക്കി. പലരും ചോദിക്കാറുണ്ട്, അവസരങ്ങളുണ്ടായിട്ടും എന്തുകൊണ്ട് രാജ്യത്തിനു പുറത്ത് പോയില്ലെന്ന്? ഞാൻ ജനിച്ചു വളർന്ന ലോകത്തിലേറ്റവും മനോഹരമായ രാജ്യമായ ഇന്ത്യയെ കഴിഞ്ഞിട്ടു മതി ലോകാത്ഭുതങ്ങൾ പോലുമെന്ന് ഞാൻ മുൻപേ തീരുമാനിച്ചിരുന്നു.

വിലമതിക്കാനാവാത്ത ഒരുപാട് ജീവിതാനുഭവങ്ങളാണ് യാത്രകളെനിക്ക് സമ്മാനിച്ചത്. താഴ്ന്നിറങ്ങുന്ന സൂര്യനേയും അത് ആകാശത്തിൽ സൃഷ്ടിക്കുന്ന വർണങ്ങളേയും കാണാൻ സൂര്യകിരണങ്ങളാൽ തങ്ങി നിൽക്കുന്ന ഒട്ടകങ്ങളോടൊപ്പം ചുട്ടുപൊള്ളുന്ന ചൂടിൽ താർ മരുഭൂമിയിലൂടെ മണിക്കൂറുകളോളം നടന്നി

**സിക്കിം, ആസ്സാം, മേഘാലയ, ത്രിപുര, മിസോറാം, മണിപ്പൂർ, നാഗാലാന്റ് വഴി തവാങ്ങിലെ മഞ്ഞ് മലനിരകൾക്കിടയിലൂടെ നടന്നുനടന്ന് അതിർത്തിയിൽ ചെന്ന് ചൈനയിലേക്ക് നോക്കിയിരിക്കണമെന്ന് ബാക്കി നിൽക്കുന്ന ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നം.**




KATTA WAITING

When fascism comes to America
it will be wrapped in the flag and
carrying the cross.

- SINCLAIR LEWIS

# പാരിനൊരു പുഷ്പസമർപ്പണം

ജാഷിം അലി
എക്ണോമിക്സ്, ഒന്നാം വർഷം

തൊണ്ടക്കുഴിയിലെ അവസാന ശ്വാസവും നിലയ്ക്കുകയാണ്. ഇന്ത്യയെന്ന മഹാ ജനാധിപത്യ റിപ്പബ്ലിക്കിന്റെ വൈവിധ്യങ്ങളുടെ അന്തസത്തയെ, നമ്മളുയർത്തിപ്പിടിച്ച മതേതരത്വത്തിന്റെ ബദൽ രാഷ്ട്രീയത്തെ തൽപരകക്ഷികൾ വികലമാക്കിക്കൊണ്ടിരിക്കുന്നു.

ഭരണഘടനയുടെ അടിവേര് പിഴുതെടുത്ത് സംഘ്പരിവാറെന്ന മുള്ളുമുരിക്കിൽ അംബേദ്കറെ തലകീഴായി കെട്ടിത്തൂക്കുമ്പോൾ ഒരു ജനാധിപത്യ വിശ്വാസിയുടെ മനസ്സിൽ അവശേഷിക്കുന്ന ഒരേയൊരു ചോദ്യം 'ഇനിയെത്ര കാലം കൂടിയീ മണ്ണിൽ.. ?' എന്നത് മാത്രമാണ്.

2014 വർഷാവസാനങ്ങളിൽ തന്നെ 'നമോ'എന്നത് കോർപറേറ്റുകൾക്കിടയിൽ വൻ സ്വീകാര്യതയുള്ള ബ്രാൻഡായി മാറിയിട്ടുണ്ട്. ജനാധിപത്യബോധം കൊണ്ടും മതേതര കാഴ്ചപ്പാടുയർത്തിപ്പിടിച്ചും ഇതര രാഷ്ട്രങ്ങൾക്കു മുന്നിൽ എന്നും തലയുയർത്തിപ്പിടിച്ചിട്ടുള്ള ഭാരതത്തിന്റെ അടിവയറ്റിൽ തൊഴിച്ചാണ് ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നത്. രാഷ്ട്രീയ നീരീക്ഷകരുടെയെല്ലാം പ്രവചനങ്ങളെ അന്വർഥമാക്കുന്ന രീതിയിലുള്ള ഹിന്ദുത്വ ഫാസിസ്റ്റ് വാഴ്ചയാണ് ആർ.എസ്.എസ് - സംഘ്പരിവാർ ആദർശങ്ങളുയർത്തിപ്പിടിക്കുന്ന എൻ.ഡി.എ ഗവണ്മെന്റ് ഇന്ത്യാമഹാരാജ്യത്ത് നാളിതുവരെ നടത്തിവന്നിട്ടുള്ളത്. നോട്ടുനിരോധനം, ജി.എസ്.ടി നടപ്പിലാക്കൽ തുടങ്ങിയ അമ്പേ പാളിപ്പോയ 'മോദി പരിഷ്കരണങ്ങളി'ലൂടെ വെറും നാല് വർഷം കൊണ്ട് രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർത്തു തരിപ്പണമാക്കുകയാണ് ചെയ്തത്. ഭരണവർഗ്ഗത്തിന്റെ അപക്വമായ കാഴ്ചപ്പാടും ലാഘവത്തോടെയുള്ള സമീപനവും കാരണം ജി.എസ്.ടിയും നോട്ടുനിരോധനവും പരാജയപ്പെടുകയും സമ്പദ്ഘടനയുടെ അടിവേരിളക്കി കടന്നുപോവുകയും ചെയ്തു. നിരോധിച്ച നോട്ടുകളെല്ലാം തന്നെ തി



രിച്ചെത്തിയപ്പോൾ നൂറ്റിയൊന്നു ശതമാനവും തിരിച്ചെത്തിയോ എന്ന ചോദ്യം മാത്രമാണ് നമ്മളിലവശേഷിക്കുന്നത്. ജി.എസ്.ടിയുടെ കാര്യത്തിലാണെങ്കിൽ, നികുതി വരുമാനത്തിന്റെ 19.1%ത്തിന്റെ ക്ലിയർ എസ്റ്റിമേഷൻ ഇന്ത്യയുടെ വ്യാപാരക്കമ്മിയും വെള്ളം ചേർത്ത് വെള്ളം കുടിക്കാത്ത ഏട്ടിലെ പശു ആക്കി മാറ്റാനുള്ള ശ്രമമാണ് നടന്നത്. ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽ നാളിതുവരെ രേഖപ്പെടുത്തിയതിൽ വെച്ച് ഏറ്റവും കൂടുതൽ കലാപങ്ങളും ആൾക്കൂട്ട കൊലപാതകങ്ങളും മതസ്പർധകളും ഈ സർക്കാർ അധികാരമേറ്റ ആദ്യ വർഷം തന്നെ രാജ്യത്തരങ്ങേറിയിട്ടുണ്ട്.

രാജ്യം ഒരറുപതു വർഷം പിന്നോട്ടു പോയെന്നതിന് ഇക്കണ്ട ചോരക്കളങ്ങളെല്ലാം തെളിവുകളായി അക്കമിട്ടു നിരത്തിയിട്ടും ജാതിരാഷ്ട്രീയത്തിന്റെ കൊടിയുയർത്തിക്കെട്ടി വീണ്ടും അവർ അധികാരത്തിലെത്തുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ആശങ്കകൾ മാത്രമാണ് അവശേഷിക്കുന്നത്.

പ്രസ്തുത സർക്കാർ രണ്ടാം തവണ അധികാരമേറ്റപ്പോഴും വ്യത്യാസമൊന്നുമില്ല. കുടിലതന്ത്രങ്ങൾക്ക് ഒന്നുകൂടി മൂർച്ചയേറി എന്നതാണ് സത്യം. കൃത്യമായ ഇടവേളകളിൽ കേന്ദ്രത്തിൽ ഏതെങ്കിലും മന്ത്രിയദ്ദേഹത്തിന് നാക്കിൽ അബദ്ധം പിണയുന്നത് ശ്രദ്ധിച്ചിട്ടില്ലേ? അത്തരം സന്ദർഭങ്ങളിൽ ഗോഡ്ഫാദർ മൗനംഭുജിക്കുകയാണ് പതിവ്. രസകരമായ വസ്തുതയെന്തെന്നാൽ രാജ്യം ആൾക്കൂട്ടക്കൊലപാതകങ്ങളെക്കൊണ്ടോ മനുഷ്യാവകാശ ലംഘനങ്ങളെക്കൊണ്ടോ കത്തിയെരിയുമ്പോൾ മാത്രമാണ് ഇത്തരം മണ്ടത്തരങ്ങൾ ജനമധ്യത്തിലേക്ക് സ്ക്രോൾ ചെയ്യപ്പെടുന്നത് എന്നതാണ്. നോക്കൂ, എത്ര വലിയ കുടിലതന്ത്രമാണിത്? (ഇനി യഥാർത്ഥത്തിൽ ഇവന്മാർ മണ്ടൻമാർ തന്നെയാണോ എന്നും സംശയമില്ലാതില്ല). പക്ഷേ, ഓരോ തവണ ജനമധ്യത്തിൽ ഉത്തരം മുട്ടുമ്പോഴും അതിർത്തിയിലേക്കോടിച്ചെന്ന് ജവാന്മാരുടെ മറപറ്റി നിൽക്കുന്ന ഭരണകൂടത്തിന്റെ ഹൈ പാട്രിയാർക്കി ഇമ്മച്വർ പ്രവണതയെ ഭയപ്പാടോടുകൂടി തന്നെയാണ് നാം നോക്കി കാണേണ്ടത്. ('രാജാവിനെതിരെ ജനവികാരം ഉയരുമ്പോൾ അതിർത്തിയിൽ യുദ്ധമുണ്ടാവുക രാജതന്ത്രമാണ്'. *ഒ. വി വിജയൻ, ധർമ്മപുരാണം*) കത്തിയാളുന്ന പ്രതിഷേധങ്ങൾക്കിടയിലും വീണ്ടും മതം പറഞ്ഞ് വോട്ടുനേടി മോദി സർക്കാർ അധികാരത്തിലെത്തുമ്പോൾ ഒരോ ജനാധിപത്യ വിശ്വാസിയുടെയും നാളെയുടെ പ്രതീക്ഷകൾക്കേൽക്കുന്ന പ്രഹരം ചെറുതൊന്നുമല്ല. നിരക്ഷരരായ വലിയൊരു ജനസമൂഹത്തെ തെറ്റിദ്ധരിപ്പിച്ച് കാൽച്ചുവട്ടിൽ നിർത്തി ഇലക്ഷൻ വിജയിക്കുന്നു. സ്വന്തം ബൂത്തിൽ താൻ തനിക്ക് രേഖപ്പെടുത്തിയ വോട്ട് എവിടെ? എന്ന് ചേദ്യമുയർത്തേണ്ടി വരുന്ന സ്ഥാനാർഥികളുടെ ഗതികേട് ജനാതിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പ് വ്യവസ്ഥിതിയുടെ മേൽ സംഭവിച്ചിരിക്കുന്ന വിള്ളലുകളെ എടുത്തു കാണിക്കുന്നുണ്ട്. പ്രമുഖ പാർട്ടി നേതാവ് പ്രതി ചേർക്കപ്പെട്ടിട്ടുള്ള കേസിന് അന്തിമ വിധി പറയാൻ നിയമിതനായ ജസ്റ്റിസ് ലോയയുടെ മരണം ഇന്ത്യാമഹാരാജ്യത്തെ അപ്പാടെ കാർന്നുതിന്നുന്ന ഈ അർബുദത്തിന്റെ ഭയാനകതയിലേക്ക് നിസ്സംശയം വിരൽചൂണ്ടുന്നുണ്ട്. ഇക്കാലയളവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച പല സുപ്രധാന കേസുകളുടെയും അന്തിമ വിധികളെടുത്തു നോക്കിയാൽ ഒരുകാര്യം വ്യക്തമാണ്, ത്രാസുകളിൽ തൂങ്ങുന്നത് പണവും അധികാരവുമാണ്. കോടതിമുറിയിൽ കണ്ണുകെട്ടിയ നീതിദേവത പോലും നിഷ്കരുണം പീഡിപ്പിക്കപ്പെടുമ്പോൾ പ്രായപൂർത്തിയായിട്ടില്ലെന്ന് പറഞ്ഞ് പ്രതികൾ വാഴ്ത്തപ്പെട്ടവരാകുമ്പോൾ കരയാതിരിക്കാൻ കണ്ണ് കുത്തിപ്പൊട്ടിച്ച് സമത്വ സുന്ദര പാവന ഇന്ത്യയുടെ നെഞ്ചിൽ റീത്ത് സമർപ്പിക്കുക മാത്രമാണ് ചെയ്യാനുള്ളത്.

ശബ്ദങ്ങളുയരട്ടെ..

**"രാജ്യം ഒരറുപതു വർഷം പിന്നോട്ടു പോയെന്നതിന് ഇക്കണ്ട ചോരക്കളങ്ങളെല്ലാം തെളിവുകളായി അക്കമിട്ടു നിരത്തിയിട്ടും ജാതി രാഷ്ട്രീയത്തിന്റെ കൊടിയുയർത്തിക്കെട്ടി വീണ്ടും അവർ അധികാരത്തിലെത്തുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ആശങ്കകൾ മാത്രമാണ് അവശേഷിക്കുന്നത്."**



ഇല്യാസ് പി.പി
എം.സി.ജെ, രണ്ടാം വർഷം

# ജയ്ശ്രീറാം മുദ്രാവാക്യങ്ങൾ ഭീഷണിപ്പെടുത്തുമ്പോൾ

'ഞാൻ ദുദാരി പാലത്തിലൂടെ നടന്നു പോകുമ്പോൾ നാല് പേർ ചേർന്ന് എന്നെ തട്ടിക്കൊണ്ടു പോകുകയായിരുന്നു. രണ്ട് പേർ ചേർന്ന് എന്റെ കൈകൾ കൂട്ടിക്കെട്ടി. ജയ്ശ്രീറാം വിളിക്കാൻ നിർബന്ധിച്ചു. ഞാൻ വിസ്സമ്മതിച്ചു. അപ്പോൾ ഒരാൾ തന്റെ ശരീരത്തിലേക്ക് മണ്ണെണ്ണയൊഴിച്ചു. അതിന് ശേഷം അവർ തീയിടുകയായിരുന്നു.' - പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ലോക്സഭാ മണ്ഡലത്തിൽ വാരാണസിയിലെ കബീർ ചൗറ ആശുപത്രിക്കിടക്കയിൽ നൂറു ശതമാനം പൊള്ളലേറ്റ് മരണത്തോട് മല്ലിടുമ്പോൾ ആ പതിനഞ്ചുകാരൻ പറഞ്ഞ വാക്കുകളാണിത് (പത്രവാർത്ത). ഈ വാക്ക് അവന്റെ മരണമൊഴിയായിട്ടാണ് പലരും രേഖപ്പെടുത്തിയത്. കുറച്ച് ദിവസങ്ങൾക്കു മുമ്പാണ് ജയ്ശ്രീറാം വിളിക്കാൻ നിർബന്ധിച്ച് മുസ്‌ലിം ബാലനെ ഹിന്ദുത്വ സംഘം മണ്ണെണ്ണയൊഴിച്ച് തീ കൊളുത്തി കൊന്നത്. പക്ഷെ അതിലും ഭീകരമായിരുന്നു തന്റെ മകന്റെ മൃതശരീരവും പൊതിഞ്ഞു കെട്ടി ഒരു ട്രക്കിന്റെ പിറകിലിരിക്കുന്ന ആ ഉപ്പയുടെ ഇരിപ്പ്. അതാണ് ഇന്ത്യയെന്ന് ആ ഫോട്ടോ കാണുമ്പോൾ തോന്നിപ്പോ



വും. ആ നിരാശ കലർന്ന നിശ്വാസത്തിൽ മുഴങ്ങുന്നതിന്ത്യയുടെ ദേശഗീതികളാണ്. കത്തിക്കരിഞ്ഞ് ചലനമറ്റ് പൊതിഞ്ഞു പിടിച്ചത് നമ്മുടെ തന്നെ സമന്വയങ്ങളുടെ, സഹജീവനത്തിന്റെ ഇന്നലെകളെയാണ്.

നമ്മുടെ രാഷ്ട്രപിതാവ് മുതൽ ഉന്നാവയിലെ പെൺകുട്ടിക്കും അഖ്ലാക്കിനും ഈ വണ്ടിയിൽ പൊതിഞ്ഞു കെട്ടിപ്പോവുന്ന ഖാദറിനും കൂടി അവകാശപ്പെട്ട, അവർക്ക് നിഷേധിക്കപ്പെട്ട ഈ സ്വസ്ഥജീവിതത്തിന്റെ ആനുകൂല്യം ഒരു കൊള്ളമുതലാണ്. ഈ കെട്ട കാലത്തെ സ്വൈര്യ ജീവിതത്തിന് സഹായകമായ എന്റെ ജന്മത്തിന്റെ പ്രിവിലേജുകൾ എന്നെ ലജ്ജിപ്പിക്കേണ്ടതുണ്ട്.

കാലം ഇത് മാറുന്നു...... ഇന്നും ഇന്നലെയുമല്ല നാളെ നാം ഓരോരുത്തരും ഉണ്ടാവുമോ? അതോ, മതഭ്രാന്തന്മാരുടെ ഇടയിൽപെട്ട് നമ്മുടെ നാളെയുടെ സ്വപ്നം ഇല്ലാതാവുമോ? മതഭ്രാന്തിനെ ചൊല്ലി ജനക്കൂട്ടം ചെയ്യുന്ന കാര്യങ്ങൾ ഇന്ന് നാം കേൾക്കുന്നു, മാധ്യമങ്ങൾ അത് ആഘോഷിക്കുന്നു. മാധ്യമങ്ങളിൽ വാർത്ത ആവുമ്പോൾ ഇന്ന് നാം ഓരോരുത്തരും വായനക്കാരും പ്രേക്ഷകരും, നാളെ ആരായിരിക്കും അവരുടെ ഇര. ജാർഖണ്ഡിൽ മതഭ്രാന്തന്മാർ തല്ലിക്കൊന്ന തബ്രീസ് അൻസാരിയെന്ന ചെറുപ്പക്കാരന്റെ സംഭവത്തിന് ശേഷം രണ്ട് ദിവസം പിന്നിടുമ്പോഴേക്കും പശ്ചിമബംഗാളിൽ നിന്ന് അതേ രീതിയിലുള്ള വാർത്ത കേൾക്കണ്ടി വന്നത് ഒരു തുടർക്കഥയാണ്...

എല്ലാവർക്കും ആവശ്യം 'ജയ് ശ്രീറാം'വിളിക്കുക എന്നതാണ്. തന്റെ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് അങ്ങനെ വിളിക്കാൻ ആരും തയ്യാറാവില്ല. ഇന്നലെ തബ്രീസ് അൻസാരി ആണെങ്കിൽ ഇന്ന് ഹാഫിസ് മുഹമ്മദ് ഷാരൂഖ് ആണെകിൽ നാളെ എന്ത്കൊണ്ട് നാം ഒരോരുത്തരും ആയിക്കൂടാ?

എന്തിന് വേണ്ടി ഇതൊക്കെ എന്നതിൽ നമുക്ക് ഒറ്റ ഉത്തരം മാത്രം. മതഭ്രാന്തന്മാരുടെ കൈയിലാണ് ഇന്ത്യ, അവർ ചെയ്തു കൂട്ടുന്നത് ചോദ്യം ചെയ്യാൻ ആരുമില്ല. നവ മാധ്യമങ്ങളിൽ രണ്ട് ദിവസത്തെ വാർത്തയിൽ അവസാനിക്കും എല്ലാം.

വിശ്വാസസ്വാതന്ത്ര്യവും സമത്വവും ഉറപ്പ് നൽകിയ ഒരു ഭരണഘടനയെ നോക്കുകുത്തിയാക്കിക്കൊണ്ട് രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ഈ അതിക്രമങ്ങളെ കുറ്റകരമാംവിധം പ്രോത്സാഹിപ്പിക്കുകയാണ്. എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശം ലഭിക്കുന്നു. മനുഷ്യന് സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം എന്നാണ് ലഭിക്കുക. അതിന് വേണ്ടിയുള്ള സമര നിയോഗം ആരാണ് ഏറ്റെടുക്കുക? മാധ്യമങ്ങൾ ഒരു കാര്യം ആഘോഷമാക്കി എടുക്കുകയും ആ കാര്യത്തിനെ സദാചാര ബോധത്തിലൂടെ കാണുകയും ചെയ്യുന്ന അവസ്ഥയിലാണ്. ഭൂമിയെന്ന ആലങ്കാരിക ലോകത്ത് വർഷങ്ങളായി വർഷങ്ങൾക്ക് വയസുകളായി നാം മുന്നേറുകയാണ്. പക്ഷെ ഓരോ മുന്നേറ്റത്തിലും മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്. കാലത്തിന്റെ നീക്കത്തിൽ തന്നെ മാറ്റമാണ് 'ജയ്ശ്രീറാം' വിളിക്കാത്തതിന്റെ പേരിൽ കൊല്ലുമ്പോൾ ഒന്ന് ചിന്തിക്കണം.... ഈ മാനുള്ള മുസ്ലിംകൾ സ്വന്തം ദേശത്തോട് സ്നേഹം ഇല്ലാത്തവരോ കൂറ് ഇല്ലാത്തവരോ തീവ്രവാദികളോ അല്ല. അവിടെയാണ് നമുക്ക് തെറ്റിയത്. ആ കാഴ്ചപ്പാടും ചിന്തകളുമാണ് ആദ്യം മാറേണ്ടത്. ശരിയായ ഏതൊരു മതവിശ്വാസിക്കും ശരിയായ മുസ്ലിമിനും ദേശസ്നേഹം എന്നത് ഏതെങ്കിലും മുദ്രാവാക്യം വിളിച്ചു തെളിയിക്കേണ്ട കാര്യമല്ല, ദേശഭക്തിഗാനം ആലപിച്ച് ബാക്കി ജനങ്ങളെ അറിയിക്കേണ്ടതുമല്ല. അത് അവരുടെ മനസിന്റെ അടിത്തട്ടിലുണ്ട്. അത് വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. ഒരു വ്യക്തിയുടെ വിശ്വാസത്തെ ചോദ്യം ചെയ്യാൻ ആർക്കും ഇവിടെ അവകാശമില്ല. എന്ത് വിശ്വസിക്കണം ഏത് വിശ്വസിക്കണം എന്നത് ഓരോ വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. ഒരു മത വിശ്വാസത്തിലും വേദഗ്രന്ഥത്തിലും പറഞ്ഞിട്ടില്ല നിങ്ങൾ ദേശത്തെ സ്നേഹിക്കാൻ പാടില്ല ദേശഭക്തിഗാനം ആലപിക്കാൻ പാടില്ല എന്ന്. അവിടേയും വേണ്ടത് നമ്മുടെ തീരുമാനം ആണ്. ഒരു വ്യക്തിക്ക് എന്താണ് ചെയ്യണ്ടതെന്ന് ആ വ്യക്തിയാണ് തീരുമാനിക്കേണ്ടത്. അല്ലാതെ അടിച്ചേൽപ്പിക്കേണ്ട കാര്യം ഇല്ല. ദേശസ്നേഹത്തിന്റെ അർത്ഥം സ്വരാ





ജ്യത്തെ ദൈവമോ ദൈവതുല്യമായോ അംഗീകരിക്കലെന്നല്ല. പിറന്നുവീണ മണ്ണിനോടും, ബാല്യകാലം കളിച്ചു തീർത്ത മണ്ണിനോടും, യുവത്വം ആസ്വാദനമാക്കിയ സമൂഹത്തോടും ഏതൊരാൾക്കും തോന്നിപ്പോകുന്നത് വൈകാരിക അടുപ്പമാണ്. ആ മണ്ണിനോട് തോന്നുന്ന സ്നേഹം മാത്രമാണ്. അല്ലാതെ ദൈവമായി കാണുകയും അത് മറ്റുള്ളവരുടെ മുന്നിൽ ഒരു മുദ്രാവാക്യം വിളിച്ച് അറിയിക്കുകയല്ല വേണ്ടത്. രാജ്യത്തുള്ളവരെല്ലാം രാജ്യത്തെ ദൈവമായോ മാതാവായോ പിതാവായോ വന്ദിക്കണമെന്ന് നിർബന്ധിക്കുന്നത് ജനാധിപത്യ, മതേതര വിരുദ്ധതയാണ്. ഇസ്ലാം എന്ന മതം ഏകദൈവത്തെ അല്ലാതെ മറ്റൊന്നിനേയും വിശ്വസിക്കുന്നില്ല, ഇങ്ങനെയുള്ള വിശ്വാസത്തെ തല്ലിക്കെടുത്തുകയാണ് ഇന്ത്യയിലെ മതഭ്രാന്തന്മാർ. ഇന്ത്യയിലെ ഹിന്ദുത്വ ഭ്രാന്ത് ബാധിച്ചവർ ഒരു പാട് കാലമായി കോലാഹലങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലത്താണ് അവർ പടി പടിയായി ഉയരുന്നത്.

'ജയ്ശ്രീറാം' എന്ന മുദ്രാവാക്യം ആയുധമാക്കിയാണ് അവർ രംഗത്ത് എത്തുന്നത്. ഇവിടെയാണ് ഇന്ത്യൻ ജനതയുടെ താളം തെറ്റുന്നത്. ജാർഖണ്ഡിലെ തബ്രീസ് അൻസാരിയെ തല്ലിക്കൊന്നു കൊണ്ടിരിക്കുമ്പോഴും

**ജാർഖണ്ഡിലെ തബ്രീസ് അൻസാരിയെ തല്ലിക്കൊന്നു കൊണ്ടിരിക്കുമ്പോഴും ഹാഫിസ് മുഹമ്മദിനെ ട്രെയിനിൽ വെച്ച് ക്രൂരമായി മർദിക്കുമ്പോഴും അവർ അട്ടഹസിച്ച് ആവശ്യപ്പെട്ടത് 'ജയ്ശ്രീറാം' വിളിക്കാനായിരുന്നു.**

ഹാഫിസ് മുഹമ്മദിനെ ട്രെയിനിൽ വെച്ച് ക്രൂരമായി മർദിക്കുമ്പോഴും അവർ അട്ടഹസിച്ച് ആവശ്യപ്പെട്ടത് 'ജയ് ശ്രീറാം' വിളിക്കാനായിരുന്നു. ഈ മുദ്രാവാക്യം അവർ ആവർത്തിക്കാത്തതിന്റെ പേരിലാണ് അവരെ ക്രൂരമായി മർദിച്ചത്. ഒരു മാതാവിന്റെയും പിതാവിന്റെയും മക്കൾ നഷ്ടപ്പെടുമ്പോൾ ഉള്ള വേദന മനസിലാകാത്തവർ എന്ത് ദേശസ്നേഹമാണ് ഉദ്ദേശിക്കുന്നത്? കളങ്കമില്ലാത്ത സ്നേഹത്തെ തോൽപിച്ചിട്ട് എന്താണ് നേടാനുള്ളത്?

മകൻ മരിച്ച തീരാദുഃഖത്തിനിടയിലും ക്രൂരമായ അവഗണനയുടെ നടുക്കടലിലായിപ്പോയി ആ ഉപ്പ. മകന്റെ മൃതദേഹം മിനിലോറിയിൽ കൊണ്ടുവരുന്ന ആ ഉപ്പയുടെ ദുഃഖം മനസിലാക്കാൻ മനുഷ്യത്വം വേണം. അവിടെയാണ് ദേശസ്നേഹം ഉണ്ടാവുക, അല്ലാതെ മുദ്രാവാക്യം വിളിക്കുന്നതിലല്ല.

ഒന്നും അവസാനിച്ചിട്ടില്ല, നമ്മൾ ഉറക്കെ ശബ്ദിക്കണം. നാളെയുടെ നല്ല ദിവസത്തിന് വേണ്ടി നമ്മുടെ കൈകൾ ഉയരണം. മഹനീയമായ സംസ്കാരം നിലനിന്ന നാട്ടിലാണ് ഇപ്പോൾ രാജ്യസ്നേഹം തെളിയിക്കാൻ മുദ്രാവാക്യങ്ങൾ അടിച്ചേൽപ്പിക്കുന്നത്. ഇത് നാം ചോദ്യം ചെയ്യണം.

'ഒരൊറ്റ ചോദ്യം, ജയ്ശ്രീറാം വിളിക്കാത്തവരെല്ലാം ദേശവിരുദ്ധരാണോ?' എങ്കിൽ ഈ കുറിപ്പ് എഴുതുന്ന ഞാൻ ദേശവിരുദ്ധനാണ്. രാജ്യസ്നേഹം എന്താണ്, മതം എന്താണ്, മതഭ്രാന്ത് എന്താണ്, ഓരോ വിശ്വാസത്തിന്റെ കാഴ്ചപ്പാട് എന്താണ് ഇതൊക്കെ മനസിലാക്കുക. എന്നിട്ടിറങ്ങുക തല്ലിക്കൊല്ലാനും മുദ്രാവാക്യം അടിച്ചേല്പിക്കാനും. കാര്യങ്ങൾ മനസിലാക്കിയ ഒരു വ്യക്തിയും ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി കൈ ഉയർത്തില്ലൊരിക്കലും. ●

**മുഹമ്മദ് ഉസൈർ പി.ടി.**
എം.എൽ.ഐ.സി, രണ്ടാം വർഷം

# രാജ്യദ്രോഹി



മതം പറഞ്ഞ് ഉറഞ്ഞു തുള്ളും
മനുഷ്യരെ കൊല്ലും.
ബാലികയെ പിച്ചിച്ചീന്തും.
എല്ലാം ദൈവത്തിനെന്നു പറയും.

മതവുമായി ബന്ധമില്ലെങ്കിലും
വിശ്വാസം അവർ പറയും.

കഴിക്കേണ്ടത് അവരുടെ 'കൈ കടത്തലിന്' ശേഷമാണ്...
നാണം മറക്കാനുള്ള 'അളവെടുപ്പും' അവരുടേതാണ്...

അവർ കണ്ണുരുട്ടും, കാലുകെട്ടും

പ്രധിഷേധിക്കരുത് ;
ഉച്ചത്തിൽ സംസാരിക്കുകയുമരുത്.
'രാജ്യസ്നേഹി' ആണെങ്കിൽ...

റാഷിദ പി.
മലയാളം, രണ്ടാം വർഷം

ഭരണഘടന ഉറപ്പുവരുത്തുന്നതും എന്നാൽ ഇന്ന് പലരും അനുഭവിക്കാത്തതുമായ ഒന്നാണ് ആവിഷ്കാരസ്വാതന്ത്ര്യം. തൂലികയും നാക്കുമാണ് അഭിപ്രായസ്വാതന്ത്ര്യത്തിനുള്ള പ്രധാനമാർഗം. വിമർശിക്കാനും ചോദ്യംചെയ്യാനുമുള്ള സ്വാതന്ത്ര്യം ഉണ്ടായാൽ മാത്രമേ ഒരു പൗരന് സമൂഹത്തിനേയും, ആ പ്രത്യേക സമൂഹം നിലനിൽക്കുന്ന രാഷ്ട്രീയത്തിനെയും മുന്നോട്ടു കൊണ്ടുപോകാനും പുരോഗതിയിലേക്ക് നയിക്കാനും കഴിയൂ എന്നുള്ള സാമാന്യബോധ്യം ഇന്ന് പലർക്കും ഇല്ല എന്നുള്ളത് വാസ്തവം. മുമ്പ് പറഞ്ഞപോലെ, ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പ്രധാനമാർഗങ്ങളായ തൂലികയെ വളച്ചൊടിക്കുന്ന പ്രവണതയും നാക്കിനെ പിഴുതെറിയുന്നതുമായ പ്രവണതകൾ നാം കണ്ട്കൊണ്ടിരിക്കുന്നു.

ആവിഷ്കാരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ നമുക്കിവിടെ കാണാം. ഭരണകൂടത്തിന്റെ താളത്തിനനുസരിച്ച് തുള്ളാത്തതിന് പ്രമുഖ പത്രങ്ങൾക്ക് സർക്കാർ പരസ്യം നിഷേധിച്ചില്ലേ. ലോക പത്ര സ്വാതന്ത്ര സൂചികയിൽ ഇന്ത്യക്ക് 140 ആം സ്ഥാനമാണ്. ഭരണകൂടത്തിന് ഓശാന പാടുന്ന ഒരുപാട് മീഡിയകളെ നമുക്ക് കാണാം. കോടതിയും പോലീസും വരെ അവർക്ക് കൂട്ട് നിൽക്കുന്നു. സി.എ.എ വിരുദ്ധ നാടകം സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തതിന് കർണാടക പോലീസ് സ്കൂളിനെതിരെ കേസെടുത്തത് നാം കണ്ടില്ലേ. ഇത്തരം കേസുകൾ കേരളത്തിലടക്കം നാം കണ്ടുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ പലയിടത്തും ഇന്ന് ഇന്റർനെറ്റടക്കം ആശയവിനിമയങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കയാണ്. രാജ്യശിരസിൽ ധൂർത്തടിക്കുന്ന ഒരു അധികാരി, അർദ്ധരാത്രിയിൽ നിരോധിച്ച നോട്ടുകളുടെ പ്രത്യാഘാതങ്ങൾ നാം കണ്ടതല്ലേ. അതിനെതിരെ ചരിത്രകാരന്മാരും, സാംസ്കാരികനായകന്മാരും, ജനങ്ങളും ചരിത്രപരമായ മണ്ടത്തരമെന്ന് വ്യാഖ്യാനിച്ചപ്പോൾ, എതിർക്കുന്നവർ പാക്കിസ്ഥാനിൽ പോവണമെന്നും. അവർ ദേശദ്രോഹികളാണെന്നും മുദ്രകുത്തപ്പെട്ടില്ലേ? ജെ. എൻ. യു ക്യാമ്പസിലെ കനയ്യകുമാറും ഉമർഖാലിദും ഹിന്ദുത്വഭീകരതയേയും, ഫാസിസ്റ്റ് ഉന്മൂലങ്ങളെയും ശക്തമായി അപലപിക്കുകയും അതിനെതിരെ പ്രതിരോധം തീർക്കുകയും, മൂർച്ചയേറിയ നാക്കിൽ നിന്ന് അഭിപ്രായങ്ങൾ മുളച്ചപ്പോഴും അവർക്കെതിരെ സംഘപരിവാർ നീങ്ങിയത് നമ്മൾ കണ്ടതല്ലേ.





2014-ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിലേറിയതിന് ശേഷം തുടങ്ങിയതൊന്നുമല്ല. ആവിഷ്കാരസ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടികൾ. 1975 - ലെ ദേശീയ അടിയന്തരാവസ്ഥയുടെ പരിണിതഫലമായി രൂപംകൊണ്ട പത്രനിരോധനം അടിയന്തിര പ്രസ്ഥാനത്തിനെതിരെ ശബ്ദമുയർത്തിയവരേയും ജയിലിടക്കുന്ന നടപടികൾ ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റ് അന്ന് ചെയ്തു. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ രക്തസാക്ഷികളായിക്കൊണ്ട് അന്നത്തെ കരുണാകരൻ ഗവൺമെന്റ് ജയിലിലടച്ച രാജനെപ്പോലുള്ളവർ ഉദാഹരണങ്ങളുണ്ട്. പല പത്രങ്ങളും എഡിറ്റോറിയൽ കോളം ഒഴിച്ചിട്ട് പ്രസിദ്ധീകരിച്ചു. പത്രങ്ങളിൽ അന്നത്തെ കേന്ദ്രഗവൺമെന്റിനെതിരെ പ്രതിഷേധിക്കുന്നത് ശക്തമായി തടഞ്ഞുനിർത്തപ്പെട്ടു. സംഘടനാ സ്വാതന്ത്ര്യം (Right to assemply) ലംഘിക്കപ്പെട്ടു. ഇത്തരം ധാരാളം ഉദാഹരണങ്ങൾ ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥ കാലത്ത് ഉയർന്നു. തുടർന്ന് 1986-ൽ "സാത്താനിക്ക് വേഴ്സസ്" എന്ന സൽമാൻ റുഷ്ദിയുടെ പുസ്തകം ഇന്ത്യയിലാകമാനം നിരോധിച്ചതും ആവിഷ്കാരസ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണ്.

“

**മാധ്യമസ്വാതന്ത്ര്യത്തെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ഒരു പ്രധാന ഉപാധിയായി കണക്കാക്കാം. മാധ്യമസ്വാതന്ത്ര്യം ഏറ്റവും കൂടുതൽ അവകാശപ്പെടാവുന്ന രാജ്യം ഇന്ത്യയാണ് എന്ന് പലപ്പോഴും പുലമ്പുമ്പോഴും ഓർക്കണം നമ്മുടെ ലങ്കേഷിനെപ്പോലുള്ളവരെ.**

”

മാധ്യമസ്വാതന്ത്ര്യത്തെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ഒരു പ്രധാന ഉപാധിയായി കണക്കാക്കാം. മാധ്യമസ്വാതന്ത്ര്യം ഏറ്റവും കൂടുതൽ അവകാശപ്പെടാവുന്ന രാജ്യം ഇന്ത്യയാണ് എന്ന് പലപ്പോഴും പുലമ്പുമ്പോഴും ഓർക്കണം നമ്മുടെ ലങ്കേഷിനെപ്പോലുള്ളവരെ. ഇപ്പോഴത്തെ കേരളത്തിലെ കമ്യൂണിസ്റ്റ് സർക്കാർ മാധ്യമങ്ങളെ മന്ത്രിസഭായോഗങ്ങളിൽ നിന്ന് വിലക്കിയതും രാജ്യത്ത് മാധ്യമ സ്വാതന്ത്ര്യം നിലനിൽക്കുന്നുണ്ടോ എന്ന് പുനഃപരിശോധിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ ചിലതാണ്.

കേരളത്തിൽ പ്രസിദ്ധമായിട്ടുള്ള, ഏറെ കോളിളക്കം സൃഷ്ടിച്ചതുമായ ഒന്നായിരുന്നല്ലോ വടകരയിൽവെച്ച് നടന്ന കോഴിക്കോട് ജില്ലാ കലോത്സവത്തിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച 'കിതാബ്' എന്ന നാടകം. പണ്ട് ഹരീഷിന്റെ 'മീശ' നോവലിനെതിരെ സംഘ്പരിവാർ രംഗത്തെത്തിയപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റം എന്ന് പറഞ്ഞ്കൊണ്ട് ഹാലിളകിയവരാണ് നമ്മൾ കിത്താബിൽ മൗനം പാലിക്കുന്നത്. കിത്താബിലുടനീളം ഇസ്ലാമിക വിശ്വാസങ്ങളെയും നടപ്പുകളെയും ചോദ്യം ചെയ്യുന്ന തരത്തിൽ രംഗങ്ങൾ ആവിഷ്കരിച്ചു എന്നും പറഞ്ഞുകൊണ്ട് വിദ്യാർത്ഥിയുടെ സർഗ്ഗാത്മകതയെയും ആവിഷ്കാരസ്വാതന്ത്ര്യത്തെയും തല്ലികെടുത്തുന്ന നീക്കമാണ് മതമൗലികവാദികൾ നടത്തിയത്. കേവലം മതപ്രീണനത്തിനുവേണ്ടി കുരുന്നുകളുടെ അവസരങ്ങളെ തല്ലിക്കെടുത്തിയ ഈ അവസരവാദരാഷ്ട്രീയത്തെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല! ●



അംബേദ്കർ



ഭരണകൂട ഭീകരതക്കിരയാകുന്ന കശ്മീരികൾ



നെല്ലി കൂട്ടക്കൊല



ഭോപാൽ വാതകചോർച്ചാ ദുരന്തം


ഭരണസംവിധാനങ്ങളെ ഉപയോഗപ്പെടുത്തി എത്രയെത്ര ജീവനുകളെയാണ് നാം അപഹരിച്ചത്. അവരുടെ പ്രിയപ്പെട്ടവർ അവർക്കയച്ച കുറിമാനങ്ങൾ എന്റെ കൈവശമുണ്ട്. അവർക്ക് വായിക്കാൻ കഴിയാതെ പോയത് നിങ്ങൾ വായിക്കുക... കൊന്ന പാപം, അവരുടെ സ്വപ്നങ്ങൾ വായിച്ചെങ്കിലും നിങ്ങൾ തീർക്കുക.
ഹാഷിംപുര കൂട്ടക്കൊല
ഇന്ത്യക്ക് നാണക്കേടിന്റെ വിലാസം നേടിയെടുക്കാനും ഇതിപ്പോഴും നിലനിർത്താനും സാധിക്കുന്നത് കലാപങ്ങളിലൂടെയാണ്
ഗുജറാത്ത് വംശഹത്യ
കൊലപാതകങ്ങളിലും ചോരയിലും മാത്രം തഴച്ചു വളരുന്ന ഫാസിസത്തെ മൂക്കുകയറിട്ടു പിടിക്കാതെ അവർ നമ്മുടെ വിലാസവും തേടി വരുന്നത് കാത്തിരിക്കുകയാണോ നാം?
മുസഫർ നഗർ നരഹത്യ
(തുടരും)



അംബേദ്കർ



ഭരണകൂട ഭീകരതക്കിരയാകുന്ന കശ്മീരികൾ



നെല്ലി കൂട്ടക്കൊല



ഭോപാൽ വാതകചോർച്ചാ ദുരന്തം


ഭരണസംവിധാനങ്ങളെ ഉപയോഗപ്പെടുത്തി എത്രയെത്ര ജീവനുകളെയാണ് നാം അപഹരിച്ചത്. അവരുടെ പ്രിയപ്പെട്ടവർ അവർക്കയച്ച കുറിമാനങ്ങൾ എന്റെ കൈവശമുണ്ട്. അവർക്ക് വായിക്കാൻ കഴിയാതെ പോയത് നിങ്ങൾ വായിക്കുക... കൊന്ന പാപം, അവരുടെ സ്വപ്നങ്ങൾ വായിച്ചെങ്കിലും നിങ്ങൾ തീർക്കുക.
ഹാഷിംപുര കൂട്ടക്കൊല
ഇന്ത്യക്ക് നാണക്കേടിന്റെ വിലാസം നേടിയെടുക്കാനും ഇതിപ്പോഴും നിലനിർത്താനും സാധിക്കുന്നത് കലാപങ്ങളിലൂടെയാണ്
ഗുജറാത്ത് വംശഹത്യ
കൊലപാതകങ്ങളിലും ചോരയിലും മാത്രം തഴച്ചു വളരുന്ന ഫാസിസത്തെ മൂക്കുകയറിട്ടു പിടിക്കാതെ അവർ നമ്മുടെ വിലാസവും തേടി വരുന്നത് കാത്തിരിക്കുകയാണോ നാം?
മുസഫർ നഗർ നരഹത്യ
(തുടരും)

അമാന ഷാദിൻ
സോഷ്യോളജി, ഒന്നാം വർഷം

# അറിവിൻ മുറ്റത്തെ അക്ഷരത്തെറ്റുകൾ




ഫാത്തിമ ലത്തീഫ് എന്ന പേര് തന്നെ ഒരു പ്രശ്നമാണ് വാപ്പിച്ചാ എന്ന് അവൾ പറഞ്ഞിരുന്നു. ഫാത്തിമ ലത്തീഫ് എന്ന പേരുകാരി സ്ഥിരമായി ഒന്നാംസ്ഥാനത്ത് എത്തുന്നത് അവിടത്തെ ചില അധ്യാപകർക്ക് പ്രശ്നമായിരുന്നു. മദ്രാസ് ഐ. ഐ. ടിയിൽ ജാതീയവും മതപരവുമായ അധിക്ഷേപം സഹിക്കവയ്യാതെ ആത്മഹത്യ ചെയ്ത ഫാത്തിമ ലത്തീഫിന്റെ പിതാവ് അബ്ദുൽ ലത്തീഫിന്റെ പ്രതികരണം സോഷ്യൽ മീഡിയ മുഴുവൻ ഏറ്റെടുത്തിരുന്നു. അവളുടെ ആത്മഹത്യാകുറിപ്പും അന്ന് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. കൃത്യമായി തന്റെ മരണത്തിന്റെ കാരണക്കാരായവരുടെ പേരുകൾ കുറിച്ചിട്ടാണ് ഫാത്തിമ ആത്മഹത്യ ചെയ്തത്. കൊല്ലം സ്വദേശിയായ ഐ. ഐ. ടിയിലെ എം. എ ഒന്നാം വർഷ ഹ്യുമാനിറ്റീസ് വിദ്യാർഥിയായിരുന്നു ഫാത്തിമ ലത്തീഫ്. ജാതീയമായ അധിക്ഷേപങ്ങളും മതത്തിന്റെ പേരിലുള്ള പീഡന

ങ്ങൾകാരണവും മദ്രാസ് ഐ. ഐ. ടിയിലെ വിദ്യാർഥികളുടെ ആത്മഹത്യകൾ ആവർത്തിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഫാത്തിമയുടെ മരണകാരണവും ഇതു തന്നെയാണെന്നാണ് അവളുടെ ആത്മഹത്യാകുറിപ്പുകളും സമൂഹത്തോട് പറയുന്നത്. ഇക്കഴിഞ്ഞ നവംബറിലായിരുന്നു ഫാത്തിമ ലത്തീഫ് മരണപ്പെട്ട വിവരം പുറം ലോകമറിയുന്നത്. ഏതാണ്ട് ഒരു വർഷത്തിനിടെ രണ്ടുമലയാളി വിദ്യാർഥികൾ ഐ. ഐ. ടിയിൽ ആത്മഹത്യ ചെയ്തിരിക്കുന്നു. അതിൽ രണ്ടുപേരും മുസ്‌ലിം ആണ്. 2018 സെപ്തംബറിലായിരുന്നു ഷഹൽ കോർമത്ത് എന്ന മലയാളി വിദ്യാർഥി ഓഷ്യൻ എൻജിനിയറിങ്ങ് ഡിപ്പാർട്ട്മെന്റിൽ ഡ്യുവൽ ഡിഗ്രി തിരഞ്ഞെടുത്ത് ഒമ്പതാം സെമസ്റ്ററിൽ എത്തിയപ്പോഴാണ് ജീവിതം അവസാനിപ്പിച്ചത്. സ്വാഭാവിക മരണമായി അതിനെ കണ്ടു കൊണ്ടാണ് സമൂഹം അതിനെ തള്ളിക്കളഞ്ഞത്. ഫാത്തിമയുടെ മരണവും ആദ്യഘട്ടത്തിൽ ഇതുപോലെ പല കാരണങ്ങൾ പറഞ്ഞ് തള്ളിക്കളയാനായിരുന്നു ശ്രമിച്ചിരുന്നത്. പക്ഷെ അവളുടെ ആത്മഹത്യാകുറിപ്പ് മാത്രമാണ് സമൂഹത്തെ ഇളക്കിമറിച്ചത്. പക്ഷെ എന്നിട്ടും ഇതുവരെയും നീതി ലഭിച്ചിട്ടില്ല എന്നത് സങ്കടകരമായ കാര്യമാണ്.

ഇന്ത്യയിലെ ഐഐടികളിൽ വർധിച്ചുവരുന്ന ആത്മഹത്യകളെ തടയിടാൻ കേന്ദ്രസർക്കാർ മുന്നോട്ട് വരണമെന്നാണ് പൊതു സമൂഹത്തിന്റെ ആവശ്യം. വിദ്യാർഥികൾക്ക് അക്കാദമികവും അല്ലാത്തതുമായ കാര്യങ്ങളിൽ സമീപിക്കാൻ അയവുള്ളതും കാര്യക്ഷമവുമായ സംവിധാനം ഉണ്ടാകണം. ഇപ്പോഴത്തെ സംവിധാനമനുസരിച്ച് ക്യാമ്പസിലെത്തി രണ്ടാമത്തെ മാസം പരീക്ഷയെഴുതേണ്ട അവസ്ഥയാണ് പ്ലസ്ടു കഴിഞ്ഞുവരുന്ന ഈ വിദ്യാർഥികൾക്ക്. പിന്നീട് ഓരോ മാസവും പരീക്ഷകൾ, പ്രസന്റേഷനുകൾ, അസൈൻമെന്റുകൾ അങ്ങനെ മറ്റൊന്നിനെ കുറിച്ചും ചിന്തിക്കാത്ത അവസ്ഥ. അത് വിദ്യാർഥികൾക്കിടയിൽ തന്നെയുള്ള ആശയവിനിമയം ഇല്ലാതാക്കുന്നുണ്ട്. റസിഡൻഷ്യൽ പ്രോഗ്രാം എന്ന നിലയിൽ വീടുവിട്ട് വേറൊരു സ്ഥലത്ത് എത്തുന്ന വിദ്യാർഥികൾക്ക് ക്യാമ്പസ് പരിചയപ്പെടാനും പരസ്പരം സംസാരിക്കാനുമായി ആദ്യ സെമസ്റ്ററിൽ പരീക്ഷകൾ ഒഴിവാക്കിക്കൊടുക്കുകയാണ് വേണ്ടത്. ഹോസ്റ്റലുകളിൽ ഇടയ്ക്കു നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികളുണ്ടായാൽ അത് വീട്ടുകാരെ വിളിച്ചുപറയുന്നതുപോലുള്ള ടോർച്ചറുകൾ വേറെ. വീട്ടുകാരെ വിളിച്ചുപറയുന്നതുകൊണ്ടുമാത്രം മാനസിക സമ്മർദത്തിലായിപ്പോകുന്ന നിരവധി വിദ്യാർഥികളുണ്ട്. ഇതിനിടെ ചർച്ച ചെയ്യപ്പെടുന്ന വിവേചനം എന്നത് വേറൊരു വിഷയമാണ്. ഐ. ഐ. ടികളിലെ സംവരണവും സംവരണവിഭാഗങ്ങളിൽ പെടുന്നവരോടുള്ള ഇത്തരം മനോഭാവവും മറ്റു വിഷയങ്ങളേക്കാൾ വളരെ ഗൗരവമർഹിക്കുന്ന വിഷയമാണ്. ഇതോടൊപ്പം കൂട്ടി വായിക്കേണ്ട മറ്റൊരു വിഷയമാണ് ബനാറസ് സർവകലാശാലയിലേത്.

BRAHMANIC JUSTICE

നിങ്ങൾക്ക് ഡോ. സൽമ മഹ്ഫൂസിനെ അറിയുമോ. ഇല്ലായിരിക്കാം. പക്ഷെ പുതിയ കാലത്ത് സൽമയെ പറിച്ചിരിക്കണം. 'ഞാൻ ഹിന്ദു വിദ്യാർഥികളെ മാത്രമല്ല, മുസ്‌ലിം വിദ്യാർഥികളെയും സംസ്കൃതം പഠിപ്പിച്ചിട്ടുണ്ട്. ഭാഷയും മതവുമായി ബന്ധപ്പെടുത്തി വിവാദങ്ങളുണ്ടാക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല'

സംസ്കൃതത്തിൽ ഡോക്ടറേറ്റ് നേടിയ ലോകത്തിലെ ആദ്യ മുസ്‌ലിം വനിതയായ സൽമ മഹ്ഫൂസിന്റെ വാക്കുകളാണിത്.

ബനാറസ് ഹിന്ദു സർവകലാശാലയിൽ സംസ്കൃതം പഠിപ്പിക്കാൻ മുസ്‌ലിം അധ്യാപകനെ നിയമിച്ചതിൽ പ്രതിഷേധിച്ച് സംഘ്പരിവാർ വിദ്യാർഥി സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ സമരം രാജ്യത്ത് വൻ വിവാദങ്ങളിലേക്ക് വഴിവെച്ചിരുന്നു. ഇക്കഴിഞ്ഞ നവംബർ രണ്ടാം വാരത്തിലാണ് രാജസ്ഥാനിലെ രാജകീയ സംസ്കൃത വിദ്യാലയത്തിലും സർവകലാശാലയിലും പഠിച്ച് മാസ്റ്റർ ബിരുദവും പിഎച്ച്ഡിയും നേടിയ ഫിറോസ് ഖാൻ എന്ന മുസ്‌ലിം അധ്യാപകനെതിരെ സംഘ്പരിവാറിന്റെ പ്രതിഷേധ നാടകം അരങ്ങേറിയത്. സംസ്കൃതം പഠിച്ച ഫിറോസിന്റെ പിതാവ് തന്റെ ഗ്രാമത്തിലെ ക്ഷേത്രങ്ങളിൽ ഭജന നടത്താറുണ്ട്. പക്ഷെ സംസ്കൃതം ഹിന്ദു മതവിശ്വാസത്തിന്റെ കുത്തകയാണെന്ന വാദമുയർത്തിയാണ് സംഘ്പരിവാർ വിദ്യാർഥികൾ യൂനിവേഴ്സിറ്റിയിൽ പ്രതിഷേധങ്ങൾക്ക് തിരികൊളുത്തിയത്. അധ്യാപകനെ നിയമിക്കുന്നതിനെ സ്വാഗതം ചെയ്തും ഒരു പറ്റം വിദ്യാർഥികൾ സർവകലാശാലയിൽ പ്രകടനം നടത്തിയിരുന്നു. എന്നാൽ സംഘ്പരിവാർ വിദ്യാർഥി സംഘടനകൾ നടത്തിയ പ്രതിഷേധം ഫാസിസത്തിന്റെയും മത വെറിയുടെയും മറ്റൊരു മുഖമായാണ് ലോകം മുഴുവൻ ഉറ്റു നോക്കിയത്.

“സംസ്കൃത വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഫലകത്തിൽ ഹിന്ദു ഇതര മതവിശ്വാസികൾ പ്രവേശിക്കരുതെന്ന് എഴുതി വെച്ചു. ഹിന്ദു, ആര്യ സമാജ്, ജയിൻ, ബുദ്ധ, സിഖ് തുടങ്ങിയ വിഭാഗങ്ങളിൽ പെട്ടവർക്ക് സാംസ്കാരിക കാര്യങ്ങൾക്കും മതപരമായ പഠനത്തിനും പരിശീലനത്തിനും മറ്റും മാത്രമേ ഈ മന്ദിരം ഉപയോഗിക്കാവൂ എന്നും ഫലകത്തിൽ രേഖപ്പെടുത്തി വെച്ചും അധ്യാപകനെ അധിക്ഷേപിച്ചത്. പക്ഷേ ഒരു പ്രതിഷേധങ്ങൾക്കും വഴിമാറാതെ ഉറച്ച തീരുമാനവുമായാണ് യൂനിവേഴ്സിറ്റി അധികൃതർ മുന്നോട്ടു പോയതെന്ന കാര്യം ആശാവഹമാണ്. മുസ്‌ലിം അധ്യാപകനെ നിയമിച്ച നടപടി പിൻവലിക്കാനാവില്ലെന്ന് സർവകലാശാല വ്യക്തമാക്കി. രാജസ്ഥാനിലെ രാജകീയ സംസ്കൃത വിദ്യാലയത്തിലും സർവകലാശാലയിലും പഠിച്ച് മാസ്റ്റർ ബിരുദവും പിഎച്ച്ഡിയും നേടിയ ഫിറോസിനെ ബിഎച്ച്യു വൈസ് ചാൻസലർ രാകേഷ് ഭട്നഗർ അടങ്ങിയ കമ്മിറ്റിയാണ് ചട്ടപ്രകാരം നിയമിച്ചതാണെന്നുമാണ് സർവകലാശാല നൽകിയ വിശദീകരണം. ഇതെല്ലാം ഉത്ത




രേന്ത്യയിലാണെന്ന് സമാധാനിക്കുന്നവർക്ക് ഒരു വിഷയം കൂടി പരിചയപ്പെടുത്താം.

നവംബർ പിറന്നപ്പോൾ മുതൽ ജാതീയമായ അധിക്ഷേപത്താൽ അപമാനിക്കപ്പെട്ട ബിനീഷ് ബാസ്റ്റിൻ എന്ന മലയാള ചലച്ചിത്ര താരമായിരുന്നു സമൂഹ മാധ്യമങ്ങളിൽ നിറഞ്ഞു നിന്നത്. പാലക്കാട് മെഡിക്കൽ കോളേജിലെ കോളേജ് ഡേയ്ക്ക് അതിഥിയായെത്തിയ നടൻ ബിനീഷ് ബാസ്റ്റിനൊപ്പം വേദി പങ്കിടാൻ കഴിയില്ലെന്ന് കോളേജ് മാസിക പ്രകാശനം ചെയ്യാനെത്തിയ സംവിധായകൻ അനിൽ രാധാകൃഷ്ണ മേനോൻ പറഞ്ഞതാണ് വിവാദത്തിന് തിരികൊളുത്തിയത്. തന്റെ സിനിമയിൽ അവസരം ചോദിച്ച് നടക്കുന്ന ഒരു മൂന്നാംകിട നടനൊപ്പം വേദി പങ്കിടാനാകില്ലെന്ന് സംവിധായകൻ പറഞ്ഞുവെന്നും അതിനാൽ പരിപാടി കഴിഞ്ഞ് വന്നാൽ മതിയെന്ന് കോളേജ് അധികൃതർ ആവശ്യപ്പെട്ടതായും ബിനീഷ് വെളിപ്പെടുത്തിയിരുന്നു.

ചടങ്ങ് തുടങ്ങുന്നതിന് ഒ
മണിക്കൂർ മുമ്പാണ് പ്രിൻസിപ്പ
ലും യൂണിയൻ ചെയർമാനു
ബിനീഷ് താമസിച്ച ഹോട്ടലി
എത്തി ഉദ്ഘാടനം കഴിഞ്ഞ
ഒരു മണിക്കൂർ കഴിഞ്ഞ് വന്നാ
മതിയെന്ന് ആവശ്യപ്പെട്ടത്. ക
രണം എന്താണെന്ന് ബിനീഷ
ചോദിച്ചപ്പോൾ, മാസിക പ്രകാശ
നം ചെയ്യാൻ വരാമെന്നേറ്റ സംവ
ധായകൻ അനിൽ രാധാകൃഷ്ണ
മേനോൻ ബിനീഷ് വേദിയി
എത്തിയാൽ ഇറങ്ങി പോകു
ന്ന് ഭീഷണി മുഴക്കിയെന്ന് അ
യിച്ചത്. തന്റെ സിനിമയിൽ അ
സരം ചോദിച്ച് നടക്കുന്ന ഒരു മ
ന്നാംകിട നടനോടൊപ്പം വേ
പങ്കിടാൻ കഴിയില്ലെന്ന് അനി
പറഞ്ഞയി കോളേജ് ഭാരവാഹ
കൾ ബിനീഷിനെ അറിയിച്ച
എന്നാൽ പരിപാടിയിൽ നി
പിൻമാറാൻ ബിനീഷ് തയ്യാറ
യില്ല. അനിൽ രാധാകൃഷ്ണ മേ
നോൻ പ്രസംഗിക്കുന്ന സമയത്ത
വേദിയിലെത്തിയ ബിനീഷ് നി
ത്തിരുന്ന് പ്രതിഷേധിച്ച് രണ്ടുവ
ക്ക് സംസാരിച്ചാണ് പോയത്.

**സംസ്കൃതം പഠിച്ച ഫിറോസിന്റെ പിതാവ് തന്റെ ഗ്രാമത്തിലെ ക്ഷേത്രങ്ങളിൽ ഭജന നടത്താറുണ്ട്. പക്ഷേ സംസ്കൃതം ഹിന്ദു മതവിശ്വാസത്തിന്റെ കുത്തകയാണെന്ന വാദമുയർത്തിയാണ് സംഘ്പരിവാർ വിദ്യാർഥികൾ യൂനിവേഴ്സിറ്റിയിൽ പ്രതിഷേധങ്ങൾക്ക് തിരികൊളുത്തിയത്**



അഫ്രിൻ കെ.
മലയാളം, രണ്ടാം വർഷം



നിലവിളക്കും കസവുമുണ്ടും പൂണൂലും കുടുമയും മെതിയടിയും തന്നെയാണ് അന്നും ഇന്നും മലയാളികളുടെ സംസ്കാരസമ്പന്നതയുടെ കൊടിയടയാളങ്ങൾ. പൂണൂലും കുടുമയുമൊക്കെ നവോത്ഥാനത്തിന്റെ ഒച്ചപ്പാടിൽ അപ്രത്യക്ഷമായെങ്കിലും കേരളീയന്റെ ഹൃദയത്തിൽ നിന്ന് അവയെ വേർപ്പെടുത്താൻ ഇന്നും കഴിഞ്ഞില്ലെന്നതാണ് വാസ്തവം. ഓണം കേരളീയന്റേതെന്നതിനേക്കാൾ സവർണന്റേതെന്നതാണ് യാഥാർഥ്യം. പൂണൂലിടാത്ത വെളുത്തു തടിച്ച കുടവയറനായ തമ്പ്രാൻ രൂപമാണ് മഹാബലിക്ക് നാം നൽകിയത്. എന്നാൽ വാമനൻ ചവിട്ടിത്താഴ്ത്തിയ അസുരരാജാവിന്റെ രൂപത്തെ മനപ്പൂർവം സമൂഹം വിസ്മരിക്കുകയാണ്.

സദ്യയിലും സമൃദ്ധിയിലും ഓണപ്പുടവയിലുമെല്ലാം സവർണ രൂപത്തെയാണ് നാം സ്വീകരിക്കുന്നത്. പട്ടിണിയിലും ദാരിദ്ര്യത്തിലും ജന്മിയുടെ ക്രൂരതയിലും ഓണം ആഘോഷിച്ച അവർണനെ കേരളം മറന്നിരിക്കുന്നു. ഇങ്ങനെ ചാതുർവർണ്യത്തിന്റെയും മനുസ്മൃതിയുടെയും സുവർണ്ണയുഗമാണല്ലോ അധികാ

രികൾ തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുന്നത്. തിരുമേനി വിളിയിൽ മഹാനായ കമ്മ്യൂണിസ്റ്റ് നേതാവിന് പുളകം കൊള്ളാൻ കഴിഞ്ഞെങ്കിൽ താൻ ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രത്തിനുമപ്പുറം ദ്രവിച്ചു പോവാത്ത തന്റെ തറവാടിത്തത്തിന്റെയും വരേണ്യതയുടെയും പ്രതിരൂപമാണല്ലോ. സംസ്കൃതം സവർണനു മാത്രം അവകാശപ്പെട്ടതാണെന്ന മനുസ്മൃതിയൻ ചിന്തകൾ വീണ്ടും ഭാരതത്തിൽ പുനർജനിക്കുന്നതിനുദാഹരണമാണല്ലോ ബനാറസിലെ സംഭവം. മതം മനുഷ്യന്റെ പാണ്ഡിത്യത്തെ നിർണയിക്കുമ്പോൾ മനുഷ്യൻ ചാതുർവർണ്ണ്യത്തിന്റെ പുതിയ മേലാപ്പണിയുന്നു. മതവും ജാതിയും അതിർ വരമ്പുകൾ തീർക്കുന്ന സവർണസമൂഹം ഭൂരിപക്ഷമാവുന്ന കാഴ്ചക്കാണ് ഇന്നത്തെ ഇന്ത്യ സാക്ഷിയാവുന്നത്. ഫാത്തിമ ലത്തീഫും ഫിറോസ്ഖാനും രോഹിത് വെമുലയും മധുവും അഖ്ലാഖും കെവിനുമൊക്കെ ഇത്തരം സവർണ മേധാവിത്വത്തിന്റെ ഇരകളാവേണ്ടി വന്നത് ദളിതനും അന്യമതസ്ഥനും ജാതിയിൽ താഴ്ന്നവനും ആദിവാസിയും ന്യൂനപക്ഷവുമായതു കൊണ്ടുമാണ്. തിന്നാനും കുടിക്കാനും ഉടുക്കാനും വായിക്കാനും എഴുതാനും, എന്തിന് ചിന്തിക്കാൻ പോലും സവർണനും അസവർണനും വ്യത്യസ്ത ധാരണയാണെന്ന മനോഭാവമുണ്ടാക്കുകയാണ് സവർണ ചിന്താഗതിക്കാരായ ഫാസിസ്റ്റു ഭരണകൂടം. NRC യും CAB മൊക്കെ ഫാസിസ്റ്റു മിനുക്കിയ ആയുധങ്ങൾ മാത്രം. ജാതി മതത്തിന്റെ പേരിൽ ഒരു മനുഷ്യന്റെ നിലനില്പിനെ വരെ ചോദ്യം ചെയ്യുകയാണല്ലോ ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾ. മൗലികാവകാശങ്ങളെ ഹനിക്കുന്ന ഇത്തരം നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നത് മനുവിനെക്കാൾ മഹാന്മാരായ പുതിയകാലത്തെ മുനിമാരിലൂടെയാണല്ലോ. NRC ക്കും CAB ക്കും പുറമെ ഇനി ഏക സിവിൽകോഡും ഒരു പകലിനപ്പുറം വരാനിരിക്കുന്നു. നാനാത്വത്തിൽ ഏകത്വം എന്ന് വിളിച് ഹൃദയങ്ങൾ ചേർത്ത പരമോന്നത ഇന്ത്യയെ വേഷം നോക്കി, പേരുനോക്കി, വിഭജിക്കുകയാണ് അധികാരപീഠത്തിൽ പൊട്ടുതൊട്ടിരിക്കുന്ന സവർണത. ●



# ജാതിയും അംബേദ്കറ

എഴുതപ്പെട്ടു കഴിഞ്ഞ് 83 വർഷങ്ങൾക്കിപ്പുറവും ഈ പുസ്തകവും ഇതിൽ പറയുന്ന ആശയങ്ങളും സദാ ചർച്ചചെയ്യപ്പെടുന്നു എന്നിടത്താണ് ഇതിന്റെ പ്രസക്തി നിലകൊള്ളുന്നത്. ഇന്ത്യ ഇപ്പോഴും ഒരു രണ്ടാംകിട രാജ്യമായി നിലനിൽക്കുന്നതിന്റെ കാരണങ്ങളെ മറയേതും കൂടാതെ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. പുസ്തകത്തിന് ആമുഖമായി ചേർത്തിരിക്കുന്ന പഠനത്തിൽ ശ്രീമതി അരുദ്ധതി റോയ് കൃത്യമായി ചൂണ്ടിക്കാണിച്ചിരിക്കുന്ന ഒരു വസ്തുത ഇന്ത്യയിൽ സെമിറ്റിക് മതങ്ങൾക്കു പോലും ജാതി എന്ന അധികാര വ്യവസ്ഥയെ മറികടക്കാൻ ആയിട്ടില്ല എന്നതാണ്. സ്വാഭാവികമായും ഇന്ത്യയിലെ മറ്റു സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതിൽ പരാജയപ്പെട്ടു. ഈയൊരൊറ്റ കാര്യമാണ് ഏതാണ്ട് 83 വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ പക്ഷേ നടക്കാതെപോയ ജാതി ഉന്മൂ



**സായൂജ് സി.പി**
ബി.എ.എം.സി, മൂന്നാം വർഷം

ലനം എന്ന പ്രസംഗത്തിന്റെ തുടക്കത്തിൽ തന്നെ വ്യക്തമാക്കുന്നത്. അന്നത്തെ പ്രബല രാഷ്ട്രീയ കക്ഷികളോട് അദ്ദേഹം ചോദിക്കുന്നത് ജാതി എന്ന ഈ മൂർത്ത യാഥാർത്ഥ്യത്തെ, അത് നിർമ്മിക്കുന്ന അതിൽ തന്നെ ഒടുങ്ങുന്ന, അടഞ്ഞ, ഒരു തരത്തിലുമുള്ള തടസ്സങ്ങളുമില്ലാത്ത അധികാര വ്യവസ്ഥയെ അഭിമുഖീകരിക്കാതെ, മറികടക്കാതെ എങ്ങനെയാണ് അടിസ്ഥാനപരമായ ഒരു സാമൂഹ്യ വിപ്ലവം ഉണ്ടാക്കുക എന്നാണ്. ഈയൊരു മുനമ്പിലാണ് ഒരേസമയം ദേശീയ സ്വാതന്ത്ര്യത്തെ പ്രധാന അജണ്ടയാക്കിയ കോൺഗ്രസും വിപ്ലവം സ്വപ്നം കാണുന്ന സോഷ്യലിസ്റ്റുകളും പ്രതിരോധത്തിലാകുന്നത്. അംബേദ്കർ നിസ്സംശയം സ്ഥാപിക്കുന്നത് ജാതിവ്യവസ്ഥയെ തൊടാതെയുള്ള ഏതൊരു മാറ്റവും വെറും ഉപരിവിപ്ലവമായ സാമൂഹ്യപരിഷ്കരണം ആയി പോകും എന്നാണ്. ഈ പ്രശ്നത്തെ അടിവരയിട്ടുറപ്പിച്ചതിനു ശേഷം അംബേദ്കർ ജാതി എന്നത് എത്രത്തോളം പ്രകൃതി വിരുദ്ധവും പിന്തിരിപ്പനുമായ ഒന്നാണെന്ന് സ്ഥാപിക്കാൻ ഒട്ടേറെ സമയം നീക്കിവെക്കുന്നുണ്ട്. ഇന്ത്യയിലെ ഇന്നത്തെ ബുദ്ധിജീവികൾക്ക് മനസ്സിലാകാനിടയില്ലാത്ത മനോധൈര്യത്തോടെ അംബേദ്കർ പറഞ്ഞത് തൊട്ടുകൂടാത്തവർക്ക് ഹിന്ദുമതം യഥാർത്ഥമായ ഭയത്തിന്റെ അറയാണ് എന്നാണ്. ജാതിയെ ന്യായീകരിക്കാൻ പുരോ

**കേവല പരിഷ്കരണങ്ങൾ എത്രത്തോളം നിഷ്ഫലവും അപ്രായോഗികമാണെന്നും, ആര്യസമാജവും ഒരു പരിധിവരെ ഗാന്ധിയും ഉദ്ഘോഷിച്ച വർണ്ണാശ്രമ വ്യവസ്ഥയുടെ പൊള്ളത്തരവും അംബേദ്കർ ചൂണ്ടിക്കാണിക്കുന്നു**

ഗമന നാട്ട്യക്കാരായ ഹിന്ദുക്കൾ ഉദ്ധരിക്കുന്ന ബീജോൽക്കർഷക സിദ്ധാന്തം മുതൽ തൊഴിൽ വിഭജനം വരെയുള്ള കപട സിദ്ധാന്തങ്ങളെ മുഴുവൻ അംബേദ്കർ പൊളിച്ചെറിയുന്നു. തുടർന്ന് ഹിന്ദുമതത്തിന് ജാതി എന്നത് എത്രത്തോളം ദോഷം ചെയ്യുന്നു എന്ന് സ്ഥാപിക്കാൻ മതപരിവർത്തനം ഉൾപ്പെടെയുള്ള ആയുധങ്ങൾ അംബേദ്കർ ഉപയോഗിക്കുന്നുണ്ട്. വ്യക്തമായും ഈ ഭാഗത്ത് ഹിന്ദുസമൂഹത്തിനു അതൊരു മതമേയല്ല എന്ന് അംബേദ്കർ വ്യക്തമായും പറയുന്നുണ്ട്. ജാതി എത്രത്തോളം ദോഷകരമായ ഒന്നാണെന്ന് സ്ഥാപിക്കുന്നതെങ്കിലും നവഹൈന്ദവതക്ക് എടുത്തുപയോഗിക്കാൻ ഉതകുന്ന ആയുധങ്ങൾ ഈ ഭാഗത്തുണ്ട് എന്നു പറയാതെ വയ്യ. അതുകൊണ്ടുതന്നെ ഈയടുത്തകാലത്തായി അംബേദ്കർ ഹിന്ദുമത പുനരുത്ഥാനവും പരിഷ്കർത്താവും ഒക്കെയായി ചിത്രീകരിക്കുന്ന ഹിന്ദുത്വ ഫാസിസ്റ്റുകൾക്ക് ഒരു വാദത്തിനെങ്കിലും ആശ്രയിക്കാവുന്ന ഭാഗങ്ങളാണവ. പ്രത്യേകിച്ച് ആർഎസ്എസ് ഒക്കെ പുറത്തേക്ക് എങ്കിലും ജാതിക്കെതിരെ സംസാരിച്ചു തുടങ്ങുന്ന ഈ കാലത്ത്.

അവസാന ഭാഗത്തേക്ക് വേദങ്ങളും സ്മൃതികളും ഉദ്ധരിച്ചു കൊണ്ട് എങ്ങനെയാണ് ഈ നശിച്ച ജാതിവ്യവസ്ഥയെ അവ സംരക്ഷിക്കുന്നതെന്ന് അദ്ദേഹം തുറന്നുകാട്ടുന്നു. ഒപ്പം കേവല പരിഷ്കരണങ്ങൾ എത്രത്തോളം നിഷ്ഫലവും അപ്രായോഗികമാണെന്നും, ആര്യസമാജവും ഒരുപരിധിവരെ ഗാന്ധിയും ഉദ്ഘോഷിച്ച വർണ്ണാശ്രമ വ്യവസ്ഥയുടെ പൊള്ളത്തരവും അംബേദ്കർ ചൂണ്ടിക്കാണിക്കുന്നു. അംബേദ്കർ പറയുന്നുണ്ട്, പല ഹിന്ദുക്കൾക്കും ഗാന്ധി അരുളപ്പാടുകളാണെന്നും അദ്ദേഹം വായ് തുറന്നാൽ മറുവാദങ്ങളെല്ലാം അടയുമെന്നും ഒരു പട്ടിയും കുരക്കില്ലെന്നും കരുതുന്ന തരത്തിൽ മഹത്തരമാണ് അദ്ദേഹത്തിന്റെ വാദങ്ങളെന്നും കരുതുന്നതു കൊണ്ടാണ്. പക്ഷേ ലോകം കടപ്പെട്ടിരിക്കുന്നത് അത്തരം മഹാചാര്യന്മാരുടെ മുഖത്തുനോക്കി തർക്കിക്കാനും അവർ അപ്രമാദിയല്ലെന്നു തറപ്പിച്ചു പറയുകയും ചെയ്യുന്നവിധത്തിൽ കലാപം ചെയ്യുന്നവരോടാണ്. ഏതൊരു പുരോഗമന സമൂഹവും കലാപകാരികൾക്ക് നിശ്ചയമായും നൽകുന്ന അംഗീകാരത്തെ ഞാൻ കാര്യമാക്കുന്നില്ല. ഹിന്ദുക്കളെ അവർ ഇന്ത്യയിലെ രോഗികളായ മനുഷ്യരാണെന്നും അവരുടെ രോഗം മറ്റു ഇന്ത്യക്കാരുടെ ആരോഗ്യത്തിനും സന്തോഷത്തിനും തന്നെ അപകടമാണെന്നും ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ ഞാൻ സംതൃപ്തനാവും എന്ന്. ●

വസീൽ അഹമ്മദ്
ഇംഗ്ലീഷ്, ഒന്നാം വർഷം

# എല്ലാം വല്ല്യേട്ടൻ നോക്കുന്നുണ്ട്

"എന്റെ കോളേജിൽ 10 സി. സി. ടി. വി അ ള്ളത്." "ശ്ശോ അതെ ഉള്ളൂ? ഞങ്ങളെ ളേജിൽ കഴിഞ്ഞ ആഴ്ച്ച വെച്ച അഞ്ചെണ്ണം കൂ ട്ടീട്ട് 25-30 എണ്ണായി. " അതുകൊള്ളാമല്ലോ കോ ന്റെ പത്രാസ്സിന് ഇപ്പോ ക്യാമറകളുടെ എണ്ണം േ ണമെന്നറിഞ്ഞ ഞാൻ ശാപടേന്ന് നെറ്റിൽ കയറ ന്തം കോളേജിന്റെ പത്രാസ്സ് കുറവല്ലല്ലോന്ന് ഉറപ്പ് ത്താൻ തുനിഞ്ഞതിനിടയിലാണ് കുറേ ക്യാമറ ത്താനങ്ങൾ അറിയുന്നത്. കൊൽക്കത്തയിൽ ജ പൂർ യൂനിവേഴ്സിറ്റിയിൽ 16 ക്യാമറകൾ വെക്കാ രുമാനിച്ചതിൽ പ്രതിഷേധിച്ച് ദിവസങ്ങൾ സമരമ യത്രേ. ഒന്നുകൂടെ കടന്ന് പൂനെ യൂനിവേഴ്സിറ്റ മൺസ് ഹോസ്റ്റൽ ഗേറ്റിൽ ക്യാമറ വെച്ചതും ചർ റ്റ് ഗവ. ലോ കോളേജിൽ വിദ്യാർഥിനികളുടെ പൊ റിയിൽ ക്യാമറവെച്ചതുമൊക്കെ സമരത്തിന് കാര യെന്നും കേട്ടു. ശ്ശോ, ഇവരിതെന്ത് മണ്ടന്മാരാണ്. സ്സിന്റെ കാര്യം പോട്ടെ, പെൺകുട്ടികളുടെ സുര ക്ക് കുളിമുറികളിൽ വരെ ക്യാമറവെച്ച് ഒളിഞ്ഞു ക്കാൻ വരുന്നവരെ കയ്യോടെ പിടികൂടി സുരക്ഷ വരുത്തേണ്ട കാലമാണിത്.

നാടു നീളെ നാൽകവലകളിലും നടുത്തള ലും രാപ്പകൽ ഭേദമില്ലാതെ നിങ്ങൾ നിരീക്ഷണ ലാണ് എന്നൊരു ബോർഡും കൂടെ ഒരൊറ്റക്കണ്ണ കണ്ണും നട്ട് കൂനിയിരിക്കുന്നുണ്ടാവും. പലരാലും ന്തരം നിരീക്ഷിക്കപ്പെടുന്നുണ്ട് എന്ന് നമുക്കും നന്



അറിയുകയും ചെയ്യാം. വാട്ട്സ്ആപ്പിൽ നാമയക്കുന്ന സന്ദേശം അധികൃതർ കണ്ടെന്ന് ഉറപ്പിക്കാൻ മൂന്നാമതൊരു ബ്ലൂ ടിക് കൂടി വേണമെന്നൊരു മണ്ടൻ പറയുന്നത് കേട്ടു. നാമല്ലേലും എപ്പോഴും നിരീക്ഷണത്തിലാണെന്ന് അവനറിയില്ലല്ലോ. മലയാളികളടക്കം മറ്റുള്ളവരുടെ വിവരങ്ങൾ NSO ഇസ്രയേലിൽ പെഗസസ് സ്പൈവെയർ വഴി ചോർത്തുന്നുവെന്ന് പത്രങ്ങൾ വിളിച്ച് കൂവുന്നുണ്ടായിരുന്നല്ലോ. സെപ്തംബറിൽ വാട്ട്സ്ആപ്പ് ഇന്ത്യൻ അധികൃതരെ ഇക്കാര്യമൊക്കെ അറിയിച്ചതാണ്. മാസം രണ്ട് കഴിഞ്ഞിട്ട് പ്രശ്നം വഷളായപ്പോൾ ഒന്നും അറിയാത്ത ഭാവത്തിൽ വാട്ട്സ്ആപ്പിനെ വിളിച്ച് വിവരം ചോർത്തലിന് വിശദീകരണം ചോദിക്കുന്ന അഭിനയപാടത്തിന് മുമ്പിൽ സാക്ഷാൽ മമ്മൂട്ടിയും മോഹൻലാലും എന്ന് വേണ്ട ബച്ചേട്ടൻ വരെ സാഷ്ടാംഗം നമിച്ചു പോയിരിക്കണം. നമ്മുടെ ഗവൺമെന്റ് ആരാമോൻ! നാടൊട്ടുക്കും ഫാസിസം മനുഷ്യത്വത്തെ വളഞ്ഞിട്ട് തല്ലിക്കൊന്നിട്ടും തങ്ങളുടെ സമരവിളികളൊന്നും സർക്കീട്ടടിച്ചു നടക്കുന്ന മോദിജിയണ്ണൻ അറിയില്ലെന്ന് പരാതിപ്പെടുന്നവർ തങ്ങൾ അയക്കുന്ന ഓരോ സന്ദേശങ്ങളും അണ്ണൻ വെടിപ്പിൽ കേൾക്കുന്നുണ്ടെന്നതിൽ ആനന്ദനിർവൃതരാവണം.

സുരക്ഷിതമായി എടുത്തു വെക്കാൻ കൊണ്ട് പോകുന്ന വിവരങ്ങൾ ഹാക്കർമാരുടെ കൈകളിലാണെങ്കിലും ഏറ്റവും ഭദ്രമായിട്ടാണ് ഇരിക്കുന്നത് (വിവരങ്ങൾ ഭദ്രമായാൽ മതിയല്ലോ, അതെവിടെയെന്നെന്തിന് നോക്കണം). നാഴികക്ക് നാല്പത് വട്ടം ആധാറിന് ഗോദറേജ് പൂട്ടില്ലെന്ന് വിളിച്ചു കൂവിക്കൊണ്ടിരിക്കുന്ന എലിയറ്റ് ആൽഡേഴ്സൺന്റെ വായടപ്പിക്കാൻ UIDAI CEO രവി വർമ സ്വന്തം ഐഡി തന്ന് ധീരോജ്ജിതം മുന്നോട്ട് വന്നില്ലേ. ദിവസം രണ്ട് തികയുന്നതിന് മുമ്പ് തന്നെ ഹാക്കർപാപി വർമ്മയുടെ തറവാട്ട് വിവരങ്ങളടക്കം ചോർത്തി പൊതുജനമധ്യത്തിൽ തുറന്നടിക്കുമെന്ന് ആര് കണ്ടു. ഇത്തരം വിവരങ്ങളൊക്കെ ഹാക്കർമാർ ഭദ്രമാക്കി സൂക്ഷിക്കാത്തത് അവരുടെ തെറ്റുമാത്രമാണ്. ആധാർ വിവരങ്ങൾ ആധാർ ആക്ട് ലംഘിച്ചതാണെങ്കിലും സംസ്ഥാനങ്ങൾ വേണ്ടപോലെ ഉപയോഗിക്കുന്നു എന്നതാണ് ആകെയുള്ള സമാധാനം. അതും കണ്ടുപിടിച്ച് മുമ്പിൽ വന്നിരിക്കുന്ന മാധ്യമങ്ങളെയൊന്നും കണ്ടില്ലെന്ന് നടിക്കുന്ന അധികൃതരുടെ അഭിനയ പാടവമാണ് രണ്ടാമത്തെ മികച്ച പ്രകടനം. ഇതൊന്നും അഭിനന്ദിക്കാതെ പിന്നെ വെറുതെയിരിക്കാവോ. തീർന്നില്ല, സ്വകാര്യ വിവരങ്ങൾ നല്ലപോലെ ചൂഴ്ന്നന്വേഷിച്ച പൗരന്റെ ദേശക്കൂറ് ഉറപ്പിക്കേണ്ടതിനാൽ പത്ത് രഹസ്യാന്വേഷണ ഏജൻസികൾക്ക് ആ സ്വാതന്ത്ര്യവും യഥേഷ്ടം നൽകിയുള്ള ഉത്തരവുമാണ് മറ്റൊരു ഹോട്ട് ഫേവറിറ്റ്. ഏത് കമ്പ്യൂട്ടറിൽ ഉൽപാദിക്കപ്പെടുന്നതും ശേഖരിച്ച് കൈമാറ്റം ചെയ്യപ്പെടുന്നതുമായ വിവരങ്ങൾ നിരീക്ഷിച്ച് എൻക്രിപ്റ്റഡ് ഡാറ്റ പോലും പിടിച്ചെടുത്ത് രാജ്യനിവാസികളുടെ 'ദേശക്കൂറ്' ശരിക്കും ചൂഴ്ന്നറിയാം. ശാന്ത സുന്ദരമായ ഒരൊറ്റ ഭാഷയും തിരഞ്ഞെടുപ്പും പാർട്ടിയും ആശയവുമുള്ള രാജ്യ നിവാസികളെ വാർത്തെടുത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് ആർജിച്ചെടുക്കപ്പെട്ടിരിക്കുന്ന പ്ലാസ്റ്റിക് സർജറി, ആറ്റംബോബ്, വൈഫൈ കണക്റ്റഡ് വിമാന സർവീസുകൾ നിറഞ്ഞ പരിപാവന കാലത്തേക്ക് നയിക്കാൻ ഇതിൽ

**ശാന്ത സുന്ദരമായ ഒരൊറ്റ ഭാഷയും തിരഞ്ഞെടുപ്പും പാർട്ടിയും ആശയവുമുള്ള രാജ്യ നിവാസികളെ വാർത്തെടുത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് ആർജിച്ചെടുക്കപ്പെട്ടിരിക്കുന്ന പ്ലാസ്റ്റിക് സർജറി, ആറ്റംബോബ്, വൈഫൈ കണക്റ്റഡ് വിമാന സർവീസുകൾ നിറഞ്ഞ പരിപാവന കാലത്തേക്ക് നയിക്കാൻ ഇതിൽ പരമെന്താണിനി വേണ്ടത്.**



പരമെന്താണിനി വേണ്ടത്.

ആകെ വേണ്ടിയിരുന്നത് വല്ല വിവരമില്ലാത്തവനും ഒച്ച വെച്ചാൽ പിടിച്ചകത്തിടാനുള്ള നിയമങ്ങളായിരുന്നു. 1967ൽ തന്നെ ചുട്ടെടുത്ത UAPA നിയമത്തിന് 'എന്താടാ പോടാ എന്നാക്രോശിച്ചിരുന്ന 'ടാഡാ പോട്ടാ' (TADA, POTA) നിയമങ്ങളെക്കാളും ഉശിര് 2008 ലെയും 2019 ലെയും ഭേദഗതികളിലൂടെ കൈവന്ന സ്ഥിതിക്ക്' അതും ശുഭം. കൈയ്യിൽ UAPAയും അധികാരവും വരുമ്പോൾ അതൊന്നു പ്രയോഗിച്ച് ആനന്ദപുളകം കൊള്ളുന്നതിന്റെ സുഖം ഒന്നു വേറെ തന്നെയാണ്. അക്കാര്യത്തിൽ ഹിന്ദുത്വ ഭരണകൂടങ്ങൾ (അതിപ്പൊ തീവ്ര ഹിന്ദുത്വ ബി.ജി. പിക്കാരോ മൃദു ഹിന്ദുത്വ കോൺഗ്രസ്സുകാരോ ആണേലും) എന്നൊന്നുമില്ല. ഇങ്ങനെ ഒന്നു പുളകം കൊള്ളാൻ സംസ്ഥാന മുഖ്യന് കയ്യിൽ കിട്ടിയത് രണ്ട് എസ്. എഫ്. ഐക്കാരെയാണ്. മാവോ അനുകൂല നോട്ടീസുകൾ കൈവശം വെച്ചെന്ന 'ഭീകരകൃത്വം' ചെയ്തവരെ വർഷങ്ങളോളം നിരീക്ഷിക്കുകയായിരുന്നുവത്രെ. തെളിവിന് പത്ത് ദിവസം മുമ്പുള്ള പ്രതിഷേധ പ്രകടനത്തിന്റെ ഫോട്ടോ എങ്കിലും കിട്ടിയല്ലോ. പിന്നെന്താണ്? പ്രതിപക്ഷവും കാലുവാരി CPIയും എന്നു വേണ്ട, സ്വന്തം അണികളും കേന്ദ്ര നേതൃത്വവും വരെ കരിനിയമത്തെ ചൂണ്ടിക്കാണിച്ചെങ്കിലും 'ആ കുളിര്'

**ഓർവെല്ലിന്റെ '1984' പോലൊരു എല്ലാം കാണുന്ന, എങ്ങനെ ചിന്തിക്കണമെന്ന് പറയുന്ന സ്വസ്ഥ സുന്ദരമായൊരു ലോകം സ്വപ്നം കാണുക. രണ്ട് ഏക്കറോ അഞ്ച് ഏക്കറോ ഇനിയതല്ല അയ്യായിരം ഏക്കറോ തട്ടികളിക്കുന്നത് കണ്ടാലും ഗ്രൂപ്പുകളൊക്കെ അഡ്മിൻസ് ഓൺലി ആക്കുക.**

മുഖ്യന് അങ്ങനെയൊന്നും ഒഴിഞ്ഞു പോകുന്നില്ല. അല്ലേലും സർവ്വ രാജ്യദ്രോഹികളെയും ഇല്ലാതാക്കാൻ UAPA എന്ന ഈ വജ്രായുധത്തെ നാമറിഞ്ഞ് പൂജിക്കയാണ് വേണ്ടത്.

നിയമങ്ങൾ കാണിച്ച് കിള്ള വിറപ്പിച്ചും അതൊന്നും കൂടാതെതന്നെയും പൗരന്റെ സ്വകാര്യതയിൽ നുഴഞ്ഞ് കയറുന്നതിലെ രസം സായിപ്പിനും അറിയാവുന്നതാണ്. മോഡിജിയണ്ണന്റെ ബഡാ ദോസ്ത് ട്രമ്പ്ജി ഫെയ്സ്ബുക്ക് വിവരങ്ങൾ ചോർത്തി തിരഞ്ഞെടുപ്പ് സ്റ്റിയറിംങ് തിരിച്ചത് ഫെയ്സ്ബുക്ക് അനലറ്റിക്ക കേസെന്നും പറഞ്ഞ് നാട്ടാരറിഞ്ഞെങ്കിൽ മുമ്പിത് പോലെ വെന്റഗണന്റെ കേസ് നാറ്റകേസാക്കിയ അഡ്വേഡ് സ്നോജനെ പോലുള്ള തിരിപ്പൻ 'ചൂളമടിക്കാരെ' പറഞ്ഞാൽ മതി.

ഡാറ്റവൈലൻസിന്റെ സാമൂഹ്യ മാധ്യമം പാനാപ്റ്റികോൺ ലോകത്ത് നമ്മളെ എപ്പോഴും നോക്കിയിരിക്കാൻ നാലാളുണ്ടല്ലോ എന്നോർത്ത് സ്വസ്ഥത പൂകിയിരിക്കണം. അല്ലാതെ എന്റൊരു ചങ്ങാതി പറഞ്ഞപ്പോലെ 'ഇവിടെ കിടന്ന് വർത്തമാനം പറഞ്ഞിട്ടോ രണ്ട് വരി തേങ്ങാക്കുലകൾ ആട്ടിയിട്ടോ അടച്ച സ്വർഗമൊന്നും തൊറക്കാൻ പോണില്ല'. ഓർവെല്ലിന്റെ '1984' പോലൊരു എല്ലാം കാണുന്ന, എങ്ങനെ ചിന്തിക്കണമെന്ന് പറയുന്ന സ്വസ്ഥ സുന്ദരമായൊരു ലോകം സ്വപ്നം കാണുക. രണ്ട് ഏക്കറോ അഞ്ച് ഏക്കറോ ഇനിയതല്ല അയ്യായിരം ഏക്കറോ തട്ടികളിക്കുന്നത് കണ്ടാലും ഗ്രൂപ്പുകളൊക്കെ അഡ്മിൻസ് ഓൺലി ആക്കി പറ്റുമെങ്കിൽ ചിന്തിക്കാനുള്ളതും കൂടി വല്ല അഡ്മിന്മാരെയും ഏൽപ്പിച്ച് നാലുപാടും ജനലടച്ച് വീടുപൂട്ടി ഒക്കെ വല്യേട്ടൻ നോക്കിക്കൊള്ളുമെന്ന് (ബിഗ് ബ്രദർ) നിർവൃതികൊണ്ട് ചുരുണ്ട്കൂടി കിടന്നുറങ്ങി നോക്ക്. ഇതിൽപരം സുഖമിനി എവിടുന്ന് കിട്ടാനാണ്?



നുഹ മറിയം
മലയാളം, രണ്ടാം വർഷം

നിയമങ്ങൾ തന്നെ അനീതിയാവുന്നിടത്ത്, നീതിയെ കുറിച്ച് സംസാരിക്കേണ്ടി വരുന്നത് പ്രയാസകരമാണ്.

ആയിരം അപരാധികൾ രക്ഷപെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന ആപ്തവാക്യത്തെ കൈമുതലാക്കിയ നമ്മുടെ ഏറ്റവും വലിയ നീതിന്യായവ്യവസ്ഥക്ക് മേലുള്ള എക്കാലത്തെയും ഭീകരമായ മനുഷ്യാവകാശ ലംഘനമാണ് UAPA അടക്കമുള്ള കരിനിയമങ്ങൾ.

ന്യൂനപക്ഷ ദളിത് പിന്നാക്ക വിഭാഗങ്ങൾക്ക് അനാരോഗ്യകരമായ സാമൂഹിക രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിലും നടപ്പിലാക്കുന്നതിലും ലോകത്തെ ഒരു ഫാസിസ്റ്റ് ഭരണഗൂഢവും മോശക്കാരായിരുന്നില്ല.

തീവ്രവാദം ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ആസൂത്രിതമായൊരു സംവിധാനമാണെന്ന് കരുതപ്പെടുകയും, അതിന്റെ ലക്ഷ്യത്തെയും കർമ്മത്തെയും പ്രതിരോധിക്കുകയെന്ന വളരെ സ്വാഭാവികവും നിഷ്കളങ്കവുമായ ആവശ്യത്തിൽ നിന്നാണ് ടാഡ, പോട്ട, uapa അടക്കമുള്ള നിയമങ്ങൾ നിലവിൽ വരുന്നത്.

എന്നാൽ ഇന്ന് uapa വിശാലമായ ഒരു പ്ലാറ്റ്ഫോം ആണ്. വളരെ സെലെക്ടിവ് ആയ ഒരു തരം 'അസാധാരണത്വം', നിരവധി തവണ ഭേദഗതി ചെയ്യപ്പെട്ട ഈ നിയമത്തിന്റെ നിലവിലുള്ള പ്രത്യേകതകളിൽ പ്രധാനപ്പെട്ട ഒന്നാണ്.

പുസ്തകങ്ങൾ, ലഘുലേഖകൾ, സംഭാഷണങ്ങൾ, സാമൂഹിക രാഷ്ട്രീയ പൊതുവേദികൾ തുടങ്ങി ഒരു സാധാരണ പോലീസ് ഉദ്യോഗസ്ഥന്റെ തോന്നലുകൾ പോലും uapa ചുമത്തപ്പെടാനുള്ള സാഹചര്യങ്ങളായി മാറുമ്പോൾ ഈ 'സൊ



# നീതി



not always served

കാൾഡ്' തീവ്രവാദ നിരോധന സംവിധാനത്തിനു പിന്നിലുള്ള പൊളിറ്റിക്കൽ അജണ്ട കുറേകൂടി വ്യക്തമാകുന്നു.

കുറ്റാരോപിതരുടെ അടിസ്ഥാന അവകാശമായി കരുതപ്പെടുന്ന ജാമ്യത്തിനുള്ള സാധ്യത ആദ്യമേ തന്നെ നിഷേധിക്കുന്നത് വഴി uapa കേസുകളിൽ ജാമ്യമോ വിചാരണയോ കൂടാതെ കസ്റ്റഡി എത്ര കാലം വരെയും നീട്ടികൊണ്ട് പോകുവാൻ സാധിക്കുകയും എൻ ഐ എ യുടെ ഇടപെടൽ അതിനെ കൂടുതൽ സങ്കീർണ്ണവും ഭീകരവുമാക്കി തീർക്കുകയും ചെയ്യുന്നു. പൂർണ്ണമായും കെട്ടിച്ചമച്ച തെളിവുകൾ നിർമ്മിച്ചെടുക്കുക, തികച്ചും പക്ഷപാതപരമായ വിചാരണ നടപടികൾ കൈക്കൊള്ളുക എന്നിവ ഇതിന്റെ മറ്റു പ്രത്യേകതകളാണ്.

നിലവിൽ ഇന്ത്യയിൽ സിമി, ഐ ആർ എഫ് എന്നീ രണ്ട് മുസ്‌ലിം സംഘടനകളാണ് നിരോധിച്ചിരിക്കുന്നത്. മാവേലിക്കര ശിവപ്രസാദ് കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ ദളിത് തീവ്രവാദ സംഘടനയായി ചിത്രീകരിക്കപ്പെട്ട ഡി എച്ച് ആർ എം പ്രവർത്തകരും മാവോയിസ്റ്റു ഭീകര സംഘടനാ ബന്ധം ആരോപിക്കപ്പെട്ട ത്വാഹാ ഫസലും അലൻ ശുഐബും അടക്കമുള്ളവരും uapa നിയമ വേട്ടക്ക് ഇരയാക്കപ്പെടുമ്പോൾ പരസ്യമായി വർഗീയത സംസാരിക്കുന്ന ഹിന്ദുത്വ സംഘടനകൾക്കോ വക്താക്കൾക്കോ, മതത്തിന്റെ പേരിൽ കൂട്ടക്കൊല വരെ നടത്തുന്നവർക്കോ ഈ നിയമം ബാധകമാവാതെ പോവുന്നതിലും വലിയ വൈരുദ്ധ്യത അക്കൂട്ടരെയെല്ലാം ഭരണകൂടം രാഷ്ട്രീയ സംരക്ഷണം നൽകി വെറുത വിടുന്നു എന്നതിലാണ്. പാനായിക്കുളം കേസിൽ കുറ്റവിമുക്തനാക്കപ്പെട്ട റാസിഖ് റഹീം സ്വാതന്ത്ര്യ ദിനത്തിൽ കശ്മീരിനെ കുറിച്ച് സംസാരിച്ചു എന്ന കെട്ടുകഥയുടെ അടിസ്ഥാനത്തിലാണ് വർഷങ്ങളോളം ജയിലിൽ കഴിയേണ്ടി വന്നത്. അബ്ദുന്നാസർ മഅ്ദനി, യഹ്‌യ കമ്മുക്കുട്ടി, സക്കറിയ തുടങ്ങിയവർ ഇതിന്റെ ജീവിക്കുന്ന മറ്റു ഉദാഹരണങ്ങളാണ്.

> മത ന്യൂനപക്ഷ, ദളിത് മർദിത, ജന വിഭാഗങ്ങളുടെ സംഘടനാ സ്വാതന്ത്ര്യത്തിനും അവകാശ പോരാട്ടങ്ങൾക്കും കൃത്യമായ വിലങ്ങ് വെക്കുന്ന വളരെ പ്രഖ്യാപിതമായ ഒരു പൊളിറ്റിക്കൽ ടൂൾ ആയാണ് ടാഡാ, പോട്ട പരിവേഷമണിഞ്ഞ യു.എ.പി.എ നിയമങ്ങളെ ഈ കാലഘട്ടത്തിൽ മനസ്സിലാക്കേണ്ടത്.

ഇങ്ങനെ നിരപരാധികളായ നിരവധി യൗവ്വനങ്ങളുടെ ജീവിതവും സ്വപ്നവും മൗലീക അവകാശങ്ങളും പണയം വെക്കുമ്പോൾ മാത്രം സംഭവിക്കുന്ന ഇന്ത്യയുടെ ദേശസുരക്ഷക്കും ഐക്യത്തിനും വേണ്ടിയുള്ള നമ്മുടെ സർക്കാരിന്റെയും നീതിപീഠത്തിന്റെയും തീവ്രയജ്ഞത്തെ ആരും കാണാതെ പോവരുത്.

മത ന്യൂനപക്ഷ, ദളിത് മർദിത, ജന വിഭാഗങ്ങളുടെ സംഘടനാ സ്വാതന്ത്ര്യത്തിനും അവകാശ പോരാട്ടങ്ങൾക്കും കൃത്യമായ വിലങ്ങ് വെക്കുന്ന വളരെ പ്രഖ്യാപിതമായ ഒരു പൊളിറ്റിക്കൽ ടൂൾ ആയാണ് ടാഡാ, പോട്ട പരിവേഷമണിഞ്ഞ uapa നിയമങ്ങളെ ഈ കാലഘട്ടത്തിൽ മനസ്സിലാക്കേണ്ടത്.

ജനാധിപത്യമാന്ദ്യ കാലത്തിലേക്കുള്ള വിത്ത് പാകുകയാണ് ഭരണഗൂഢം ഇതിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. മാന്ദ്യം അവസാനിക്കുന്നത് മരണത്തിലായിരിക്കും.

തികച്ചും ജനാധിപത്യവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമായ uapa പോലുള്ള ഭരണഗൂഢ മർദ്ദക നിയമങ്ങളെ എടുത്തു കളയുകയും ജയിലറകളിൽ നീതി പ്രതീക്ഷിച്ചു കഴിയുന്ന ചെറുപ്പക്കാരെ മോചിപ്പിക്കുകയും ചെയ്ത് ജനാധിപത്യത്തെ വീണ്ടെടുക്കേണ്ടത് അടിയന്തര ആവശ്യമായി മനസ്സിലാക്കേണ്ടതുണ്ട്.

ബ്രഹ്തിന്റെ ഒരു കവിതയിൽ ഫാസിസ്റ്റ് ജർമ്മനി കാണാൻ പോയ ഒരു സുഹൃത്തിനോട് ജർമ്മനിയിലെ ഭരണത്തെ കുറച്ച് ചോദിക്കുന്നതിനെ കുറിച്ച് പറയുന്നുണ്ട്.

ഭയമാണ് ജർമ്മനിയെ ഭരിക്കുന്നത് എന്ന അദ്ദേഹത്തിന്റെ മറുപടി പ്രസക്തമായിരുന്നു.



അഭിലാഷ്
മലയാളം, രണ്ടാം വർഷം

# പ്രണയ രുചിഭേദങ്ങളെ നിയമം കൊണ്ട് വിലക്കാമോ?

സ്വവർഗപ്രണയം പ്രകൃതിവിരുദ്ധമെന്ന് വ്യാഖ്യാനിച്ച് ക്രിമിനൽകുറ്റമായി കണക്കാക്കിയിരിക്കുന്ന ഐ. പി. സി 377-ാം വകുപ്പിന്റെ ഭാഗങ്ങൾ റദ്ദ് ചെയ്ത് കൊണ്ട് സുപ്രീംകോടതി 2018 സെപ്റ്റംബർ ആറിന് നടത്തിയത് മനുഷ്യന്റെ അടിസ്ഥാനലൈംഗിക ചോദനകളെ പൂർണമായും അതിന്റെ ജൈവ സ്വാഭാവികതയിൽ അംഗീകരിക്കുന്ന വിധിയാണ്. ലൈംഗിക ന്യൂനപക്ഷങ്ങൾ നടത്തിയ അവകാശപോരാട്ടങ്ങളുടെ ഒരു വലിയ ചരിത്രം തന്നെ ഈ വിധിക്ക് പിന്നിലുണ്ട്.

രാജ്യത്തിന്റെ അടിസ്ഥാനപ്രമാണമായി വിലകൽപ്പിക്കപ്പെടുന്ന ഭരണഘടനയിലെ ആർട്ടിക്കിൾ 14, 15, 19, 21 എന്നിവ ഉറപ്പ്നൽകുന്ന സമത്വാവകാശം, വിവേചനത്തിൽ നിന്നുള്ള സംരക്ഷണം, അഭിപ്രായസ്വാതന്ത്രം, അന്തസോടെയുള്ള ജീവിതം എന്നീ മൗലിക അവകാശങ്ങൾ ലൈംഗിക ന്യൂനപക്ഷങ്ങളും അർഹിക്കുന്നു എന്ന് വളരെ സ്പഷ്ടമായി തന്നെ അഞ്ഞൂറോളം പേജുകൾ വരുന്ന 2018 സെപ്റ്റംബർ 6-ലെ വിധിയിൽ പറയുന്നു. സുപ്രീംകോടതിയിലെ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ അഭിപ്രായം ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രതീക്ഷക്കും സന്തോഷത്തിനും വകനൽകുന്ന ഒന്നുതന്നെയായിരുന്നു. ആൾക്കൂട്ട നീതിയുടെയും ദേശീയതാ വികാരത്തിന്റെയും കാലത്ത് വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുന്ന ഇത്തരം വിധികളുടെ രാഷ്ട്രീയ പ്രാധാന്യം ലൈംഗിക ന്യൂനപക്ഷങ്ങൾക്കുമപ്പുറം എല്ലാ പൗരന്മാരും ഉൾക്കൊള്ളേണ്ടതാണ്. ഭയരഹിതരായി ജീവിക്കാൻ ലൈംഗികന്യൂനപക്ഷങ്ങൾക്ക് സാധിക്കാതെ പോകുന്നുവെങ്കിൽ

ചരിത്രം ഇവരോട് മാപ്പ് പറയണമെന്നുള്ള ജസ്റ്റിസ് ഇന്ദുമൽഹോത്രയുടെ വാചകം വിധിയുമായി ബന്ധപ്പെട്ട് വന്ന മിക്ക അച്ചടി മാധ്യമങ്ങളുടെയും തലക്കെട്ടായിരുന്നു.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനി വാഴ്ച ഇന്ത്യയിൽ പിടിമുറുക്കിയ സമയത്ത് 1860കളിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ മെക്കാളെ പ്രഭു തുന്നിച്ചേർത്തതാണ് ഇന്ത്യൻ 'ശിക്ഷാ നിയം' അഥവാ ഇന്ത്യൻപീനൽ കോഡ്. ഇന്ത്യൻ ശിക്ഷാനിയമം 377-ാം വകുപ്പ് പ്രകാരം സ്വവർഗപ്രണയവും രതിയും നിയമവിരുദ്ധമാക്കി എന്നാണ് ചരിത്രം. 1947 ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചുവെങ്കിലും ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് സ്വാതന്ത്ര്യം അന്യമായിത്തന്നെ നിലനിന്നു. ഇന്ത്യൻ ശിക്ഷാനിയമം നടപ്പിലാക്കിയ ബ്രിട്ടൻ പിന്നീട് 1968കളിൽ സ്വവർഗരതിയും പ്രണയവും നിയമവിധേയമാക്കി. എന്നാൽ ഇന്ത്യയിലെ അധികാരവർഗങ്ങളും നീതിന്യായവ്യവസ്ഥയും ചടുലമായ മാറ്റങ്ങൾകൊണ്ട് വരാൻ തയ്യാറായില്ല, എന്നു മാത്രമല്ല എൽ. ജി. ബി. ടി. ക്യൂ സമൂഹത്തിനു നേരെയുള്ള കൊള്ളരുതായ്മകളിൽ മൗനം പാലിക്കുകയും ചെയ്തു.

ലൈംഗിക സ്വത്വം പൊതുസമൂഹത്തിനു മുമ്പിൽ തുറന്നു പറഞ്ഞ

> **1860കളിൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ മെക്കാളെ പ്രഭു തുന്നിച്ചേർത്തതാണ് ഇന്ത്യൻ 'ശിക്ഷാ നിയം' അഥവാ ഇന്ത്യൻപീനൽ കോഡ്. ഇന്ത്യൻ ശിക്ഷാനിയമം 377 -ാം വകുപ്പ് പ്രകാരം സ്വവർഗപ്രണയവും രതിയും നിയമവിരുദ്ധമാക്കി എന്നാണ് ചരിത്രം.**

കാരണത്താൽ അവഹേളനങ്ങളും കൊള്ളരുതായ്മകൾക്കും ഇരയാകേണ്ടി വന്ന അലീഗഢ് മുസ്ലിം സർവ്വകലാശാലയിലെ പ്രൊഫസർ സിറസിനെപ്പോലെയുള്ളവരെ ഈ ചരിത്രവിധി വന്ന പശ്ചാത്തലത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. തന്റെ ലൈംഗിക ചായ്‌വിനെ ഒരു തുറന്നു പറച്ചിലിലൂടെ ലോകത്തിന് മുമ്പിലിട്ടു എന്ന കാര

ണത്താൽ പരിഹാസങ്ങൾക
യമായി ജീവനൊടുക്കിയ സി
പ്പോലുള്ള ആയിരക്കണക്കിന്
ളുണ്ട്. നമുക്കിടയിൽ മതമൗ
ദികളുടെ സദാചാര തത്വങ
സങ്കൽപങ്ങൾക്കും അടിമപ്പെ
വന്ന് ജീവിക്കുന്ന ധാരാളം ജ
ളുണ്ട് നമ്മുടെ കേരളത്തിൽ

സ്വവർഗലൈംഗിക
പണ്ഡിതർ, പണക്കാർ, പാ
വർ, ഈശ്വരവിശ്വാസി, നിരീ
ദി തുടങ്ങിയ വിവേചനങ്ങ
മില്ല. ലോകത്തെ പല പ്രമു
ഭകളും തന്റെ ലൈംഗികസ്വ
വർഗ ലൈംഗികതയിലൂന്നിയ
ന്ന് പിന്നീട് വെളിപെടുത്തിയ
പുരുഷസൗന്ദര്യ ശില്പങ്ങളി
ത്രങ്ങളിലും ആവാഹിച്ച
ആഞ്ചലോ ഒരു സ്വവർഗ പ്ര
ആയിരുന്നുവെന്നത് ഇന്ന്
ല്ലാതെ അംഗീകരിക്കുന്ന വ
യാണ്. പല രാജ്യങ്ങളിലും
ലൈംഗികതയും പ്രണയവും
വിധേയമാണ്. ഇന്ത്യയെപ്പോ
സാംസ്കാരികവൈവിധ്യം നി
ക്കുന്ന ഒരു രാജ്യത്ത് പ്രണയ
യും വിലക്കപ്പെട്ടു കൊണ്ടിരി
വെന്നത് ഭാരതത്തിന്റെ സാംസ
കതക്കും നാനാത്വത്തിൽ ഏ
എന്ന സങ്കല്പത്തിനും, ഭരണ
മൂല്യങ്ങൾക്കും ക്ഷതമേൽപ്പി





ഒന്നുതന്നെയായിരുന്നു. 2009-ൽ ഉഭയസമ്മത പ്രകാരമുള്ള സ്വവർഗലൈംഗികത കുറ്റകരമല്ലെന്ന് ഡൽഹി ഹൈക്കോടതി വിധി എഴുതുകയുണ്ടായി. ആ സന്ദർഭത്തിൽ, ഇന്ത്യയിലെ ഒരു പറ്റം എൽ. ജി. ബി. ടി. ക്യു കമ്യൂണിറ്റി അവരുടെ ലൈംഗിക ചോദനത്തെ പരസ്യമാക്കിയതും, തുടർന്ന് 2013-ൽ സുപ്രീം കോടതി ഡൽഹി ഹൈക്കോടതിയുടെ വിധിയെ തള്ളിക്കളയുകയും ചെയ്തത് ചരിത്രമാണ്.

സ്വവർഗലൈംഗികതയെ ഭീതിയോടെ നോക്കിക്കാണുന്ന ഒരു പറ്റം ആളുകളെ നമുക്ക് കാണാൻ കഴിയും. സ്വവർഗാനുരാഗികളോട് വെറുപ്പ്, വിദ്വേഷം, ഭയം, അകൽച്ച എന്നിവ വച്ചുപുലർത്തുന്നവരാണ് ചില ഇന്ത്യക്കാരെങ്കിലും. എതിർവർഗ്ഗ പ്രണയിനികളിൽ ഏറിയും കുറഞ്ഞും കാണപ്പെടുന്ന ഈ മാനസികാവസ്ഥ സ്വവർഗ്ഗവൈര്യം (Homophobiya) എന്ന് വിളിക്കപ്പെടുന്നു. സമൂഹത്തിന്റെ ചെറിയ യൂണിറ്റും, സാമൂഹികവത്കൃത ഏജൻസിയുമായ കുടുംബം അടിസ്ഥാനമാക്കിയാണ് സ്വർഗ്ഗവൈര്യം പേറി നടക്കുന്നവർ സ്വവർഗാനുരാഗികളാൽ ആർജ്ജിച്ചെടുക്കുന്ന ആശങ്ക. സ്വവർഗപ്രേമികളെ കുടുംബവ്യവസ്ഥയെ താറുമാറാക്കുന്ന സാമൂഹിക വിരുദ്ധരായി താറടിച്ചു കാണിക്കുന്നവർ സ്വകാര്യപൂർവ്വം മറക്കുന്ന ഒരു വസ്തുതയുണ്ട്. പൂർണമായും

**പൂർണമായും സ്വവർഗാനുരാഗിയായ ഒരു പുരുഷന് സ്ത്രീയുമായുള്ള ലൈംഗിക വേഴ്ച്ച അസാധ്യമാണ്. ശക്തമായ സ്വവർഗവൈരം നിലനിൽക്കുന്ന സമൂഹങ്ങളിൽ പല സ്വവർഗപ്രേമികളും തന്റെ ലൈംഗികതയെ സ്വയം അടിച്ചമർത്തുകയോ നിഷേധിക്കുകയോ ചെയ്യേണ്ടിവരും.**

സ്വവർഗാനുരാഗിയായ ഒരു പുരുഷന് സ്ത്രീയുമായുള്ള ലൈംഗിക വേഴ്ച്ച അസാധ്യമാണ്. ശക്തമായ സ്വവർഗവൈരം നിലനിൽക്കുന്ന സമൂഹങ്ങളിൽ പല സ്വവർഗപ്രേമികളും തന്റെ ലൈംഗികതയെ സ്വയം അടിച്ചമർത്തുകയോ നിഷേധിക്കുകയോ ചെയ്യേണ്ടിവരും. നാട്ടുനടപ്പനുസരിച്ചുള്ള പ്രണയത്തിലധിഷ്ഠിതമല്ലാത്ത അറേഞ്ചഡ് വിവാഹങ്ങളിൽ സത്യം അറിയാത്ത ഒരു ജീവിത പങ്കാളിക്കും ജീവിതകാലം നരകം തന്നെയാണ് തീർക്കുന്നത്. പക്ഷേ സമൂഹത്തിൽ ശക്തിയാർജിക്കുന്ന സ്വവർഗവൈര്യം നിലനിൽക്കുന്നിടത്തോളംകാലം ഈ സത്യസന്ധതയില്ലായ്മക്ക് ആർക്കും അവരെ കുറ്റപ്പെടുത്താൻ കഴിയില്ല.

വീണ്ടും വിശുദ്ധരാക്കപ്പെട്ടവരാണ് ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷങ്ങൾ 2009-ലെ ഹൈക്കോടതി വിധി പ്രകാരം വിശുദ്ധരാക്കപ്പെട്ടുവെങ്കിലും 2013-ൽ വിധി റദ്ദ് ചെയ്തുകൊണ്ട് വീണ്ടും അശുദ്ധി കൽപ്പിക്കപ്പെടുകയുണ്ടായി. സമത്വാധിഷ്ഠിതമായ ഒരു സമൂഹം വാർത്തെടുക്കുന്നതിലൂടെ സാംസ്കാരികതക്കും വൈവിധ്യങ്ങൾക്കും ക്ഷതമേൽക്കാതെ ഭാരതത്തിന്റെ തനിമയെ നമുക്ക് നിലനിർത്തികൊണ്ടുപോകാം. പ്രണയം ഇന്നൊരു മനുഷ്യാവകാശ പ്രശ്നമായി നമുക്ക് കണക്കാക്കാം. എതിർലിംഗക്കാരോട് മാത്രം തോന്നുന്നതാണോ പ്രണയം? പ്രണയത്തിന് ലിംഗഭേദമുണ്ടോ? പ്രണയ രതിരുചി ഭേദങ്ങളെ നിയമം കൊണ്ട് വിലക്കാമോ? ജീവിത പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള അവകാശം ഇന്ത്യയിലെ ഓരോ പൗരനുമുണ്ട്. പ്രണയം ലിംഗേതരമാണ്. പ്രണയത്തിന് Gender ഒരു മാനദണ്ഡമായി സമൂഹം മുന്നോട്ട് വെക്കുമ്പോഴാണ് അതൊരു മനുഷ്യാവകാശപ്രശ്നമായി മാറുന്നത്. ●

## SWETHA BHATT:

"The years following the 2002 state organized politically fuelled massacre has witnessed numerous extra judicial killings and fake encounters. My husband, Sanjiv Bhatt, is the sole surviving witness among who led the complicit role on the function of state administration in the 2002 Gujarat pogrom. While everyone hid themselves out of fear or greed under this fascist regime, my husband fearlessly stood before the Supreme Court of India, taking the side of minorities and exposing the role of state and certain high level government officials in perpetuating the 2002 riots. For almost 2 decades, he is paying heavy price for having the undying courage and integrity to stand up against two of the r
powerful men of the present day India

No stones have been left unturne
intimidate, break and bury Sanjiv Bh
resolve. He is a strong man. Since last
years we have witnessed our democ
ic and secular nation rapidly dipping
wards an absolute authoritarian rule
der this fascist regime. For over a yea
of us have been fighting to bring ju
for my husband, it is now over 15 mo
and we are still running from one cou
another hoping that justice will be d
ered.The fight ahead is long and paths
of hurdles. It is now more than ever
all of us need to come together and co
tively stand against the wrongdoing of
fascist regime. Sanjiv always used to
that this fight is not just a battle betw
truth and evil. It's a battle against an id
ogy that not only allows hate and viol
to perpetuate, but actually promotes i

This regime has left no stone untu
to silence and break any voice of re
and dissent. We may not realize it
But we as a nation is now moving tow
an absolute authoritarian state. Ignor
is not bliss,its oblivion and we cann



# A MÉNAGE AGAINST THE MENACE

Preparec
**Faheema, Am**



oblivious to the great reality we as a nation today is in. In the past few years we as a nation has witnessed religious intolerance, and fanaticism reaching dangerous heights. Now more than ever it becomes our moral responsibility to standup and fight for all those who have been fighting to preserve the essence of the once democratic and secular nation. This regime has been systematically trying to silence the brave voices of resent and dissent, one such loud and bold voice is that of my husband. He had to pay huge personal and professional cost and had continued to fight for the victims of this fascist regime. His resume caused such a threat to this fascist regime that even after holding the most powerful position in the country, nothing could silence the voice of the honest and brave officer.

All of you, the vibrant youth of our nation are the future they say. But I say you are the present. The obligation to protect democracy lies upon your shoulders. The power to bring change is in your hands. So stop being silent spectators. Question, speak your mind and fight misinformation, false propaganda,and ignorance with facts, truth and knowledge. And most importantly it's time to wake up and raise our voice. It's time to defend the defenders. Let us bring justice for Sanjiv Bhatt and let us bring Sanjiv Bhatt back".

**Akashi Bhatt:** "Thank you all of you for inviting us. I would also like to thank all the people of Kerala, because ever since all of this started, you have been an unyielding source of strength and support for all of us and it gives my family the strength to continue and carry on through the darkest phase of our lives.

Moving on to what my mother has been speaking, I really want to stress on the fact that the current fascist regime that we are living under is only in power because we let them to be in power. They continue to continuously misinform us, continue to continuously spread false propaganda, and we, as the youth of the nation, the responsibility is on us to call-out every single time they try to propagate false information. This is the regime which is built and stress on structured misinformation. Every time they give out a big slogan and come out on a national television and say 'oh my god, the economy is booming and we are reaching great heights', call them out and say 'no'. The GDP is falling and we have no jobs, the economy is crashing. So, call out the misinformation. That is the first step that we can take to attack this regime.

Also, it is very difficult, as it is said, to defend the defenders. Like my father, many other people have



been defending the constitution, defending the truth and being the victim of this regime at a great personal and professional cost. My father is a very strong and a very brave message. He has and is continuing to fight. It is important that all of us come together and we continuously fight and bring justice and peace back".

***Qn***- *The seed of fascism is spread all across the country, so even if the governing party changed from the current ruling party to the current opposition party, will there be an end to the growing fascism in the country and that too when we see so much of majoritarianism and demagoguery around?*

**Shweta Bhatt:** If some other party comes to power, then that would not be on the basis of caste system, it would be because the people of India wanted to bring about a change and save the nation. The present ruling party thrives on these Hindu-Muslim riots. So I think it would make a difference. I could see more females here than men. After completing your college you feel like getting married and having kids and that's it. So your education ends there, it should not be like that, it should continue. You should have your own opinion as far as society and politics is concerned. It is extremely important. (to Akashi) Would you like to add something?

**Akashi Bhatt:** You always have to choose the lesser evil to begin with, right? What the ruling party with communalism is doing is something unimaginable. If asked someone the same question five years ago, they may not agree with this. The point is that it is again like I said the responsibility is on us, if we do not let them do certain things there is no way things be like this. Yes, fascism is spreading pan India because we let the
stay in power for 5 years and
them rule again for a second ter
Come out to the streets, have pr
tests.

***Qn***-*As women, did both
you face any additional difficul
Could you also talk about the pr
ent condition of Gujarat?*

**Shweta Bhatt:** Yes, but we
fighting systematically. We
fighting a legal battle. They
countering us politically by su
porting judiciary and all the i
stitutions. So it's a difficult fig
It's a long fight. But we are a bra
family, and we will not rest ur
we bring him back. As far as t
situation in Gujarat is concern
people have slowly started real
ing the fact that change will co
soon. We have seen the Maharas
tra results and hope Gujarat will
the next.

***Qn***- *We the people of Kera*

*understand that we are different from the north and central India despite being a regional and linguistic minority. Yet, when the newspapers and media frame the word 'minorities' we don't actually get the idea because our situation is different and fortunate. So I would like to hear from you how the minorities in the rest of India are treated and is paying for the atrocities of the government.*

**Shweta Bhatt:** I will talk about 2002. The riots broke out. There was theGodhra train incident. People were going to Ayodhya.

See the difference between Kerala and minorities in other places, I will talk about Gujarat. It is a stark difference. Here in Kerala, I cannot make out as of who is a Christian,a Muslim or so on. Everybody is a Keralite here. In Gujarat it is not so. Muslim is a Muslim, as it would be clear from their appearance, and is the same with all other religions. My husband is facing this because he took the side of the minority. He believes that as a police officer, when a girl is being raped, we shouldn't go and ask her what caste she belongs to. If a crime is committed it has to be stopped there itself. But that's not the belief in Gujarat. Caste and religion become a kind of tool that helps the political parties survive there. The Muslims live in ghettos. There are particular area they live in. They can't buy houses in the locality we people live. There are certain builders who won't give them houses there. They get alienated from the 'mainstream'. There are many restrictions. They don't have street lights, they don't have good schools in that area. It is clear that they are treated as second class citizens.

So in such a way when 2002 riots occurred, thousands of them were killed, raped, it was a sad situation. It was all dark for the entire nation. Even in the so called metro cities like Bombay, people don't give homes to people belonging to Muslim community.

**Akashi Bhatt:** "Minorities are treated differently in the rest of the country. But common man has nothing to do with the clashes with the majority and minority. It's the product of the current government. We have to understand very clearly that they survive, strive and continues to comeback in power on the basis of violence, putting one community against the other on hate and fear. This government has stocked communal tensions between different communities and that was, for them, the only way of coming back to power. The common man doesn't have any kind of hatredagainst any communities, this also what needs to be counted. This regime of hate and violence cannot be continued.

This is not the India you and I grew up in. We grew up in a secular and democratic India. The present India is not the India we need for the next generation. So the responsibility lies on all of us, like she said you are not just the future, you are the present. The things that you'll do today, the decisions that you make today will mold our future, the generations to come. If we fail today, if we do not call out for the people who are damaged, we end up being answerable to the future generation. Kerala is different, your state is highly educated, like my mom said you can't tell who belongs to what community. Education is the key to everything. Why is the political party in the centre so afraid of your state? Because you know how to read information. You know how to critically analyze it and question. These people are scared of questions. As long as you are blindly agreeing with their narrative, they are happy with you. The minute you raise the question, you are anti-national. Then you will be marked seditious, you would be put behind the bars.

My father is behind the bars today because he dared to question the regime, he dares to stand





up against their propaganda of violence and hate. If he had wished in 2011 like all the other people he would have been safe. He knew he will have to face consequences. But as mom said, it's not the fight between one individual and the other. This is a much bigger fight. It's a fight against an ideology. We cannot let them feel that it is alright to get involved in heinous crimesand get away with it, as there is no one to question them and they are not answerable to anyone. We need to make them answerable to all. We are the electorate, we put them over there. Any government is a reflection of the society. Is this the reflection we need for our society? No.

***Qn***- *You told that education can eliminate fascism and clean a society. It was mentioned that you are currently studying in UK. Islamophobia is at its peak in European countries, though they have a high literacy rate around centum. Still such problems exist. So do you really believe that education alone can resolve these problems?*

**Akashi Bhatt:** I would like to give you an example. Yes there is a bit of Islamophobia in certain countries of Europe. But what we lack and they have is that they can have a cultural educational debate. If someone in the parliament put in an Islamophobic statement, other people in the parliament can stand up and dissent. They don't need to fear for the consequences. There is freedom of speech and expression, there is value of civil liberty, of human rights. Everyone is primed to having their own opinion. We cannot enforce our option on someone else. If am secular, am secular. If someone is fanatic, then he/ she is a fanatic and I cannot force them to become secular. What I can do is not agree with what they are saying. What I can do is to educate other people and tell them their ideology is wrong. Thai is what our country lacks.

***Qn***- *My question is basic but complicated. NRC is implemented in Assam, many Assamese w were citizens of India, now is in c sis. It is declared to be impleme ed all over India. What are we encounter in the future? Then, Babari verdict, we believe that it also an injustice. So we have be conducting protests in Kerala, have been posting comments o Facebook, we have been doing e erything we can. But exactly c be done to bring about that positi change that we really want in o country? How can we fight these i justices?*

**Akashi Bhatt**- I think I do have the knowledge enough comment on this question raise Like you said, though basic, is complicated. The only thing can say is that we have to keep c fighting, doing what we are doi on and on relentlessly. If we sto mid-way, nothing will ever ha pen. For the past 20 years, we ha been fighting this fight persisten ly. We haven't stopped a single da My father, an IIT graduate, to per of his class, could have do

anything he wanted. If he had, in 2002, decided to ignore the injustices he witnessed, he would have been with us today. He did not do that. To us children, he used to tell that in life you always have 2 choices, one would be the wrong-easy one and the other would be a very difficult but the right one. No matter what, always take the right choice. It builds character. Everything which is going to put you through hardships, builds character. If it doesn't kill you, it makes you stronger. That's all we have to do. We work for a better future, a better India and we would not stop till then.

**Shweta Bhatt**– When Sanjiv Bhatt started his fight, he was all alone. When he filed the affidavit, he was alone. But now there are lakhs of people with him.

***Qn***- *Ma'm, what is your stand on the hashtag campaigns that is going onin the social media? Do you opine that the youth should come to the streets and fight?*

**Shweta Bhatt:** Any protest, that don't reach the streets, makes no sense. The hashtag protests should be the torchbearer to the protests that happens in the streets.

***Qn***- *What is your opinion regarding the current Central Government? Are the three pillars of our nation about to fall? When Sanjiv Bhatt was arrested, we couldn't find any statement regarding it in major media of India. How do you look at the interest shown by media with respect to the activities of the Central Government?*

**Shweta Bhatt:** Let me begin with the media. I'm extremely disappointed. Media houses are largely owned by bigger companies now and the news value is decided by these moneybags. These moneybags are mostly favouring the party in power that is the government.

Government is constantly in election mode. They are not interested in the issues of the people, nation's economic growth. There is no execution of any five year plans. Nothing. No scheme is being launched, there is no development.

***Qn***- *Ma'am, what is your opinion regarding the Babari Masjid verdict of the Supreme Court?*

**Shweta Bhatt:** What do I say? It is pathetic and it should not have been this way. Mandir and Masjid can both survive in the same place, why differentiate? I don't know.

**Akashi Bhatt:** I totally believe that the judiciary should not give out judgments based on religious sentiments. When they say that in order to preserve the sentiment, in order to make sure that there is no communal tension even after this verdict, judiciary is supposed to behave as an independent institution. They are supposed to look at the facts and then give out the verdict. It was a bad day for democracy and a bad day for judiciary. There is nothing more I can say about it. I wish that the judiciary was not so supportive. I wish that the judges had spine enough to give a proper judgement on that.

***Qn***- *My question is to Akashi-ma'am, in the current Indian scenario, what would be your way of serving India and how?*

**Akashi Bhatt**- Well, I will do whatever that is in my profession. I'm a doctor by profession, I'm a general surgeon, a robotic surgeon, graduated from oxford and I'm also doing my DPhil. But I would be more than happy to serve the people of India in 'whatever capacityI can. As a family, we have been fighting and doing our bit to spread awareness and to do whatever we can within the status.

***Qn***- *As it is already discussed, people are highly misinformed. They get trapped in such mazes swiftly. Is it possible to spread truth awareness campaigns in the northern states of India?*

**Akashi Bhatt**- If it's possible to sell propaganda and false information, then I'm sure it's also possible to spread truth and inform them about the reality. What they use negatively, can be used positively for it.

**Shweta Bhatt:** Only 31% of people are the followers of the ruling party. So the vote share is just 31%. 69 % of the people either don't vote or vote wisely. We have to just work on that Mathematics, it's as simple as that.

**Shweta Bhatt:** "Thank you very much for inviting us. Please do question. If you start questioning us, one day you will question the government as well. Please come out. Be bold. Marry late and make a career girls. You have to be independent for that you need time.It's not the matter of earning or saving money. It's the matter of self-respect.When you educate a woman, you educate a family. Thankyou".

**Akashi Bhatt:** "I just want to say that my parents have demonstrated exemplary strength, they have been fighting on and on, and your support has been a major part of their strength. Please continue to give them your love and support. I cannot envision fighting this fight without it. In the coming weeks, we will be approaching the Supreme Court. Your support then can prove the fact that if one Sanjiv Bhatt is silenced, there will come up hundreds and thousands of Sanjiv Bhatts. There will be a hundred other voices that will shout out for justice. Thank you".

**അബ്ദുൽ റഊഫ്**
സോഷ്യോളജി, രണ്ടാം വർഷം



# വലതുപക്ഷ ജനാധിപത്യ സിദ്ധാന്തം തീവ്രമാകുമ്പോൾ

ഒരു ക്രിയാത്മക പ്രതിപക്ഷം ഇന്ന് ഇന്ത്യയിൽ നിലനിൽക്കു ന്നില്ല എന്നത് കൊണ്ട് തന്നെയാണ് പുതിയൊരു ജനാധിപ ത്യ ഇന്ത്യക്ക് വേണ്ടി വാദിക്കേണ്ട അവസ്ഥ നമ്മിൽ സംജാതമാ യിരിക്കുന്നത്. സ്വാതന്ത്ര്യാനന്തരം രൂപീകൃതമായ ഭാരതീയജന സംഘത്തിന്റെ പിൻതലമുറക്കാരാണെന്ന നിലയിൽ ഭാരതീയ ജന താപാർട്ടിയും സംഘപരിവാറും അവരുടെ പ്രത്യയശാസ്ത്രമായ ഏകാത്മക മാനവവാദം (Anglier Humanism) ഏകീകൃത സംസ്കാ രമെന്ന വ്യാജേന നടപ്പിലാക്കാൻ ശ്രമിക്കുന്നു.

ഇന്ത്യൻ 'നീതിന്യായ' വ്യവസ്ഥ പോലും അപകടകരമായ വി ധ്വംസക പ്രവർത്തനങ്ങളിലൂടെയാണ് നീങ്ങിക്കൊണ്ടിക്കുന്നതെ ന്ന് ആന്ധ്രപ്രദേശുകാരനായ ജസ്റ്റിസ് ചലമേശ്വർ അടക്കമുള്ള മൂന്നോളം ന്യായാധിപന്മാർ വിളിച്ചുപറഞ്ഞെങ്കിലും ചെവികൊ ള്ളാൻ പലരും തയ്യാറായിരുന്നില്ല. 1951 ൽ ദീൻദയാൽ ഉപാധ്യായ യുടെയും ശ്യാമപ്രസാദ് മുഖർജിയുടെയൊക്കെ നേതൃത്വത്തിൽ ഭാരതീയജനതാസംഘം രൂപീകരിച്ചപ്പോൾ പ്രത്യയശാസ്ത്രപര മായി അവരുടെ പാർട്ടി ഭരണഘടനയിൽ ചേർക്കപ്പെട്ട ചില വ്യവ സ്ഥകൾ ഇന്നവർ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജമ്മ കശ്മീരും, 'ഒരു രാഷ്ട്രം ഒരു ഭാഷ' എന്ന അമിത്ഷായുടെ പ്രത്യ ക്ഷ പ്രഖ്യാപനത്തിലൂടെ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കുന്നതും അയോധ്യയിലെ രാമജൻമഭൂമി വിഷയം കൂടുതൽ സങ്കീർണമാ കുന്നതും, ഏക സിവിൽ കോഡിലേക്കുള്ള പരോക്ഷനീക്കങ്ങളു സംഘപരിവാറിന്റെ പ്രത്യയശാസത്രപരമായ അടിച്ചേൽപ്പിക്കലി ന്റെ ഭാഗമായി വന്നതാണ്.

ഒരു ഫാസിസ്റ്റ് ഗവൺമെന്റ് അധികാരം കൈയ്യാളുമ്പോൾ അ രാജ്യത്തെ ഭരണഘടനാ മൂല്യങ്ങൾ ലംഘിക്കപ്പെടുകയും മനുഷ്യ ാവകാശ ധ്വംസനങ്ങൾ അരങ്ങേറുകയും ചെയ്യും. അവിടെയാണ ഒരു ക്രിയാത്മകമായ പ്രതിപക്ഷത്തിന്റെ ആവശ്യകത ഉണ്ടായിരുന് ത്. എന്നാൽ ബഹുകക്ഷി ജനാധിപത്യ സമ്പ്രദായത്തിൽനിന്ന് ഏക ക്ഷി ഭരണ സംവിധാനത്തിലേക്ക് ഇന്ത്യൻ പാർലമെന്ററി വ്യവസ്ഥ മാറിപ്പോയതും, തുടർന്ന് മോദി - അമിത്ഷാ കേന്ദ്രീകൃത ഭരണ സംവിധാനത്തിലേക്ക് ഇന്ത്യൻ ജനാധിപത്യ-ഭരണവ്യവസ്ഥ പര വർത്തനം ചെയ്യപ്പെട്ടതും നമുക്ക് കാണാവുന്നതാണ്. 2019-ൽ ലേ

FAROOK COLLEGE LIBRARY
Date: BP3419




ക്സഭാ തിരഞ്ഞെടുപ്പുകൾ അരങ്ങേറുകയുണ്ടായി. ഉരുക്കു വനിതയെന്ന് പലരും വിശേഷിപ്പിച്ച ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസ്സിന് പോലും തിരിച്ചടിയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് വെറും 55 സീറ്റിലേക്ക് കൂപ്പുകുത്തി കേരളത്തിലും പഞ്ചാബിലും മാത്രമായി ഒതുങ്ങി. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യക്ക് ഇന്ന് പ്രതിപക്ഷ നേതാവിനെപ്പോലും തിരഞ്ഞെടുക്കാൻ കഴിയാത്ത അവസ്ഥയായി. മുഖ്യപ്രതിപക്ഷ കക്ഷിയായ കോൺഗ്രസിന് തിരഞ്ഞെടുപ്പിന് ശേഷം നാഥനില്ലാതായി. പ്രതിപക്ഷം, പ്രത്യേകിച്ച് ബഹുജൻ സമാജ്പാർട്ടിയുടെ മായാവതിയും, ആം ആദ്മി പാർട്ടിയുടെ അരവിന്ദ് കെജ്രിവാളും വാദിക്കുന്നവോട്ടിങ്ങ് യന്ത്രത്തിലെ ക്രമക്കേട് പ്രതിപക്ഷത്തിന്റെ "പരാജയത്തെ" മറച്ചുപിടിക്കാനുള്ള ഒരു ഉപാധിയായിട്ടല്ലാതെ അതിനെ കാണാനാവില്ല.

**ഒരു ഫാസിസ്റ്റ് ഗവൺമെന്റ് അധികാരം കൈയ്യാളുമ്പോൾ ആ രാജ്യത്തെ ഭരണഘടനാ മൂല്യങ്ങൾ ലംഘിക്കപ്പെടുകയും മനുഷ്യാവകാശ ധ്വംസനങ്ങൾ അരങ്ങേറുകയും ചെയ്യും. അവിടെയാണ് ഒരു ക്രിയാത്മകമായ പ്രതിപക്ഷത്തിന്റെ ആവശ്യകത ഉണ്ടായിരുന്നത്.**

ഇന്ത്യൻ മതേതരസങ്കല്പത്തിനും, മതസഹിഷ്ണുതക്കും ഹിന്ദുത്വവാദികളും, സംഘപരിവാറും നൽകുന്ന നിർവ്വചനം എന്തെന്നാൽ "ഹിന്ദുസ്വത്വത്തെയും" (Hyped Hindu Identity) 'ഹിന്ദു രാഷ്ട്ര'സങ്കൽപത്തെയും നിഷേധിക്കലും മുസ്ലീംകളടക്കമുള്ള ന്യൂനപക്ഷ വിഭാഗങ്ങളെ പ്രീതിപ്പെടുത്തലുമാണ് എന്നതാണ്. കോളനീവത്കരണകാലം മുതൽ തന്നെ മതവും, മതാധിഷ്ഠിത താത്പര്യങ്ങളും ഇന്ത്യൻ രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യാ വിഭജനത്തിന്റെ സമയത്ത് നമുക്കത് ബോധ്യമാണ്. വിഭജനാനന്തരം പാകിസ്ഥാൻ ഒരു പൗരോഹിത്യ ഭരണ ഇസ്ലാമിക രാജ്യം (Theocratic Islamic State) തെരഞ്ഞെടുത്തപ്പോഴും, ആർ. എസ്. എസിന്റെയും ഹിന്ദുമഹാസഭയുടെയും ഹിന്ദുരാഷ്ട്രവാദത്തെ ഇന്ത്യൻ മതേതര കൂട്ടായ്മ ഒന്നടങ്കം പ്രതിരോധിച്ചതാണ്. സവർക്കറുടെയും, ഗോൾവാൾക്കറുടെയും താൽപ്പര്യങ്ങളെ ഊതിക്കെടുത്തിയവരാണ് ഇന്ത്യയിലെ അന്നത്തെ പൗരസമൂഹം. എന്നാൽ, പതിറ്റാണ്ടുകൾക്കിപ്പുറം, ഭാരതീയജനസംഘത്തിന്റെ പ്രത്യയശാസ്ത്രപരമായ പ്രഖ്യാപനങ്ങളെ ഒന്നടങ്കം നടപ്പാക്കുന്ന കാഴ്ചയാണ് അരങ്ങേറുന്നത്. തീവ്രവലതുപക്ഷ ജനാധിപത്യ സിദ്ധാന്തം (Right wing populism) ആവിഷ്കരിക്കരിപ്പെടുകയാണ് ചെയ്യുന്നത്.

നാൽപ്പത്തിനാലുകാരനായ ജാർഖണ്ഡുകാരൻ തബ്രേസ് അൻസാരിയെ "ജയ്ശ്രീറാം" വിളിക്കാത്തതിനാൽ ആൾക്കൂട്ടകൊലപാതകത്തിന് ഇരയാക്കിയതും, ബീഫ് കഴിച്ചെന്നാരോപിച്ച് ജുനൈദെന്ന പതിനാറുകാരനും - അഖ്ലാഖും, ഗൗരിലങ്കേഷും. രോഹിത്‌വെമുലയും തീവ്രവല

തുപക്ഷത്തിന്റെ നിഷിപ്തതാത്പര്യങ്ങളുടെയും, ഏകാത്മക മാനവവാദത്തിന്റെയും ഇരകളാണെന്നത് വാസ്തവമാണ്. UAPA നിയമം ഭേദഗതി ചെയ്യപ്പെട്ടു. 1967ൽ നിലവിൽ വന്ന നിയമമാണ് യുഎപിഎ നിയമം. തുടർന്ന്, 2019 ലാണ് ഇത് ഭേദഗതി ചെയ്യപ്പെട്ടത്. ഇതിന് പിന്നിൽ ഒളിഞ്ഞിരിക്കുന്ന അജണ്ട അതിഭീകരമാണ്. നിയമം ഭേദഗതി ചെയ്യപ്പെട്ടതിന് ശേഷം ദേശീയ അന്വേഷണ ഏജൻസി (NIA) യാതൊരു വിധ നിയമമവ്യവസ്ഥയും കൂടാതെ സാധാരണക്കാരായ ആളുകളെ, പ്രത്യേകിച്ച് ഇന്ത്യയിലെ മുസ്ലീംകളടക്കമുള്ള ന്യൂനപക്ഷവിഭാഗങ്ങളെ തീവ്രവാദബന്ധം ആരോപിച്ച്കൊണ്ട് തുറങ്കിലടക്കുന്ന കാഴ്ച കാണാനിടയായികൊണ്ടിരിക്കുന്നു.

കശ്മീർ വിഭജനവും, ഒരു രാഷ്ട്രം ഒരു ഭാഷ എന്ന പ്രഖ്യാപനവും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയെ മറച്ചുപിടിക്കാൻ ബി.ജെ.പി പെട്ടെന്ന് പ്രയോഗിച്ച അസ്ത്രങ്ങളാണ്. വിഭജനാനന്തര സമയത്തെ ഓർമിപ്പിക്കുംവിധം കശ്മീർ പ്രശ്നവും, ആൾക്കൂട്ട കൊലപാതകങ്ങളും, ആസാമിലെ ദേശീയ പൗരത്വ രജിസ്റ്റർ (NRC) പ്രശ്നവും ജനങ്ങളെ ബാധിക്കുമ്പോൾ ഇന്ത്യൻ സമ്പദ്ഘടനയുടെ ശോചനീയാവസ്ഥക്ക് ഒരു മറയായിത്തീരുന്നു: സാമ്പത്തികശോഷണം മറച്ചുപിടിക്കാൻ വേണ്ടി കേന്ദ്ര ധനകാര്യ മന്ത്രാലയം മിനി ബജറ്റും മറ്റും പുറത്തിറക്കുന്നു. ദേശീയ സമ്പാദ്യത്തിൽനിന്ന് പണമെടുത്ത് പട്ടേലിന്റെ പ്രതിമയും മറ്റും നിർമ്മിക്കുന്നു. ബീഹാറിലും മറ്റ് സംസ്ഥാനങ്ങളിലും ദാരിദ്ര്യം കൊണ്ട് പൊറുതി മുട്ടുമ്പോൾ രാജ്യത്തെ ഭരണാധികാരി പണം ചിലവിടുന്നത് പ്രതിമകൾ നിർമ്മിക്കാനും ഗോസംരക്ഷണത്തിനും വേണ്ടിയാണെന്നത് ലജ്ജാവഹമാണ്. 13 വർഷത്തെ നിരന്തരഫലമായി ആവിഷ്കരിച്ച സുപ്രധാന പരോക്ഷ നികുതികളിലൊന്നായ ചരക്കുസേവന നികുതി (GST) ഇന്ത്യയിൽ നടപ്പാക്കിയിട്ട് 2 വർഷം പൂർത്തിയാവുകയാണ്. ജിഎസ്ടി നടപ്പിലാക്കുന്നതോടുകൂടി ഇന്ത്യയിലെ സാധനങ്ങൾക്കും സേവനങ്ങൾക്കും വില കുറയുമെന്നായിരുന്നു കരുതിയിരുന്നത്. നികുതിക്കുമേൽ നികുതിയില്ലാതാവുകയും, ഏകീകരിക്കുകയും, കുറക്കുകയും ചെയ്യുന്നതിലൂടെ വിലക്കയറ്റം ഇല്ലാതാകേണ്ടിയിരുന്നു. എന്നാൽ ചരക്കുസേവനനികുതി വിലക്കയറ്റത്തിലൂടെ ജനങ്ങളെ തിരിച്ചടിച്ചു. മേയ് 2014 നരേന്ദ്രമോദിയുടെ വിജയം ആവേശത്തോടെ സ്വീകരിച്ച ഒരു പണ്ഡിതൻ ഇന്ന് സർക്കാരിന്റെ ഏറ്റവും വലിയ ശത്രുവായി മാറിയിരിക്കുന്നു.

ഫാസിസ്റ്റുകളുടെ ആശയപരമായ നിലനിൽപ്പിന് ആധാരമാകേണ്ടത് അധികാരം കൈയ്യാളുക എന്നതാണ്. ഭരണം കൈയിലൊതുക്കാൻ ഏതറ്റം വരെയും പോകും എന്ന നിലപാടാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എതിർ ചേരിയിലെ വിമതശബ്ദങ്ങളെ തങ്ങളുടെ ചേരിയിലേക്ക് അമർത്തിയെടുക്കുന്ന പ്രവണത

**“ ഫാസിസ്റ്റുകളുടെ ആശയപരമായ നിലനിൽപ്പിന് ആധാരമാകേണ്ടത് അധികാരം കൈയ്യാളുക എന്നതാണ്. ഭരണം കൈയിലൊതുക്കാൻ ഏതറ്റം വരെയും പോകും എന്ന നിലപാടാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ”**



കർണാടകയിലും ഉത്തരാഖണ്ഡില
മൊക്കെ നാം കണ്ടതാണ്. കോൺഗ്ര
സ് ഭരിച്ചുകൊണ്ടിരിക്കുന്ന ഉത്തരാഖ
ണ്ഡിൽ മുഖ്യമന്ത്രി പെമഖണ്ഡു അ
ക്കമുള്ള നാൽപ്പത്തിനാലോളം നി
മസഭാംഗങ്ങൾ ഒന്നടങ്കം ബിജെപ
യിലേക്ക് ചേക്കേറി സംഘപരിവാ
ഭരണം സ്ഥാപിച്ചെടുത്തതും, കർണ
ടകയിൽ ബിഎസ് യെദ്യൂരപ്പയു
നേതൃത്വത്തിൽ കോൺഗ്രസിലേയു
ജനതാദളിലേയും പത്തിലധികം എ
എൽഎമാരെ പണമെറിഞ്ഞുകൊണ
തങ്ങളുടെ വരുതിയിൽ കൊണ്ട് വന
തും നാം ദൃശ്യമാധ്യമ സംവിധാനങ്ങ
ളിലൂടെ കണ്ടതും കേട്ടതുമാണ്. ര
ഷ്ട്രീയമായി പരിശോധിക്കുന്നവരെ
ഇന്റലിജൻസ് സംവിധാനമുപയോ
ഗിച്ച് സാമ്പത്തിക ക്രമക്കേടും മറ്റുമ
പയോഗിച്ച് അറസ്റ്റ് ചെയ്യുകയും ചെ
യ്യുന്നു. കർണാടക കോൺഗ്രസിലെ
അതികായൻ ഡി. കെ. ശിവകുമാ
അതിനൊരു ഉദാഹരണമാണല്ലോ.

"വിഭജിച്ചു ഭരിക്കുക" എന
കൊളോണിയൽ തന്ത്രത്തിന്റെ പു
രാവിഷ്കാരമാണ് സംഘപരിവാ
നടപ്പിലാക്കികൊണ്ടിരിക്കുന്നത
'അഖണ്ഡ ഭാരതമെന്ന' സിദ്ധാന്ത
അവരുടെ ഉന്മൂല പ്രത്യയശാസ്ത്ര
ല്ലാതെ മറ്റൊരർത്ഥത്തിൽ കാണാന
കഴിയില്ല. എതിർക്കുന്നവരെ ഉന്മൂല
നം ചെയ്യുക എന്ന തന്ത്രം തന്നെയ
ണ് ഗൗരിലങ്കേഷിന്റെയും, രോഹിത
വെമുലയുടെയും പിന്നെ സഞ്ജയ
ഭട്ടിന്റെയും കാര്യത്തിൽ തീവ്രവ
തുപക്ഷ മേലാളന്മാർ പ്രാവർത്തിക
മാക്കിയത്. ഇന്ത്യൻ ഭരണഘടന
യുടെ ആമുഖത്തിൽ ചേർക്കപ്പെ
സാമൂഹികവും സാമ്പത്തികവു
രാഷ്ട്രീയവുമായ നീതിക്കും, വ
ശ്വാസത്തിനും, ആരാധനക്കു
ആവിഷ്കാരത്തിനുമുള്ള സ്വാത
ന്ത്ര്യവും, അവസരസമത്വവും, ദേ
ശീയോദ്ഗ്രഥനവും, ഐക്യവു
സാഹോദര്യവുമെല്ലാം നമ്മൾ സ
മരിക്കപ്പെടുന്നത് ചില ചുഷണ
ങ്ങളുടെയും മനുഷ്യാവകാശ ല
ഘനങ്ങളുടെയും ഭാഗമാണ്. തീ
വ്രവലതുപക്ഷത്തിന്റെ ഇത്തര
ജനാധിപത്യ സിദ്ധാന്തത്തെ മറ
കടക്കാൻ, ഒരു പുതിയ മതേതര
ത്വജനാധിപത്യ രാഷ്ട്രം പടുത്ത
യർത്താൻ കഴിയുമെന്ന് നമുക്ക
പ്രത്യാശിക്കാം. ●

# കാർട്ടൂൺ

അർഫീന കെ.
എക്ണോമിക്സ്, ഒന്നാം വർഷം






ഹസനുൽ ബസരി
എം.സി.ജെ, ഒന്നാം വർഷം

# എങ്ങനെയാണ് മോദിയെ ഇന്ത്യ ഓർക്കുക



ഇന്ത്യയിൽ കഴിഞ്ഞുപോയ ഓരോ പ്രധാനമന്ത്രിമാരും രാജ്യം തങ്ങളെ ഓർക്കാൻ വേണ്ടി തങ്ങളുടേതായ ചില ശേഷിപ്പുകൾ ബാക്കിവെച്ചാണ് പോയിട്ടുള്ളത്. ശാസ്ത്രത്തോടും മതേതരത്വത്തോടുമുള്ള തീവ്രമായ പ്രതിബദ്ധതയുടെ പേരിലാണ് ജവഹർലാൽനെഹ്റു ഓർമ്മിക്കപ്പെടുന്നതെങ്കിൽ, 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യമുയർത്തി പാക്കിസ്ഥാനെതിരെ നേടിയ യുദ്ധ വിജയത്തിന്റെ പേരിലാണ് ലാൽ ബഹദൂർ ശാസ്ത്രി ഓർമിക്കപ്പെടുന്നത്. അങ്ങനെ പോകുന്നു ആ ശ്യംഖല.

ഇനി മോദി ഇന്ത്യയിൽ എങ്ങനെ ഓർക്കപ്പെടും എന്നതിനെ കുറിച്ചാണ് ഇവിടെ അന്വേഷിക്കുന്നത്. മോദി അനുകൂലികൾക്കും പ്രതികൂലികൾക്കും ഒട്ടേറെ ഓർക്കാൻ ബാക്കിവെച്ചാണ് മോദി ഭരണം മുന്നോട്ടു പോകുന്നത് എന്നത് സത്യം. ഇന്ത്യയെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയതും, ഹിന്ദു ആത്മാഭിമാനം വീണ്ടെടുത്തതുമെല്ലാം ആരാധകർ അടയാളപ്പെടുത്തുമ്പോൾ ലോകയാത്രകളും, വർഗീയ വികാരങ്ങളെ തടസ്സമില്ലാതെ ആളിക്കത്തിക്കാൻ അനുവാദം നൽകിയതും, നോട്ടുനിരോധനവും, മോശമായി നടപ്പിലാക്കിയ ജി എസ് ടി യും, ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതവും, ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തിയതുമെല്ലാം എന്നും ഓർക്കപ്പെടും.

ഒറ്റരാത്രികൊണ്ട് അപ്രസക്തമായ നോട്ടുകൾ തന്നെയാവും ഏറ്റവും നീറ്റലോടെ ഓർമിക്കപ്പെടുക. രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളെയും നേരിട്ട് ബാധിച്ച മറ്റൊരു കെടുതി അടുത്തകാലത്തൊന്നും ഇന്ത്യ കണ്ടിട്ടില്ല. ഇന്ത്യാ വിഭജനം പോലും എല്ലാ ഇന്ത്യക്കാരെയും ബാധിച്ചിരുന്നില്ല എന്നത് കൂട്ടിവായിക്കണം. ലോകത്തെ പല സാമ്പത്തിക വിദഗ്ധരും നിരീക്ഷകരും നോട്ട് നിരോധനം ആധുനിക ലോക ചരിത്രത്തിലെ തന്നെ വിഡ്ഢിത്തമാണെന്ന് വിലയിരുത്തിയെന്നത് ഓർക്കണം. കള്ളപ്പണം പിടിച്ചു കെട്ടാനെന്ന പേരിൽ റിസർവ് ബാങ്കുമായി കൂടി ആലോചിക്കാതെയും പിൻവലിച്ചാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് കാര്യമായി വിലയിരുത്താതെയുമാണ് 1000 വും, 500 ഉം ഒറ്റരാത്രികൊണ്ട് പിൻവലിച്ചതായ പ്രഖ്യാപനം നടത്തിയത്. കള്ളപ്പണവാദം പൊളിഞ്ഞു എന്ന് മാത്രമല്ല നിരോധനം മോദി ഇഷ്ടക്കാർ മുൻകൂട്ടി അറിഞ്ഞു എന്നതും കേന്ദ്രത്തെ പ്രതിക്കൂട്ടിലാക്കി. അന്താരാഷ്ട്ര ക്രൂഡോയിൽ വിപണിയിൽ റെക്കോർഡ് വിലക്കുറവുണ്ടായിരിക്കെ പെട്രോളിന്റെയും ഡീസലിന്റെയും വില ഇന്ത്യയിൽ ഏറ്റം കുതിപ്പിലെത്തി എന്നത് ജനങ്ങളിൽ ഉണ്ടാക്കിയ ദുരിതം ചെറുതല്ല. ഇടയ്ക്ക് നിയമസഭാ തിരഞ്ഞെടുപ്പുകൾ വന്നില്ലായിരുന്നുവെങ്കിൽ എണ്ണ മുതലാളിമാർക്ക് ഇനിയും അവസരം സർക്കാർ ചെയ്തേനെ എന്ന സ്ഥിതിയിലായിരുന്നു കാര്യങ്ങളുടെ കിടപ്പ്.

> **ഒറ്റരാത്രികൊണ്ട് അപ്രസക്തമായ നോട്ടുകൾ തന്നെയാവും ഏറ്റവും നീറ്റലോടെ ഓർമിക്കപ്പെടുക. രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളെയും നേരിട്ട് ബാധിച്ച മറ്റൊരു കെടുതി അടുത്തകാലത്തൊന്നും ഇന്ത്യ കണ്ടിട്ടില്ല.**

രാജ്യത്തിന്റെ 70 ശതമാനം വരുന്ന കർഷകർക്ക് മോദി ഭരണത്തിൽ നേരിടേണ്ടിവന്ന നിരാശയ്ക്ക് കൈയും കണക്കുമില്ല. കർഷക വിരുദ്ധമായ നയങ്ങൾക്കെതിരായ പ്രതിഷേധങ്ങൾ സർക്കാർ അവഗണിക്കുകയാണ് ചെയ്തതെന്ന് കർഷകർ പറയുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉണ്ടായ ഏറ്റവും വലിയ കാർഷിക പ്രക്ഷോഭങ്ങളാണ് ഡൽഹിയിലും മുംബൈയിലും ആയി നാം കണ്ടത്. കുത്തക മുതലാളിമാരെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയെന്ന് കർഷകർ എന്നേ ആരോപിക്കുന്നതാണ്.

ഓരോ വർഷവും രണ്ടു കോടി പുതിയ തൊഴിലവസരങ്ങൾ കൊണ്ടുവരും എന്ന് പറഞ്ഞാണ് നരേന്ദ്രമോദി അധികാരത്തിലേറുന്നത്. എന്നാൽ സംഭവിച്ചത് നേരെ തിരിച്ചായിരുന്നു. ഓരോ മാസവും ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ഇല്ലാതാകുന്ന അവസ്ഥ. തൊഴിലില്ലായ്മയുടെ കണക്കുകൾ പൂഴ്ത്തി വെക്കാനായിരുന്നു പിന്നീട് ഉദ്യോഗസ്ഥന്മാരുടെ പെടാപ്പാട്. സൗദി അറേബ്യയിലെ ജനസംഖ്യയെക്കാൾ കൂടുതലാണ് ഇവിടുത്തെ തൊഴിൽരഹിതരുടെ എണ്ണം എന്ന പുതിയ കണക്ക് ഞെട്ടിക്കുന്നത് തന്നെയാണ്. കഴിഞ്ഞ 45 വർഷത്തിനിടയിൽ ഉള്ള ഏറ്റവും ഉയർന്ന തൊഴിൽരഹിത നിരക്കാണ് ഇപ്പോഴത്തേതത്രെ...

സർവകലാശാലകൾ കേന്ദ്രീകരിച്ചു വരുന്ന പ്രതിസ്വരങ്ങളെ ജനാധിപത്യമൂല്യങ്ങൾ മറന്നു അടിച്ചമർത്താനുള്ള ശ്രമമാണ് മോദി കാലത്ത് ഉടനീളം നടക്കുന്നത്. പാഠ്യപദ്ധതികളിൽ ഫാസിസ്റ്റുവത്കരണം നടത്തുന്നത് മുതൽ ന്യൂനപക്ഷ സർവ്വകലാശാലകൾക്കുള്ള ഫണ്ട് വെട്ടിച്ചുരുക്കുന്നത് വരെയുള്ള പ്രശ്നങ്ങൾ മറക്കാനാകില്ല. സർക്കാരിന്റെ നെഗറ്റീവ് ഇമേജിൽ നിന്ന് ശ്രദ്ധ തിരിക്കാൻ നടത്തിയ പുൽവാമ ആക്രമണവും ബാൽകോട്ട് വ്യോമാക്രമണവും ഭീതിയോടെ ഓർത്തേ മതിയാകൂ.

പൗരന്റെ പൗരത്വത്തെ ചോദ്യം ചെയ്യുന്ന നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺഷിപ് എന്ന NRC യും കശ്മീരിന്റെ സംസ്ഥാന പദവി എടുത്തൊഴിവാക്കലുമെല്ലാം ഇന്ത്യൻ സമൂഹം ഞെട്ടലോടെയാണ് നോക്കിക്കണ്ടത്. എയർ ഇന്ത്യയും ഭാരത് പെട്രോളിയവുമെല്ലാം കുത്തക മുതലാളിമാർക്ക് തീറെഴുതി കൊടുത്തിട്ട് ചന്ദ്രയാനെ ചൂണ്ടി പൗരന്റെ ദേശസ്നേഹം ഇളക്കിവിട്ട് ശ്രദ്ധ മാറ്റുന്നത് എന്തിന്റെയൊക്കെയോ സൂചനകൾ തന്നെ. രാജ്യത്തെ മാധ്യമങ്ങളെയും നിയമസംഹിതയെയുമെല്ലാം വിലക്കെടുത്തും കടപ്പുറത്ത് കുപ്പി പെറുക്കിയും അമേരിക്കയിലെ ഹൂസ്റ്റണിൽ ട്രംപിന്റെ തോളിൽ കയ്യിട്ട് ഹോഡി മോഡി കളിച്ചു നടക്കുമ്പോഴും പാവപ്പെട്ട ഇന്ത്യൻ പൗരന്മാർ വിശപ്പടക്കാൻ വേണ്ടിയുള്ള നെട്ടോട്ടത്തിലാണെന്നത് പ്രധാനമന്ത്രിയും ഓർക്കുന്നത് നന്നായിരിക്കും.

**അസ്‌ലം**
മലയാളം, രണ്ടാം വർഷം




ഡിജിറ്റൽ ഇന്ത്യ അനുദിനം വളർന്നു കൊണ്ടിരിക്കുമ്പോൾ വിശപ്പു മാറാത്ത സാധാരണക്കാരന്റെ അടുക്കളയിൽ ദാരിദ്ര്യം മാത്രമേ പുകയുന്നുള്ളൂവെന്നത് രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയാണ്. വിശന്നു പൊരിയുന്നവന്റെ മുമ്പിൽ അപ്പത്തിന്റെ രൂപത്തിലല്ലാതെ ദൈവത്തിന് പോലും പ്രത്യക്ഷപ്പെടാൻ സാധിക്കുകയില്ല എന്നാണ് ഗാന്ധിജി പറഞ്ഞത്. എന്നാൽ ഇതേ രാജ്യത്താണ് വിശപ്പ് സഹിക്കാനാവാതെ അൽപം ഭക്ഷണമെടുത്തതിന് ഒരു മനുഷ്യനെ ദേശസ്നേഹികൾ അടിച്ചു കൊന്നത്. മനുഷ്യന്റെ ഏറ്റവും അടിസ്ഥാനമായതും എന്നാൽ ഇന്നോളം വേണ്ട വിധത്തിൽ ആവിഷ്കരിക്കപ്പെടാതെ പോയതുമായ വികാരമാണ് വിശപ്പ്.

അന്താരാഷ്ട്ര ഭക്ഷ്യനയ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് 2017 ൽ പുറത്തിറക്കിയ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യക്ക് നൂറാം സ്ഥാനമായിരുന്നു. സൂചികയിൽ മൊത്തം 119 രാഷ്ട്രങ്ങളിൽ ഇന്ത്യ ഇറാഖിനും ഉത്തരകൊറിയക്കും താഴെയാണ്. ദക്ഷിണേഷ്യയിൽ പാകിസ്താൻ മാത്രമാണ് ഇന്ത്യക്ക് പിറകിലുള്ളത്.

മറ്റുരാഷ്ട്രങ്ങളിൽ നിന്നു ഭിന്നമായി പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്കോർ താഴോട്ടാണ്. 1991ലെ സാമ്പത്തിക പരിഷ്കരണത്തിന് ശേഷം ഇന്ത്യ ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തിക ശക്തിയാണ്. എന്നാൽ ദക്ഷിണേഷ്യയിലെ മറ്റു രാഷ്ട്രങ്ങളുടെ വികസനവുമായി തുലനം ചെയ്യുമ്പോൾ ഇന്ത്യയുടെ സ്ഥിതി മെച്ചമല്ല. വേണ്ടത്ര സാമ്പത്തിക പരിഷ്കാരങ്ങൾ സാധ്യമാകാത്ത നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാഷ്ട്രങ്ങൾ പോ

ലും അടിസ്ഥാന വികസന വെല്ലുവിളിയായ പട്ടിണി കുറയ്ക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. 1992ൽ പട്ടിണിക്കെതിരെ യുദ്ധം ചെയ്യുന്നതിൽ നമ്മൾ മ്യാൻമർ, ബംഗ്ലാദേശ് എന്നീ രാഷ്ട്രങ്ങൾക്ക് മുമ്പിലായിരുന്നു. കാൽ നൂറ്റാണ്ടിനിടെ ഈ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ കരുത്തു നേടി. ഇന്ത്യയ്ക്കാരേക്കാൾ നന്നായി ബംഗ്ലാദേശികളും ബർമക്കാരും ഭക്ഷണം കഴിക്കുന്നുണ്ടെന്നർത്ഥം. 1992ൽ ഇന്ത്യയേക്കാൾ സ്കോറുണ്ടായിരുന്ന പാകിസ്താൻ ഇക്കാലയളവിൽ ഇന്ത്യയ്ക്ക് പിറകിലേക്ക് വീഴുകയും ചെയ്തു.

ലോകത്തെ ഭക്ഷ്യ ഉത്പാദനത്തിൽ രണ്ടാംസ്ഥാനമുണ്ട് ഇന്ത്യക്ക്. അതേസമയം, ലോകത്തിലെ പോഷകാഹാരമില്ലാത്ത ജനസംഖ്യയിൽ രണ്ടാംസ്ഥാനവും ഇന്ത്യക്കാണ്. രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ ശേഷിയില്ലാത്തവർ ദശലക്ഷക്കണക്കിന് ഇവിടുണ്ട് എന്നാണിത് സൂചിപ്പിക്കുന്നത്. ഇതിന്റെ അടിസ്ഥാനകാരണം മറ്റൊന്നുമല്ല, ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ പകുതിയിലേറെയും കൈയടക്കി അനുഭവിക്കുന്നത് ജനസംഖ്യയിലെ സമ്പന്നരായ ഒരു ശതമാനം പേരാണ് എന്നതുതന്നെ.

ലോക രാജ്യങ്ങൾക്കിടയിലും വിശപ്പിനും പട്ടിണിക്കും കാരണമായതും സമ്പദ് ഘടനയുടെ വിതരണത്തിലെ അപാകതകൾ തന്നെയാണ്. ചരിത്രത്തിന്റെ ഏടുകൾ വെട്ടിതുറന്ന് പരിശോധിക്കുമ്പോൾ ഇത് നമുക്ക് മനസിലാക്കാൻ സാധിക്കും. ആഗോള ജനസംഖ്യയിലെ ഒരു വിഭാഗം ഇപ്പോഴും ഈ പ്രതിസന്ധിക്ക് നിദാനമായവരാണ്. ഇതിന്റെ കാരണമായി ലോകാരോഗ്യ സംഘടനകളും ശാസ്ത്രഗവേഷകൻമാരും വിലയിരുത്തുന്നത് യുദ്ധം, പകർച്ചവ്യാധി, പ്രതികൂല കാലാവസ്ഥ, അഭയാർത്ഥി പ്രതിസന്ധികൾ തുടങ്ങിയവയ്ക്ക്, പുറമെ സമ്പത്തിന്റെ വിതരണത്തിലെ അപാകതകളുമാണ്. കൂടാതെ മുതലാളിത്തത്തിന്റെയും കച്ചവടവത്കരണത്തിന്റെയും കടന്നു വരവും വിശപ്പിന്റെ തോത് വർധിപ്പിച്ചിതായി വിലയിരുത്തിയിട്ടുണ്ട്.

വിശപ്പും പട്ടിണിയും ഒരു പരിധി വരെ മാറ്റാൻ വേണ്ടി രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ധാരാളം

**“ ഇന്ത്യയടക്കമുള്ള ലോകരാജ്യങ്ങൾ ഡിജിറ്റൽ യുഗത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോഴും ശാസ്ത്ര സാങ്കേതിക രംഗത്ത് അതിവേഗം മുന്നേറുമ്പോഴും നാം നേടുന്ന നേട്ടങ്ങൾക്കൊന്നും കോടിക്കണക്കിന് മനുഷ്യരുടെ അടിസ്ഥാന ആവശ്യമായ വിശപ്പകറ്റാൻ സാധിക്കുകയില്ലെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. ”**

നടപടിക്രിയകളുമായി ഐക്യരാഷ്ട്ര സംഘടന മുന്നോട്ടു വന്നിരുന്നു. എന്നാൽ ആ പദ്ധതികൾക്കൊന്നും വലിയ തോതിൽ വിപ്ലവമുണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയാണ്. വിശപ്പ്, പട്ടിണി എന്നൊക്കെ കേൾക്കുമ്പോൾ ജനമനസുകളിലേക്ക് ആദ്യം ഓടിയെത്തുന്നത് സോമാലിയ എന്ന നാമമാണ്. എന്നാൽ അതിനേക്കാൾ പരിതാപകരമാണ് വികസനത്തിലും ഡിജിറ്റൽ മേഖലയിലും അത്യുന്നതങ്ങളിലെന്ന് നാം അഭിമാനിക്കുന്ന ഇന്ത്യയുടെ അവസ്ഥ.

ഇന്ത്യയടക്കമുള്ള ലോകരാജ്യങ്ങൾ ഡിജിറ്റൽ യുഗത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോഴും ശാസ്ത്ര സാങ്കേതിക രംഗത്ത് അതിവേഗം മുന്നേറുമ്പോഴും നാം നേടുന്ന നേട്ടങ്ങൾക്കൊന്നും കോടിക്കണക്കിന് മനുഷ്യരുടെ അടിസ്ഥാന ആവശ്യമായ വിശപ്പകറ്റാൻ സാധിക്കുകയില്ലെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. ഓരോ ഭരണകൂടത്തിനും വിശക്കുന്നവന്റെ മനസ്സിനെ തിരിച്ചറിഞ്ഞ് വിശക്കുന്നവന്റെയുള്ളിലെ ദൈവത്തെ കാണാൻ സാധിക്കേണ്ടതുണ്ട്.

“ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവെ

ഉദിക്കയാണെന്നാത്മാവിലായിരം സൗര മണ്ഡലം”

എന്ന കവി വചനം ഉൾകൊണ്ട് ആത്മനിർവൃതിയോടെ അവരെ ചേർത്തുപിടിച്ചാൽ നമുക്ക് വിശപ്പിനെതിരെ വിപ്ലവം സൃഷ്ടിക്കാം.●



# രണ്ട് വിശപ്പ് കവിതകൾ




**അഹ്ന തസ്നി**
എക്ണോമിക്സ്, ഒന്നാം വർഷം


നിന്റെ അക്ഷരങ്ങളെ
നിനക്കെത്ര ഇഷ്ടമാണോ
അത്രമേൽ ഇഷ്ടമാണെനി
ക്കെന്റെ വിശപ്പിനെ...
അറിവിനാൽ നെയ്ത
ആ വലയമൊരിക്കൽ
വിസ്മരിച്ചാലുടൻ, ഞാൻ
നിന്നരികിൽ വന്നെൻ
വിശപ്പിനെ ഓർമ്മിപ്പിക്കാം...
വിസ്മരിച്ചതെല്ലാം അടുക്കുന്നു
വീണ്ടും... അന്തസ്സെല്ലാം
ഉയരുന്നു താഴുന്നു...
പിന്നെയും ഉയരുന്നു
നീ പോലുമറിയാതൊരിക്കൽ
കുറവായി മാറും നിന്നറിവ്...


**അൻഷദ്**
മാത്സ്, ഒന്നാം വർഷം


'ദൈവമേ വിശക്കുന്നല്ലോ...
എന്റെ വിശപ്പ് മാറ്റേണമേ" എന്ന് പ്രാർഥിച്ചു.......
പക്ഷേ ഇപ്പോൾ അവനും പട്ടിണിയിലാണത്രെ..... ..

# പഞ്ച് ഡയലോഗുകൾക്ക് മാത്രമല്ല; നിലപാടുകൾക്ക് കൂടിയുള്ള കയ്യടിയാണ് സിനിമ

തയ്യാറാക്കിയത് :
**മുഹമ്മദ് ഹാദി**



**സംവിധായകനായും തിരക്കഥാകൃത്തായും ചുരുങ്ങിയ സമയത്തിനുള്ളിൽ മലയാള സിനിമയിൽ തന്റേതായ മുദ്ര പതിപ്പിച്ചയാളാണ് മുഹ്സിൻ പരാരി. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ജനനം. 2018ൽ മികച്ച തിരക്കഥാകൃത്തിനുള്ള സംസ്ഥാന അവാർഡ് പങ്കിട്ടു. ഷോർട്ട്ഫിലിമിലൂടെ സിനിമാരംഗത്തേക്ക് കടന്നുവന്ന മുഹ്സിൻ കെ.എൽ 10 പത്ത് എന്ന സിനിമ സംവിധാനം ചെയ്യുകയും വൈറസ്, സുഡാനി ഫ്രം നൈജീരിയ എന്നീ സിനിമകളുടെ തിരക്കഥകളിൽ പങ്കാളിയായി.**

*? സിനിമ എന്നു പറയുന്നത് തികച്ചും വ്യത്യസ്മായൊരു ലോകമാണ്. മലപ്പുറത്തുകാരനായ അല്ലെങ്കിൽ മലബാറിൽ ജനിച്ചു വളർന്ന താങ്കൾ ആ ലോകത്തേക്ക് കടന്നുവരാനുള്ള പ്രേരണ എന്തായിരുന്നു.*

ഒറ്റ വാക്കിൽ ഉത്തരം പറയുകയാണെങ്കിൽ തീർച്ചയായും സിനിമയോടുള്ള ഒരു ഇഷ്ടം തന്നെയാണ്. പിന്നെ മലപ്പുറത്ത് നിന്നും ആദ്യമായൊരാൾ എന്ന് പറയാൻ പറ്റില്ലല്ലോ! ഒരുപാട് പേർ വന്നിട്ടുണ്ട്. നിങ്ങൾ ഉദ്ദേശിക്കുന്നത് മുസ്ലിം സമുദായമാണെങ്കിൽ അവിടെ നിന്നും എത്രയോ പേർ ഈ സിനിമാ ലോകത്തേക്ക് വന്നിട്ടുണ്ട്. പിന്നെ എന്താണെന്നു വെച്ചാൽ ഞാൻ പഠിച്ച കോളേജിൽ നിന്നും ഒരു പക്ഷേ ആദ്യത്തെ സിനിമാക്കാരൻ ഞാനായിരിക്കും. അതും ഒരു പ്രത്യേകതയായി പറയാൻ പറ്റില്ല!

*?നമുക്കറിയാം സിനിമ എന്നത് വിനോദത്തിനപ്പുറം സമൂഹത്തിലേക്ക് ആശയം പ്രതിനിധാനം ചെയ്യുന്ന ഒന്നാണ്. താങ്കളുടെ സിനിമയിലൂടെ ഏതെങ്കിലും ഒരു സംസ്കാരത്തിന് ഊന്നൽ നൽകിക്കൊണ്ട് ചെയ്യാൻ ആഗ്രഹിച്ചിട്ടുണ്ടോ? അത് മലപ്പുറത്തിന്റെ ആവാം, മുസ്ലിം സംസ്കാരമാവാം.... അങ്ങനെ വല്ലതിനും പ്രാധാന്യം നൽകിയിട്ടുണ്ടോ.*

അതത്ര കൃത്യമായി പറയാൻ സാധിക്കില്ല. യഥാർഥത്തിൽ സിനിമ എന്നു പറയുന്നത് നമ്മളെ ത്രസിപ്പിക്കുന്ന ഒന്നാണ്. നമ്മളിലേ അല്ലെങ്കിൽ നമുക്കു ചുറ്റുമായോ അത്തരം ത്രസിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാവാം. അത് സിനിമയാക്കിയാൽ കൊള്ളാം എന്നും നമുക്ക് തോന്നുന്ന സന്ദർഭം ഉണ്ട്. എന്റെ കാര്യം പറയുകയാണെങ്കിൽ ഞാൻ പഠിച്ചത് അൽ ജാമിയ അൽ ഇസ്ലാമിയയിൽ ആണ്. അതുകൊണ്ട് തന്നെ ഞാൻ അതിലേക്ക് എത്തിപ്പെടാൻ ചില സാംസ്കാരികവും രാഷ്ട്രീയപരവുമായ കാര്യങ്ങൾ ഉണ്ടാവാം. എന്റെ ചുറ്റുവട്ടത്ത് കൂടുതലും മുസ്ലിം ജീവിതമാണ്. ഏറനാട്ടിലാണ് ഞാൻ ജീവിക്കുന്നത്. അപ്പോൾ അങ്ങനെയുള്ള ചുറ്റുവട്ടങ്ങളുടെ സ്വാധീനം തീർച്ചയായും ഉണ്ടാവും. അതിൽ നിന്നും സിനിമ ഉണ്ടാവുക എന്നത് വളരെ നൈസർഗികമായ ഒരു Creative Process ആണ്.

അങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന
ത് ഇവിടുത്തെ ഭൂപടത്തിൽ ഇതു
രെ അടയാളപ്പെടുത്താത്തതാണെ
ത് ചരിത്രപരമായി അന്വേഷിക്കേ
മറ്റൊരു കാര്യം ആണ്. നമ്മൾ ഒ
കാര്യം ചെയ്യുമ്പോൾ അതു രാഷ്ട്ര
പ്രസക്തമായ ചർച്ചയ്ക്ക് വിധേയ
മാകുന്നുവെങ്കിൽ അത് ഇവിടുത്തെ
Structure അല്ലെങ്കിൽ ഘടനയുടെ
പ്രത്യേകത കൂടിയാണ്. ??

*?രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞ*
*തുകൊണ്ട് ചോദിക്കട്ടെ, സർ കാ*
*സ് രാഷ്ട്രീയത്തിൽ സജീവമായിരു*
*ന്നോ.*

ഞാൻ പറഞ്ഞല്ലോ ഞാൻ പഠ
ത് ചെറിയൊരു കോളേജിൽ ആണ്
അവിടെ മുഖ്യധാര കാമ്പസ് രാഷ്ട്ര
യം ഇല്ല. ഒറ്റ സംഘടനയുടെ സാ
ന്നിധ്യം മാത്രമുള്ള സ്ഥലം. അതേ
സമയം സാംസ്കാരിക രാഷ്ട്രീയ
വുമായിട്ട് സജീവ ബന്ധമുള്ള ഒരു
കാമ്പസ് ആയിരുന്നു. എന്നിരുന്നാ
ലും പുറത്തുള്ള രാഷ്ട്രീയ കാര്യ
ങ്ങളിൽ ഇടപെട്ടിരുന്നു. ഞാൻ പഠി
ക്കുന്ന സമയത്താണ് പ്ലാച്ചിമട പ്രശ്
നം ഉണ്ടായിരുന്നത് ഞങ്ങൾ അതി
പങ്കെടുത്തിരുന്നു.

*?ഇതുവരെയുള്ള മലയാള സി*
*നിമകൾ പലതും മുസ്ലിം ഐഡന്റി*
*റ്റിയെ ക്ലീഷെ ആയിട്ടാണ് ചിത്രീക*
*രിക്കുന്നത്. അവയിലെല്ലാം മുസ്ലിം*
*സമുദായം ഭയങ്കര ഓർത്തഡോക്സ്*
*ആണ്. പെൺകുട്ടികൾ സ്വാതന്ത്ര്യം*
*കിട്ടാത്തവരാണ് അതു*
*പോലെ തന്നെ 'ഇസ്ലാമോഫോബി*
*ക് കണ്ടന്റ്" കൂടി പല സിനിമകളി*
*ലും കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. താ*
*ങ്കളുടെ സിനിമകളിൽ എപ്പോഴെങ്കി*
*ലും ഇത്തരത്തിലുള്ള കാഴ്ചപ്പാടു*
*കൾ മാറ്റിയെടുക്കണം എന്ന് തോന്നി*
*യിട്ടുണ്ടോ.*

പ്രധാനമായും ഇത്തരം സന്ദർ
ഭങ്ങളിൽ തന്റെ ആവിഷ്കാരങ്ങൾ
ഒരു പ്രതികരണമായി മാറുക എന്ന
ത് ഒരു കലാകാരനെ സംബന്ധിച്ചി
ടത്തോളം ഭയങ്കര പരിമിതി ആണ്.
ഇത്തരത്തിലുള്ള സന്ദർഭങ്ങളിലൂടെ
ഞങ്ങൾ കടന്നുപോയിട്ടുണ്ട്. അപ്പോ
ഴെല്ലാം Apologetic ആവാതിരിക്കുക
എന്നേ എനിക്ക് പറയാൻ കഴിയൂ.
എന്റെ എഴുത്തുകൾ ഒരിക്കലും ഒരു
പ്രതികരണം അല്ല. മറിച്ച് ക്രിയാത്മ
കമായ ഒരു സ്വതന്ത്ര ആവിഷ്കാ










രമായിരിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

*?വൈറസ് എന്ന സിനിമ വളരെ വിജയകരമായിരുന്നു. ഇത്തരത്തിൽ ഒരു യാഥാർത്ഥ്യത്തെ സ്ക്രീനിലേക്ക് കൊണ്ടുവരാനായി അതിന്റെ തിരക്കഥ എഴുതുന്ന സമയത്ത് ഒരുപാട് വിവരശേഖരണം ആവശ്യമായിട്ടുണ്ട്. അത്തരത്തിൽ ഉള്ള എന്തെല്ലാം വെല്ലുവിളികൾ ആണ് താങ്കൾ നേരിടേണ്ടി വന്നിട്ടുള്ളത്.*

എന്റെ കൂടെ സുഹാസും ഷറഫും ഉണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് ഒരു ടീം ആയിട്ടാണ് ഗവേഷണം ചെയ്തത്.

**"സിനിമയെ സംബന്ധിച്ച് അനുയോജ്യമായ രീതിയിൽ കഥ പറയുന്നതിന് വേണ്ടി കഥാപാത്രത്തെ രൂപപ്പെടുത്തുക എന്നതാണ് പ്രധാനം."**

*? ഏകദേശം എത്ര സമയമെടുത്ത ജോലിയായിരുന്നു ഈ തിരക്കഥാ രചനയും ഗവേഷണവും എന്നത്.*

തിരക്കഥയും റിസർച്ചും എന്നത് തികച്ചും സമാന്തരമായി ഒരുമിച്ച് നടന്നുകൊണ്ടിരിക്കുന്ന Process ആണ്. ഞങ്ങൾക്ക് ജൂൺ തൊട്ട് ഡിസംബർ വരെയാണ് സമയം ഉണ്ടായിരുന്നത്. ജനുവരിയിൽ ആണ് ഷൂട്ട് തുടങ്ങിയത്. ഷൂട്ടിന്റെ സമയത്തും റിസർച്ച് നടത്തേണ്ടി വന്നിട്ടുണ്ട്.

*? വൈറസ് എന്ന സിനിമയ്ക്കെതിരെ ചെറിയ രീതിയിൽ ഒരു വിമർശനം ഉയർന്നു വന്നിരുന്നു. ചിലർക്ക് താരപരിവേഷം നൽകി എന്നും യഥാർത്ഥ സംഭവത്തിൽ നിന്നും സിനിമയുടെ കഥ തെന്നിമാറി എന്നുമൊക്കെയായിരുന്നു അത്. സിനിമയുടെ തിരക്കഥാകൃത്ത് എന്ന നിലയിൽ ഈ പ്രസ്ഥാവനയെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കാമോ.*

ഞാൻ അതിനെ ഒരു വിമർശനമായിത്തന്നെ കണക്കാക്കാൻ താൽപര്യപ്പെടുന്നു. അതിനർത്ഥം അത് സ്വീകരിക്കുന്നു എന്നല്ല. ഒരു വിമർശനമായി തന്നെ അത് അവിടെ കിടന്നോട്ടെ.

*?സുഡാനി ഫ്രം നൈജീരിയ ഒരുപാട് അംഗീകാരങ്ങൾ നേടിയ ഒരു സിനിമ ആയിരുന്നു. സിനിമയുടെ തിരക്കഥാകൃത്ത് എന്ന നിലയ്ക്ക് ഈ സിനിമയിലൂടെ താങ്കൾ പറയാൻ ഉദ്ദേശിച്ച ഒരു ആശയം സമൂഹം ചർച്ച ചെയ്യാതെ പോയി എന്ന് തോന്നിയിട്ടുണ്ടോ.*

ഉ: അതെ, സുഡാനി ഫ്രം നൈജീരിയ എന്ന സിനിമ യഥാർഥത്തിൽ ഒരു ആശയം എന്നതിലുപരി ആളുകൾക്ക് കണ്ടിറങ്ങുമ്പോൾ സ്നേഹം തോന്നണം എന്നുള്ളതാണ്.

*?സുഡാനി ഫ്രം നൈജിരിയ എന്ന സിനിമയിലേക്ക് വരുമ്പോൾ എല്ലാ സിനിമകളിലും ഉള്ളതു പോലെ ഒരു കാമുകികാമുകൻ കൺസെപ്റ്റ് നമുക്ക് കാണാൻ കഴിയുന്നില്ല. മറിച്ച് അതിൽ ആവിഷ്കരിച്ചത് മലപ്പുറത്തിന്റെ തനിമയും ഫുട്ബോളുമായുള്ള ആത്മബന്ധവും ആണ്. എന്തുകൊണ്ടാണ് ഇതിൽ ഒരു നായികാ സങ്കൽപ്പം ഇല്ലാത്തത്.*

നായിക ഇല്ല എന്ന് പറയാൻ പറ്റില്ല. ആ രണ്ടു ഉമ്മമാർ തന്നെയാണ് നായികമാർ. ഒരിക്കലും ഫുട്ബോളിനെ പ്രണയിക്കുന്നത് കൊണ്ട് അയാൾക്ക് പ്രണയമില്ല എന്നൊരു അർത്ഥമില്ല. സിനിമയെ സംബന്ധിച്ച് അനുയോജ്യമായ രീതിയിൽ കഥ പറയുന്നതിന് വേണ്ടി കഥാപാത്രത്തെ രൂപപ്പെടുത്തുക എന്നതിനാണ് പ്രധാനം. അതിൽ അയാളുടെ പ്രായവും സാമൂഹിക സമ്മർദ്ദവും കാരണം അയാളുടെ കല്ല്യാണത്തെപ്പറ്റി ചോദ്യങ്ങൾ വന്നിട്ടും ഉണ്ട്. അഗാധമായി മറ്റൊന്നിനെ പ്രണയിക്കുന്ന ഒരാൾക്ക് പ്രണയം ഇല്ല എന്ന് പറയാൻ സാധിക്കില്ല.?

*?താങ്കളുടെ എഫ്.ബി.യിലേക്ക് വരുമ്പോൾ, അതിൽ ഒരു ട്രോൾ കാണാനിടയായി. ഏകഭാഷാ വാദത്തെക്കുറിച്ച് സൗബിനും ഷൈൻ നിഗവും ഉള്ള ഒന്നായിരുന്നു അത്. താങ്കൾ യഥാർത്ഥത്തിൽ ഏകഭാഷാ വാദത്തെ എതിർക്കുക അതായത് ഹിന്ദിയെ ഭാഷയാക്കുന്നതിനെ ഏതിർക്കുകയോണോ ചെയ്തത്.*

അതെ, ഞാൻ ആ ട്രോൾ ഇട്ടത് തീർച്ചയായും അതിനെ എതിർക്കുന്നതു കൊണ്ടുതന്നെയാണ്. ഞാൻ ഒരിക്കലും ഏകഭാഷ എന്ന ആശയത്തോട് യോജിക്കുന്നില്ല.

*? എപ്പോഴെങ്കിലും താങ്കളുടെ തിരക്കഥയിൽ കത്രിക വയ്ക്കേണ്ടി വന്നിട്ടുണ്ടോ? അതായത് ഡയറക്ടേഴ്സിന്റെ ഇടപെടലുകളിലൂന്നി.*

ഇല്ല. നമ്മൾ ചർച്ചചെയ്തിട്ടാണ് യഥാർത്ഥത്തിൽ തീരുമാനിക്കുന്നത്. ചിലപ്പോൾ ഡയറക്ടറുടെ അഭിപ്രായത്തോട് നമ്മൾ എഴുത്തുകാർക്ക് വിസമ്മതം ഉണ്ടാവാം. നേരെ തിരിച്ചും സംഭവിക്കാം. അതു തികച്ചും സ്വാഭാവികമായ ഒരു പ്രക്രിയ ആണ്.

*? വൈറസ് സിനിമയ്ക്കെതിരെ ഒരു ആക്ഷേപം ഉയർന്നു വന്നിരുന്നു സിവിൽ സർവ്വീസ് മേഖലയിൽ നിന്ന്. അതായത് അന്നത്തെ ജില്ലാ കലക്ടർ യു.വി. ജോസ് ആയിരുന്നു. നടൻ ടൊവിനോ തോമസ് ആണ് കളക്ടറായി അഭിനയിച്ചിരിക്കുന്നത്. പലരും പറഞ്ഞത് കഷണ്ടി ഉള്ള ഒരു ആളാണ് ആ റോൾ അഭിനയിച്ചിരുന്നെങ്കിൽ ഒന്നൂടെ ആ കഥാപാത്രത്തോട് നീതി പുലർത്താൻ സാധിക്കുമായിരുന്ന എന്നാണ്. ചോദ്യം ഇതാണ്, ഒരു തിരക്കഥ എഴുതുമ്പോൾ തന്നെ ഈ കഥാപാത്രം ഇയാൾ ചെയ്താൽ നന്നായിരി*
*എന്ന ഒരു തോന്നൽ വരാറുണ്ടേ*

ഇല്ല. വൈറസ് എന്ന സിന
ഞങ്ങൾ ഒരു Project ആയി എ
സിനിമയാണ്. താരങ്ങൾക്ക് അ
യോജ്യമായ വേഷങ്ങൾ നൽക
എന്നതു തന്നെയാണ് ചെയ്ത
ത്. റിയൽലൈഫ് കഥാപാത്ര
ളുമായി സാമ്യപ്പെടുത്തേണ്ടതി
എന്ന് ഞങ്ങൾ തീരുമാനിച്ചിരു
കാരണം വ്യക്തിപരമായ ഒരാ
അതുപോലെ പകർത്തുക എ
തിൽ നമുക്ക് പരിമിതികൾ ഉ
അങ്ങനെ ചെയ്യുമ്പോൾ നമുക
അയാളുടെ Weak Side ഉം കാ
ണ്ടതായി വരും. അങ്ങനെ വ
അത് വ്യക്തിയെ ബാധിക്കുന്ന
ണ്.

*?ഫുട്ബോൾ എലമെന്റ് ഉ*
*ന്നു സിനിമകളിലും കൊണ്ടു*
*ശ്രമിച്ചു. ഇഷ്ടമാണോ ഫുട്ബേ*

ആ സീൻ (വൈറസ്) എ
തുന്ന സമയത്ത് ഞങ്ങൾ ഒരു

**റിയൽലൈഫ് കഥാപാത്രങ്ങളുമായി സാമ്യപ്പെടുത്തേണ്ടതില്ല**
**ഞങ്ങൾ തീരുമാനിച്ചിരുന്നു. കാരണം വ്യക്തിപരമായ ഒ**
**അതുപോലെ പകർത്തുക എന്നതിൽ നമുക്ക് പരിമിതികൾ**
**അങ്ങനെ ചെയ്യുമ്പോൾ നമുക്ക് അയാളുടെ വീക്ക്സൈഡ**
**ണിക്കേണ്ടതായി വരും.**





**ആദ്യമായി സിനിമയിൽ എനിക്കുണ്ടായ ബന്ധം എന്നു പറയുന്നത് ആഷിഖ് അബുവുമായിട്ടാണ്. പിന്നീട് 3 വർഷം ഞങ്ങൾ കാണുമ്പോൾ ചിരിക്കുന്ന ബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാരണം നമ്മൾ വർക്കിന്റെ സ്പെയ്സിലേക്ക് മാറുമ്പോൾ കാണാൻ സാധിക്കാറില്ല.**

ചർച്ച ചെയ്തിട്ടുണ്ട്. ആബിദും സുഹൃത്തുക്കളും അവരുടെ ദൈനംദിന ജീവിതത്തിൽ സന്തോഷവാന്മാരായിരിക്കുന്ന ഒരു സന്ദർഭത്തിൽ കഥ ആരംഭിക്കണം എന്നാണ് ആഗ്രഹിച്ചത്. ഫുട്ബോൾ എന്നത് ആദ്യമേ മനസിൽ വന്നിരുന്നു. അങ്ങനെ ആഷിക് അബുവിനോട് ഇക്കാര്യം സൂചിപ്പിക്കുകയാണ് ഉണ്ടായത്. സംവിധായകൻ എന്ന നിലക്ക് അദ്ദേഹത്തിനും അത് ഉചിതമായി തോന്നി.

*? വൈറസ് എന്ന സിനിമയിലേക്ക് വരുമ്പോൾ, പൊതുവെ ഡോക്ടർമാർ എന്നു പറയുമ്പോൾ അവരെ ചിത്രീകരിക്കുക വളരെ ശാന്തമായ, ജോലിയിൽ മുഴുകി പ്രണയമില്ലാത്ത, വിനോദമില്ലാത്ത ആളുകളായാണ് ചിത്രീകരിക്കാറുള്ളത്. എന്നാൽ ഈ സിനിമയിൽ ഡോക്ടർ റൊമാന്റിക് ആണ്. അദ്ദേഹത്തിന് പ്രണയമുണ്ട്. ഇതെല്ലാം മനപൂർവ്വം ചെയ്തതാണോ? അതുമാത്രവുമല്ല ലിനി എന്ന നഴ്സ് തന്റെ ഭർത്താവിനോട് കുറച്ച് റൊമാന്റിക് ആയി സംസാരിക്കുന്ന Feel പോലും കൊണ്ടു വന്നിട്ടുണ്ട്. ഇതിലൂടെ താങ്കൾ ഉദ്ദേശിച്ചത് ഏത് Profession ആണെങ്കിലും മനുഷ്യൻ എന്ന രീതിയിൽ അവന് വികാരവും വിചാരവും ഉണ്ടാവും എന്നത് അംഗീകരിക്കണം എന്ന Message ആണോ.*

അതെ, അവരും സാധാരണ മനുഷ്യരാണ് എന്ന് കാണിക്കാൻ തന്നെയാണ്. പിന്നെ ഡോക്ടർമാർ എന്നല്ല ആരായാലും യന്ത്രങ്ങളെപ്പോലെ അല്ല പ്രവർത്തിക്കുന്നത് എന്നതാണ് സത്യം.

*? KL 10 എന്ന സിനിമയിൽ നിന്ന് സുഡാനിയിലേക്ക് വരുമ്പോൾ ആ ഒരു കാലഘട്ടങ്ങളിൽ താങ്കൾ പഠിച്ച പാഠങ്ങൾ എന്തെല്ലാമാണ്.*

ഒരു Script Writer എന്ന നിലയ്ക്ക് ഒരുപാട് വെല്ലുവിളികൾ എനിക്ക് ഉണ്ടായിട്ടുണ്ട്. എനിക്ക് Judgemental പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ ശേഷം ഞാൻ എഴുതിയ തിരക്കഥകൾ എന്നു പറയുന്നത് നോവലിൽ നിന്നോ നരേറ്റീവിൽ നിന്നോ ഒക്കെ ആണ്. അതിനു ശേഷം ഷമീർ താഹിർ, ഷൈജു ഖാലിദ് സ്കൂളിലേക്ക് പോകുകയും തല്ലുമാല എന്ന പദ്ധതി അവിടെ വച്ച് ഉണ്ടാകുകയും ചെയ്തു. അവരുടെ കൂടെ ഒരു Script കളരി എനിക്കുണ്ടായിരുന്നു. കാരണം തല്ലുമാലയുടെ തിരക്കഥ ഞാൻ ഒരു പത്തോ പന്ത്രണ്ടോ തവണ മാറ്റി എഴുതിയിട്ടുണ്ട്. അതിനു ശേഷം ആണ് സുഡാനി എഴുതുന്നത്.

*?ആഷിഖ് അബുവുമായുള്ള ബന്ധം തുടങ്ങുന്നത് എന്നുമുതലാണ്.*

ആദ്യമായി സിനിമയിൽ എനിക്കുണ്ടായ ബന്ധം എന്നു പറയുന്നത് ആഷിഖ് അബുവുമായിട്ടാണ്. പിന്നീട് 3 വർഷം ഞങ്ങൾ കാണുമ്പോൾ ചിരിക്കുന്ന ബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാരണം നമ്മൾ Work ന്റെ Space ലേക്ക് മാറുമ്പോൾ കാണാൻ സാധിക്കാറില്ല. പിന്നെ ഞങ്ങൾ ഒരു ബിൽഡിംഗിൽ തന്നെയുള്ള ഫ്ളാറ്റുകളിൽ ആയിരുന്നു താമസിച്ചത്. ആ സമയത്ത് വീണ്ടും കാണുകയും പുതിയ പദ്ധതികൾ ഉണ്ടാകുകയും ചെയ്തു.

*?ഫാസിസം കലാ രംഗത്തേക്ക് കടന്നു വരുന്നു എന്ന പറയുന്നു. താങ്കളുടെ സിനിമകളിൽ ഈ*



*സെൻസർ ബോർഡ് എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്? അതായത് അവ എത്രമാത്രം നമ്മുടെ ആവിഷ്കാരങ്ങളെ കത്രിക വച്ച് കളയുന്നുണ്ട്.*

എന്റെ സിനിമകളിൽ ഇതുവരെ സെൻസർ ബോർഡിന്റെ ഇടപെടൽ അങ്ങനെ വന്നിട്ടില്ല.

*? പൊതുവെ നോക്കുവാണേൽ സാമൂഹികപരമായി ജീവിക്കുന്ന ഒരു പൗരൻ എന്ന നിലയിൽ എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ സെൻസർ ബോർഡ് ഭരണകൂടത്തിനെതിരെയുള്ള രംഗങ്ങൾ മനപൂർവ്വം കട്ട് ചെയ്യുന്നതായിട്ട്*

ഭരണകൂടം *സെൻസർ ചെയ്യാൻ* ഒരുങ്ങിയിരിക്കുന്നു എന്നതിനേക്കാൾ അപകടകരമായ കാര്യം പൊതുബോധം *സെൻസർ ചെയ്യാൻ* ഇരിക്കുന്നു എന്നതാണ്. പൊതുബോധത്തിന് സ്വീകാര്യതയുടെയും അസ്വീകാര്യതയുടെയും Condition ഉണ്ട്. ആ Condition കൾക്ക് വശംവതരായി creator നടത്തുന്ന വിട്ടുവീഴ്ചകളാണ് ഏറ്റവും വലിയ ഫാസിസമായി ഞാൻ കണക്കാക്കുന്നത്. Mass sPychology എന്നതിനകത്താണ് ഫാസിസം നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ ഭരണകൂടം തന്റെ മേലെ അധികാരത്തോടെ നടത്തുന്ന കൈകടത്തലുകളേക്കാൾ കൂടുതൽ ആയി ഉള്ളത് പരോക്ഷമായി പൊതുബോധം ഒരു സൃഷ്ടാവിന്റെ മേലെ നടത്തുന്ന ഇടപെടലുകളാണ്. അത് വ്യക്തമായി നമുക്ക് കാണാൻ കഴിയുന്ന ഒന്നല്ല.

*?എന്റെ സൃഷ്ടികൊണ്ട് പൊതുബോധത്തെ തൃപ്തിപ്പെടുത്താൻ സാധിക്കില്ല, എന്നാൽ എനിക്കിത് കൊണ്ടുവരികയും വേണം. എപ്പോഴെങ്കിലും ഇങ്ങനെയുള്ള വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ടോ.*

പുറമെ ഇല്ല എന്ന് പറയാൻ പറ്റില്ല. വ്യക്തിപരമായി ഞാൻ unapologetic ആവാൻ ശ്രമിക്കുന്ന ഒരാളാണ്. പരമാവധി Courageous ആയി എഴുതാൻ ആണ് ശ്രമിച്ചിട്ടുള്ളത്. പക്ഷേ സുഡാനി ഫ്രം നൈ
രിയ എഴുതുന്ന സമയത്ത് നല്ല
ടി ഉണ്ടായിരുന്നു. എത്രമാത്രം ന
ക്ക് Authentic ആവാൻ സാധിക്കു
എന്നാലോചിച്ചായിരുന്നു ആ ഭയ
ആ സിനിമയിൽ പള്ളിയിൽ പോ
നിസ്കരിക്കുന്ന ഒരു രംഗം ചിത്രീ
രിക്കാം എന്ന് വന്നപ്പോൾ ആളുക
എങ്ങനെയാണ് അത് സ്വീകാര്യത
യിലേക്ക് എടുക്കുക എന്നാലോച
ച്ച് ഭയം ഉണ്ടായിരുന്നു. പിൻകാല
ത്ത് ഞാൻ ശരിക്കും ചിന്തിച്ചിരുന്ന
ട്ടുള്ള ഒരു കാര്യമാണത്.

*?ആ സിനിമയിൽ രണ്ടു ഉമ്മമാ
രും പർദ്ദ ഇട്ടുകൊണ്ടാണ് പ്രവേശ
ക്കുന്നത്. ഇന്നത്തെ കാലത്ത് ഏ
ചർച്ചചെയ്യപ്പെടുന്ന സംഭവമാണ്
ർദ്ദ. Steretoype ആയി നമ്മൾ കണ്ടു
വരുന്ന കാര്യമാണ് പ്രായമായ സ്
ത്രീകൾ കാശിത്തുണി, തട്ടം ഒക്കെ
ധരിക്കുന്നത്. ഇതിൽ നിന്നൊക്കെ
വ്യത്യസ്തമായി ഉമ്മമാരെ ചിത്രീ
കരിച്ചപ്പോൾ അതായത് എഴുതുന്ന*



**ഭരണകൂടം സെൻസർ ചെയ്യാൻ ഒരുങ്ങിയിരിക്കുന്നു എന്നതിനേക്കാൾ അപകടകരമായ കാര്യം പൊതുബോധം സെൻസർ ചെയ്യാൻ ഇരിക്കുന്നു എന്നതാണ്. പൊതുബോധത്തിന് സ്വീകാര്യതയുടെയും അസ്വീകാര്യതയുടെയു കണ്ടീഷനുണ്ട്.**

*സമയത്ത് ഇങ്ങനൊരു വേഷം തന്നെ വേണമായിരുന്നു എന്ന് തോന്നിയിട്ടുണ്ടോ.*

നമ്മൾ ഒരു കഥാപാത്രത്തെ കഥാപാത്രമായി എടുത്തു കഴിഞ്ഞാൽ തീർച്ചയായും അയാൾക്ക് അനുയോജ്യമായ അല്ലെങ്കിൽ അയാൾ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ തന്നെയാണ് Select ചെയ്യുന്നത്. ഒരു Police കാരൻ ഇടുന്നത് Police Dress അല്ലേ! അതിന് പ്രത്യേകിച്ച് Plans ന്റെ ആവശ്യമില്ലല്ലോ! അതുപോലെ പർദ്ദ ഇടുന്ന ആളുകളെ അങ്ങനെ തന്നെ കാണിക്കണമല്ലോ.

*? സിനിമാക്കാർ പറയുന്ന ഒരു കാര്യമാണ് 'ഞങ്ങൾ സമൂഹത്തെ കണ്ടിട്ടാണ് സിനിമ എടുക്കുന്നതെന്ന്' എന്നാൽ സമൂഹം പറയുന്നത് സമൂഹം കേടായിപോകുന്നത് സിനിമ കണ്ടിട്ടാണെന്നാണ്. ഇവ രണ്ടും തമ്മിലുള്ള ഒരു വൈരുദ്ധ്യം എന്താണ്.*

ഈ രണ്ടു പ്രസ്താവനകളും തമ്മിൽ Reflect ചെയ്യുന്നുണ്ടാവാം.

*?ഫാസിസത്തെ പ്രതിരോധിക്കാൻ മലയാള സിനിമക്ക് സാധിക്കുന്നുണ്ടോ? (ഒരു സീനിലെങ്കിലും).*

മലയാള സിനിമ എടുത്തു നോക്കിയാൽ വാണിജ്യ സിനിമകളിലെല്ലാം Political Expression ഇപ്പോഴും സാധ്യമാവുന്നുണ്ട്. Film Makers തന്നെ Politically അവരുടെ Opinion പറയുന്ന സാഹചര്യം ഇന്ന് ഇവിടുണ്ട്. പിന്നെ ഫാസിസം എന്നത് നമ്മുടെ ധാരണയിൽ ഒരു Political Patry യോ ഒരു Sructural Aspect ഓ അല്ല. മറിച്ച് അതൊരു ബോധമാണ്. ഈ സവർണാധിപത്യം എന്നൊക്കെ പറയുന്നത് യഥാർത്ഥത്തിൽ നിലകൊള്ളുന്നത് ഇത്തരം ബോധത്തിലാണ്. Film makers നെ സംബന്ധിച്ചിടത്തോളം അവരുടെ കലാപം എന്നു പറയുന്നത് Unlearning ലൂടെ ആയിരിക്കും. ഒരു Film Maker ഉടെ സിനിമയുടെ ആദ്യത്തെ Critic അയാൾ തന്നെ ആയിരിക്കും. അയാൾ അയാളോട് തന്നെ സമരം ചെയ്യുന്നു. അയാൾ അയാളുടെ ഉള്ളിലുള്ള ബോധത്തിനോടു തന്നെ സമരം ചെയ്യുമ്പോൾ ആ Cinema Political ആവുന്നു.

*? Campus ലെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ Cinema കൾക്ക് എന്തെങ്കിലും പങ്കുണ്ടോ? പ്രത്യേകിച്ച് പ്രേമം എന്ന സിനിമ അധ്യാപകർക്കിടയിൽ ഒക്കെ ചർച്ചാ വിഷയമായതാണ്. ഇതിനെക്കുറിച്ച് എന്താണഭിപ്രായം.*

ആളുകളുടെ Fantacy ഒക്കെ രൂപീകരിക്കുന്നതിൽ Cinema ക്ക്







**മലയാള സിനിമ മാത്രമല്ലല്ലോ പാട്രിയാർക്കൽ. മൊത്തത്തിൽ നമ്മൾ ഒരു പാട്രിയാർക്കൽ കമ്മ്യൂണിറ്റിയിൽ ജീവിക്കുന്നവർ ആണല്ലോ. അപ്പോൾ ഇവിടുള്ളതെല്ലാം പാട്രിയാർക്കൽ ആവുന്ന കൂട്ടത്തിൽ സിനിമാ സ്ട്രക്ചറും അങ്ങനെ ആവുന്നു.**

പങ്കുണ്ട്. സിനിമയ്ക്ക് മാത്രമല്ല മറിച്ച് മറ്റെല്ലാ Visual Media ക്കും റോൾ ഉണ്ട്. സാഹിത്യവും ഇതിൽ ഉൾപ്പെടുന്നു.

*?ആൽബത്തിലൂടെ ശ്രദ്ധ നേടിയാണ് സിനിമയിലേക്ക് വന്നത്. ആ ഒരു സമയത്ത് സിനിമാ ലോകത്തെക്കുറിച്ച് ധാരണകൾ ഉണ്ടായിരുന്നോ.*

2013ൽ ആണ് ഞാൻ ആദ്യമായി സിനിമാ ലോകത്തേക്ക് വരുന്നത്. അന്ന് അമൽ നീരദിന്റെ പ്രൊഡക്ഷനിൽ *5 സുന്ദരികൾ* നടക്കുന്ന സമയമാണ് ആഷിഖ് അബുവിന്റെ അടുത്ത് ഞാൻ എത്തുന്നത്. ആ സ്ഥലം എന്നു പറയുന്നത് സിനിമയെക്കുറിച്ചുള്ള ആലോചനകൾക്ക് സാധ്യത ഉള്ള സ്ഥലമായിരുന്നു.

*?മലയാള സിനിമയ്ക്ക് പൊതുവെ കേൾക്കുന്ന ഒരു ആരോപണമാണ് ഭയങ്കര പാട്രിയാർക്കൽ ആണെന്നുള്ളത്. ഈ ആരോപണത്തെ എങ്ങനെ നോക്കിക്കാണുന്നു.*

മലയാള സിനിമ മാത്രമല്ലല്ലോ പാട്രിയാർക്കൽ. മൊത്തത്തിൽ നമ്മൾ ഒരു പാട്രിയാർക്കൽ കമ്മ്യൂണിറ്റിയിൽ ജീവിക്കുന്നവർ ആണല്ലോ. അപ്പോൾ ഇവിടുള്ളതെല്ലാം പാട്രിയാർക്കൽ ആവുന്ന കൂട്ടത്തിൽ സിനിമാ സ്ട്രക്ചറും അങ്ങനെ ആവുന്നു.

*?വിവാദങ്ങൾ ഉണ്ടാക്കി ശ്രദ്ധ നേടുക എന്നതാണ് ഇപ്പോഴത്തെ ട്രെൻഡ്. യോജിക്കുന്നുണ്ടോ ഈ പ്രസ്താവനയോട്.*

എനിക്കറിയില്ല ആ ട്രൻഡിനെക്കുറിച്ച്. ഞാൻ അതിനോട് യോജിക്കുന്നുമില്ല. മനപൂർവ്വം വിവാദങ്ങൾ ഉണ്ടാക്കാനായി ആരെങ്കിലും ഉദ്ദേശിക്കുന്നതായും ഞാൻ വിശ്വസിക്കുന്നില്ല.

*?മലപ്പുറം ജില്ലയെ പാകിസ്താൻ എന്നൊക്കെ വിളിക്കുന്ന സമയത്താണ് സുഡാനി ഫ്രം നൈജിരിയ എന്ന സിനിമ വരുന്നത്. ഈ ഒരു വാദത്തെക്കുറിച്ച് തിരക്കഥയെഴുതുമ്പോൾ ചിന്തിച്ചിരുന്നോ.*

മുകളിൽ നമ്മൾ ഇവയ്ക്കൊക്കെ ഉത്തരം പറഞ്ഞ് കഴിഞ്ഞതാണ്.

*?സക്കറിയയെ എങ്ങനെയാണ് പരിചയം.*

സക്കറിയയുടെ ഷോർട്ട്ഫിലിം ഞാൻ കാണുവാനിടയായി. അങ്ങനെയാണ് ഞങ്ങൾ പരിചയപ്പെടുന്നത്. സിനിമയെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ ആ ബന്ധം സഹായിച്ചിട്ടുണ്ട്. എന്റെ ആദ്യ ഷോർട്ട്ഫിലിം എഴുതുമ്പോൾ ഞാൻ സക്കറിയയോട് അഭിപ്രായം ചോദിച്ചിരുന്നു.

*?യാത്രകൾ ഇഷ്ടമാണോ? യാത്രകൾ എപ്പോഴെങ്കിലും താങ്കളുടെ സിനിമകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോ? സുഡാനി ഫ്രം നൈജീരിയ എന്ന പേരിൽ നമുക്കത് കാണാൻ സാധിക്കുന്നു.*

യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരുമില്ല.

*?അവസാനമായൊരു ചോദ്യം കൂടി ചോദിക്കട്ടെ. ഈ കാമ്പസ് രാഷ്ട്രീയത്തിൽ, അതുപോലെ കല, കായികം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളോട് ഒരു വേദി കിട്ടിയാൽ പറയണമെന്ന് തോന്നിയ കാര്യങ്ങൾ എന്തൊക്കെയാണ്.*

ഞാൻ പൊതുവെ ഉപദേശിക്കുന്ന ഒരാളല്ല. പക്ഷേ പലപ്പോഴും വൈവിധ്യങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ കണ്ടിട്ടുണ്ട്. അത് അപകടകരമാണ്. വ്യത്യസ്തതകളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു രാഷ്ട്രീയ സ്പേസ് ആയിട്ട് നമുക്ക് എല്ലാ സാമൂഹ്യ ഇടങ്ങളെയും മാറ്റാൻ കഴിയേണ്ടതുണ്ട് എന്നതാണ് കാമ്പസുകളോട് പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം.

# ചരിത്രവും ചതിത്രവും

സിറാജ്
എക്ണോമിക്സ്, മൂന്നാം വർഷം

**'History is a set of lies agreed upon'**

Nepoleon Bonaparte

ഇലക്ഷനുമുമ്പ് ഇന്ത്യ പറയുന്ന വലിയൊരു പ്രതിഭാസമാണ് 'ബയോപ്പിക്കുകൾ'. വർത്തമാനകാലത്തിൽ കാവിയ്ക്കും നീലയ്ക്കും പച്ചയ്ക്കും ചുവപ്പിനും നിലനിന്നുപോവണമെങ്കിൽ അഞ്ചുവർഷത്തിലൊരിക്കൽ നടക്കുന്ന പ്രഹസനത്തിനു വിധേയരാവേണ്ടി വരും. പോസ്റ്ററുകൾക്കും കവലപ്രസംഗത്തിനുമപ്പുറം ഇന്ത്യൻ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന വലിയൊരു മാധ്യമമാണ് സിനിമ. സിനിമകൾ പലപ്പോഴും അവരവരുടെ സംഘടനകൾക്ക് വോട്ട് വർദ്ധിപ്പിക്കാൻ വലിയൊരു കാരണമാകുന്നു. 2018 ഏപ്രിൽ 14 നു മലയാളത്തിൽ ഒരു ബയോപ്പിക്ക് രുചിയുള്ള സിനിമ ഇറങ്ങുകയുണ്ടായി. ശ്രീഗോകുലം മൂവീസിന്റെ ബാനറിൽ നവാഗതനായ രതീഷ് അമ്പാട്ട് മുരളിഗോപിയുടെ തിരക്കഥയിൽ ദിലീപിനെ നായകനാക്കി ('വില്ലൻ' എന്നും പറയാം) (കഥാസാരം) സംവിധാനം ചെയ്ത സിനിമയാണ് 'കമ്മാരസംഭവം'. കമ്മാരസംഭവം പറയുന്ന രാഷ്ട്രീയം വളരെ വലുതാണ്. സമകാലിക ഇന്ത്യൻ രാഷ്ട്രീയപാർട്ടികളുടെയും നേതാക്കന്മാരുടെയും ഭൂതകാലത്തിനും ഭാവികാലത്തിനും കമ്മാരൻ പറഞ്ഞ സത്യം നന്നേ കൊണ്ടു. കാരണം തിരഞ്ഞെടുപ്പ് സമയമാവുമ്പോൾ ഇന്ത്യയുടെ രാഷ്ട്രീയാവസ്ഥകൾ ഭരണവ്യവസ്ഥയിലും ചലനം സൃഷ്ടിക്കും. അതുകൊണ്ടാണ് ഇലക്ഷനുകൾക്ക് തൊട്ടുമുമ്പ് 'കമ്മാരനെ'പോലെ ചരിത്രവും ചതിത്രവും സിനിമയാക്കപ്പെടുന്നത്.

രാഷ്ട്രീയപാർട്ടികൾ തിരഞ്ഞെടുപ്പ് മുമ്പിൽ കണ്ടുകൊണ്ട് അവരുടെ രാഷ്ട്രീയ നേതാവിന്റെയോ പാർട്ടിയുടെയോ സിനിമകൾ അണിയറയിൽ ഒരുക്കുകയും ജനങ്ങളിലേക്ക് അവ












രുടെ ആദർശം ആവേശമായി വെറും രണ്ടോ മൂന്നോ മണിക്കൂറുകൾ കൊണ്ട് എത്തിക്കുകയും ചെയ്യുന്നു. ചരിത്രത്തെയും അവസരവാദപരമായി അതിനെ രാഷ്ട്രീയ ആയുധമാക്കുന്ന രാഷ്ട്രീയ സ്വാർഥമതികളെയും 'ചരിത്രാതിഷ്ഠിതം' എന്നു പേരു നൽകി വിൽക്കപ്പെടുന്ന കപട ബയോപ്പിക്കുകളേയും യഥാക്രമം, സറ്റയറിലൂടേയും സർക്കാസത്തിലൂടേയും സ്പൂഫിലൂടേയും നോക്കിക്കാണുന്ന ഒരു സിനിമയാണ് കമ്മാരസംഭവം. തിരഞ്ഞെടുപ്പുകൾക്ക് മുമ്പിൽ ഇറങ്ങുന്ന കപട ബയോപ്പിക്കുകളെ തുരത്തി ഓടിപ്പിക്കുന്ന സർക്കാസമാണ് കമ്മാരന്റേത്. സിനിമ പറയുന്നതും അതുതന്നെയാണ്. ചരിത്രം ചരിത്രമാകുന്നതാണ് സിനിമ.

*“ചരിത്രം വളച്ചവർക്ക് സമർപ്പിതം,*

*ഒടിച്ചവർക്ക് സമർപ്പിതം*

*വളച്ചൊടിച്ചവർക്ക് സമർപ്പിതം”*

**വോട്ടും ഭരണവും മുന്നിൽ കണ്ടുകൊണ്ട് മാത്രമാണ് ഇത്തരം സിനിമകൾ ഇലക്ഷനുകൾക്ക് തൊട്ടുമുമ്പ് ഇറക്കുന്നത്. സിനിമ എന്ന മാധ്യമം ചരിത്രാധിഷ്ഠിതമായും കപട ബയോപ്പിക്കുകളായും ഇറക്കപ്പെടുമ്പോൾ വോട്ടുകളും രാഷ്ട്രീയ ധ്രുവീകരണങ്ങളും മാത്രമാണ് ഇവയുടെ ലക്ഷ്യം.**

ഇനി കമ്മാരനെ ഇന്ത്യൻ രാഷ്ട്രീയത്തിനോടും തിരഞ്ഞെടുപ്പിനോടും കൂട്ടിക്കലർത്തി നോക്കാം. 2019 ലെ ലോകസഭാ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് ഇത്തരം ബയോപ്പിക്കുകൾ ഇന്ത്യൻ സിനിമകളും പറഞ്ഞിരുന്നു. അതിൽ ചരിത്രവും ചതിത്രവും വേർതിരിച്ചു കാണാൻ പ്രേക്ഷകനു കഴിയണം. YSR കോൺഗ്രസ്സിന്റെ ചരിത്രം പറഞ്ഞ യാത്ര, പ്രധാനമന്ത്രിയുടെ നാമത്തിൽ ഇറങ്ങിയ PM നരേന്ദ്രമോദി, ദി ആക്സിഡന്റൽ പ്രൈം മിനിസ്റ്റർ, NTR താക്കറെ, URI, തുടങ്ങി ഒരുപാട് സിനിമകൾ ഇലക്ഷനുകൾക്ക് തൊട്ടുമുമ്പ് ഇറങ്ങിയിരുന്നു. വോട്ടും ഭരണവും മുന്നിൽ കണ്ടുകൊണ്ട് മാത്രമാണ് ഇത്തരം സിനിമകൾ ഇലക്ഷനുകൾക്ക് തൊട്ടുമുമ്പ് ഇറക്കുന്നത്. സിനിമ എന്ന മാധ്യമം ചരിത്രാധിഷ്ഠിതമായും കപട ബയോപ്പിക്കുകളായും ഇറക്കപ്പെടുമ്പോൾ വോട്ടുകളും രാഷ്ട്രീയ ധ്രുവീകരണങ്ങളും മാത്രമാണ് ഇവയുടെ ലക്ഷ്യം. 2019 തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി ആദർശരാഷ്ട്രീയത്തെ സിനിമയുമായി കൂട്ടിക്കലർത്തി വിൽക്കുന്ന ബയോപ്പിക്കാണ് നമ്മൾ കണ്ടത്. PM എന്ന സിനിമ പറയുന്ന രാഷ്ട്രീയം ഏതുമാവട്ടെ, അതിന്റെ അടിസ്ഥാനലക്ഷ്യം അത് വോട്ട് മാത്രമാണ്. അതുകൊണ്ട് തന്നെ ഇലക്ഷൻ കമ്മീഷന് ആ സിനിമയുടെ റിലീസിംഗ് ബാൻ ചെയ്യേണ്ടിവന്നു. ദി ആക്സിഡന്റൽ പ്രൈം മിനിസ്റ്റർ എന്ന സിനിമ ഒരർത്ഥത്തിൽ ബയോപ്പിക്കിനെതിരെ സഞ്ചരിച്ച ഒന്നായിരുന്നു. എതിർ ചേരിയിൽ ഉള്ളവർ എതിർചേരിയിലെ നേതാവിനെ കാണിച്ച ബയോപ്പിക്ക് മാത്രമായിരുന്നു ദി ആക്സിഡന്റൽ പ്രൈം മിനിസ്റ്റർ, YSR കോൺഗ്രസിന്റെ യാത്രയും അതു തന്നെയാണ് പറഞ്ഞത്. യഥാർത്ഥത്തിൽ ലോകസഭാ ഇലക്ഷനിൽ YSR കോൺഗ്രസ് ഉജ്ജ്വല വിജയം തന്നെ കൈവരിച്ചു, എന്നത് ബയോപ്പിക്കിന്റെ വലിയൊരു എഫക്ട് തന്നെയാണ്. URIഉം പറഞ്ഞത് അതുതയൊണ്. NTR താക്കറെയുടെ ചരിത്രം പറയുന്ന താക്കറെ എന്ന മൂവിയും ബയോപ്പിക്ക് പ്രതിഭാസത്തിലെ കണ്ണികൾ മാത്രമാണ്.

**ചരിത്രത്തെയും അവസരവാദപരമായി അതിനെ രാഷ്ട്രീയ ആയുധമാക്കുന്ന രാഷ്ട്രീയ സ്വാർത്ഥമതികളെയും 'ചരിത്രാതിഷ്ഠിതം' എന്നു പേരു നൽകി വിൽക്കപ്പെടുന്ന കപട ബയോപ്പിക്കുകളേയും യഥാക്രമം, സറ്റയറിലൂടേയും സർക്കാസത്തിലൂടേയും സ്പൂഫിലൂടേയും നോക്കിക്കാണുന്ന ഒരു സിനിമയാണ് കമ്മാരസംഭവം.**




ഇതിൽ ചരിത്രം ചരിത്രമായി തന്നെ നിലനിൽക്കണം, ചതിത്രം ചതിത്രമായും കമ്മാരൻ പറഞ്ഞ പോലെ. ചരിത്രം ഒന്നും അവയുടെ ബയോപ്പിക്ക് മറ്റൊന്നുമാവുമ്പോൾ കബളിക്കപ്പെടുന്നത് ജനങ്ങൾ മാത്രമാണ്. കമ്മാരൻ പറഞ്ഞതിന്റെ കാമ്പ് സമൂഹത്തിന് ബോധ്യമാവുമ്പോൾ ഇനി കപട ബയോപ്പിക്കുകൾക്ക് സ്ഥാനം ചവറ്റുകൊട്ടയിൽ മാത്രമാണ്.

തിരഞ്ഞെടുപ്പു കാലത്തെ വലിയൊരു പ്രതിഭാസമായി ഇത്തരം ബയോപ്പിക്ക് മാറിക്കഴിഞ്ഞു. അവയെ കീറിമുറിക്കുകയും സർക്കാസത്തിലൂടെ പ്രതികരിക്കുകയുമാണ് കമ്മാരസംഭവം എന്ന സിനിമ ചെയ്തത്. ഇന്ത്യൻ തിരഞ്ഞെടുപ്പിനെ നയിക്കുന്ന വോട്ടുവണ്ടി ആവരുത് ഒരു 'കമ്മാരൻ' പൊളിറ്റിക്സും അത്തരത്തിലുള്ള ആദർശ സംഭവത്തെ നുണകളുടെ തുന്നിചേർക്കലുകൾക്ക് വിട്ടുകൊടുക്കാതെയുള്ള വിധിയുമാകട്ടെ ഏതൊരു തിരഞ്ഞെടുപ്പു ഫലവും.

ഒരർത്ഥത്തിൽ നോക്കുമ്പോൾ രാഷ്ട്രീയ ഇടപെടലുകൾ സിനിമയുടെ സത്തിനെയും ഊറ്റി കുടിക്കുകയാണ്. ദേശസ്നേഹം പറയുന്നു, പെയ്യുന്നു എന്ന ശീർഷകം എല്ലാ അർത്ഥത്തിലും ബയോപിക്ക് വോട്ട് ബാങ്ക് പൊളിറ്റിക്സിന്റെ പരോക്ഷ മുഖമാണ്. അതിന്റെ കൃത്യമായ പ്രതിഫലനമായിരുന്നു 60മത് നാഷണൽ അവാർഡ് വിക്കി കൗശൽ നു നൽകിയത് എന്ന് പോലും നാം സംശയിക്കേണ്ടിയിരിക്കുന്നു. സിനിമകൾ ചരിത്ര വശങ്ങളെ വളച്ചൊടിച്ച് വോട്ടാക്കുമ്പോളും അവാർഡുകളിലും ജൂറികളിലും രാഷ്ട്രീയ താല്പര്യങ്ങളും ഇടപെടലുകളും അങ്ങേയറ്റം സാധീനം ചെലുത്തുന്നു എന്നത് വളരെ ഖേദകരമാണ്. ഭരണകൂട താല്പര്യങ്ങളെ സംരക്ഷിക്കുന്ന സിനിമകളെ ഉയർത്തിപ്പിടിക്കുമ്പോൾ നഷ്ടപ്പെടുന്നത് നല്ല കലാസൃഷ്ടികൾ മാത്രമാണ്. കലയെയും കലാകാരന്മാരെയും രാഷ്ട്രീയ കുതിര കച്ചവടത്തിന് വിൽക്കുന്ന ഈ ഒരു പ്രവണത തുടച്ചു നീക്കിയില്ലെങ്കിൽ കലയും സിനിമയും വെറും രാഷ്ട്രീയമായി മാറും.




ഇറോം ശർമിള




നജീബിന്റെ ഉമ്മ




സൈനികരുടെ ലൈംഗികാതിക്രമത്തിനെതിരേ പ്രതിഷേധിക്കുന്ന മണിപ്പൂരി സ്ത്രീകൾ



ഇന്ത്യയുടെ മതേതരത്തിനുമേൽ 'വർഗീയതയുടെ ഗുഹ്യരോഗം' വളർന്ന് വ്രണമായി മാറിയത് 'വർഗീയ രഥമുരുണ്ട അന്ന് മുതലാണ്. അത് 'ചർമരോഗം' പോലെ പുറത്തു കണ്ടു തുടങ്ങിയത് അവർ അധികാരത്തിലേറിയതിനുശേഷവും.'
രഥയാത്ര
ഘട്ടംഘട്ടമായാണ് മതേതര ഇന്ത്യയുടെ 'ശവപ്പെട്ടി' നാം പണിതു തീർത്തത് എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് ബാബരി മസ്ജിദ് രക്തസാക്ഷ്യം!
ബാബ്‌രി മസ്ജിദ് ധ്വംസനം
നോട്ട് നിരോധനം
ATM
എല്ലാ വിലാസക്കാരെയും ഒരുമിച്ചൊരിടത്ത് കണ്ടുമുട്ടി മുഴുവൻ കത്തുകളും കൊടുത്തുതീർക്കുവാൻ നോട്ടുനിരോധനം കാരണം കഴിഞ്ഞു.
പൗരത്വം നഷ്ടപ്പെട്ടവർ
വിലാസം തിരിച്ച് ഇന്ത്യക്കാരെ അഭയാർഥികളാക്കുന്നവരും വിലാസം നോക്കി അഭയം നൽകുന്നവരും ചരിത്രത്തിൽ അവരുടെ വിലാസം തേടേണ്ടത് ചവറ്റുകൊട്ടയിലാണ്.
നീതി വളരെ വില പിടിപ്പുള്ളതും കാലതാമസം നേരിടുന്നതുമായ നാട്ടിൽ 'പ്രതിയാക്കപ്പെടുക' എന്നതു തന്നെ വലിയ അശ്ലീലമാണ്. നീണ്ടകാലങ്ങൾ ജയിലുകളിൽ കഴിച്ചുകൂട്ടി നിരപരാധിത്വം തെളിയിച്ച് സമൂഹത്തിന് മുന്നിൽ എന്നും സംശയത്തിന്റെ വിലാസത്തിൽ മാത്രം ജീവിക്കേണ്ടി വരിക എന്നത് ഒരു സമുദായത്തിന്റെ സവിശേഷാർഹതയാണെങ്കിൽ അതിനെക്കാളും വലിയ അശ്ലീലം വേറെയില്ല.
23 വർഷത്തെ തടവുജീവിതത്തിനുശേഷം 'നിരപരാധി'യെന്നു കണ്ട് കോടതി വിട്ടയച്ച അലി ഭട്ട് മാതാപിതാക്കളുടെ ഖബറിടത്തിൽ വിതുമ്പുന്നു
(തുടരും)

അശ്വിൻ ചന്ദ്രൻ
ബി.എ.എം.സി, മൂന്നാം

# കുതിര ~~പുറത്തുള്ള~~ കയറുന്ന ദൈവം

അവനും കറുപ്പിയും ഒരുമിച്ചിരുന്ന് കുളിക്കുന്ന കുളത്തിൽ ജാതി അവരുടെ മുഖത്തുനോക്കി മൂത്രമൊഴിച്ചു. കറുപ്പി അവനായിരുന്നു. ആ ചലച്ചിത്രത്തിന്റെ ഉള്ളടക്കം മൊത്തം കറുപ്പിയിലൂടെ പറഞ്ഞുതീർത്തു. പിന്നെയുള്ളത് പ്രതീക്ഷയാണ്. പരിയുടെ പ്രതീക്ഷ. അശ്വത്തിനുമേൽ കറുത്തവൻ അവൻ ആരോഹിതനാവുക, ധിക്കാരപരമായ ഒരു സമരമാണ്. ജാതിക്കുമേൽ, സവർണ്ണതക്കുമേൽ കുതിര കയറുക. വിരോധാഭാസം. ആദ്യ ദിവസം കോളജിൽ എത്തുന്ന പരി നേരിടുന്ന റാഗിങ്ങിൽ സീനിയേഴ്സ് അയാൾ താമസിക്കുന്ന ഊര് ചോദിക്കുന്നുണ്ട്. പുളിയങ്കുളം എന്ന് കേൾക്കുമ്പോൾ അവിടെ താമസിക്കുന്നത് ആരാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ എന്ന് അവർ പരിഹസിക്കുന്നു. ചിത്ര



ത്തിലെ നായികയായ ജ്യോതി മഹാലക്ഷ്മിയുടെ വീട് അംബാസമുദ്രം എന്ന സ്ഥലത്താണ്. അംബാസമുദ്രം മേൽജാതിക്കാർ താമസിക്കുന്ന സ്ഥലമാണെന്ന് ചിത്രത്തിൽ പരോക്ഷമായി പറയുന്നുണ്ട്. പിന്നെ പുളിയങ്കുളവും അംബാസമുദ്രംവും തമ്മിലുള്ള ദൂരം ആണ് ഈ സിനിമ. ഈ ദൂരം ചെന്നെത്തിക്കുന്നത് ഒരു രക്തസാക്ഷിയിലേക്കും.

"The value of a man was reduced to his immediate identity and nearest possibility. To a vote. To a number. To a thing. Never was a man treated as mind. As a glorious thing made up of stardust. In every field, in studies, in streets, in politics and in dying and living. "

My Birth is My Fatal Accident

രോഹിത് വെമുലയുടെ ആത്മഹത്യ കുറിപ്പിൽ നിന്ന് കലാലയവും രാഷ്ട്രീയവും അവനെ കൈയൊഴിഞ്ഞു അവൻ ജീവിതത്തെയും.




**അപമാനിച്ച് മാറ്റി നിർത്തുക എന്നത് സവർണ്ണർ അവർണ്ണരോട് എക്കാലവും സ്വീകരിച്ച നയമാണ്. പരിയുടെ പിതാവിനോട് ജോയുടെ സഹോദരൻ അടക്കം അതു തന്നെയാണ് ചെയ്യുന്നത്.**

മാരി സെൽവരാജ് സിനിമ പറയാൻ തിരഞ്ഞെടുത്തിരിക്കുന്നത് ഒരു നിയമ കലാലയമാണ്. ഭാരത ഭരണഘടനയെ അതിന്റെ ധാർമിക മൂല്യങ്ങളെ സംരക്ഷിച്ചു നിർത്തേണ്ട, നിയമവക്താക്കളായി ഉയർന്നുവരേണ്ടവർ പഠിക്കുന്ന സ്ഥാപനം. ഈ ഇടത്തിലാണ് ഭരണഘടനയിൽ ഇല്ലാതാക്കണമെന്ന് പ്രയത്നിക്കുന്ന അയിത്തം കൊണ്ട് നിഷേധിക്കപ്പെടുന്ന നീതിയെയും സമത്വത്തെയും മാരി സെൽവൻ കാണിച്ചുതരുന്നത്. ന്യൂനപക്ഷകോട്ടയെ പ്രത്യക്ഷമായി വിമർശിക്കുന്ന അധ്യാപകർ വഴി പൊതുവിദ്യാഭ്യാസം എത്ര സംവരണ വിരുദ്ധമാണെന്ന് കാണിച്ചുതരുന്നു. ഭരണഘടന ഉറപ്പുനൽകുന്ന, അനീതിക്കും അസമത്വത്തിനുമെതിരെ നിൽക്കുന്നത് ജാതി വിവേചനമാണ്. കീഴ്തട്ടിൽ ഉള്ളവരുടെ അവകാശങ്ങൾ സ്വാഭാവികമാണെന്ന തിരിച്ചറിവില്ലായ്മയാണ് എക്കാലവും സവർണരുടെ പ്രക്ഷോഭങ്ങൾക്ക് കാരണമായിട്ടുള്ളത്. ഇപ്പോൾ കേരളത്തിൽ നടക്കുന്ന നാമജപയാത്രയടക്കം വന്നുനിൽക്കുന്നത് ജാതിയിൽ തന്നെയാണ്. ജാതിയിൽ തുടങ്ങി അധികാരത്തിലെത്തുന്ന പല സന്ദർഭങ്ങളും മാരി നമുക്ക് കാണിച്ചു തരുന്നു. മേൽജാതിക്കാർ ജലാശയം കീഴടക്കുന്നത് ആവശ്യത്തിനല്ല മറിച്ചു അധികാരം നിലനിർത്താനാണ്. ജലാശയത്തിൽ മൂത്രമൊഴിക്കുന്ന അവരുടെ ദൃശ്യങ്ങൾ അത് വ്യക്തമാക്കുന്നു. അപമാനിച്ച് മാറ്റി നിർത്തുക എന്നത് സവർണ്ണർ അവർണ്ണരോട് എക്കാലവും സ്വീകരിച്ച നയമാണ്. പരിയുടെ പിതാവിനോട് ജോയുടെ സഹോദരൻ അടക്കം അതുതന്നെയാണ് ചെയ്യുന്നത്. ആ ദൃശ്യത്തിൽ നിശ്ചലരായി നിൽക്കുന്ന രാഷ്ട്രീയ സംഘടനകളുടെ കൊടികൾ കാണാം. പരിയെ വീട്ടിൽ വിളിച്ചുവരുത്തി ആക്രമിക്കുന്ന ജ്യോതിയുടെ അച്ഛൻ അവരുടെ ബന്ധം ഉൾക്കൊള്ളാൻ അവസാനത്തേക്ക് കുറച്ചുസമയം ചോദിക്കുന്നു 'എല്ലാം മാറിയേക്കാം'. അതിനു മറുപടിയായി പരി പറയുന്നത് നിങ്ങളുടെ മകൾക്ക് എന്തും തുറന്നു പറയാനുള്ള ധൈര്യമുണ്ട്, എന്നാൽ എനിക്ക് നിങ്ങളെന്നെ ഉപദ്രവിച്ചത് അവളോട് പറയാനുള്ള ധൈര്യം പോലുമില്ല. നിങ്ങൾ നിങ്ങളാകുന്നവരേയ്ക്കും ഞാൻ നായയായിരിക്കണമെന്ന് നിങ്ങൾ കരുതുന്നവരേക്കും ഒന്നും മാറില്ല സർ. ജോ കൊണ്ടുവന്ന പാൽ ചായയും കട്ടൻ ചായയും കുടിച്ചു തീർത്തിട്ട് സിമന്റ് മേശക്ക് മീതെ വെച്ചിരിക്കുന്ന ഒരു കട്ടൻ ചായയുടെയും ഒരു പാൽചായയുടെയും ഒഴിഞ്ഞ ഗ്ലാസുകളുടെ സമീപ ദൃശ്യത്തിലേക്ക് ക്യാമറ വരുമ്പോൾ സിനിമ അന്ത്യം കുറിക്കും. കാഴ്ച ശേഷിപ്പിച്ച മുറിവുകൾ നിങ്ങളിൽ പൂത്തു തുടങ്ങും. ഈ ഗതികെട്ടകാലത്ത് ഇങ്ങനെ ഒരു സിനിമക്ക് കണ്ണും കാതും കൊടുക്കുന്നത് പോലും ഔചിത്യമുള്ള രാഷ്ട്രീയ പ്രവർത്തനമാണ്.

നുഹ്മാൻ
മലയാളം, മൂന്നാം വർഷം

# ദലിത് ആവിഷ്കാരത്തിന്റെ പുതിയ മുഖങ്ങൾ

സർഗാത്മകതയും സാങ്കേതികവിദ്യ
കൈകോർക്കുന്ന ദൃശ്യവിസ്മയമ
സിനിമ. അതിന്റെ ദൃശ്യപരമായ സ്വീകാ
യാണ് ഭാഷാധീതമായി സിനിമയെ ആ
ത്യം നേടാൻ സഹായിക്കുന്നത്. വെറും കാ
കൾക്കപ്പുറം കാഴ്ച്ചപ്പാടുകൾ കൂടി സൃഷ്ട
ടുക്കാൻ സിനിമക്ക് സാധിക്കുന്നു. അതു
ണ്ട് തന്നെ ചിന്തയുടെയും ആശയവിനിമയ
ന്റെയും ലോകത്തിൽ സിനിമ സുപ്രധാനമാ

വരേണ്യവൽകൃതമായൊരു സവർണ
ധാവിത്ത പാരമ്പര്യമാണ് പൊതുവെ ഇന്ത
സിനിമയുടേത്. മലയാള സിനിമ അതിൽ എ
മുന്നിലായിരുന്നു. അതിന്റെ ആദ്യ തെളിവ്
ഗതകുമാരനിലെ നായികക്ക് എന്ത് സംഭവ
എന്ന ചോദ്യത്തിൽനിന്ന് തുടങ്ങുന്നു. മാർ
ണ്ഡവർമ്മയിൽ തുടങ്ങിയ ഈ മേലാളബോ
ത്തിന്റെ അന്തർധാര പലകാലത്തും ഒളിഞ്ഞ
തെളിഞ്ഞും മലയാളസിനിമയിൽ കാണാ
വും. ആറാമത്തെ തമ്പുരാനായും നാട്ടുരാ
വായും പ്രജാപതിയായും അത് ഫ്യൂഡൽ ക
ത്തിന്റെ പൊടി തട്ടിയെടുക്കലായി മാറിയ
കാലത്തെ മറിച്ചിട്ടാണ് ന്യൂ ജനറേഷൻ എ
തരംഗം മലയാളത്തിൽ സംഭവിക്കുന്ന
ഏതൊരു പ്രസ്ഥാനത്തെയുംപോ
ചില പോരായ്മകൾ നേരിട്ടുവെ
ലും സിനിമയിലെ അധികാര
വസ്ഥയെ ചോദ്യം ചെയ്യാൻ
തരംഗത്തിന് സാധിച്ചിട്ടുണ്ട്.

പുതുതലമുറയുടെ ഏറ്റ
വലിയ സവിശേഷത അവ
ടെ സിനിമയിലെ പ്രമേയ
കരണത്തിലും പ്രതിപാദന
ലും പുലർത്തിയ പുരോഗമ
ത്മക സമീപനമാണ്. പത
വാർപ്പ് മാതൃകകളെ ഏ
യൊക്കെ അതിലംഘി



പുതിയ ആവിഷ്കാരങ്ങൾ നടത്താൻ പുതുസിനിമകൾ ശ്രമിച്ചു. അതോടൊപ്പം സമൂഹം പാർശ്വവൽക്കരിച്ച പല വിഭാഗത്തെയും പുതിയ ഫ്രെയിമിൽ കാണാനും ഈ കാലഘട്ടത്തിലെ സിനിമകൾക്ക് സാധിച്ചു.

മലയാള സിനിമ നടത്തിയ അത്തരം ഒരു കാഴ്ചയായിരുന്നു 'കമ്മട്ടിപ്പാടം' 'കരിന്തണ്ടൻ' എന്നീ സിനിമകൾ. ദലിത് പക്ഷത്ത്നിന്ന് കേരളത്തിന്റെ ചരിത്രത്തോടും വർത്തമാനകാല രാഷ്ട്രത്തോടും അതിശക്തമായി സംവദിക്കുന്നവയാണ് ഈ സിനിമകൾ. ഇത്രയും കാലം സിനിമയിൽ കാര്യമായി പരിഗണിക്കാതിരുന്ന, അല്ലെങ്കിൽ സ്ഥിരം നെഗറ്റീവ് വേഷങ്ങൾ മാത്രം നൽകിയിരുന്ന ഒരു കൂട്ടം ആളുകൾക്ക് കർതൃത്വ - വ്യക്തിബോധമുള്ള നായക കഥാപാത്രങ്ങൾ നൽകാൻ ഈ സിനിമകൾ തയ്യാറായി എന്നത് തന്നെയാണ് വിജയം.

രാജീവ് രവി സംവിധാനം ചെയ്ത് പുറത്തിറക്കിയ ചിത്രമാണ് കമ്മട്ടിപ്പാടം. കൊച്ചിയുടെ പശ്ചാത്തലത്തിൽ ഒരുകൂട്ടം യുവാക്കളുടെ ചോരത്തിളപ്പിന്റെ കഥയാണിത്. നഗരത്തിന്റെ വളർച്ചയിൽ അവശിഷ്ടമാക്കപ്പെടുന്ന ഒരു ഗ്രമത്തിന്റെയും അതിലെ സാധാരണക്കാരെയും പച്ചയായിക്കാണിക്കുക എന്നത് തന്നെയാണ് ആത്യന്തികമായി സിനിമയുടെ ലക്ഷ്യം. അവിടുത്തെ സ്വാഭാവിക ജീവിതത്തെ യാഥാർത്ഥ്യ ബോധത്തോടെ ഒപ്പിയെടുക്കാനാണ് ഈ ചിത്രം ശ്രമിച്ചത്. നഗരവൽക്കരണവും വ്യവസായ വൽക്കരണവും സമൂഹത്തിൽ എങ്ങനെയാണ് ഭൂരഹിതരെയും ഭൂമാഫിയയെയും സൃഷ്ടിക്കുന്നതെന്ന് നമുക്ക് കാണാം. ഗംഗയും കൃഷ്ണനും ബാലനും സമൂഹത്തിന് എങ്ങനെ ഹാനികരമാകുന്നു എന്ന് മാത്രമേ നാം ഇന്നേവരെ അന്വേഷിച്ചിട്ടുള്ളൂ. അവരെ ആര് സൃഷ്ടിക്കുന്നു എന്നും അതിന്റെ പിന്നിലെ കളികൾ എന്തെല്ലാമാണെന്നും എത്തിനോക്കാൻ ഈ സിനിമക്ക് സാധിക്കുന്നു. നഗരത്തിന്റെ ഇരമ്പത്തിൽ ശബ്ദം നഷ്ടപ്പെട്ട് പോയവർക്ക് സ്വയം ശബ്ദമാവുകയാണ് കമ്മട്ടിപ്പാടം എന്ന് പറയാം.





ലീല സന്തോഷ്
കരിന്തണ്ടൻ

രാജീവ് രവി
കമ്മട്ടിപ്പാടം







ചരിത്രം രേഖപ്പെടുത്താൻ മടിച്ച് നിന്ന കരിന്തണ്ടന്റെ ജീവിതം ആവിഷ്കരിക്കുന്ന സിനിമയാണ് പുറത്ത് വരാനിരിക്കുന്ന 'കരിന്തണ്ടൻ'. ലീല സന്തോഷ് സംവിധാനം ചെയ്യുന്ന ഈ സിനിമ വയനാടൻ കാടുകളുടെ കൂടി കഥപറഞ്ഞ കരിന്തണ്ടന്റെ കഥയാണ്. കൊളോണിയലിസം രൂപപ്പെടുത്തിയ ചരിത്രബോധത്തിൽ അന്ധമായി അടിമപ്പെടാൻ ശ്രമിക്കുന്ന നമ്മുടെ അക്കാദമിക ലോകം, അറിഞ്ഞോ അറിയാതെയോ അവഗണിച്ച കഥയാണ് കരിന്തണ്ടന്റേത്. ഒരു പക്ഷേ കേരളം എന്ന സങ്കല്പം പോലും സാധ്യമാക്കാൻ കാരണക്കാരനായ ഒരാളുടെ കഥ.

ഈ സിനിമയേക്കാൾ ഏറെ പ്രതീക്ഷ നൽകുന്ന ഒരു ഘടകമാണ് ലീല സന്തോഷ് എന്ന സംവിധായികയുടെ രംഗപ്രവേശനം. ജാതിപ്പേര് അലങ്കാരമാക്കിക്കൊണ്ട് നടക്കുന്ന നായികമാരുടെ ഇടയിലേക്കാണ് ലീല അധികാരിയുടെ തൊപ്പി അണിഞ്ഞെത്തുന്നത്. മാറ്റിനിർത്താനോ അവഗണിക്കാനോ ഇനിയാവില്ല എന്ന ശക്തമായ അടയാളപ്പെടുത്തലുകൾ തന്നെയാണ് ഈ സിനിമകൾ. ●

നയന നർദ

മലയാളം, മൂന്നാം വർഷം


# പുനർനിർമ്മിക്കേണ്ടത് ഹരിതകേരളത്തെ



നൂറ്റാണ്ടിന്റെ പ്രളയത്തിൽ നിന്നും മുങ്ങിനിവർന്നു കൊണ്ടിരിക്കുയാണ് കേരളം. പ്രളയാനന്തരം, പഴയകേരളത്തിന്റെ പുനരുദ്ധാരണമാണോ അതോ ഒരു നവകേരള നിർമ്മിതിയാണോ നമ്മൾ ലക്ഷ്യം വെക്കേണ്ടത് എന്ന ചർച്ചയും വ്യാപകമാണ്. കേരളത്തിന്റെ ശരീരത്തിനേറ്റ ക്ഷതങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആത്മാവിനെ പോഷിപ്പിക്കാനുള്ള നവോത്ഥാനശ്രമങ്ങളും നടന്നു വരുന്നു. ആൾക്കൂട്ട നന്മയുടെ കാലവർഷം പെയ്തിറങ്ങിയപ്പോൾ അവിടെ ഉയിർകൊണ്ടത് പുതിയൊരാത്മ നിർവൃതിയാണെന്ന് ആർക്കും സംശയമില്ല. നമ്മുടെ നാടിന് സ്വതവേയുള്ള സമൃദ്ധിയും വൈവിദ്ധ്യവും മൈത്രിയും പ്രവർത്തനങ്ങൾക്ക് ആത്മവിശ്വാസവുമേകുന്നു.

പ്രളയം കഴിഞ്ഞ് ഇത്രയുംകാലം പിന്നിടുമ്പോൾ അത്ര ശുഭാപ്തി വിശ്വാസത്തോടെ ചിന്തിക്കാൻ നമുക്ക് കഴിയുന്നുണ്ടോ. കേരളനിർമിതിക്കായി തുടക്കത്തിലുണ്ടായിരുന്നത്ര സക്രിയത ഇപ്പോൾ കാണാനില്ല എന്നത് യാഥാർത്ഥ്യം തന്നെയാണ്. ദുരിതനിർമ്മാർജ്ജനപദ്ധതികൾ ആവിഷ്കരിച്ച് മുന്നേറുന്നതിൽ ഒട്ടും സമയം പാഴാക്കാൻ നമുക്കില്ല. (അതോടൊപ്പം പുതിയ ചുവടുകൾ പ്രകൃതിസൗഹാർദ്ദപരവും മറ്റൊരു ദുരന്തത്തെ തടുക്കുന്ന രീതിയിലാകാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്). അത്ര ശുഭസൂചനയല്ല ഇതുവരെയുള്ള കണക്കുകൾ നമുക്ക് കൈമാറുന്നത്.

ചരിത്രത്തിൽ ഇത്തരമൊരു ദുരിതത്തെ നമ്മൾ നേരിടുന്നത് 'തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം' എറിയപ്പെടുന്ന 1924-ലെ പ്രളയമാണ്. അത് നദീതീരങ്ങളെയും കുട്ടനാടിനെയും ശബരിമല പ്രദേശങ്ങളെയുമെല്ലാം പ്രളയത്തിൽ താഴ്ത്തി. ഏറെ മനുഷ്യർക്ക് ജീവൻ നഷ്ടപ്പെട്ടു. സമാനമായൊരു ദുരന്തം തന്നെയായിരുന്നു ഇക്കഴിഞ്ഞതും. ഇരുനിലവീടുകളിലുള്ളവർപ്പോലും രണ്ടാം നില സുരക്ഷിതമല്ലെന്നറിഞ്ഞ് കൂട് മാറാൻ തുടങ്ങിയിരുന്നു. മരണത്തെ മുഖാമുഖം കണ്ട് കേരളീയർ. 339 പേരുടെ ജീവൻ പൊലിഞ്ഞു. 1118 വീടുകൾ പൂർണമായും പൊലിഞ്ഞു. 3604 വീടുകൾ വാസയോഗ്യമല്ലാതായി. 111356 വീടുകൾക്ക് സാര

മായ പരിക്കുകളും, 331 ഉരുൾപൊട്ടലുകളുമുണ്ടായി. 59345 ഹെക്ടർ കൃഷി നശിച്ചു. പ്രളയത്തിന്റെ കെടുതികൾ അതിഭീകരം തന്നെയായിരുന്നു.

അണക്കെട്ടുകൾ തുറന്നതാണോ അതോ മഴയുടെ തോത് ക്രമാതീതമായി വർദ്ധിച്ചതാണോ പ്രളയത്തിന് കാരണമെന്ന് തർക്കിച്ച് നിൽക്കാൻ സമയമില്ല. വരാനിരിക്കുന്ന നാളുകളിലെ പ്രകൃതിക്ഷോഭങ്ങൾ നേരിടാൻ ആവശ്യമായ ദീർഘദൃഷ്ടിയോടെയാണോ നമ്മൾ മുന്നോട്ട് പോവുന്നത്? നമ്മുടെ ചുവടുകൾ എത്രമാത്രം പ്രകൃതിസൗഹാർദ്ദപരമാണ്? വികസനപ്രവർത്തനങ്ങൾ തുടരുമ്പോൾ ചിന്തിക്കാനേറെയുണ്ട്.

പരിസ്ഥിതിയെയും ജന്തുജാലങ്ങളെയും എന്തിന് ഭൂമിയെയും പണയം വെക്കുന്ന തരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രളയത്തിലൂടെയുള്ള മുന്നറിയിപ്പുകളെ തീർത്തും അവഗണിക്കുന്ന തരത്തിലാണ് നമ്മുടെ പോക്ക്. ഇനിയൊന്നും സംഭവിക്കില്ല എന്ന ആത്മവിശ്വാസവും വ്യാമോഹവും നാശത്തിലേക്കാണ് വഴിതുറക്കുന്നത്. പരസ്പരമുള്ള വിമർശനങ്ങളോ വിഭവചൂഷണമോ ഒന്നിനും ഒരു പരിഹാരമാവുന്നില്ല.

കേരളത്തെ പുനർനിർമിക്കാൻ മുപ്പത്തിഒന്നായിരം കോടി രൂപ ആവശ്യമാണെന്നാണ് ഐക്യരാഷ്ട്ര സഭയുടെ വിദഗ്ദ്ധ സമിതി സമർപ്പിച്ച ദുരന്താനന്തര മൂല്യനിർണയറിപ്പോർട്ട് സൂചിപ്പിക്കുന്നത്. യു.എൻ. വിദഗ്ദ്ധ സമിതി മുഖ്യമന്ത്രിക്ക് സമർപ്പിച്ച നയരൂപരേഖ അടങ്ങിയ റിപ്പോർട്ടിന് നാലുഘടകങ്ങളാണുള്ളത്. പ്രകൃതി സൗഹാർദപരമായ ഭൂവിനിയോഗം, സംയോജിത ജല വിഭവമാനേജ്മെന്റ്, എല്ലാവരേയും ഉൾക്കൊള്ളുന്ന ജനകേന്ദ്രീകൃതമായ സമീപനം, നൂതന സാങ്കേതിക വിദ്യ എന്നിവയാണവ. നിലവിലുള്ള ഭൂവിനിയോഗ സമ്പ്രദായങ്ങളെ പുനഃപരിശോധിക്കണമെന്നും ഉപഭോഗരീതിയിൽ മാറ്റങ്ങൾ അനിവാര്യമാണെന്നും റിപ്പോർട്ട് പറയുന്നുണ്ട്. നിർമ്മാണമേഖലയിൽ അടക്കം നൂതനസാങ്കേതികവിദ്യകളും നിർദേശിക്കുന്നുണ്ട്.

റിപ്പോർട്ടിനോട് ആത്മാർത്ഥമായ പ്രതിബദ്ധത പുലർത്താൻ ഇന്നുവരെ നമ്മുടെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടില്ല. 2013 പശ്ചിമഘട്ടത്തിലെ മുഴുവൻ പരിസ്ഥിതിലോല പ്രദേശങ്ങളിലും ഖനനം, മണലൂറ്റ്, പാറപ്പൊട്ടിക്കൽ, ക്വാറി തുടങ്ങിയ പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ട് കേന്ദ്രപരിസ്ഥിതി വനമന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2018 ലെ ഉത്തരവിലൂടെ അതേ മന്ത്രാലയം അത് റദ്ദ് ചെയ്തിരിക്കുകയാണ്. പ്രളയാനന്തരകേരളത്തിന്റെ പരിസ്ഥിതിയോട് വളരെ അനാരോഗ്യകരമായ രീതിയിലാണ് മന്ത്രാലയം പ്രതികരിച്ചിട്ടുള്ളത്. നശീകരണപ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചിരിക്കുന്നത്.

പ്രളയകാലത്ത് ഉണ്ടായ ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലും സംഭവിച്ചതിൽ അധികവും ഗാഡ്ഗിൽ കമ്മിറ്റി ദുരന്തസാധ്യതകൾ കൂടുതലുണ്ടെന്ന് നേരത്തെ ചൂണ്ടിക്കാണിച്ച സോണുകൾ ആയിരുന്നു. പശ്ചിമഘട്ടം ആവരണം ചെയ്യുന്ന ജില്ലകളിലെ ചെറുകുന്നുകളിൽ സ്ഥിതിചെയ്യുന്ന ഗ്രാമങ്ങളിലെ ക്വാറികൾ ആയിരുന്നു ദുരന്തങ്ങളുടെ ആഘാതം വർദ്ധിപ്പിച്ചതെന്ന കാര്യം വിസ്മരിക്കാൻ വയ്യ. ചിന്തയില്ലാത്ത പരിസ്ഥിതി അവബോധമില്ലാത്ത സാമ്പത്തികലക്ഷ്യം മാത്രം കൊണ്ടുള്ള പ്രവർത്തനങ്ങളുടെ തിരിച്ചടിയാണ് കഴിഞ്ഞ പ്രളയം എന്നത് നമ്മുടെ ഭാവിചിന്ത



> **പരിസ്ഥിതിയെയും ജന്തുജാലങ്ങളെയും എന്തിന് ഭൂമിയെയും പണയം വെക്കുന്ന തരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രളയത്തിലൂടെയുള്ള മുന്നറിയിപ്പുകളെ തീർത്തും അവഗണിക്കുന്ന തരത്തിലാണ് നമ്മുടെ പോക്ക്.**



കളെ സ്വാധീനിക്കേണ്ടതുണ്ട്.

ഗാഡ്കിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പ്രസക്തമാവുന്ന പാഠങ്ങളാണ് കഴിഞ്ഞ ദുരിതങ്ങൾ. 2011 ആഗസ്റ്റ് 31ന് 13 ശാസ്ത്രജ്ഞർ അടങ്ങിയ ഗാഡ്കിൽ കമ്മിറ്റി നൽകിയ റിപ്പോർട്ടിൽ പൊതുസ്ഥലം സ്വകാര്യസ്ഥലമായി മാറ്റരുതെന്നും വനഭൂമി വനേതര ഭൂമിയാക്കി മാറ്റാനോ കൃഷിഭൂമി കാർഷികേതര ആവശ്യത്തിനായി ഉപയോഗിക്കാനോ പാടില്ല എന്നും നിർദ്ദേശിച്ചിരുന്നു. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുമ്പ് പാരിസ്ഥിതിപഠനങ്ങൾ നടത്തണമെന്നും കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. നദികളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനും മഴവെള്ളസംഭരണത്തിനും പദ്ധതികൾ ആവിഷ്കരിക്കാനും നിർദേശമുണ്ടായിരുന്നു.

പശ്ചിമഘട്ടത്തിന്റെ 64 ശതമാനവും പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ ഗാഡ്കിൽ റിപ്പോർട്ട് അപ്രായോഗികമാണെന്ന വിമർശനമുണ്ടായ സാഹചര്യത്തിലാണ് ഡോ. കെ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ മറ്റൊരു കമ്മീഷനെ യു.പി.എ സർക്കാർ നിയോഗിക്കുന്നത്. ആ റിപ്പോർട്ട് പശ്ചിമഘട്ടത്തിലെ 37 ശതമാനം പ്രദേശങ്ങളെ മാത്രം പരിസ്ഥിതിലോല പ്രദേശങ്ങളായി നിജപ്പെടുത്തി. ക്വാറിയിങ്ങ് അടക്കമുള്ള വിനാശകരമായ പ്രവർത്തനങ്ങൾക്ക് എതിരായിരുന്നു കസ്തൂരിരംഗൻ റിപ്പോർട്ടും. അതിനാൽ ഈ റിപ്പോർട്ടും പശ്ചിമഘട്ട ജില്ലകളിലെ കുടിയേറ്റ കർഷകരെ തൃപ്തിപ്പെടുത്തിയില്ല. കസ്തൂരിരംഗൻ റിപ്പോർട്ട് കേരളീയ പശ്ചാത്തലത്തിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള റിപ്പോർട്ട് സമർപ്പിക്കുതിനുവേണ്ടിയായിരുന്നു ഉമ്മൻ. വി. ഉമ്മൻ കമ്മറ്റിയെ സംസ്ഥാന സർക്കാർ നിയോഗിച്ചത്. പരിസ്ഥിതി സരക്ഷകർ ഇതിനെതിരെ രംഗത്ത് വരാനുള്ള കാരണം ഈ കമ്മറ്റി പല കോർപ്പറേറ്റ് താൽപര്യങ്ങൾക്കും വിധേയമായിരുന്നു എന്നതാണ്.

ഗാഡ്ഗിൽ കമ്മറ്റിയുടെ നിർദേശങ്ങൾ നിർമാണ പ്രവർത്തനങ്ങളേയും വികസനപ്രവർത്തനങ്ങളെയും ബാധിക്കുമെന്നതായിരുന്നു കസ്തൂരിരംഗൻ കമ്മറ്റിയുടെ നിയമത്തിന് കാരണമായത്. പരിസ്ഥിതി സൗഹാർദ്ദമായ ഏതു നിർദേശങ്ങൾ അംഗീകരിക്കാനും ആരും തയ്യാറല്ല. എന്ത് ദുരന്തങ്ങൾ വന്നാലും ബിസിനസ് താൽപര്യങ്ങൾക്ക് മാത്രം പരിഗണന നൽകുന്ന ക്വാറി, ടൂറിസം, നിർമ്മാണ മര വ്യവസായ ലോബികളുടെ ഇച്ഛക്കനുസരിച്ചാണ് കേരളം മുന്നോട്ടുപോവുന്നതെങ്കിൽ കേരളത്തിന്റെ പുനർനിർമ്മാണത്തെക്കുറിച്ച് ഇനി നമുക്ക് ചിന്തിക്കേണ്ടി വരികയില്ല.

പ്രളയാനന്തര പ്രവർത്തനങ്ങളുടെ ഫണ്ട് സമാഹരണത്തെപ്പോലും

**മുതലാളിത്ത വ്യവസ്ഥയുടെ അധികാരസങ്കീർണതയുടെ കീഴിൽ വികസനപരിണാമങ്ങൾ നടക്കുമ്പോൾ തകരുന്നത് കേരളമാണ്. പൊന്മുട്ടക്ക് വേണ്ടി താറാവിനെ കൊന്നുതിന്നുന്ന സമീപനമാണ് മുതലാളിത്ത ശക്തികൾ കേരളത്തിന് നേരെ കാണിക്കുന്നത്.**

അനന്തരക്രിയകളും ഊർജ്ജിതമാവേണ്ടതുണ്ട്. അതിന്റെ മാനദണ്ഡം തീരുമാനിക്കുന്നത് മുതലാളിത്തമാവരുത്. ധനസമാഹരണത്തിലും ഇനിയും പ്രതിസന്ധികൾ നമുക്ക് മുന്നിലുണ്ട്. കോടിക്കണക്കിന് കിട്ടാക്കടങ്ങൾ ബാങ്കിൽ തിരിച്ചടക്കാനാവാത്തതുണ്ട് വലിയൊരു സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചുള്ള-മുന്നറിയിപ്പുകൾ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

പുനരധിവാസവും പുനർനിർമ്മാണവും കേരളത്തിന്റെ മുന്നിലുള്ള കനത്ത വെല്ലുവിളികൾ തന്നെ. പുനനിർമ്മാണം ഏറെ സൂക്ഷ്മതയോടെ നടത്തപ്പെടേണ്ടതുതന്നെ. വികസന പരിസ്ഥിതി നയങ്ങൾ ആരുടെ ഇച്ഛക്കൊത്ത് ആടുന്ന പാവകളാണെന്ന് പാരിസ്ഥിതിക ബോധത്തോടെയും ക്രാന്തദർശനത്തോടെയും ചിന്തിച്ച് മനസ്സിലാക്കേണ്ടതുണ്ട്. ശാസ്ത്രീയ ആസൂത്രണമില്ലാത്ത വികസവാദങ്ങൾ ഇല്ലാരേഖയായി മാറും എന്നല്ല, തിരിച്ചടികൾക്ക് കനത്ത വിലകൊടുക്കേണ്ടിവരും.

മുതലാളിത്ത വ്യവസ്ഥയുടെ അധികാരസങ്കീർണതയുടെ കീഴിൽ വികസനപരിണാമങ്ങൾ നടക്കുമ്പോൾ തകരുന്നത് കേരളമാണ്. പൊന്മുട്ടക്ക് വേണ്ടി താറാവിനെ കൊന്നുതിന്നുന്ന സമീപനമാണ് മുതലാളിത്ത ശക്തികൾ കേരളത്തിന് നേരെ കാണിക്കുന്നത്. ലാഭാധിഷ്ഠിതമായ കോർപറേറ്റ് നവലിബറൽ സമ്പദ്വ്യവസ്ഥക്ക് കീഴിൽ കേരളം തകരുകയേ ഉള്ളൂ.

ഒരു ഹരിതകേരളത്തെയാണ് നാം തിരിച്ചുപിടിക്കേണ്ടത്. സ്വാർത്ഥരായ കോർപറേറ്റുകളെ വികസനതന്ത്രവേദികളിൽ നിന്ന് അകറ്റി നിർത്തുക എന്നതാണ് പരിഹാരം. നാം പുനർനിർമ്മിക്കുന്ന കേരളം ഇനിയൊരു ദുരന്തത്തോട് മല്ലിടാൻ ഇട വരരുത്. അതിനുള്ള വികസന യത്നങ്ങൾ പരിസ്ഥിതിസൗഹാർദ പരവും പക്വവും ആരോഗ്യവുമായിരിക്കണം.

ഭൗതിക പുനരുദ്ധാരണത്തോട് തോൾ ചേർന്നുനിൽക്കുന്നത് ത ന്നയാണ് സാംസ്കാരിക നവോത്ഥ നവും. ജനാധിപത്യ കേരളം ഫാഷ സത്തിന്റെ വിഷലിപ്തമായ ഒഴുക്കു കൾക്കെതിരെ ശക്തമായി നീന്തിക്ക രയേറുന്ന തെളിവായിട്ട് വേണം കേരളത്തിന്റെ രണ്ടാംഘട്ട നവോത്ഥാനത്തെ കാണാൻ. ഇവിടെ സംജ്ഞ കൾക്കും ചർച്ചകൾക്കും അധിക പ്രാധാന്യം നൽകുന്നതിൽ നിന്നു മാറി പക്വമായ ഇടപെടലുകൾക്കും പ്രവർത്തനങ്ങൾക്കും കേരളം വേദിയായി മാറണം. ഒരുപാട് പരിമിതികൾ ഇന്ന് കേരളത്തിനുണ്ട്. ഒരുപാ സാധ്യതകളും കേരളത്തിനു മുന്നിലുണ്ട്. നൈതികമായ ആസൂത്രണ ത്തോടെ മുന്നേറിയാൽ ശരീരം കൊണ്ടും ആത്മാവുകൊണ്ടും ശക്തിയാർജിച്ച ഒരു നവകേരളനിർമ്മിതിക്ക് സാക്ഷിയാവാൻ നമുക്ക് സാധിക്കുമെന്ന് തീർച്ച.

രാഹുൽ മണപ്പാട്ട്
മലയാളം, മൂന്നാം വർഷം

# നമ്മൾ അതിജീവിക്കും

കേരളക്കരയൊന്നാകെ ഭീതിയോടെ നേരിട്ട പ്രശ്നമായിരുന്നു പ്രളയം. ഒരു ജനത മൊത്തം അങ്കലാപ്പോടെ ജീവിച്ചു തീർത്ത നിമിഷങ്ങളായിരുന്നു അത്. പ്രകൃതി ക്രൂരമായി ക്ഷോഭിച്ചപ്പോൾ നഷ്ടമായത് എണ്ണിയാലൊടുങ്ങാത്ത ജീവിതങ്ങളായിരുന്നു. ഒരായുസ്സ്കൊണ്ട് ചേർത്തുവെച്ച സമ്പത്താകമാനം ഒലിച്ചിറങ്ങിയപ്പോൾ മലയാളിക്ക് ആകെ കൈമുതലായുണ്ടായത് അതിജീവനത്തിനുള്ള ആത്മവിശ്വാസം മാത്രമായിരുന്നു. ആ കെട്ടുറപ്പിലാണ് ജീവിതം തുഴഞ്ഞു തുടങ്ങിയത്.

2018 ജൂലൈ -ആഗസ്ത് മാസങ്ങളിൽ തെക്കു പാടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2018 ലെ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതി ശക്തമായ മഴ വീടുകളെ പോലും ഒഴുക്കിക്കളഞ്ഞപ്പോൾ മനുഷ്യൻ ഒറ്റപ്പെടലിന്റെ ഭീകരമുഖം അനുഭവിക്കുകയായിരുന്നു. ഇക്കാലയളവിൽ ആളുകൾ പണത്തിന്റെ വലിപ്പചെറുപ്പം നോക്കാതെ പ്രശസ്തിയുടെ ഏറ്റക്കുറച്ചിലുകൾ അറിയാതെ മതവും, ജാതിയും, വർണവും നോക്കാതെ ഒറ്റക്കെട്ടായി നിന്നു. സ്കൂളുകളും സ്ഥാപനങ്ങളും ആയിരക്കണക്കിനാളുകൾക്ക് താമസമൊരുക്കി. മതവും ജാതിയും നോക്കാതെ പ്രാർത്ഥിക്കാൻ പഠിച്ചു, ആഘോഷങ്ങളിൽ വിശ്വാസം നോക്കാതെ ഒറ്റത്തണലിൽ അണിനിരന്നു കൊണ്ട് ആഘോഷങ്ങൾ ആവേശമാ



ക്കി മാറ്റി. കുറ്റങ്ങളെടുത്തു കാട്ടി ഒരു സമൂഹം എഴുതിത്തള്ളിയ സൈബർസംവിധാനം ഇരുധ്രുവങ്ങളിലേക്കെറിയപ്പെട്ട മനുഷ്യമുഖങ്ങളെ പരസ്പരം പരിചയപ്പെടുത്തി. മാധ്യമങ്ങൾ വിവരങ്ങൾ മിനിറ്റുകൾ കൊണ്ട് ലോകത്തിന്റെ ഏതു കോണിലേക്കും എത്തിച്ചു, 24 മണിക്കൂർ സജീവപ്രവർത്തനമായിരുന്നു അവരുടേത്. കോലം കൊണ്ടും കളികൊണ്ടും കേരളജനത അവഗണിച്ചവരായിരുന്നു അവർ. ന്യൂജൻ എന്ന പേരിൽ നാട്ടുകാരെക്കൊണ്ടും വീട്ടുകാരെക്കൊണ്ടും പറയിപ്പിച്ചുനടന്നവർ. എന്നാൽ പ്രളയകാലത്ത് കേരളത്തെ അതിജീവനത്തിലേക് പിടിച്ച് ഉയർത്താൻ അവർ ഉണ്ടായിരിന്നു. ഇന്ന് ലോകം ഇവരുടെ നന്മയെ ചർച്ച ചെയ്യുകയാണ്.

കേരള ജനതയുടെ ഐക്യം കൊണ്ട് മാത്രം തുടച്ചു നീക്കപ്പെട്ട പ്രളയകാലം ഓരോരുത്തർക്കും പുതിയ അധ്യായങ്ങളായിരുന്നു. അവർ ഒന്നിൽ നിന്നും തുടങ്ങി ജീവിക്കാൻ പാകത്തിൽ തന്റെ ചുറ്റുപാടുകളെ വീണ്ടും മെരുക്കിയെടുത്തു. കനത്ത വെള്ളപൊക്കം 40000 കോടിയുടെ നഷ്ടമുണ്ടാക്കി എന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക വിലയിരുത്തൽ. വെള്ളപ്പൊക്കത്തിന് ശേഷവും ലോകമെമ്പാടുമുള്ള സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും നിരവധി സഹായ വാഗ്ദാനങ്ങളാണ് കേരളത്തിന് ലഭിച്ചത്. അത് ഒന്നിച്ചു നിന്ന് ഒരു മഹാവിപത്തിനെ നേരിട്ടതിനുള്ള സ്നേഹോപഹാരമായി കരുതാം. മനുഷ്യമനസ്സിൽ സ്നേഹം കലർന്നിരിക്കുന്ന കാലം, പരസ്പരം കെട്ടു പിണഞ്ഞ് കേരളത്തെ പുതുക്കി പണിയാൻ നമുക്ക് സാധിക്കും.

വാളുകൾ സംസാരിച്ചിരുന്ന ദിനങ്ങൾ, റോഡരികിൽ രക്തക്കറകൾ നൊന്തുപെറ്റ മാതാവിനെ വെട്ടിക്കൊല്ലുന്നവർ ഇതായിരുന്നു മാധ്യമങ്ങളിലെ തലക്കെട്ടുകൾ. ഒരൊറ്റ നിമിഷം കൊണ്ട് തലക്കെട്ടുകൾ 'കേരളം ഒറ്റക്കെട്ടായി' എന്നതിലേക്ക് മാറി. ഇവിടെ വ്യക്തമായത് മലയാളികളുടെ സ്നേഹ ബന്ധങ്ങളാണ്, സഹായമനോഭാവങ്ങളാണ്. നാളെയുടെ നല്ല ദിനങ്ങൾ നമ്മൾക്ക് വാർത്തെടുക്കാം. അതിന് വേണ്ടി കൈകോർക്കാം. ●



ഫാസിൽ പി.
അറബിക്, മൂന്നാം വർഷം

# ഹർത്താൽ അതിരു കടക്കു[ന്ന] അക്രമങ്ങൾ

പ്രതിഷേധങ്ങളും പ്രതികരണങ്ങളും ജീവിവർഗ്ഗത്തി[ന്റെ]
സ്വാഭാവിക പ്രവർത്തനത്തിൽ ഒന്നാണ്. മനുഷ്യ[നെ]
സംബന്ധിച്ചിടത്തോളം അവന്റെ പ്രതിഷേധങ്ങൾക്ക് സാമൂ[ഹിക]
മായ ഒരു തലം കൂടിയുണ്ട്. ഈ ഒരു നിലയിൽ നിന്നു [കൊ]
ണ്ടാണ് നാം ഹർത്താലിനെ കുറിച്ച് ചിന്തിക്കേണ്ടത്.

സാങ്കേതികാർത്ഥത്തിൽ തീർത്തും ജനാധിപത്യപരമ[ായ]
ഒരു സമര മാർഗമാണ് ഹർത്താൽ. സമാധാനപരമായി പ്ര[തി]
കരിക്കുക എന്നതിന് ഗാന്ധി വിഭാവനം ചെയ്തതാണ് [ഈ]
സമര മാർഗ്ഗം. സാമൂഹ്യ ബോധമുള്ള പൗരൻ അതിൽ സ[ന്ന]
ധയാ പങ്കാളി ആകും എന്നതാണ് ഇതിന്റെ അർത്ഥം. ഏഷ[്യൻ]
രാജ്യങ്ങളിലാണ് ഇത്തരത്തിൽ ഒരു പരിപാടി പ്രധാനമാ[യി]
കാണാനാവുന്നത്. സ്വാതന്ത്ര്യ നിഷേധത്തിന്റെ ചിറകരിയു[ന്ന]
പ്രകടന കലയായി മാറുന്ന ഹർത്താലുകളെ ആണ് നാം ഇ[ന്ന്]
നിരത്തുകളിൽ കാണുന്നത്. ആരൊക്കെയോ പ്രഖ്യാപിക്ക[ുക]
യും ആരൊക്കെയോ ഏറ്റെടുക്കുകയും ചെയ്യുന്ന ഹർത്താ[ലു]
കൾ യഥാർത്ഥത്തിൽ എന്തിനാണെന്ന് പോലും നാം അറി[യു]
റില്ല. ഇന്ന് ഇന്ത്യയിൽ തന്നെ കേരളഹർത്താലുകൾ റെക്കോ[ർ]
ഡ് ഇടുകയാണ്. ഇത് കേരളജനതയെ എല്ലാ രീതിയിലും [ഉ]
ളം തെറ്റിക്കുന്നു. കഴിഞ്ഞവർഷം കേരളത്തിൽ പ്രാദേശിക[മാ]
യും സംസ്ഥാന വ്യാപകമായും നടന്നത് 120ഹർത്താലുക[ളാ]
ണ്. കഴിഞ്ഞ വർഷം 97ഹർത്താലുകളാണ് നടന്നതെന്ന് "S[AY]
NO TO HARTHAL"എന്ന സംഘടന പുറത്തു വിട്ട കണക്കുക[ൾ]
അമ്പരപ്പിക്കുന്നതാണ്.

ഹർത്താലിനെ പൊതുവെ ആഘോഷമാക്കി മാറ്റുന്നതാ[ണ്]
പുതിയ കാല മലയാളികളുടെ മനഃശാസ്ത്രം. അതേ ദിവസ[ം]
വാങ്ങേണ്ട മദ്യത്തിന്റെയും ബീഫിന്റെയും കണക്കു മാത്രം നേ[ാ]
ക്കുന്നവർ ഹർത്താലിന് ഉണ്ടാകുന്ന നഷ്ടങ്ങളെ കുറിച്ച് ബോ[]
ധവാന്മാരല്ല. പ്രതിഷേധം എന്നതിലപ്പുറം നിഷ്ക്രിയത്വത്[തി]
ന്റെ ആഘോഷമായി ഹർത്താൽ മാറുന്നു എന്നതാണ് സത്യ[ം]

യഥാർത്ഥത്തിൽ ഹർത്താൽ, പണിമുടക്ക് എന്നിവ ഒ[രു]
ആവശ്യപ്രവർത്തനമല്ല. അതിന്റെ ചരിത്രം തികച്ചും പുരോ[ഗ]
മനപരവും ക്രിയാത്മകവും ആണ്. അത്തരം നിസ്സഹകരണങ്[ങ]
ളിലൂടെ തന്നെയാണ് പല അവകാശങ്ങളും നാം നേടിയെ[ടു]
ത്തത്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാന സമര മാർഗങ്ങളി[ൽ]
ഒന്നു തന്നെയായിരുന്നു ഹർത്താൽ. കേരളത്തിൽ ഹർത്[താൽ]



ലുകൾ വരുന്നത് ഇത്തരം സമരങ്ങളുടെ ഭാഗമായാണ്. ഏതൊരു സംഭവത്തിനും കാലഗണനീയമായ പ്രസക്തിയുണ്ട്. എക്കാലത്തും എല്ലാം പ്രസക്തമാണെന്നും അനുയോജ്യമാണെന്നും വാദിക്കുന്നത് ശരിയല്ല. പ്രത്യകിച്ചും തിരക്കേറിയ ഈ ആധുനിക കാലത്തിൽ ഹർത്താലുകൾ അടിസ്ഥാനപരമായി മനുഷ്യന്റെ സഞ്ചാര സ്വാതന്ത്ര്യത്തെയാണ് നിരാകരിക്കുന്നത്. ഭരണഘടനാ അനുമതികളോടുള്ള ഒരു അതിക്രമമായിട്ട് മാത്രമേ ഇന്ന് ഹർത്താലിനെ കാണാനാവൂ. അതിനെ ചോദ്യം ചെയ്യുന്നവർ പൊതുവെ മാനവിക വിരുദ്ധവും ചരിത്രബോധമില്ലാത്തവരും ആയി മുദ്രകുത്തപ്പെടുന്നു. കോടിക്കണക്കിന് രൂപയാണ് ഒരു ഹർത്താലിന് സർക്കാരിന് നഷ്ടം വരുന്നത്. അത് ഓരോ പൗരന്റെയും നികുതിയാണെന്ന് നാം ഓർക്കണം. നാം ആർക്കെതിരെ പ്രതികരിക്കുന്നു എന്നതിന് ഇവിടെ പ്രസക്തിയില്ല. നഷ്ട്ടം നാം ഉദ്ദേശിച്ച വ്യക്തികൾക്കോ സംഘടനകൾക്കോ മാത്രമല്ല നമുക്ക് കൂടിയാണെന്ന് നാം ഓർക്കണം. തൊഴിലെടുക്കാനുള്ള മടി ഹർത്താൽ പ്രേമിയാക്കുന്നുണ്ട് നമ്മെ. അന്നേ ദിവസം മാധ്യമങ്ങളുടെ എല്ലാം റേറ്റിംഗ് കുത്തനെ കൂടുന്നതും ബീഫ് മദ്യം എന്നിവയുടെ വില്പനകൂടുന്നതും ഈ ആഘോഷത്തിന്റെ മറ്റൊരു ഭാഗമാണ്.

ഹർത്താലിനെതിരെയുള്ള വാദങ്ങൾ ഒരിക്കലും ജനാധിപത്യ വിരുദ്ധമല്ല മറിച്ച് ഉറച്ച സ്വാതന്ത്ര ബോധത്തിന്റേതാണ്. പ്രതിഷേധിക്കരുത് എന്നല്ല അതിനർത്ഥം. പ്രതിഷേധത്തിന് പുതിയ മാർഗങ്ങൾ കണ്ടെത്തേണ്ടതാണ്. ജപ്പാനെപ്പോലെയുള്ള രാഷ്ട്രങ്ങളിലെ സമരങ്ങളെ നമുക്ക് മാതൃകയാക്കാവുന്നതാണ്. അധിക സമയങ്ങളിൽ ജോലി ചെയുതാണ് അവർ തങ്ങളുടെ പ്രതിഷേധം അറിയിക്കുന്നത്. ഇവിടെയാണ് പുതുജനത്തിന്റെ പങ്ക് കടന്നുവരുന്നത്. ഹർത്താലിനെ പരസ്യമായി ആഘോഷിക്കുന്നതിന് പകരം അതിനെ ക്രിയാത്മകമായി നേരിടണം. സ്വന്തം വഴി തടസപ്പെടുമ്പോൾ നമുക്ക് തോന്നുന്ന അസ്വസ്ഥത തന്നെ ആണ് ഓരോ വ്യക്തിക്കും ഉണ്ടാവുന്നതെന്ന് ഓർക്കണം.

സമരങ്ങൾ എക്കാലത്തും അനിവാര്യമാണ്. പ്രതികരണശേഷിയില്ലാത്ത ഒരു സമൂഹം രാഷ്ട്രത്തിനോ, ജനതക്കോ ഒന്നും നൽകുന്നില്ല. ശക്തമായ സമരങ്ങളുടെ പാരമ്പര്യമാണ് ഓരോ നാടിനും പറയാനുള്ളത്. പക്ഷെ കാലോചിതമായി അവ പരിഷ്കരിക്കപ്പെട്ടില്ലെങ്കിൽ അത്യന്തം മനുഷ്യവിരുദ്ധമാവും അത്. പ്രതിഷേധം എന്നതിൽ നിന്നുമാറി പ്രതികാരമായി മാറും. സമകാലിക സമൂഹത്തിൽ മാറ്റം വരേണ്ടത് അത്യാവിശ്യമാണ്.... ആയിരകണക്കിന് ആളുകൾ കുപ്പിപൊട്ടിച്ച് ആഘോഷികുന ഹർത്താലുകൾക്ക് ഒരവസാനം അത്യാവിശ്യമാണ്. അതിന് വേണ്ടി ഓരോ വ്യക്തിയുടേയും പ്രതികരണശേഷിയിൽ മാറ്റം വരണം എന്നാൽ അനാവശ്യമായി പ്രഖ്യാപിക്കുന്ന ഹർത്താലുകൾക്ക് അവസാനം കാണാം....

മുബഷിർ
ബി.കോം, മൂന്നാം വർഷം



# എവിടെയാണ് നാം സുരക്ഷിതർ?

"There can be no keener revolution of a socitey's soul than the way which itt reats the children"

- നെൽസൺ മണ്ടേല

വിദ്യാഭ്യാസ ആരോഗ്യ മേഖലയിലും, സാക്ഷരതയിലും, ഐ.ടി ശാസ്ത്ര സാങ്കേതികവിദ്യകളിലും, സാമൂഹ്യക്ഷേമം തുടങ്ങി നിരവധി മേഖലയിൽ ഉന്നതമായി നിൽക്കുന്ന കേരളത്തിന്റെ അവസ്ഥ ഇന്ന് ദയനീയമാണ്. നമ്മുടെ വീട്ടുമുറ്റത്ത് ഓടികളിച്ചിരുന്ന കുട്ടികൾ ഇന്ന് എവിടെയാണ് സുരക്ഷിതർ? ക്ലാസ്മുറികളിലോ? പൊതുവഴികളിലോ? എല്ലായിടത്തും നഷ്ടപ്പെടുകയാണ് അവരുടെ അവകാശങ്ങൾ. വഞ്ചിക്കുകയാണ്, മാനഭഗപ്പെടുത്തുകയാണ്, നിർദയമായി കൊല്ലുകയാണ്. രണ്ടാനച്ഛന്റെ ചവിട്ടിൽ നിന്നും രക്ഷിക്കാൻ അമ്മയില്ലെന്ന് കുട്ടി മനസ്സിലാക്കിയപ്പോൾ കേരളം മനുഷ്വത്യമില്ലായ്മയുടെ പ്രതീകമായി. ഇന്ന് ഇവിടെ എത്തിനിൽക്കുമ്പോഴും കുട്ടികളുടെ ഊഷ്മളമായ ഭാവിയെ തച്ചുടക്കുന്ന റിപ്പോർട്ട് ചെയ്തതും ചെയ്യാത്തതുമായ എത്രയെത്ര കേസുകൾ

കുട്ടികളോടും സ്ത്രീകളോടുമുള്ള അക്രമം അനുദിനം വർദ്ധിച്ചുവരുന്ന ഈ കാലത്ത് ഏത് അളവുകോലിലാണ് നാം നമ്മുടെ സമൂഹത്തെ നിർവ്വചിക്കേണ്ടത്? വാളയാറിലെ സഹോദരിമാരിലോ? സർവ്വജനയിലെ ഷഹലയിലോ, പെൻസിലുകൾക്കുപകരം ചൂളയിലെ ഇഷ്ടികകൾ താങ്ങുന്ന കുഞ്ഞുകരങ്ങളിലോ, അല്ലെങ്കിൽ പുള്ളിപാവാട ഉടുത്തു കൊതിതീരും മുമ്പേ കല്യാണ പുടവയണിയുന്ന കുസുമത്തിലോ? ആർക്ക് പറയാനാകും ഇതിനൊരു ഉത്തരം. ചിരിക്കേണ്ടുന്ന ചുണ്ടുകൾക്കു പകരമുള്ള വാടികൊഴിയുന്ന കണ്ണുനീരിലാണോ നാം സമൂഹത്തിന്റെ ആത്മാവിനെ അന്വേഷിക്കേണ്ടത്?

ചൈൽഡ്ലൈൻ കണക്കുകൾ പ്രകാരം മെയ് മുതൽ ഒക്ടോബർ വരെയുള്ള ആറുമാസത്തിനിടെ 3107 കുട്ടികൾക്കുനേരെയാണ് അതിക്രമങ്ങൾ നടന്നത്. 10426 കുട്ടിളാണ് വിവിധകാരണങ്ങളാൽ പീഡിപ്പിക്കപ്പെട്ടത്. 111 ശൈശവവിവാഹങ്ങൾ കേരളത്തിൽ അരങ്ങേറി. 690 പേർ ലൈംഗിക പീഡനത്തിനിരയായി. 1208 പേർ മറ്റ് ആക്രമണങ്ങൾക്കും. ബാലവേല നിരോധിച്ചെന്നു പറയപ്പെടുന്ന നമ്മുടെ നാട്ടിൽ ഇക്കഴിഞ്ഞ 6 മാസത്തിനിടയിൽ 65 ബാലവേല കേസുകളാണ് റിപ്പോർട്ട് ചെയ്തത്, 4 കുട്ടികളെ പണത്തിനുവേണ്ടി വിറ്റെന്ന പരാതിയും. നാൽക്കാലികളെ പോലെ ബാലവേലയ്ക്കും ആന്തരികാവയവങ്ങൾക്കും വേണ്ടി പിഞ്ചുകുഞ്ഞുങ്ങളെ വിൽക്കുന്ന അടിമച്ചന്തകൾ ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു.

തിരുവന്തപുരവും എറണാകുളവും പാലക്കാടും കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് മുന്നിട്ടു നിൽക്കുന്നു. മാനസിക ലൈംഗിക പീഡനങ്ങളും ബാലവേലയും കൂടാതെ കുട്ടികളെ ലഹരി ഉൽപ്പന്നങ്ങൾക്ക് അടിമകളാക്കുന്ന ഭീകരാവസ്ഥയും ചൈൽഡ്‌ലൈൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അനേകം കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും രാഷ്ട്രീയ പാർട്ടിയുടേയും അധികാരത്തിന്റെയും സഹായത്തോടെ രക്ഷിതാക്കളെ സ്വാധീനിച്ച് അവ കുഴിച്ച് മൂടപ്പെടുന്നു. റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ തുടരന്വേഷണം നടത്തിയത് വിരലിലെണ്ണാവുന്നതു മാത്രം. ഓരോ കുറ്റകൃത്യവും മറ്റുള്ളവർക്ക് പ്രചോദനമേകുന്നതുപോലെ വാർത്തകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. നിയമങ്ങൾ നോക്കുകുത്തികളാവുമ്പോൾ ഭരണകൂടം കണ്ണടച്ചിരിക്കുന്നു. നേതാക്കന്മാരും അധികാരികളും പ്രതികളാവുമ്പോൾ സർക്കാരിന് പിന്നെ എന്തു ചെയ്യാൻ സാധിക്കും? വാദി പ്രതിയാവുന്ന കാലമായതിനാൽ ഇരകൾ തന്നെ കുറ്റക്കാരാവുന്നു. ശിക്ഷയേറ്റുവാങ്ങാൻ അവർ ബാക്കിയില്ലെങ്കിലും... കേസിൽ പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകനാണ് പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതിയുടെ ചെയർമാൻ എന്നറിയുമ്പോൾ, സംരക്ഷിക്കേണ്ട കൈകൾ തന്നെ എതിരാളികൾക്കു ചുക്കാൻ പിടിക്കുന്നതെന്ന വൈരുദ്ധ്യത മനുഷ്യത്വം നഷ്ടപ്പെട്ട കേരള ജനതയ്ക്കുനേരെ വിരൽചൂണ്ടുന്നു.

കുട്ടികൾക്കെതിരെയുള്ള എല്ലാ അതിക്രമങ്ങൾക്കും ഉതകുന്ന കർശന നിയമ നടപടികൾ പ്രാബല്യത്തിൽ വരേണ്ടതുണ്ട്. ഇന്ന് കുട്ടികൾക്കു നേരെയുള്ള ലൈഗികാതിക്രമങ്ങൾ വർധിച്ചുവരികയാണ്. നൂറിലേറെ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട ജില്ലകളിൽ സ്പെഷ്യൽ പോക്സോ കേസുകളുടെ എണ്ണം കൂടിയത് കൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാവില്ല. ശക്തമായ പോക്സോ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ തെളിവില്ലെന്ന് പറഞ്ഞ് പ്രതികളെ വിട്ടയിക്കുന്ന സംഭവങ്ങൾ അരങ്ങേറുമ്പോൾ നിയമങ്ങൾ കാറ്റിൽ പറക്കുകയാണ്.



“

**മാനസിക ലൈംഗിക പീഡനങ്ങളും ബാലവേലയും കൂടാതെ കുട്ടികളെ ലഹരി ഉൽപ്പന്നങ്ങൾക്ക് അടിമകളാക്കുന്ന ഭീകരാവസ്ഥയും ചൈൽഡ്‌ലൈൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അനേകം കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും രാഷ്ട്രീയ പാർട്ടിയുടേയും അധികാരത്തിന്റെയും സഹായത്തോടെ രക്ഷിതാക്കളെ സ്വാധീനിച്ച് അവ കുഴിച്ച് മൂടപ്പെടുന്നു.**

”

ഈ അടുത്ത കാലത്ത് നടന്ന കുറച്ച് സംഭവങ്ങൾ അപഗ്രഥിച്ചാൽ നമുക്കീ കാര്യങ്ങൾ മനസ്സിലാക്കാം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മാത്രമല്ല, ആഗോളതലത്തിൽ പഠനവിധേയമായ കേരളത്തിന്റെ ആരോഗ്യമേഖല വളരെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഹൈടെക് ക്ലാസ്മുറികൾ സിറ്റിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കണമെന്നാണോ ഭരണകൂടം ആഗ്രഹിക്കുന്നത്? 4752 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 45000 ഹൈസ്പീഡ് ഇന്റർനെറ്റ് തുടങ്ങി എല്ലാ ആധുനിക സജ്ജീകരണങ്ങളും. എന്നാൽ ഒരേ തുലാസ്സിൽ നിൽക്കേണ്ട ഗവൺമെന്റ് സ്കൂളുകൾക്കിടയിലെ സിമന്റ് തറയിലെ പാമ്പിൻ മാളങ്ങൾ വിരൽചൂണ്ടുന്നത് അനീതിയിലേക്കും അസമത്വത്തിലേക്കുമാണ്. ഹൈടെക് ആക്കുന്നതിനിടയിൽ സർവജനപോലെ ശോച്യാവസ്ഥയിൽ കിടക്കുന്ന സ്കൂളുകൾക്കിടയിലും അടിയന്തിരശ്രദ്ധ പതിഞ്ഞി



രുന്നെങ്കിൽ ഷഹലയുടെ ദാരുണ മരണം ഒഴിവാക്കാമായിരുന്നു. സ്കൂളുകളുടെ ദയനീയാവസ്ഥ മനസ്സിലാക്കാൻ ഒരു കുട്ടിയുടെ മരണം വേണ്ടി വന്നുവെങ്കിൽ ഇനി എത്ര ബലികൾ വേണ്ടി വരും സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും കണ്ണുതുറക്കാൻ?



**ഒരു ലിറ്റർ പാലിൽ വെള്ളം ചേർത്ത് 81 വിദ്യാർത്ഥികൾക്കു നൽകിയ ഉത്തർപ്രദേശിലെ അധ്യാപകന് വെള്ളം ചേർക്കാത്ത കുട്ടികളുടെ നിഷ്ക്കളങ്കതയെ കാണാൻ കഴിയുന്നില്ല. കൂട്ടികാരിയുടെ മരണത്തിൽ പ്രതികരിച്ച വിദ്യാർഥിയെ ഭീഷണിപ്പെടുത്തുമ്പോൾ ഇല്ലാതാക്കുന്നത് ഭാവി തലമുറയുടെ പ്രതികരണ ശേഷിയാണ്.**

പതിമൂന്നും ഒമ്പതും വയസുള്ള സഹോദരിമാർ, വേദനയും ഒറ്റപ്പെടലും സഹിച്ചു സഹിച്ച് ഒടുവിൽ മരണത്തിന് കീഴടങ്ങിയവർ, തങ്ങളുടെ മരണത്തിൽ പോലും നീതിലഭിക്കാതെ അവഗണിക്കപ്പെടുന്ന ഈ ദലിത് സഹോദരിമാർ കേരളിയർ ഊറ്റം കൊള്ളുന്ന സംസ്ക്കാര സമ്പന്നതയുടെ പുറംമോടി വലിച്ചുകീറുന്നു. പോലിസും അഭിഭാഷകനും രാഷ്ട്രീയ പാർട്ടികളും പ്രതികളെ സംരക്ഷിക്കുമ്പോൾ നഷ്ടമാകുന്നത് ഇരകൾക്ക് ലഭിക്കേണ്ട നീതി മാത്രമല്ല, നിലവിലെ നീതിന്യായ വ്യവസ്ഥയിൽ ഉള്ള വിശ്വാസ്യത കൂടിയാണ്.

ഉത്തർപ്രദേശിലെ സാംഭാലിൽ 16 വയസുകാരിയെ അയൽവാസി ബലാത്സംഗം ചെയ്ത് തീകൊളുത്തിയതും ഗോവിന്ദച്ചാമി അഴിഞ്ഞാടിയ ട്രെയിനുകളും ഡൽഹി പെൺകുട്ടിയുടെ നിലവിളി മുഴങ്ങുന്ന ബസുകളും വീണ്ടും നമ്മിൽ ഭീതി പടർത്തുന്നു. ഒരു ലിറ്റർ പാലിൽ വെള്ളം ചേർത്ത് 81 വിദ്യാർത്ഥികൾക്കു നൽകിയ ഉത്തർപ്രദേശിലെ അധ്യാപകന് വെള്ളം ചേർക്കാത്ത കുട്ടികളുടെ നിഷ്ക്കളങ്കതയെ കാണാൻ കഴിയുന്നില്ല. കൂട്ടികാരിയുടെ മരണത്തിൽ പ്രതികരിച്ച വിദ്യാർഥിയെ ഭീഷണിപ്പെടുത്തുമ്പോൾ ഇല്ലാതാക്കുന്നത് ഭാവി തലമുറയുടെ പ്രതികരണ ശേഷിയാണ്.

ഭാവിയുടെ വാഗ്ദാനങ്ങളായ പിഞ്ചുബാല്യങ്ങൾക്ക് കൂട്ടായി മെഴുകുതിരികളും മുദ്രാവാക്യങ്ങളും ബഹിഷ്ക്കരണങ്ങളും മാത്രം പോരാ, വേണ്ടത് ജാതിമത, വർഗ, വർണ പ്രാദേശിക വ്യത്യാസമില്ലാതെയുള്ള നിലക്കാത്ത പോരാട്ടമാണ്. മാറേണ്ടത് നീതിന്യായവ്യവസ്ഥ മാത്രമല്ല, മനുഷ്യ മനസിലെ അന്ധകാരം കൂടിയാണ്. മാറ്റങ്ങളുണ്ടാക്കാൻ കുരുതികൾക്ക് കാത്തുനിൽക്കേണ്ടതില്ല. കേവലം സാമൂഹ്യമാധ്യമങ്ങളിൽ, മൊബൈൽ ഫോണുകളിൽ മുഴുകിയിരിക്കുന്ന നമ്മുടെ കണ്ണുകളെ, നമുക്കു ചുറ്റും നോക്കാൻ അവസരം നൽകിയാൽ മതി. പ്രതിഷേധമെന്നാൽ കേവലം വാട്ട്സ്ആപ്പ് സ്റ്റാറ്റസുകളും മീറ്റൂ ക്യാപയിനുകളും മാത്രമല്ല. അധികാരം കൈയ്യടക്കി വച്ചിരിക്കുന്നവരുടെ, അനീതിക്കെതിരെ മുഖം തിരിക്കുന്നവരുടെ ഇരിപ്പിടം വിറയ്ക്കുന്ന പോരാട്ടമുണ്ടാകണം. ഇനിയെങ്കിലും നിഷ്ക്കളങ്ക ബാല്യങ്ങളെ ബലിയർപ്പിക്കാതിരിക്കാൻ, നാം ഇറങ്ങണം തെരുവിലേക്ക്. അക്രമങ്ങൾ അതിരു കടക്കുമ്പോൾ, നീതി തൂക്കിലേറ്റപ്പെടുമ്പോൾ ഉയരണം നമ്മുടെ ശബ്ദം. അതിന്റെ അവസാനം പേടിക്കാതെ തെരുവീഥികളിലും ക്ലാസ്മുറികളിലും ഇരിക്കാൻ കുട്ടികൾക്ക് ധൈര്യം പകരുന്ന സാമൂഹികമാറ്റമായിരിക്കണം.

ഫഹീമ തസ്നിയ
ബി.കോം, ഒന്നാം വർഷം



# വിഷം നുണയുന്ന ജീവിതങ്ങൾ

ഫഹീമ തസ്നിയ

കേരളം ഗതിമാറി ഒഴുകിക്കൊണ്ടിരിക്കുകയാണ്. "ദൈവത്തിന്റെ സ്വന്തം നാട്" എന്ന ഓമനപ്പേരിൽ നിന്നും ഇന്നത്തെ കേരളം "ഭ്രാന്താലയം" എന്ന വിവേകാനന്ദന്റെ മൊഴിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഉപഭോഗ സംസ്കാരത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം ഒരു ഫാഷനായി മാറിയിരിക്കുന്നു. അത് ഒരു മാറാവ്യാധിപോലെ സമൂഹത്തിലുടനീളം പടർന്നുപന്തലിച്ചു കഴിഞ്ഞു. മയക്കുമരുന്ന് യുവതലമുറയെ പെട്ടന്ന് കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു. ഈ മാരകവിഷത്തിന് ജാതി, മതം, ലിംഗം ഒന്നും പ്രശ്നമല്ല. പ്രബുദ്ധരെന്ന് അഹങ്കരിക്കുന്ന മലയാളികൾ ഇന്ന് ലഹരിമരുന്നിന്റെ പിടിയിലമർന്ന് ക്യാൻസർ ബാധിച്ചവരെ പോലെ വേദന ഭക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

മദ്യവും മയക്കുമരുന്നും സിഗരറ്റുമൊക്കെ പുരുഷത്വലക്ഷണങ്ങളായി ചിത്രീകരിക്കുമ്പോൾ നരകത്തിന്റെ അഗാധഗർത്തത്തിലേക്ക് സ്വയം എടുത്തുചാടുകയാണ് ഇന്നത്തെ സമൂഹം. രസത്തിനുവേണ്ടി തുടങ്ങുന്ന പലതും പിന്നീട് ദുശ്ശീലങ്ങളായി മാറുമ്പോൾ അർപ്പിക്കപ്പെടുന്നത് സ്വന്തം ജീവനാണെന്നുള്ളത് ഇന്ന് പലരും മറന്നുപോകുന്നു. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും അതിന്റെ രസം നുകരുന്ന വിദ്യാർത്ഥികൾ പോലും ഇന്ന് സമുഹത്തിന് പുതു കാഴ്ചകളല്ല. (മാനസിക വിഷമങ്ങളും തൊഴിലില്ലായ്മയും ഇന്ന് മയക്കുമരുന്നിന്റെ കരാളഹസ്തങ്ങളാണ്. ) ഈ യുവത്വത്തെ കേന്ദ്രീകരിച്ച് മാർക്കറ്റിലിറങ്ങുന്ന വിവിധതരം മയക്കുമരുന്നുകളാണ് കറുപ്പ്, ഹെറോയിൻ, ബ്രൗൺഷുഗർ, കൊക്കൈൻ, കഞ്ചാവ് തുടങ്ങിയവ.

അരക്ഷിതാവസ്ഥയുടെ അരങ്ങ് ഭൂമിയിൽ അധിവസിക്കുന്ന ആധുനിക സമൂഹത്തിൽ പരന്നൊഴുകുന്ന പാൻമസാലകൾ മാരകമായ വിപത്തിനെയാണ് സൃഷ്ടിച്ചെടുക്കുന്നത്. വിഷം ചവച്ച് ജീവിതം തുലക്കുന്ന ഹതഭാഗ്യരായി മാറുന്ന യുവസമൂഹം അതിനാലുണ്ടാകുന്ന മാരകരോഗങ്ങൾ ശ്രദ്ധിക്കാതെ പോകുന്നുവെന്നതാണ് ഖേദകരം. കമ്പോളത്തിൽ വർണ പാക്കറ്റുകളിൽ കുത്തിനിറച്ചിരിക്കുന്ന ഈ വിഷം പണം കൊടുത്ത് വാങ്ങുന്നതോടൊപ്പം വീര്യം കുടിയ മരുന്നിന്റെയും മദ്യത്തിന്റെയും കവാടങ്ങൾക്കൂടിയാണ് തുറക്കപ്പെടുന്നത്. നഗരങ്ങളുടെ ഹോട്ടലുകളുടെ മുന്നിൽ നടക്കുന്ന ഇവയുടെ വിൽപ്പന ഇന്ന് വിദ്യാലയങ്ങൾക്ക് മുന്നിലെ പെട്ടിക്കടകളിലേക്ക് മാറപ്പെടുന്നു.



ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിലേക്ക് കടത്തുന്ന ലഹരിപദാർത്ഥങ്ങൾ എണ്ണമറ്റതാണ്. പാൻപരാഗ്, ഫാൻകിംഗ്, ഹാൻസ്, മദ്യം, ചൈനി ഗൈനി, ഗുഡ്കാ, ശംഭു തുടങ്ങിയ പേരുകളിലായി കേരളത്തിൽ മാത്രം 500 ൽ അധികം കിന്റൽ വില്പന നടക്കുന്നുണ്ട് എന്നതാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പുകയില, അടയ്ക്ക, ചുണ്ണാമ്പ് മറ്റു സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയാണ് കൂടുതലും രോഗങ്ങളെ വിളിച്ച് വരുത്തുന്നത്. പാൻ മസാലയിൽ തുടങ്ങി മദ്യപാനത്തിലെത്തുന്ന കൗമാരപ്രായക്കാരും യുവാക്കളും കുടുംബത്തിൽ സംഘർഷങ്ങൾ മെനഞ്ഞെടുക്കുന്നു. നൊന്തുപെറ്റ മാതാവിനെ പോലും ഇരുമ്പ് ദണ്ഡ്കൊണ്ട് അടിച്ചമർത്തുന്ന സമൂഹമാണ് ഇന്നത്തേതെങ്കിൽ ഇനിയെങ്കിലും വിവേകത്തെ വീണ്ടെടുക്കാൻ നമ്മുടെ സംഘടനകൾ അക്ഷീണം രംഗത്തിറങ്ങേണ്ടതുണ്ട്.

**“ നൊന്തുപെറ്റ മാതാവിനെ പോലും ഇരുമ്പ് ദണ്ഡ്കൊണ്ട് അടിച്ചമർത്തുന്ന സമൂഹമാണ് ഇന്നത്തേതെങ്കിൽ ഇനിയെങ്കിലും വിവേകത്തെ വീണ്ടെടുക്കാൻ നമ്മുടെ സംഘടനകൾ അക്ഷീണം രംഗത്തിറങ്ങേണ്ടതുണ്ട്. ”**

ബുദ്ധിയേയും കഴിവിനെയും ബാധിക്കുന്ന ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നശിപ്പിക്കുന്ന, വ്യക്തിയേയും കുടുംബത്തേയും സമൂഹത്തേയും തകർക്കുന്ന മദ്യമയക്കുമരുന്നുകളുടെ വിശ്വരൂപത്തെക്കുറിച്ച് ചെറിയൊരു അവഗാഹം നമുക്കുണ്ടാകണം. ഒരു ശാരീരികമോ മാനസികമോ വ്യവഹാരപരമോ ആയ സാധാരണ അവസ്ഥയെ മാറ്റി മറിക്കാൻ കഴിവുള്ള ഏതു പ്രകൃതി ജന്യ കൃത്രിമ രാസവസ്തുവിനേയും ഡ്രഗ്ഗ് അഥവാ ലഹരി എന്നു പറയാം.

എന്നാൽ ഇവ ഉപയോഗിക്കാനുള്ള കാരണങ്ങൾ പലരിലും വ്യത്യസ്തമാണ്. കൗമാരക്കാരിൽ ജിജ്ഞാസയാണെങ്കിൽ മറ്റു ചിലരിൽ കൂട്ടുകാരുടെ സമ്മർദ്ദമോ പരസ്യങ്ങളുടെ സ്വാധീനമോ ആയിരിക്കാം.

ഇങ്ങനെ ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ ഇന്ന് ലഭ്യമാകുന്ന വൈദ്യ സാമൂഹ്യശാസ്ത്ര ചികിസകൾക്ക് വിധേയമാക്കുകയും കുടുംബങ്ങളുടെ സ്നേഹം, പരിചരണം എന്നിവയിലൂടെ മാഫിയാസംഘത്തിൽ നിന്നും രക്ഷപ്പെടുത്തുകയും വേണം. അതിനായി ആൽക്കഹോളിക്സ് അനോനിമസ്, നാർക്കോട്ടിക്സ് അനോനിമസ് തുടങ്ങിയ കൂട്ടായ്മകൾ ഉണ്ട് താനും.

ശരീരത്തിന് ഹാനികരമാകുന്ന ലഹരിപദാർത്ഥങ്ങൾ നിർജീവമാക്കുന്നതിന് പകരം വിഷഫാക്ടറികൾക്ക് സംരക്ഷണം നൽകുന്ന സർക്കാരിനെയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ലഹരിയുടെയും മയക്കുമരുന്നിന്റെയും കരാളഹസ്തങ്ങളിൽ നിന്ന് നമ്മുടെ കൊച്ചു കേരളത്തെ സംരക്ഷിക്കുക, യുവത്വങ്ങൾക്ക് പുനർജീവൻ പകരുക.

**ഫാത്തിമ ബിൻസിയ**
സോഷ്യോളജി, രണ്ടാം വർഷം



# ബഷീറിയൻ കൃതികളിലെ സാമൂഹ്യപാഠങ്ങൾ

"കുറേ കഴിയുമ്പോൾ പേര് കൊണ്ട് ജാതി മനസ്സിലാക്കാൻ കഴിയാത്ത ഒരു കാലം വരും. ഉടുപുടവകൾ ഒന്നായിക്കഴിഞ്ഞു. വരട്ടെ മോഹന കാലഘട്ടം"-(നേരും നുണയും)

മലയാള ഭാഷാചാരുതക്ക് നവഭാവം നൽകിയ വൈക്കം മുഹമ്മദ് ബഷീർ തന്റെ കൃതികളിലൂടെ ഗ്രാമീണദാർശനികതയുടെ പുതിയ മാനങ്ങൾ തേടുകയാണ്. ലോക സാഹിത്യത്തിൽ തന്റെ വ്യാഖ്യാനരീതിയിൽ തന്റേതായ മുദ്ര പതിപ്പിച്ച ഈ കാഥികൻ പറഞ്ഞ കഥകളിലെല്ലാം സ്വജീവിതത്തിന്റെ നേർസാക്ഷ്യങ്ങളുണ്ടായിരുന്നു.

'വൈലാലിൽ' എന്ന കൊച്ചുപുരയിലിരുന്ന് 'മാംഗോസ്റ്റിൻ' മരത്തിന്റെ തണലും ചാരി കുഞ്ഞുപാത്തുമ്മായേയും കേശവൻനായരെയും സുഹറയെയും പൊൻകുരിശ് തോമായേയും വരച്ചുവെക്കുമ്പോൾ ബഷീർ പ്രത്യക്ഷമായോ പരോക്ഷമായോ അവയ്ക്ക് ഒരു സാമൂഹികമാനം കൂടി നൽകിയിരുന്നു.

"ബഷീർ കൃതികളിലെ സോഷ്യോളജി" അദ്ദേഹത്തിന്റെ രചനകളോളം തന്നെ ആഴവും പരപ്പും ഉള്ളതാണ്. അദ്ദേഹത്തിന്റെ കൃതികളിലെ തലക്കെട്ടിൽതന്നെ സാമൂഹിക യാഥാർത്ഥ്യങ്ങളും അയാഥാർത്ഥ്യങ്ങളും നിരന്തരം കലഹിച്ചുകൊണ്ടിരിക്കുന്നു. ഭൂമി ഗോളത്തിലെ സർവ്വചരാചരങ്ങളുടെയും അവകാശസംരക്ഷണം ആഹ്വാനം ചെയ്ത



ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' തൊട്ട് നനയ്ക്കാത്ത സോഷ്യോളജി വിരളം.

തന്റെ കഥാപാത്രങ്ങൾക്ക് മുഴയൻ നാണു, ആനവാരി രാമൻ നായർ, ചേൻ, കരിയാത്തൻ, തൊരപ്പൻ, അവറാൻ എിങ്ങനെയുള്ള വിചിത്രവും അതേ സമയം വിപ്ലവാത്മകവുമായ പേരുകൾ സ്വീകരിച്ച ബഷീർ സാമൂഹികസാംസ്കാരിക മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല. ആർഷഭാരത സംസ്കൃതിയുടെ വേരറ്റങ്ങൾ തേടിപ്പോയ തന്റെ സമകാലികരെ ഏറെ പിന്നിലാക്കിക്കൊണ്ട് ബഷീർ പറഞ്ഞ കഥകളൊക്കെത്തന്നെയും. മുസ്ലീം, ക്രിസ്തീയ, നായർച്ചി സുന്ദരി, തിയ്യ, ഈഴവ, ക്ഷുരക, ഉള്ളാട, മാദകത്തിടമ്പുകൾ, പറയ, ബ്രാഹ്മണമങ്ക തുടങ്ങിയ ജാതി-മത സാമുദായിക വിഭതയെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു. ഇതര മതസ്ഥരോട് ഇഴകിച്ചേരാൻ ഇത്രമാത്രം അഭിനിവേശം കാണിച്ച മറ്റൊരു സാഹിത്യകാരനോ സാഹിത്യകൃതികളോ ഇല്ല.

അതിലോലവും സാധാരണവുമായ ജീവിതസന്ധ്യകളിൽ നിന്ന് മനുഷ്യന്റെ അഗാധസങ്കീർണതകളെ ഒന്നുമറിയാത്ത നിഷ്കളങ്കഭാവത്തിൽ അനാവരണം ചെയ്യുന്നവയാണ് ബഷീർ കൃതികൾ എന്നാണ് എംടിയുടെ നിരീക്ഷണം. ബഷീറിയൻ സാഹിത്യങ്ങൾ ജാതിരഹിതമായ ഒരു സമൂഹത്തെ സ്വപ്നം കാണുന്നുണ്ട്. വെളിച്ചത്തിന്റെ വെളിച്ചത്തെപ്പറ്റി പറയുമ്പോഴും 'കാന്തീനെ തൊട്ട്' കഥ പറയുമ്പോഴും ബഷീറിന്റെ പുരോന്മുഖമായ മനസ്സാണ് വെളിപ്പെടുന്നത്. അതേസമയം സ്വാതന്ത്ര സമരപോരാളി എന്ന നിലയിൽ ഉള്ള ബഷീറിന്റെ മുഴുകലിൽ നിന്ന് പരോക്ഷമായി പൊന്തിവന്നവയാണ് അദ്ദേഹത്തിന്റെ കഥകളിൽ ചിലതെങ്കിലും.

> **എല്ലാ ജാതിയിലും പെട്ട സ്ത്രീകളുടെ മുല കുടിച്ചു എന്ന് പലതവണ പ്രഖ്യാപിച്ചുകൊണ്ട് തന്റെ മജ്ജയിൽ ഊർന്നുനിൽക്കുന്ന മതേതരഭാവത്തെ ലോകത്തിന് തുറന്ന് കാട്ടിയിട്ടുണ്ട് ബഷീർ.**

പാരതന്ത്ര്യ വിവശനായി കാരാഗ്രഹത്തിൽ ഇരിക്കുമ്പോഴും ഒരു മതിലിനപ്പുറം ഹൃദയഭാഷ്യം കൊണ്ട് പ്രണയം നുകർന്ന 'മതിലുകൾ' പ്രണയത്തിന്റെ സോഷ്യോളജി അനാവരണം ചെയ്യുന്നു. സുന്ദരമായ നാമത്തിനുവേണ്ടി തിരയുന്ന ഗവേഷകനും ബഷീറിലുണ്ട്. "നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ ഒരു മതത്തിലും വളർത്തണ്ട. അവരങ്ങനെ നിർമതരായി വളരട്ടെ" എന്ന് പറയുന്ന മിശ്രവിവാഹിതരായ സാറാമ്മയും കേശവൻനായരും സ്വന്തം കുഞ്ഞിനെ ഗദ്യകവിത, ചെറുകഥ എിങ്ങനെ 'സമ്പൂർണ' മതേതര പേരുകൾ വിളിച്ചുനോക്കി അതിലൊന്നും തൃപ്തി വരാതെ 'ആകാശമിഠായി' എന്ന പേര് ഉറപ്പിക്കുന്നു. തീവ്രമായ സാമൂഹിക വിമർശനത്തിന്റെ മാറ്റൊലികൾ ആണ് ഈ വരികൾ.

വിശപ്പിന്റെ രാഷ്ട്രീയത്തെ വരച്ചിട്ട 'വിശപ്പും' ഈ ലോകത്തിലെ കഠിനത, സ്നേഹരാഹിത്യം, അക്രമം - ഇതിനെയെല്ലാം പറ്റി പറഞ്ഞ പാവപ്പെട്ടവരുടെ വേശ്യയും ബഷീർ കൃതികളിലെ സോഷ്യോളജിയെ അതിന്റെ കട്ടിയിലും കനത്തിലും പ്രതിഫലിപ്പിക്കുന്നു.

എല്ലാ ജാതിയിലും പെട്ട സ്ത്രീകളുടെ മുല കുടിച്ചു എന്ന് പലതവണ പ്രഖ്യാപിച്ചുകൊണ്ട് തന്റെ മജ്ജയിൽ ഊർന്നുനിൽക്കുന്ന മതേതരഭാവത്തെ ലോകത്തിന് തുറന്ന് കാട്ടിയിട്ടുണ്ട് ബഷീർ. സമൂഹത്തിന്റെ അധീശാധികാരം പുലർത്തിയ പ്രത്യയശാസ്ത്രങ്ങളിൽ ഉൾക്കൊണ്ട ജാതികൾ, മതങ്ങൾ തുടങ്ങിയവയെ അപ്രസക്തമാക്കുന്ന തീവ്ര മാനുഷിക വികാരങ്ങളുടെ അതിർത്തിയെക്കൂടി നിർണയിക്കുന്നുണ്ട് ബഷീറിന്റെ കൃതികളിൽ പലതും.

ദേശീയ സ്വാതന്ത്രസമരത്തിൽ, വൈക്കം സത്യാഗ്രഹത്തിൽ കൊടി പിടിക്കാൻ മുന്നിട്ടിറങ്ങിയ ഈ മഹാരഥന് മനുഷ്യരാശിയോട് ഒരു ഉപദേശമേയുള്ളു:

"മണ്ടക്കഴുതകളേ! തമ്മിലടിച്ച് തലക്കീറാതെ ഈ ഭൂഗോളത്തെ സുന്ദരസുരഭില മലർവാടിയാക്കി തീർക്കുക."

അൻഷദ്
മാത്സ്, ഒന്നാം വർഷം

# യാത്ര

അമ്മയുടെ നെഞ്ചത്ത് ചേർന്നു കിടന്ന്...
അച്ഛനില്ലാത്ത ലോകത്തിലെ
'അമ്പിളിമാമനെ' തേടിയിറങ്ങിയതാണെന്റെ
ആദ്യ 'യാത്ര'.........





ആതിര ആർ
സോഷ്യോളജി, രണ്ടാം വർഷം

# ദേശസ്നേഹി

അവരുടെ വിയർപ്പിന്റെ
നീരൂറ്റിക്കുടിച്ചും
അവർ കൊണ്ട വെയിലിന്റെ തണലിൽ
കിടന്നുറങ്ങിയും
അവർ പടുത്തുയർത്തിയ
മണ്ണിൽ നിന്നും
അവരെ പുറത്താക്കി
ദേശ സ്നേഹത്തിന്റെ പട്ടിക
രൂപപ്പെടുത്തുന്നവർ.

ഷിബില സി.കെ.
ബോട്ടണി, രണ്ടാം വർഷം

# റോസാപ്പൂ

നീതിപീഠത്തിന്റെ റോസാപ്പൂവായിരുന്നവൾ...
നിയമമാമുള്ളുകൾ സംരക്ഷിക്കാനുണ്ടായിട്ടും
പിഴുതെറിയാൻ വന്ന കാട്ടാളരിൽ നിന്ന-
-വളെ രക്ഷിക്കാനായില്ല.
കറുത്ത കരങ്ങളും, കൂർത്ത പല്ലുകളും
അവളിലെ ഇതളുകളെ പറിച്ചെടുത്തു...
അത് കൊണ്ടവർ അധികാരികൾക്ക് മാല കോർത്തു...

രാഹുൽ മണപ്പാട്ട്
മലയാളം, മൂന്നാം വർഷം

# അങ്ങനൊരു പ്രേമക്കോതിയിൽ

തിരസ്കരിക്കപ്പെട്ട
മൂന്ന് മുറികളിലെവിടെയോ ചുരുട്ടിയെറിഞ്ഞ
ആൾക്കൂട്ടത്തിലേക്ക് ഞാൻ എഴുന്നേൽക്കുകയായിരുന്നു.
ഗുഹാമുഖങ്ങളിലേക്കുള്ള
എല്ലാ വഴികളും അവസാനിക്കുന്ന നട്ടുച്ചയിൽ
ഉറക്കത്തിന്റെ അതിർത്തികൾ ഒറ്റുന്ന അയാളെ ഞാൻ സ്വപ്നം കണ്ടു.
ലോകമവസാനത്തിന്റെ മുഖച്ഛായയുള്ള അയാളൊരു മുടന്തനായിരുന്നു.
അയാളുടെ നഖങ്ങൾക്കുള്ളിൽ
നഗരവിളക്കുകൾ കത്തിച്ച്
പാലായനം ചെയ്യുന്ന പെണ്കുട്ടികൾക്ക് ഒരേ വിളിപ്പേരുകളായിരുന്നു.
കാടിന്റെ വിയർപ്പിറ്റിച്ചു അയാളപ്പോൾ മരങ്ങളായ മരങ്ങളെയെല്ലാം തെറിവിളിച്ച്
മൃഗങ്ങളെ ആട്ടിയോടിക്കുകയായിരുന്നു.

ഒന്നു നോക്കണേ..
അയാളെ ഞാൻ പ്രേമിക്കുന്നത് ഇങ്ങനെയൊന്നുമല്ല.
അയാളുടെ മുടന്തൻ കാലിൽ നിന്നും എപ്പോഴും
ഒരു പക്ഷിയുടെ ശബ്ദം കേൾക്കാറുണ്ട്.
ആരോടും പറയരുതെ..
അയാൾക്കതൊന്നും ഇഷ്ടമാവില്ല...
അയാളുടെ ആ മുടന്തൻ കാലിൽ ഒരു കൂട്.. ആന്നേ..
ആരോടും പറയരുതേ..
ഉറുമ്പുകളോട് വർത്തമാനം പറയണമെന്ന് വാശിപിടിക്കണ
ആ വൈകുന്നേരം തന്നെയാണ് ഞാനതു കാണുന്നതും..



തള്ള പക്ഷി.. വിരിയാറായ കുഞ്ഞുമുട്ടകൾ..
ആ മുട്ടയ്ക്കുള്ളിൽ
ശ്വാസതൂവലുകളെ
ഊതി പറത്തികളിക്കുന്ന
ആ പക്ഷികുഞ്ഞുങ്ങൾ എന്നെ
അമ്മേ എന്ന് വിളിക്കണമെന്ന്
അപ്പോൾ തോന്നിയ പുതിയാണ്.
എന്റെ മുലത്തുമ്പത്ത്
അപ്പോൾ മുതൽ പൊടിഞ്ഞ
ഭൂമി ഉപേക്ഷിക്കപ്പെട്ട എല്ലാ ഉറവകളും ചുര
ഞാൻ വേണ്ടി
ഞാൻ അയാളെ പ്രേമിച്ചു.
നുണയാണ് കേട്ടോ..
ഇതൊന്നുമല്ല കാര്യം..
എത്രെയോ തവണ
ആത്മഹത്യക്കു ശ്രമിച്ച്
പരാജയപ്പെട്ട അയാളുടെ
ചാവുദിനത്തിലേക്ക്
കവിത ചുമന്നു കൊണ്ടുപോവുകയായിരുന്നു
ഞാൻ.

അയാൾ കുടിച്ച
വിഷത്തിൽ അയാളുടെ ഏറ്റവും പ്രിയപ്പെട്ട
കവിത കലക്കിയ
അയാളുടെ കാമുകി.

കഴുത്തെല്ലുകൾക്കിടയിൽ
പച്ചകുത്തിയ പാമ്പിൻകുഞ്ഞുങ്ങളിൽ
ശ്വാസത്തിന്റെ
നുരുമ്പിച്ച കയറു കുരുക്കിയ
അയാളുടെ കാമുകൻ.
ഇവരെ കൂടാതെ
മൂർച്ചയുള്ള മരണായുധങ്ങളുമായി
അയാളുടെ വീട്ടിലോട്ട്
കയറി പോവുന്ന
അയാൾ ഭീകരമായി പ്രേമിച്ച
മനുഷ്യർ.



ഞാൻ പറഞ്ഞില്ലേ...
അയാൾക്കതൊന്നും
ഇഷ്ടമാവില്ല.
എത്രപേരെ പ്രേമിച്ച്
പ്രേമിച്ച്
കവിതപോലെ
കിടുക്കാച്ചി തൊടിയിൽ കൊണ്ട്
തള്ളിയിട്ടുണ്ട്.
ജീവൻ കൊടുത്തിട്ടുണ്ട്
വളർത്തിയിട്ടുണ്ട്
കൊന്നുകളഞ്ഞിട്ടുണ്ട്.
ഞാൻ മരിക്കുന്നതിൽപോലും
അയാൾ കാട്ടിയ
സൂക്ഷ്മ തന്ത്രം
ഞാൻ മറക്കത്തില്ല.
അതുകൊണ്ടൊന്നുമല്ല
ഞാനയാളെ പ്രേമിക്കുന്നത്...

അയാളുടെ
ഭൂതകാല കേൾവിയിലേക്ക്
കുഴിച്ചു കുഴിച്ചു
ചെന്നെത്തുന്ന ഒച്ചയിൽ
ചൂട്ട് കത്തിച്ച്
കുടിലുകെട്ടി
തീകായുമ്പോൾ
എനിക്കയാളോട്
പ്രേമം തോന്നിയിരിക്കാം...

പക്ഷെ ഇങ്ങനെയൊന്നുമല്ല
കേട്ടോ എനിക്കയാളോട്
പ്രേമം തോന്നിയത്...
ആരോടും പറയരുതേ..
രഹസ്യമായി പിന്നൊരിക്കൽ
പറയാം.
അയാൾക്കിതൊന്നും
ഇഷ്ടമാവില്ല...
പാവം കാമുകനാ....

അനുപമ മോഹൻ
മലയാളം, മൂന്നാം വർഷം

# ആണോട് ആൺ ഉമ്മ പറയുമ്പോൾ ദൂരം പായുന്നത്

കടന്നലുകൾ
കൂടുകൂട്ടുന്ന തിരക്കിലേക്ക്
മണ്ണ് പരതുന്ന
രണ്ട് കാമുകൻമാർ
ഇതുവഴി പോവുമ്പോൾ
തീപെയ്യുന്നെന്ന്
കള്ളം പറഞ്ഞ്
തടഞ്ഞു നിർത്തുന്നു.
ഭൂമിയിൽ
പ്രേമത്തെ കടന്നൽ കുഞ്ഞുപോലെ
കുത്തി പറന്ന്
വേദന കൊണ്ട്
ശരീരം തിണർക്കുന്ന
ആദ്യത്തെ
മനുഷ്യനാവുന്നു.
മൺകൂട്ടിൽ
ആണോട് ആൺ
വേദന കൊത്തുമ്പോൾ
കടച്ചിലെടുത്ത്
മേൽ ചുണ്ടുകൾ
തിണർക്കുന്ന
പകലുകൾക്ക്
ഇരുട്ടിന്റെ കെണി വെക്കുന്നു.
നിർത്താതെ ഉമ്മ വെച്ച്
കുഴങ്ങുന്ന നേരം
രണ്ട് ആണുങ്ങൾ
കണ്ണടക്കുന്ന വേഗത്തിൽ
വലിയൊരു കൂടിളകി വന്ന്
അവന്റെ
അരക്കെട്ടുകളിൽ
ചാഞ്ഞുറങ്ങുന്നു.



അപ്പോൾ
ലോകത്തിൽ അവസാനം
ചുംബിക്കപ്പെട്ട
മനുഷ്യന്റെ
ഉടലാകെ
കൂടുണ്ടാകുന്നു.
വേരുകൾ പൊട്ടിച്ച്
ആകാശങ്ങളിലേക്ക്
പറത്തുന്നു.
പറപ്പ്.
പ്രേമത്തിന്റെ പിറപ്പു സഞ്ചാരങ്ങൾ.

രണ്ടു മനുഷ്യരെ
മാത്രം പരിചയമുള്ളപ്പോൾ
എന്ത് രസകരമായാണ്
നമ്മൾ
കെട്ടിപിടിച്ചത്.
രണ്ട് ഇലകൾ
മാത്രമുള്ള
മരങ്ങളിലേക്ക്
കടിച്ചു പിടിച്ച വേദനയുമായി
നീ
കൂടിളകിവരുമ്പോൾ
പെട്ടെന്ന്
കരിയില കൊണ്ട്
മൂടിവെച്ച
എന്നെ പകരം തരുന്നു.
തിരിച്ചുപോവാൻ
ചിറകുവെക്കുമ്പോൾ
എന്റെ തൂവലുകളെ
കൊഴിച്ചു വിടുന്നു.
തീ പൊള്ളിച്ച്
കടന്നലുകൾ
ദൂരം പായുമ്പോൾ
കാമുകനെന്നു പറയുന്ന
നിന്നെ
മരക്കാടുകളിൽ മറന്നുവെക്കുന്നു.
രാത്രികൾ
തുറന്നു വിടുന്ന
വെളിച്ചങ്ങളിൽ
നമ്മൾ
തിരിഞ്ഞു പോവുന്നു.

ഷീന വി.
മലയാളം, രണ്ടാം വർഷം



# ശ്രവികം

പറയാൻ മാത്രം ഇല്ലായെങ്കിലും പറയിപ്പിക്കുന്ന ഏതോ ഒരു യന്ത്രമുണ്ട് നമ്മുടെയെല്ലാം മനസ്സിൽ. സാധാരണയായി അതവളുടെ മനസ്സിൽ നിന്ന് നാവ് ഒഴുക്കിക്കളയുകയാണ് പതിവ് എന്ന് സൗഭാഗ്യ ഓർമ്മിപ്പിച്ചു. എത്ര ആവർത്തിച്ചും കൺമുൻപിൽ മങ്ങലില്ലാതെ തെളിഞ്ഞുവരുന്നത് ഒരു പതിനഞ്ചുവയസ്സുകാരിയുടെ ഡയറിക്കുറിപ്പാണ്, മകൾ ആമിയുടെ.

മുന്നിലെ ചോറ്റുപാത്രങ്ങളിൽനിന്ന് നാവിൽ വെള്ളമൂറിക്കുന്ന മണം പരന്നിട്ടും സ്വതവേ ആക്രാന്തം കാണിക്കാറുള്ള തന്റെ നാവും മരവിച്ചുപോയോ എന്നവൾ സംശയിച്ചു. ഊണുമേശയായി രൂപാന്തരം പ്രാപിച്ച ഡസ്കിൽ വിവിധ ജാതി വിഭവങ്ങൾ എരിവും, പുളിയും, ഉപ്പും കൈകോർത്ത് കിടന്നിരുന്നു. ഇമ്മാതിരി ഉച്ചവേളകളിലാണ് ഹൈസ്കൂൾ അദ്ധ്യാപികമാരായ സൗഭാഗ്യയും കൂട്ടത്തികളും ചോറ്റുപാത്രത്തിൽ കൈയിട്ട് സകലരെയും ട്രോളാറുള്ളത്.

ഉച്ചക്ക് ശേഷം മൂന്ന് മണിക്കൂർ തൊള്ള കീറാനുള്ള ഇന്ധനം കയറ്റൽ എന്നാണ് ഈ മഹായജ്ഞത്തെ മലയാളം അധ്യാപികയും സൗഭാഗ്യയുടെ ഉറ്റ സുഹൃത്തുമായ ജസീല വിശേഷിപ്പിക്കാറുള്ളത്.

'നീയ് എന്ത്ട്ടാടീ... അവിശീണ് കുടിച്ച ഓന്തിനെ പോലെ... ?' സൗഭാഗ്യ കൊണ്ടുവരുന്ന കൽചട്ടിയിലുണ്ടാകുന്ന സാമ്പാറിന്റെ രുചിയോർത്ത് ജസീല സൗഭാഗ്യയുടെ കൈമുട്ടിൽ തോണ്ടി.

"ഒന്നും ല്ല്യ"...

സൗഭാഗ്യ സാമ്പാറിന്റെ അടപ്പുതുറന്ന് പാത്രം ജസീലക്ക് കൈമാറി, കുപ്പിയിലെ ചുക്കുവെള്ളം കുടിച്ച് നെടുവീർപ്പയച്ചു. മെല്ലെ അവളുടെ വിരലുകൾ ചോറിൻ വറ്റുകളെ നക്കാൻ തുടങ്ങി. അച്ചാറിന്റെ ആ ആരാധികയായ അനുപമക്കു നേരെ സരസ്വതി കടുമാങ്ങനീട്ടിയപ്പോൾ അനുപമയുടെ നെറ്റിചുളിഞ്ഞു.

"കടുമാങ്ങ വേണ്ടാട്ടോ".... പിര്യേഡ്

സാ... ഇങ്ങനത്തെ ഡെയ്സില് അധികം സ്പൈസി ആയതൊന്നും കഴിക്കരുതെന്ന് വനിതേല് വായിച്ചു... ജെസീലെ ആ കറി ഇങ്ങ്ട് താ....

സൗഭാഗ്യ അനുപമയ്ക്ക് കറി കൈമാറുമ്പോൾ ഉള്ളിൽ ആർത്തവത്തിന്റെ ആദ്യദിനങ്ങളിലെ വിമ്മിഷ്ടത്തോടെയുള്ള മകൾ ആമിയുടെ മുഖം കൊളുത്തിവലിച്ചു.

“ഈ അച്ഛമ്മേടൊന്ന് മിണ്ടാതിരിക്കാൻ പറയാമോ.. അമ്മേ?” വാരാന്ത്യത്തിൽ സ്കൂളിനും വീടിനുമിടയിൽ വീണുകിട്ടുന്ന സമയത്തെ ആരുടെയെല്ലാം ആവശ്യങ്ങളുമായിട്ടാണ് തൃപ്തിപ്പെടുത്തേണ്ടത് എന്നറിയാതെ നട്ടം തിരിയുകയായിരുന്നു അപ്പോൾ സൗഭാഗ്യയുടെ മനസ്സ്.

മനോജും അമ്മയും കേൾക്കാത്തവിധം മോൾ ശബ്ദം താഴ്ത്തിയത് നന്നായി എന്ന ഭാവത്തോടെ അവൾ ആമിയുടെ മുഖത്തേക്ക് നോക്കി. അവൾ പറയുന്നതിനെക്കുറിച്ച് തനിക്കറിയാഞ്ഞിട്ടല്ല.. ശരിയാണ് ഇന്നേത് പെൺകുട്ട്യാ ആർത്തവദിനങ്ങളിൽ പായയിൽ കിടക്കാൻ തയ്യാറാവ്വാ.. ? രണ്ട് ദിവസം വീട്ടിൽ ആരേം തൊടാണ്ടിരിക്ക്യാ? ഇഷ്ടദൈവത്തെ പ്രാർത്ഥിക്കാതിരിക്ക്യാ. ഏതു പെൺകുട്ടിയാ ഈ നിഷ്ഠകൾ എല്ലാം മുറതെറ്റാതെ അനുഷ്ഠിക്കാൻ തയ്യാറാവുക.. ?

“പിര്യേഡ്സ് ആവ്ണതെന്താ ഒരു കുറ്റാണോ? അതൊരു ശാരീരിക അവസ്ഥയല്ലേ അമ്മേ. ? അവ്ടെ തൊടാൻ പാടില്യ ഇവ്ടെ തൊടാൻ പാടില്യ... ഞാനെന്താ വൈറൽ രോഗിയോ? അടങ്ങിയിരിക്കാനൊന്നും എന്നെകിട്ടില്ല്യാ.... ”

ഒരു പാഡ് മാറ്റുന്ന ലാഘവത്തോടെ അവളത് പറഞ്ഞുതീർത്തപ്പോൾ ഞാൻ വെറുത്തിരുന്ന എന്തെല്ലാമോ തകർന്നുവീഴുന്നത് കാണുന്നതിലെ രസമാണ് തോന്നിയത്. ഈ വീറും വാശിയും തനിക്കും തോന്നിയിരുന്നതല്ലേ... വർഷങ്ങൾക്കു മുൻപെ.

“യായ്യാ... കടുമാങ്ങ ഇങ്ങട്ട് കൊണ്ടാ... അല്ലാ... സൗഭാഗ്യ... നിനക്കിന്ന് എന്ത്ട്ടാ പെര്ത്ത് ആലോചന? മനോജേട്ടൻ ഡൈവേഴ്സ് നോട്ടീസ് തന്നോ?”

“അതാണ് പ്രശ്നംച്ചാൽ.. ഇത്ര ആലോചിക്കാൻ ഇണ്ടാവില്ല്യേർന്നു ജെസീ.... ”

വായിൽ അവശേഷിച്ച മാങ്ങാതുണ്ടിന്റെ ഉപ്പും പുളിയും ആസ്വദിച്ച് നൊട്ടിനുണഞ്ഞ് ജെസീല സൗഭാഗ്യയെ നോക്കി.

“പ്രശ്നം അതുതന്നെ ആർത്തവം.. ” അച്ഛമ്മേം മോളും തമ്മിൽ ശീതസമരത്തിലാ... ”

നാലുജോഡി കണ്ണുകളും സൗഭാഗ്യക്കുനേരെ തിരിഞ്ഞു.

“പണ്ടത്തെപ്പോലെയല്ല ഇപ്പോഴത്തെ പിള്ളേർ” ജസീല ഉടൻ തന്നെ തന്റെ കമന്റ് പാസാക്കി.

“ഇതൊക്കെ പാരമ്പര്യായിട്ട് തൊടർന്ന് വര്ന്ന ആചാരാ... ഉടുതുണി മാറ്വപോലെ ഇതങ്ങ്ട് മാറ്റ്വാന്ന് പറഞ്ഞാല് കാർന്നോന്മാർക്ക് അത് ദഹിച്ചൂന്ന് വരില്യാ... ”

അനുപമ പറഞ്ഞു.

‘ഓ... ഇതൊക്കെ കൂട്ടുകുടുംബവ്യവസ്ഥിതി നിലനിന്ന കാലത്ത് പെണ്ണ്ങ്ങക്ക് മാസത്തില് കൊറച്ചീസെങ്കിലും റെസ്റ്റ് കിട്ടിക്കോട്ടെന്ന് വിചാരിച്ച് ഈ കാർന്നോന്മാര് തന്നെ നടപ്പിലാക്കിയ ഒരു തീരുമാനമാണ് ഇതൊക്കെ. ’

ഇതിലൊക്കെ എന്തൂട്ട് പാരമ്പര്യം?

ജസീല കൊറച്ച് ചരിത്രം വിളമ്പി.

‘ഈ ആചാരമൊക്കെ എട്ത്ത് കളയണംന്ന് എനിക്കും തോന്നീട്ട്ണ്ട് സൗഭാഗ്യ... ’

ഇതുവരെ മിണ്ടാതിരുന്ന സരസ്വതി പറഞ്ഞു;

‘ന്റെ ഡിഗ്രികാലത്താ അച്ഛൻ മരിക്കണേ... മരിച്ച പുലയും ആയിരിക്കണ ആ സമയത്താ ശനിപാത്രം



പോലെ ആർത്തവം കൂടി ആവണെ... വടക്കേ പുറത്തേക്ക് മാറ്റിനിർത്തിയതും വേഗം ചെറിയച്ഛന്റെ വീട്ടിലേക്ക് പോകാൻ കൽപ്പിച്ചതും, അവിടെ കക്കൂസും കുളിമുറിയും ഇല്ലാതിരുന്നതിലെ വിമ്മിഷ്ടം അനുഭവിച്ചതും ഇപ്പോഴും ഒരോർമ്മയാണ്, ഓർമിക്കാൻ ഒന്നുമില്ലെങ്കിലും... '

"ഗർഭപാത്രമില്ലാത്ത ഒരാണായി പിറക്കേണ്ടിയിരുന്നു എന്ന് അന്ന് തോന്നി" ഓരോരുത്തരും അവരവരുടെ സമൂഹത്തിലെ ആചാരങ്ങൾ ഒരു തട്ടിലും മറുതട്ടിൽ സ്വന്തം അനുഭവങ്ങളും വച്ച് തൂക്കി നോക്കുകയാണ് എന്ന് സൗഭാഗ്യക്ക് തോന്നി.

മനസിലെ നഷ്ടങ്ങളുടെ പറ്റുബുക്കിൽ സ്വാനുഭവങ്ങളെക്കുറിച്ച്കൊണ്ട് അവർ ഏമ്പക്കം വിട്ട് പിരിഞ്ഞു.

പിങ്കും കറുപ്പും നിറങ്ങൾ കൂട്ടത്തോടെ ഇണചേരുന്നത് നോക്കി സൗഭാഗ്യ നിന്നു. സ്റ്റെപ്പ്സ് ഇറങ്ങിവരുന്ന കൂട്ടികൂട്ടങ്ങളുടെ ആരവത്തിൽ അവളുടെ ചിന്തകൾ കുളത്തിലെ ആഴങ്ങളിലേക്കെറിഞ്ഞ കല്ലു കണക്കേ വീണു... എന്നുമെന്നപോലെ കനപ്പെട്ട സഞ്ചികളും തൂക്കി ബസുകളിൽ വീട്ടിലേക്ക് മടങ്ങുന്ന കുട്ടികൾ.

ആമിയും ഇപ്പോൾ പുസ്തസഞ്ചിയും തൂക്കി സ്കൂൾ ബസിൽ സ്ഥാനം പിടിച്ചിട്ടുണ്ടാവണം.

"മ്മളെ മക്കള് വല്താവ്ണത് മ്മള് മാത്രം അറിയന്നില്ല്യ സൗഭാഗ്യേ...... ജസീല ആവലാതിപ്പെട്ടു"

"ആമി എഴുതിയ കവിത ഞാൻ വായിച്ചൂട്ടോ.. നീയെനിക്കിന്നലെ വാട്സാപ്പിൽ അയച്ചുതന്നില്ലെ. അതിലെ അവസാനത്തെ വരീണ്ടല്ലോ അതാണ് ഇന്റെ മനസ്സിലിപ്പഴും, "ഈറ്റുചോരയിൽ കുളിച്ച നീ പിറന്നതീ അശുദ്ധിയിൽന്ന്... "

"ആ രസംകൊല്ലി വർത്താനം യ്യ് മറന്ന്ണ്ട്ട്ടാവും ന്നാ ഞാൻ വിചാരിച്ചേ... എന്തിന്? വെർതെയല്ല നിന്റെ മോൾ അങ്ങനെ എഴുതിയത്. ഈ മുടിഞ്ഞ ആചാരങ്ങളൊക്കെ കൊണ്ടുപോയി ഖബറടക്കാൻ പറ നിന്റെ കാർന്നോത്തിയോട് അട്ത്ത് ഒരു മീസാൻ കല്ലും കൂടെ നടാനും... "

ജസീലയുടെ നാവ് ഇങ്കിലാബ് മുഴക്കി.

"നിനക്കങ്ങനെ പറയാം ജെസി. കാലങ്ങൾ പടുത്തുയർത്തിയ കോട്ടയാണത് വെറും ശാരീരികാവസ്ഥയായി കാണണംന്നൊക്കെ പറഞ്ഞാൽ... " സൗഭാഗ്യ പൂർത്തിയാക്കുംമുമ്പെ ജസീല എതിർപ്പിന്റെ പുളു തിരുകി.

"ആർത്തവം ആയിച്ചാലും എല്ലാ പ്രവൃത്തീം ഒരു പെണ്ണ് എട്ക്കന്നില്ല്യേ.. അതൊക്കെയെന്താ വെറും സ്റ്റാറ്റിസ്റ്റിക്സോ?"



"നീയൊക്കെപ്പിന്നെ എന്തുട്ടാ ബയോളജി പഠിക്കണ കുട്ട്യോള്ക്ക് ഓതികൊടുക്കണെ?"

"പാഠപുസ്തകങ്ങളുടെ സിലബസിലില്ലാത്ത ജീവിതത്തിന്റെ സിലബസിൽ മാത്രം ഉള്ള പാഠമാണ് ജെസീ ഇത്, " സൗഭാഗ്യ മനസ്സാ പറഞ്ഞു. നിരത്തിൽ നിന്നു വീട്ടിലേക്കു പടികൾ കയറാൻ തുടങ്ങിയപ്പോൾ പുതുതായി പൂത്ത നെച്ചി ചെടികളുടെ മൈലാഞ്ചി ചുവപ്പിനിടയിലൂടെ മുറ്റത്തെ തുളസി തറയിൽ കൊളുത്തിവെച്ച തിരി വിളക്കിന്റെ പ്രകാശനാളം കണ്ടപ്പോൾ സൗഭാഗ്യയുടെ മനസ്സിൽ തണുപ്പു വീണു. പതിവില്ലാതെ ആ ആഴ്ചയിലെ മാതൃഭൂമി വാരികയുമായി ഉമ്മറത്തെ ചാരുകസേരയിൽ മലർന്നു കിടന്നുവായിക്കുന്ന മനോജിനെയാണ് കണ്ടത്. നിത്യവും ഇന്നേരത്ത് ലാഭതന്ത്രങ്ങളുടെ കണക്കുകൂട്ടലുമായി ഇരിക്കുന്ന കച്ചോടക്കാരന് ഇന്നെന്ത് പറ്റി, പഴയ ഇഷ്ടങ്ങളൊക്കെ ഒന്ന് പൊടിതട്ടിയെടുക്കാൻ? ഞാനൊരു പുസ്തകം നോക്കിയിട്ട് എത്ര നാളുകളായെന്ന് സൗഭാഗ്യ വെറുതെ ഓർത്തുനോക്കി.

ടീവിക്കു മുന്നിലെ സോഫയിൽ കടകം മറിഞ്ഞ് ചാനലുകളെ മാറ്റിയെടുക്കുയാണ് ആമി.

രംഗം ശാന്തമായതിനാൽ ഒരു കളിക്കാരന്റെ ശാന്തതയോടെ സൗഭാഗ്യ അകത്തളത്തിലേക്ക് കടന്നു.

ചായ ചൂടോടെ കുടിക്കുമ്പോൾ ഗ്ലാസിൽ തെളിയുന്ന ചുവന്ന ദ്രാവകത്തെ നോക്കി സൗഭാഗ്യയുടെ മനസ്സ് പറഞ്ഞു.

"ഈ ചായക്കും നിത്യാർത്തവം തന്നെ. "

ചായക്കപ്പുമെടുത്ത് അവൾ ഉമ്മറത്തേക്ക് നടന്നു. ആമിയുണ്ട് പുറത്ത് ചക്രവാളമുഖവും നോക്കിതൂണും ചാരിയിരിക്കുന്നു.

പെട്ടെന്നാണ് ഒരു ശൂന്യത സൗഭാഗ്യയിൽ ഉളവാക്കിയത്.

"അമ്മയെവിടെ മനോജേട്ടാ.... ?"

ആഴ്ചപ്പതിപ്പിൽ മുങ്ങിയ തല പാതി തിരിച്ച് മനോജ് പറഞ്ഞു.

'അമ്മ മുല്ലമറ്റത്തേക്ക് പോയി... കൊറച്ചീസം ഇനി അവടെ നിക്കട്ടെ. ' മനോജ് മകളെ നോക്കി കണ്ണിറുക്കി വീണ്ടും വായനയിലേക്ക് തിരിഞ്ഞു. ഒരു ദിവസത്തെ വഴക്കൊഴിഞ്ഞ ആശ്വാസം സൗഭാഗ്യയുടെ മുഖത്തുണ്ടായി.

'അമ്മയെന്തേ പെട്ടെന്ന് തറവാട്ടിൽ പോകാൻ?'

സൗഭാഗ്യയുടെ ആ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. അതിന്റെ കാരണദൂതൻ ആരാണെന്ന ഓർമ്മയിൽ ഏഴ് ആർത്തവദിനങ്ങളും പിന്നീട് കുളിച്ച് കയറിയ സ്വാതന്ത്ര്യസുഖത്തോടെ ആമി പുഞ്ചിരിച്ചു.

അന്ന് രാവിന്റെ ഉഷ്ണമേറ്റുവാങ്ങി ആമി ഉറക്കത്തിനായി കാത്തു. അവൾക്കായി ഉദിക്കുന്ന സൂര്യനെ സ്വപ്നം കണ്ടവൾ കിടന്നു.

ദാവൂദ് എ
സ്റ്റാറ്റിസ്റ്റിക്സ്, രണ്ടാം വർഷം

# വേദന ചിലരെ പോലെയാണ്

ചില മുഖങ്ങളെ പോലെ
അടച്ചുപൂട്ടി തായിട്ടുവെച്ചിടത്ത്
കയറിവരും, ക്ഷണിക്കാതെ, പേമാരിപോലെ
ആദ്യം കുളിരെന്നു നിനക്കും
തകർത്തു പെയ്യും മുൻപ് തണുപ്പിക്കും
പുതുമണം നിറഞ്ഞ് ശ്വസിച്ചു തുടങ്ങുമ്പോൾ
കുളിരിനോടൊപ്പം അലിഞ്ഞു തുടങ്ങുമ്പോൾ
ഇടിയാവും, മിന്നലായ് വന്നെടുത്തുകളയും
ഓരോ ശിഖരത്തെയും, ഓരോ ദിനത്തേയും.
ഇനി ഒരു പുതുജീവനില്ലാതെ പൊടിയുന്ന
വേരിന്റെ ചുവന്ന നിറമുള്ള ഇയകളെയും.
അതെ, വേദന ചിലരെപ്പോലെയാണ്.

പിടിമുറുക്കിക്കഴിഞ്ഞു, ഇനി അടർത്തിമാറ്റണം
വേരാണ്ടുനിൽകുന്ന ഇടങ്ങളിൽ നിന്ന്
ഇരുളിനെ പുണർന്നിരുന്നുറങ്ങിയ വഴികളിൽ നിന്ന്
നിലാവിൽ നിന്നൊളിച്ചിരുന്ന മേഘചുരുളിൽ നിന്ന്
ശ്വാസം നിലച്ചൊടുങ്ങിയ നിശ്വാസങ്ങളിൽ നിന്ന്



പറയാതെ വന്നത് പിടിച്ചിരിക്കയാണ് മുറുകെ
അടർന്നുമാറാതെ, പറഞ്ഞിട്ടും പോവാതെ.
കുടിയൊഴിപ്പിക്കുന്നത് സ്വന്തത്തിൽനിന്നാവുമ്പോൾ
ചോരയൊഴുക്കണം, ചിന്തിയെടുക്കണം.

എന്നാൽ ഒന്നലറിനോക്കാം, ഉറക്കെയുറക്കെ
അലറിയലറി നിലക്കുന്ന ശ്വാസത്തോടൊപ്പം
ഉണങ്ങിക്കരിഞ്ഞ, ഉമിനീർവറ്റിയ എന്നിലൂടെ
ചിലപ്പോ ഇറങ്ങിപ്പോയാലോ! ചിലപ്പോ

അലറി, ഉറക്കെ, മേഘത്തിനുമപ്പുറത്തേക്ക്
മൗനത്തേക്കാളുംഉറക്കെ
രക്തക്കടൽ തിളച്ചുമറിയുമാറുച്ചത്തിൽ

പക്ഷെ കൂടുകയാണ്, വേദന ഹൃദയമിടിപ്പിനൊപ്പം

ഇനി എന്നാൽ മറന്നുകളയാം
ചിരിക്കാം, കരയാം, കിതക്കാം
നിന്നുപോവരുത് ഒരു നിമിഷം പോലും
ഇടംകൊടുക്കരുത് കടന്നു വരാൻ
വേദന മണക്കുമ്പോൾ മറക്കണം
ഇന്നിനെ, നാളെയെ, സ്വന്തത്തെ
എന്നിട്ടെതെങ്കിലും തീരത്തലയണം.
വിയർക്കണം
വിയർപ്പുപ്പിൽ വേദന മറക്കണം.
പക്ഷെ
മറന്നെന്ന് നിനച്ചു കിതപ്പടക്കുമ്പോൾ
ഓർമയുടെ നൗകയിലേറി വീണ്ടും
സ്വപ്നം ഉറക്കത്തിലേക്കെന്ന പോൽ വേദന.

അതെ, അതങ്ങനെയാണ്
ഒരിക്കൽ വേരാണ്ടുപോയാൽ
പറിച്ചെറിഞ്ഞു കളഞ്ഞു നിൽക്കുമ്പോൾ
ബാക്കിയാവുന്ന മുറിവിൽ തളിർത്തു തുടങ്ങും
ഒരായിരം വേരുകൾ, വേദനയുടെ ചുവന്ന നിറമുള്ളവ
പടർന്നുപിടിച്ചു കൊണ്ടേയിരിക്കും
അത് നീയാകും വരെ
നീ വേദനയാവും വരെ.

അതെ, വേദന ചിലരെപ്പോലെയാണ്
നിന്നെപ്പോലെയാണ്
കുടിയൊഴിപ്പിച്ചിട്ടും, അലറിവിളിച്ചിട്ടും
മറന്നുകളഞ്ഞിട്ടും വിട്ടുപോവാത്ത
നിന്നെപ്പോലെ
നിന്നെപ്പോലെ



റിദ
മലയാളം, മൂന്നാം വർഷം




**സീൻ ഒന്ന്**

**പകൽ/വീട്ടിലെ മുറി**

**കഥാപാത്രങ്ങൾ : ഇന്ദു**

ഷോർട്ട് ഫിലിം തുടങ്ങുമ്പോൾ ആദ്യം കാണിക്കുന്നത് ഒരു കണ്ണാടിയാണ്. പെട്ടെന്ന് ധൃതിയിൽ ഇന്ദു ആ കണ്ണാടിയിലേക്ക് വരികയും ധൃതിയിൽ സാരിമാറ്റുകയും കണ്ണെഴുതുകയും പൊട്ടുകുത്തുകയും ചെയ്തു. ശേഷം മുടി ചീകുന്നതിനിടയിൽ ചീർപ്പ്, തലയിലെ ഒരു വ്രണത്തിൽ തട്ടിയെന്നതുപോലെ അവൾ വേദനയോടെ കൈകൊണ്ട് ആ ഭാഗം തടവുന്നു. പിന്നീട് കൈകളിലേക്ക് നോക്കി നിൽക്കുന്ന ഇന്ദുവിലേക്ക് ക്യാമറ സൂം ചെയ്യുന്നു. അവളുടെ കൈനിറയെ നീലനിറം. അവൾ കണ്ണടച്ച് ആ വ്രണത്തിലെ നീലനിറം അനുഭവിക്കുന്നു. ഈ സമയം അകത്ത് നിന്ന് അവളുടെ ഭർത്താവിന്റെ ശബ്ദം കേൾക്കുന്നു.

ശബ്ദത്തിൽ ഉണരുന്ന ഇന്ദു വേഗം ഭർത്താവിന്റെ അടുത്തേക്ക് പോകുന്നു. ഇപ്പോൾ സ്ക്രീനിൽ വീണ്ടും കണ്ണാടി മാത്രം. പതിയെ നീലനിറത്തിൽ കണ്ണാടിയിൽ സിനിമയുടെ ടൈറ്റിൽ "വ്രണങ്ങൾ" ഒരു മൃദുവായ ബാക്ക്ഗ്രൗണ്ട് മ്യൂസിക്കോടെ എഴുതിക്കാണിക്കുന്നു.



**സീൻ - രണ്ട്**

**പകൽ/വീട്**

**കഥാപാത്രങ്ങൾ: ഇന്ദു, നാൻസി (ഫോണിൽ)**

കണ്ണാടിയിലേക്ക് നോക്കി നിൽക്കുന്ന ഇന്ദു പതിയെ നിർവികാരതയോടെ തന്റെ കൈകളിലേക്ക് നോക്കുന്നു. കൈ നിറയെ നീല വ്രണങ്ങൾ. അവൾ അത് മെല്ലെ തൊ



ടുകയും മേശയിലിരിക്കുന്ന ഫോണിലേക്ക് നോക്കുകയും ചെയ്യുന്നു. പതിയെ ഫോണെടുക്കുന്നു. ഡയൽ ചെയ്യുന്നു.

ഇന്ദു: ഹലോ നാൻസി ഞാൻ ഇന്ദു. ഇന്ന് ഉച്ചയ്ക്ക് ശേഷം നിന്റെ ഒരു അപ്പോയിൻമെന്റ് വേണമായിരുന്നു.

നാൻസി: ഓകെ ഡിയർ. പൊതുവെ പേഷ്യൻസ് കുറവാ. നീയിങ്ങ് പോര് എന്താ പ്രത്യേകിച്ച്.

ഇന്ദു: എല്ലാം ഞാൻ നേരിട്ട് വന്നിട്ട് പറയാം. ഓഫീസിൽ വിളിച്ചിട്ട് ഉച്ചക്കുള്ള ലീവ് പറയണം. എന്നാൽ ശരി.

ഫോൺ വയ്ക്കുന്നു. അവൾക്ക് ഒരു ഉന്മേഷക്കുറവ് തോന്നുന്നുണ്ട്. എന്നാലും അവൾ ബാഗ് തൂക്കി പുറത്തേക്ക് പോകുന്നു. അകലങ്ങളിലേക്ക് നടന്നകലുന്ന ഇന്ദുവിലേക്ക് ക്യാമറ.

**സീൻ - 3**

**ഉച്ച/ നാൻസിയുടെ ക്ലീനിക്**

**കഥാപാത്രങ്ങൾ ഇന്ദു, നാൻസി**

ഇന്ദു നാൻസിയുടെ റൂമിലേക്ക് പ്രവേശിക്കുന്നു. അവളെ കണ്ടപാടെ നാൻസി ചിരിച്ചുകൊണ്ട് ഇരിക്കാൻ ആവശ്യപ്പെടുന്നുണ്ട്. പക്ഷെ ഇന്ദുവിന്റെ മുഖത്ത് പ്രത്യേക ഭാവമാറ്റമൊന്നും കാണുന്നില്ല.

നാൻസി: എന്തൊക്കെയാടീ വിശേഷം. രമേശനും മക്കൾക്കും സുഖമല്ലേ. കണ്ടിട്ട് ഒരുപാട് നാളായി. എന്തൊക്കെയാ അവിടെ പുതിയവിശേഷം.

ഇന്ദു: ഉം. എല്ലാവർക്കും സുഖം.

നാൻസി: പക്ഷെ നിനക്ക് സുഖമില്ലാത്തതുപോലെയുണ്ടല്ലോ എന്തുപറ്റി?

ഇന്ദു: നോക്ക് കൈയിലാകെ ഒരുമാതിരി നീലവ്രണങ്ങൾ പൊന്തിയിട്ടുണ്ട്. വേദനയൊന്നുമില്ല. പക്ഷേ ഇതിന്റെയൊരു മണം ഞാൻ എവിടെയോ അനുഭവിച്ചിട്ടുള്ളതുപോലെ.

നാൻസി: നിനക്കെന്താടി ഭ്രാന്തായോ. കാണിച്ചേ

(ഇന്ദുവിന്റെ കൈയിലെ വ്രണങ്ങൾ കണ്ട് നാൻസി അന്ധതപ്പെടുന്നു. അവൾ ഇന്ദുവിനെ വീണ്ടും വീണ്ടും നോക്കുന്നു. എന്തൊക്കെയോ പരിശോധനകൾ നടത്തുന്നു.

നാൻസി: ഇതാദ്യമായിട്ടാണല്ലോ ഇങ്ങനെയൊരു രോഗവുമായിട്ട് എനിക്കൊരു പേഷ്യന്റ് വരുന്നത്. ഇങ്ങനെയൊരു രോഗത്തെക്കുറിച്ച് ഞാൻ പഠിച്ചിട്ടുമില്ല. ഇതിപ്പോ.... കൈയിൽ തന്നെയാണോ ആദ്യം പൊന്തിയത്?

ഇന്ദു: അല്ല. ഒരു ദിവസം മുടിചീകുമ്പോൾ ചീർപ്പ് ഒരു മുടിയിൽ തടഞ്ഞിരുന്നു. അതിനും ഇതേ നീലനിറമായിരുന്നു. ഒരാഴ്ച കഴിഞ്ഞപ്പോഴേക്ക് കൈയിലേക്കും സ്പ്രെഡ് ആയി.

നാൻസി: ഒരു പിടിയും കിട്ടുന്നില്ലല്ലോ. നിന്റെ പഴയ കവിതകൾപോലെ തന്നെ.

(ഇന്ദു മൃദുവായി മന്ദഹസിക്കാൻ ശ്രമിക്കുന്നു)

നാൻസി: നീ പതിവിന് വിപരീതമായിട്ട് എന്തെങ്കിലും കുടിക്കുകയോ കഴിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നോ. നിങ്ങൾ ടൂർ എങ്ങാനും പോയിരുന്നോ?

(ഇന്ദു നിഷേധാർത്ഥത്തിൽ തലയാട്ടുന്നു)

നാൻസി: ഉം എന്തായാലും ഞാൻ അലർജിയുടെ കുറച്ച് മരുന്ന് എഴുതാം. കഴിച്ചിട്ട് മാറ്റമുണ്ടോ എന്നു നോക്ക്. ഇല്ലെങ്കിൽ എന്നെ വിവരമറിക്ക്.

(ഇന്ദു റൂമിൽ നിന്നും പോകുന്നു. നാൻസി അവളെ ത്തന്നെ നോക്കി നിൽക്കുന്നു. പിന്നീട് നാൻസിയുടെ കൈകളിലേക്ക് ക്യാമറ വരുന്നു. തന്റെ കൈയിലെ നീല നിറത്തിൽത്തന്നെ നോക്കി നിൽക്കുന്ന നാൻസി)

**സീൻ - നാല്**

**വൈകുന്നേരം / ഇന്ദുവിന്റെ വീട്**

**കഥാപാത്രങ്ങൾ : ഇന്ദു, ലക്ഷ്മിമേനോൻ**

ഇന്ദു സോഫയിലിരിക്കുന്നു. തൊട്ടടുത്ത് പരിഷ്കാരിയായ അവളുടെ കൂട്ടുകാരി ലക്ഷ്മിമേനോൻ ഇരിക്കു

ന്നു. ജീൻസും പാന്റുമാണ് വേഷം. മൊബൈൽ ഫോണിൽ എന്തൊക്കെയോ കുത്തികൊണ്ടിരിക്കുന്നു. പിന്നെ ഇന്ദുവിനെ നോക്കി വിഷമഭാവത്തിൽ.

(ഇന്ദു മനസ്സിലാകാത്തപോലെ നോക്കുന്നു)

ലക്ഷ്മിമേനോൻ: ഇന്ദു വിഷമിക്കേണ്ട. നിന്റെ ഈ അവസ്ഥയിൽ എനിക്ക് നല്ല വിഷമമുണ്ട്. നിന്റെ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ.... ഓ.. മൈ ഗോഡ്. എനിക്ക് ചിന്തിക്കാനേ വയ്യ.

ലക്ഷ്മിമേനോൻ: പക്ഷേ, ഈ നീലവ്രണങ്ങൾ ഞാൻ ആദ്യമായിട്ടാ കാണുന്നേ. ഇത് പകരുമൊന്നുമില്ലല്ലോ.

(ശേഷം അൽപ്പം മാറിയിരിക്കുന്നു സ്വകാര്യമായിട്ട് പറയുന്നു)

സിസിലിയുടെ ബ്യൂട്ടീപാർലറിൽ പോയാൽ മാറാത്ത ഒരു സ്കിൻ പ്രോബ്ലംസും ഇല്ല. നിനക്ക് ആ രവിശങ്കറിന്റെ മോളെ അറിയില്ലെ. ആ കാണാൻ കൊള്ളാവുന്ന കുട്ടി. അവളുടെ വെഡ്ഡിംഗിന് നീ കണ്ടിരുന്നോ? എനിക്ക് ആളെ കണ്ടിട്ടങ്ങ് മനസ്സിലായില്ല. അങ്ങനെയങ്ങ് മാറ്റിയെടുത്തില്ലേ സിസിലി.. ഈ പ്രശ്നവും അവൾ മാറ്റിത്തരും.

ഇന്ദു: എനിക്കിപ്പോൾ ബ്യൂട്ടീപാർലറിലൊന്നും പോവണ്ട. ഇവിടെയൊന്ന് സ്വസ്ഥമായി ഇരുന്നാൽ മതി.

ലക്ഷ്മി: ഓകെ, എല്ലാം നിന്റെ ഇഷ്ടം. പിന്നെ നിക്കൊരു മോശം തോന്നരുതെന്ന് വെച്ച് പറഞ്ഞതാ. വേറൊരു വഴിയുണ്ട്. എന്റെ ജയേട്ടൻ കഴിഞ്ഞ ദിവസം അമേരിക്കയിൽ നിന്ന് കുറച്ച് ക്രീമൊക്കെ കൊണ്ടുവന്നിരുന്നു. എനിക്ക് സൗന്ദര്യത്തിന് കുറവില്ലാത്തതിനാൽ അതിന്റെയൊന്നും ആവശ്യമില്ലല്ലോ. ഞാൻ നാളെ അത് എന്റെ ഡ്രൈവറുടെ അടുത്ത് കൊടുത്തയയ്ക്കാം അത് തേച്ച് നോക്ക്. നാളെ റസിഡൻസിന്റെ പ്രോഗ്രാം ഉള്ളതുകൊണ്ടാ.. അല്ലെങ്കിൽ ഞാൻ തന്നെ വരുമായിരുന്നു.

ഇന്ദു: അത് പിന്നെ എനിക്കറിയില്ലേ:

(ഒരു ചിരി വരുത്താൻ ശ്രമിച്ചുകൊണ്ട് ലക്ഷ്മി മേനോൻ പോകുന്നു. ഇന്ദു തന്റെ വ്രണങ്ങളിലേക്ക് നോക്കി ചിരിക്കുന്നു. )

ഇന്ദു: നിനക്കും ഒരു സൗന്ദര്യമില്ലേ?

വ്രണത്തിലേക്ക് ക്യാമറ സൂം ചെയ്യുന്നു.

**സീൻ – അഞ്ച്**

**രാത്രി / ഇന്ദുവിന്റെ വീട്**

**കഥാപാത്രങ്ങൾ : ഇന്ദു, രമേശ്, മക്കൾ**

ഇന്ദു റൂമിൽ ഒറ്റക്ക് കിടക്കുന്നു. അവൾ ജനാലയിലൂടെ പുറത്തേക്ക് നോക്കിയിരിക്കുകയാണ്. പെട്ടെന്ന് മൊബൈൽ റിങ് ചെയ്യുന്നു.

ഇന്ദു: (ഫോണിൽ)
ആ. അമ്മേ....

കുഴപ്പമൊന്നുമില്ല. അത് പിന്നെ കൈയിലും കാലിലുമെല്ലാം നീല കുരുക്കൾ പൊന്തിയതാ. ആ നീല നിറം തന്നെ. ഏയ് ബുദ്ധിമുട്ടൊന്നുമില്ല. ഞാനില്ല അമ്മേ. ഞാനവിടേക്ക് വന്നാൽ ഇവിടുത്തെ കാര്യങ്ങളൊക്കെ പ്രശ്നാവും. രമേശേട്ടൻ സമ്മതിക്കാൻ പോണില്ല. എന്നാലും





ചോദിച്ചിട്ട് പറയാം.

ഇന്ദു: രമേശനും മക്കളും കിടക്കുന്ന റൂമിലേക്ക് പോകുന്നു. രമേശൻ മൊബൈൽ നോക്കിയിരിക്കുന്നു. മക്കൾ ടാബിൽ ഗെയിം കളിക്കുന്നു. ഇന്ദു മിണ്ടാതെ രമേശനെ പോയി തോണ്ടുന്നു.

രമേശേട്ടൻ : നീയെന്തിനാ ഇപ്പോ ഇങ്ങോട്ടേക്ക് വന്നേ. നീ സ്വസ്ഥമായിട്ട് കിടന്നോട്ടെന്ന് വച്ചല്ലേ. ഞങ്ങളിങ്ങോട്ട് മാറിക്കിടന്നേ...

## സീൻ – ആറ്

**പകൽ/ ഇന്ദുവിന്റെ അമ്മവീട്**

**കഥാപാത്രങ്ങൾ: ഇന്ദു, അമ്മ**

ഇന്ദു: അമ്മയുടെ മടിയിൽ തലവെച്ച് കിടക്കുന്നു. അമ്മ അവളെ തലോടിക്കൊണ്ടിരിക്കുന്നു. അവൾ ഉറങ്ങാൻ പോകുന്നത് കണ്ട് അമ്മ പറയുന്നു.

അമ്മ: മോളിനി കുറച്ചുനേരം കിടുറങ്ങിക്കോ. യാത്രാക്ഷീണം കാണും. നിന്റെ ആ പഴയ മുറി ഞാൻ അതുപോലെ തന്നെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. പുസ്തകങ്ങളൊക്കെ ഷെൽഫിലുണ്ട്ട്ടോ.

ഇന്ദു എഴുന്നേറ്റ് റൂമിലേക്ക് പോകുന്നു:

## സീൻ: ഏഴ്

**ഉച്ച / ഇന്ദുവിന്റെ പഴയമുറി**

**കഥാപാത്രങ്ങൾ : ഇന്ദു**

അവൾ പതിയെ മുറി തുറക്കുന്നു. തുറക്കുമ്പോൾ ഫ്ളാഷ്ബാക്ക് ആണ് കാണിക്കുന്നത്.

## സീൻ: എട്ട്

**ഫ്ളാഷ്ബാക്ക്**

(ഇന്ദു ചുരിദാറാണ് ഇട്ടിരിക്കുന്നത്. ഒരു പുസ്തകത്തിൽ എന്തൊക്കെയോ എഴുതുന്നു. ഇടക്കിടക്ക് ചിരിക്കുന്നുണ്ട്. )

## സീൻ : ഒൻപത്

**ഉച്ച / ഇന്ദുവിന്റെ മുറി**

ഫ്ളാഷ്ബാക്കിൽ നിന്ന് കഥ പഴയതിലേക്കു തന്നെ വരുന്നു. ഇന്ദു മുറിയിലെ ഓരോ സാധനങ്ങളും തഴുകിക്കൊണ്ട് തന്റെ ഓർമ്മകൾ അയവിറക്കുന്നു. പെട്ടെന്ന് എന്തോ ഒരു മണം അവൾക്ക് അനുഭവപ്പെടുന്നു. അവൾ തന്റെ വ്രണങ്ങളിലേക്ക് നോക്കുന്നു. വ്രണങ്ങളിൽ നിന്നല്ല എന്ന് തോന്നിയതുകൊണ്ട് ഷെൽഫിലേക്ക് പോകുന്നു. അതിൽ നിന്നൊരു നീല പുസ്തകം എടുക്കുന്നു. അവളുടെ സ്വപ്നങ്ങളുടെ ഡയറിയാണ്. അവൾ വിറയോടെ ആ പുസ്തകം തുറക്കുന്നു വായിക്കാൻ ശ്രമിക്കുന്നു. അപ്പോൾ ക്യാമറ അവളുടെ വ്രണത്തിലേക്ക് സൂം ചെയ്യുന്നു. അതിങ്ങനെ പൊട്ടിയൊഴുകുന്നു.

അവസാനം തറയിലേക്ക് ആ പുസ്തകവും അതിന്റെ മേലേക്ക് ഈ വ്രണങ്ങളുടെ നീരും വീഴുന്നു. ശേഷം സ്ക്രീനിൽ നഷ്ടസ്വപ്നങ്ങളുടെ ഏതാനും ചില വരികൾ സ്ക്രീനിൽ എഴുതിക്കാണിക്കുന്നു. ●

# അൽ അത്നൈൻ സി/27

**അമിഷ**
ഫിസിക്സ്, ഒന്നാം വർഷം

ഇന്നലെ മനസ്സിലേക്ക് വീണ്ടും ബെന്യാമിന്റെ നജീബ് കടന്നുവന്നു. പത്തേമാരിയിലെ നാരായണനിലേക്ക് കണ്ണുനട്ടിരിക്കവേ മരുഭൂമിയിൽ ദാഹിച്ചുമരിച്ച ആത്മാക്കളുടെ നിര എന്റെ ചിന്തയ്ക്ക് ചൂടു പകർന്നു.

ഡയറിത്താളുകളിൽ വെറുതെ കുറിച്ചുവെച്ചു.

ഇത്രയും വെട്ടിക്കളഞ്ഞ് അറിവിന്റെ അജ്ഞതയിൽ ഭ്രമിച്ച് ഞാൻ എന്നിലേക്ക് തന്നെ പുറംതിരിഞ്ഞിരുന്നു.

ദുബായ്. അതൊരു ലോകമാണ്. ബുർജ് ഖലീഫ വാനോളം തലയുയർത്തി നിൽക്കുന്ന, ഒത്തിരി പള്ളിക്കൽ നാരായണന്മാർക്കും മൊയ്തീൻമാർക്കും വീട്ടിലെ അടുപ്പിലെ തീ പടർത്തിയ ലോകം. അതിലേറെ ആത്മാക്കൾ ദാഹിച്ചു മരിച്ച, നജീബുമാർ ഉരുകിത്തീർന്ന മണലാരണ്യം. ശ്യാമമാധവത്തോളം കറുത്ത ലംബോർഗിനി കാറിൽ മനസ് നാട്ടിൽ വെച്ചുമറന്ന തടിച്ച ശരീരം കുതിക്കുകയാണ്. എ. സിയുടെ കുളിരിലും ഉള്ള് അൽപം പൊള്ളുന്നുണ്ട്. ഒരുതരം പൊള്ളിക്കുന്ന തണുപ്പ്.

പുലർച്ചെയുടെ ഇരുട്ടിൽ മുന്നോട്ട് നീങ്ങി, മനസ്സിൽ ആധി നിറഞ്ഞ ഒരു മുരൾച്ചയോടെ കാറ് അൽ അത്നൈൻ ഹോസ്പിറ്റലിന്റെ മുമ്പിൽ നിന്നു. എന്തോ പറയാനെന്ന വണ്ണം ഒരു കാറ്റ് മെല്ലെ തഴുകി കടന്നുപോയി. കറുപ്പിൽ സ്വർണ നിറത്തിൽ സുന്ദരിയായി തിളങ്ങുന്ന നാമം. അൽ-അത്നൈൻ. താഴെ ആയുധധാരികളായ രണ്ട് കാവൽഭടന്മാർ. ബൈജു വിളിച്ചപ്പോൾ പറഞ്ഞിരുന്നു മൂന്നാം നിലയിൽ സി – 27 ൽ ആണെന്ന്.

റിസപ്ഷനിൽ ചാരനിറത്തിലുള്ള ഹിജാബ് ധരിച്ച കടുംകാപ്പി കണ്ണുകളുള്ള സുന്ദരി. അവളുടെ ചായം തേച്ച ചുണ്ടുകൾ ഉടനെ ആരാഞ്ഞു. "എനി ഹെൽപ്പ് സർ?", "സി- 27?" മൈലാഞ്ചി ചുവപ്പോട് കൂടിയ അവളുടെ ചൂണ്ടുവിരൽ പോവാനൊരുങ്ങിയ വഴിയിലേക്ക് ധൃതിയിൽ കാലുകൾ പരക്കം പാഞ്ഞു. ഓരോ മുറിയുടെയും വാതിലിനുമുകളിലും അക





ത്ത് മരണം കാത്ത് കിടക്കുന്ന ചിലർക്ക് ക്ഷണം എത്താനുള്ള മേൽവിലാസം പോൽ ഓരോ നമ്പറുകളും തൂങ്ങിനിന്നിരുന്നു. ഒടുവിൽ വലത്തേ ഭാഗത്തെ ചുമരിൽ എന്നെ കാത്തെന്നോണം സി - 27 ലെ അക്ഷരങ്ങൾ അക്ഷമമായിരുന്നു.

ഉള്ളിൽ മറ്റാരും ഉണ്ടാവില്ലെന്ന് മനസ്സ് ഉറപ്പിച്ചിരുന്നു അതിനാൽ പറയും മുമ്പേ കൈ ഭാരം കുറഞ്ഞ മരവാതിൽ തള്ളി തുറന്നു. ദാഹിച്ചു മരിക്കാനായ ശ്വാനന്റെ അന്ത്യരോദനം പോലെ ചെറുതായി ഏങ്ങി വാതിൽ തുറന്ന് വന്നു.

ഇരുമ്പ് കട്ടിലിനു നീല വിരിപ്പിനു മുകളിൽ ഒത്തിരി ട്യൂബുകൾക്കുള്ളിൽ കുരുങ്ങിക്കിടക്കുന്ന നീണ്ടരൂപം. ജീവൻ ഇനിയും ശേഷിക്കുന്നുണ്ടെന്നു കാണിക്കാനെന്നോണം നെഞ്ചിൻ കൂട് ഇടയ്ക്കിടെ പൊങ്ങുകയും താഴുകയും ചെയ്യുന്നുണ്ട്. ആ മനുഷ്യനെപോലെ, ഉള്ളിലുള്ളതെല്ലാം തീരാനായ ഒരു ഗ്ലൂക്കോസു കുപ്പിയുടെ അറ്റം, ഇടതു കയ്യിൽ വേരുകണക്കെ പൊങ്ങിയ പച്ചഞരമ്പിനുള്ളിൽ തുളച്ച് കയറിയിരുന്നു.

പതിയെ അടുത്ത് ചെന്നിരുന്നു. മുറി മുഴുവൻ കുറ്റബോധത്തിന്റെ ഇരുട്ട് നിഴൽപോലെ തങ്ങിനിന്നിരുന്നു. വിരിപ്പിൽ വെറുതെ കിടന്നിരുന്ന ശൂന്യമായ കയ്യിൽ പിടിച്ചു. പള്ളിയുടെ മുറ്റത്തെ പുല്ലിൽ വെറുതെ, കൊഴിഞ്ഞ ഇലപോൽ കിടക്കുമ്പോൾ 'കണ്ടിട്ട് മലയാളി ആണെന്ന് തോന്നുന്നു' എന്ന് പറഞ്ഞ് കയ്യിൽ പിടിച്ചു, അത് ബലിഷ്ഠമായിരുന്നു കൈ. ഇന്നത് വെയിലും മഴയും കൊണ്ട് തുളവീണ് ഇടയ്ക്കിടെ ഇല്ലി തടയുന്ന, മൂലയിലേക്കെറിയപ്പെട്ട, ശീലക്കുടയായിരിക്കുന്നു. കുഴിയിൽ വീണു കിടന്നിരുന്ന നരച്ച കണ്ണുകൾ പതിയെ അൽപം തുറന്നു. വിറയ്ക്കുന്ന ചുണ്ടുകളോടൊപ്പം ഒരിറ്റ് കണ്ണീര് ചുളുങ്ങിയ കവിളുകളിലൂടെ ഇറങ്ങിവന്ന് ചെവിയ്ക്കടിയിൽ സ്ഥാനം പിടിച്ചു.

നീണ്ട പതിനഞ്ച് വർഷത്തെ അജ്ഞത പക്ഷേ ആ കണ്ണിൽ കാണാൻ കഴിഞ്ഞിരുന്നില്ല. അവരുടെ മൗനത്തിനടിയിലെ നിശബ്ദതയ്ക്ക് ഒരുപാട് കാലത്തെ കഥകൾ പറയുവാനുണ്ടായിരുന്നു.

അന്ന് ആ പള്ളിമുറ്റത്ത് നിന്നും തന്നെ കൈപിടിച്ചെഴുന്നേൽപ്പിച്ച് സ്വന്തം മുറിയിൽ കൊണ്ടുപോയി, സ്വന്തം ആഹാരം വിളമ്പി തന്ന മനുഷ്യൻ, ഒടുവിൽ മിനുത്ത മരപ്പലകൾ പാകിയ നിലത്ത് ഇരുട്ടിൽ കിടക്കുമ്പോൾ ആ മനുഷ്യൻ പറഞ്ഞിരുന്നു. 'ദുബായ് ലെ ചൂടാ മ്മളെ പൊരേലെ അട്പ്പിലെ തീക്ക്. ആ അടുപ്പത്ത്ള്ളത് കാത്ത് ഇരിക്ക്ണ മക്കളേം ഉമ്മാന്റേം ഓളേം പെങ്ങളേം മൊഖാ ആലോയ്ക്കുമ്പളേ, ഈ മരപ്പലമ്മല് കെടക്കുമ്പം തന്നെ എന്തൊരു തണുപ്പാന്നിയോ.... ?'

പിറ്റേന്ന് പലരേം ചെന്ന് കണ്ട് 'ഒത്തിരി പഠിച്ച ചെക്കനാ. ഒന്ന് ങ്ങളൊരു പണി ശരിയാക്കി കൊടുക്കണം. ആ... ഹ് മ്മളെ കോയിക്കോട്ടാരൻ തന്ന്യാ' എന്ന് പറഞ്ഞ് എന്നെ ഏൽപ്പിച്ചു കൊടുത്തപ്പോൾ വിചാരിച്ചിരുന്നില്ല. അടുത്ത ഒരുമിച്ച് കൂടൽ ഇത്ര അകാലത്താവുമെന്ന്. നീണ്ട പതിനഞ്ചുവർഷം. ദുബായിൽ പലയിടത്തും അന്വേഷിച്ചു. എങ്കിലും ആ പേരുള്ള ഒരാളെ കണ്ടെത്താൻ കഴിഞ്ഞില്ല. ഒടുവിൽ ഇന്നലെ രാത്രി ബൈജുവിന്റെ ഫോ കോൾ. "ഇക്കാ, ങ്ങള് അന്വേഷിച്ച് നടക്ക്ണ അയാളില്ലേ, ... മൂപ്പര് അൽ-അത്നൈൻ ആസ്പത്രി ല്ലേ, പാവങ്ങൾക്ക് ദുബായ് ഗവൺമെന്റുണ്ടാക്കി കൊടുത്ത അയ്യ ആസ്പത്രി തന്നെ. ആടണ്ട്. "

പെട്ടെന്ന് പുലരുവാൻ കൊതിച്ചു. പുലരുവോളം നിലാവ് കുടിച്ച് നിലത്തിറങ്ങി കിടന്നു. എളുപ്പത്തിൽ വസ്ത്രം മാറി പുറപ്പെട്ടു.

വിറയ്ക്കുന്ന ചുണ്ടുകൾക്കും നിറയുന്ന കണ്ണുകൾക്കും എന്തെല്ലാമോ പറയുവാനുണ്ട്. കൈയിലെ പിടുത്തം മുറുക്കമാണ്. അൽ-അത്നൈൻ ഹോസ്പിറ്റലിലെ സി-27 മുറിക്കുള്ളിലെ ജനലിനപ്പുറം ഇരുട്ട് നീങ്ങി പുലരി ഉദിക്കുന്നുണ്ടായിരുന്നു.●

അശ്വതി
സോഷ്യോളജി, ഒന്നാം വർഷം

# ഏകാന്തത

ആരും ഒരുപക്ഷെ ആഗ്രഹിക്കാത്തതും
സ്നേഹിക്കാത്തതും ആവാം ഏകാന്തത
ഏകാന്തതക്ക് ആരാണ് കറുപ്പ്
നിറം നൽകിയത്?
ആരാണ് അതിന് 'മൗനം' എന്ന
അർത്ഥം നൽകിയത്?
ഏകാന്തത ദുഃഖത്തിന്റെ ചിഹ്നമാണത്രേ!
ഒരുപക്ഷെ നിങ്ങളുടെയും കാഴ്ചപ്പാട്
ഇതെല്ലാം ആയിരിക്കും.
'അയ്യോ! ' ഞാൻ നിങ്ങളുടെ ആശയ
ങ്ങളെ മുറിവേൽപ്പിക്കുകയല്ല,
ഒന്ന് ചോദ്യം ചെയ്തെന്നേ ഉള്ളു.
ഇതല്ല എന്റെ ഏകാന്തത, മറിച്ചു
എന്റെ ഏകാന്തത വർണ്ണശബളമാണ്.
എന്റെ ഏകാന്തത മൗനമല്ല,
മറിച്ചു ഉത്തരങ്ങളാണ്.
എന്റെ ഏകാന്തതയിൽ ചുണ്ടുകൾ
അനങ്ങിയില്ലെന്നോ അക്ഷരങ്ങൾ
കണ്ടില്ലെന്നോ വരാം. പക്ഷെ
അവിടം അക്ഷരമാലകളല്ല
അക്ഷരത്തിരമാലകളാണ്.
ആൾക്കൂട്ടത്തിൽ ഉച്ചരിക്കാത്തത്
ഞാനെന്റെ ഏകാന്തതയോട്
പറയാറുണ്ട്.
എന്റെ നല്ല ഒരു സുഹൃത്താണ്
ഏകാന്തത.
അവിടെയെനിക്ക് പൊട്ടിച്ചിരിക്കാം,
പൊട്ടിക്കരയാം, മൗനമായിരിക്കാം;
ആരുമെന്നെ ചോദ്യം ചെയ്യാറില്ല



വൈശാഖ്
എം.എൽ.ഐ.സി, ഒന്നാം വർഷം

# ഇരുട്ട്

അമ്മിഞ്ഞപൈതലിനോടമ്മപേടിപ്പിച്ച
പോക്കാച്ചിയെത്തുന്ന കൂരിരുട്ട്
ഒക്കത്തിരിക്കുന്ന കുഞ്ഞിനെയൂട്ടുവാൻ
അമ്പിളി, ത്താരങ്ങളെത്തും ഇരുട്ട്
വെട്ടത്തു കാണാത്ത മിന്നാമിനുങ്ങിനെ
സുന്ദരിയാക്കിടും ഈയിരുട്ട്
പണികഴിഞ്ഞെത്തുന്നച്ഛന്റെ കയ്യിലെ
പാപ്പം കൊതിപിക്കും നല്ലിരുട്ട്
അന്യന്റെയധ്വാനമപഹരിച്ചീടുന്ന
കൊച്ചുണ്ണിയാശാന്റെ കൂരിരുട്ട്
അമ്പലപ്പടിക്കലെ ആൽമരക്കൊമ്പിലായി
കടവാവലെത്തുന്നു കൂരിരുട്ടിൽ
നൂൽബന്ധമില്ലാതെ ഇരുനഗ്നമേനികൾ
കാമം ഭുജിക്കുന്നതുമീയിരുട്ടിൽ
കണ്ണിമചിമ്മാതെ അതിർത്തികാത്തിടുന്ന
കാവൽഭടന്മാർക്കെന്തിരുട്ട്?

നുഹ മറിയം
മലയാളം, രണ്ടാം വർഷം

# Justice # കറുപ്പ്

ഇരുട്ടിനെ പ്രേതമെന്ന് വിളിച്ചും
അസഹിഷ്ണുതക്ക്
കരിങ്കൊടി നാട്ടിയും
സമാധാനത്തെ കുമ്മായത്തിൽ
മുക്കിയെടുത്തതാണെന്റെ
വർണ്ണനീതി..

അമിഷ
ഫിസിക്സ്, ഒന്നാം വർഷം



# മാസത്തിലെ ഏഴ് (സ്ത്രീ) വിശേഷങ്ങൾ

**ചുവപ്പ്**

അവളിലെ പെണ്ണ് ഈ
മണ്ണിലമർന്നതു തൊട്ടത്രേ
ഗുൽമോഹറുകൾ ചുവന്ന് പൂത്തത്
അസ്തമയ സൂര്യൻ കടലിൽ
ചുവന്ന രക്തം പടർത്തി
മുങ്ങിയൊളിച്ചത്

**നനവ്**

ആരുമറിയാതെ ഇരുട്ടറക്കുള്ളിൽ
കഴുകി ഉണക്കാനിട്ട
പഴന്തുണികൾക്ക് അവളിലെ
അവളുടെ നനവുണ്ടായിരുന്നു.

### ചിറക്

ഏഴുനാൾ അടിവയറ്റിൽ
പിഴുതെറിയപ്പെട്ട വേരുകൾ
മണ്ണിൽ പടർന്ന്,
ചുവന്ന് പൂത്ത്,
വിണ്ണിൽ ചിറകുകളെ
ചുംബിക്കാറുണ്ട്.

### (അ)ശുദ്ധ

അമ്മയെ അവർ വിളിച്ചു
'പവിത്ര'
അവളെ അമ്മയാക്കിയതിനെ
അവർ വിളിച്ചു
'അശുദ്ധ'

### തടവറ

പലതവണ ബാഗിനുള്ളിൽ ഒളിച്ചു
കടത്തപ്പെട്ട അവളുടെ
രക്ഷാകവചങ്ങളായിരുന്നു
അവളുടെ തടവറ.

### പ്രണയം

വല്ല്യ കുട്ട്യായന്നു തൊട്ട്
നിരോധിക്കപ്പെട്ട മോഹങ്ങളായിരുന്നു
അവളുടെ ബാല്യം,
തന്റെ നാലുചുവരിന്റെ
ജനലിനപ്പുറത്തെ സ്വന്തം
ആകാശത്തെ പ്രണയിച്ചതുവരെ.

### ഋതുമതി

അവളിൽ ഏഴുനാൾ പൂത്ത
ഗുൽമോഹറിന് കാലം
പേരിട്ടു വിളിച്ചു 'ഋതു '



അഭിലാഷ് കെ
മലയാളം, രണ്ടാം വർഷം

# മുന്നൂറ്റി എഴുപത്തി യേഴാമത്തെ കഥ



ചന്തമുള്ള ആകാശത്താണ് ഉടലുകളെ ഞാൻ സ്വതന്ത്രമായ് വിടാറ്. ഇരുട്ടിനെ ഉറക്കി കിടത്തി വാൽനക്ഷത്രങ്ങളെ നിലാവത്ത് മേയാൻ വിടുന്നത്. മേഞ്ഞുനടക്കുന്ന വാൽനക്ഷത്രങ്ങൾക്ക് കഥപറഞ്ഞുകൊടുക്കുന്ന ജോലിയാണെനിക്ക്. അങ്ങനെയിരിക്കെയാണ് ഒരു പൗർണമിരാവിൽ കൂട്ടം തെറ്റിവന്ന വാൽനക്ഷത്രങ്ങൾ എന്റെ ജീവബിന്ദുക്കളോട് തിരികെ പോയിവരാൻ ആവശ്യപ്പെട്ടത്.

കോടിക്കണക്കിന് ജനങ്ങളുടെ ഇടയിൽ നിന്നാണ് മുന്നൂറ്റി എഴുപത്തിഏഴ് കഥകൾ മാത്രം തിരഞ്ഞെടുത്ത് വിധി പ്രഖ്യാപിക്കാനിരിക്കുന്നത്. പൂർണനര ബാധിച്ച പൗർണമി രാവിന്റെ പ്രണയഞരമ്പുകളെ കൂട്ടിക്കെട്ടി ഉടലാഴങ്ങളിലേക്ക് ഊളിയിടുന്നവന്റെ തിരക്കഥ വായിച്ചെടുക്കാൻ പറ്റിയ സമയം.

ഉച്ചക്ക് രണ്ട് മണിക്ക് പ്രഖ്യാപിക്കാനിരിക്കുന്ന വിധിയെച്ചൊല്ലിയുള്ള ആകുലതകൾ വേരുപിടിക്കാത്ത മുഖത്ത് വിയർപ്പിന്റെ നനുത്ത തുള്ളികൾ ഉയരങ്ങളിലേക്ക് പ്രഹസനം കൊള്ളുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് ഞങ്ങൾക്കുവേണ്ടി വൈരാദി നൽകിയ കേസാണ്. നര ബാധിക്കാതെ വെളുത്ത നിറത്തിലിങ്ങനെ ചുവന്ന് തുടുത്ത് കറുത്ത് നിൽക്കുന്നത്.

ചുംബനം കൊണ്ടവനെ വാരിപുണരാൻ കാത്തുനിൽക്കുകയാണ്. ചുംബിക്കാനുള്ള വേദിയല്ല. എന്നാലും ചുംബിക്കും. നൂറ്റി നാൽപ്പത്തിന്നാല് വർഷം കാത്ത് വച്ച് വീര്യം കൂടിക്കൂടി എന്ന് ചുണ്ടുകളിൽ നിന്നും ആഴ്ന്നിറങ്ങുന്ന മധുരചുംബനങ്ങൾ.

ഫോൺ ബെല്ലടിക്കുന്നത് കേട്ട് ചെന്നപ്പോൾ നവീൻ പ്രഭാകറാണ്.

'നമ്മൾ ജയിക്കും

നമ്മൾ ജീവിക്കും... '

ഇനിയും എത്രയോ വർഷം തുടർന്ന് ജീവിക്കുവാനുള്ള ഊർജം പകർന്നാണ് പ്രതീക്ഷയുടെ ആ ഫോൺ അവസാനിച്ചത്.

നരബാധിച്ച ചുവരുകൾക്ക് ചായം പൂശി വർണ്ണക്കടലാസുകൾ അലങ്കരിച്ച് മധുരപലഹാരങ്ങളും ഒരുക്കിവച്ച് നവീൻ പ്രഭാകറിനെയും കാത്തിരിക്കുകയാണ് ഞാൻ...

സമയം അടുക്കുന്തോറും ഹൃദയാരവങ്ങളെ ഭേദിച്ചുകൊണ്ട് ആത്മീയതയുടെ കൂർത്തമുനകൾ മനസ്സിലും കുടിലുകൾ കെട്ടുന്നുണ്ട്. കുടിലുകളെ ഇളക്കിമാറ്റണം. അതിനായി കാലുകളെ സ്വതന്ത്രമാക്കി വിട്ടിരിക്കുകയാണ്. അവക്കിന്ന് ഏതു വഴിയിലൂടെയും സഞ്ചരിക്കാം. ആകാശത്തോളം ഉയർന്നുചെന്ന് സൂര്യനെ കൈവെള്ളയിലാക്കി ഈ നാടിന് വെളിച്ചം പകരാം.

ഒടുവിൽ വിധി വന്നു....

'സുപ്രീകോടതി വെർഡിറ്റ് ഓൺ സെക്ഷൻ ത്രീ സെവന്റീ സെവൻ (ഗേ സെക്സ് ഇസ് നോട്ട് എ ക്രൈം) ടിവിയിൽ തലക്കെട്ടുകൾ മിന്നിമാഞ്ഞു. '

ഇരുകരങ്ങളിലീശ്വരനെ അമ്മാനമാടുന്നവന്റെ കാലുകൾ വലിച്ചെറിഞ്ഞ് തോറ്റുപോയ മലകൾ കീഴടക്കി. ക്രൂശിക്കപ്പെട്ടവന്റെ നെറ്റത്ത് ആയിരം ചുംബനങ്ങൾ അർപ്പിക്കാൻ ഉടലുകൾ വെമ്പുന്നു.

ഞാൻ ഉടനെ എത്തും ഡിയർ....

നമ്മൾ ഒരിക്കലും മരിക്കാത്ത നീർമാതള പൂക്കളെപോലെ ഭൂമിയിലേക്ക് മഴ ചൊരിയും....

ഫോൺവെച്ച പാടെ ഗ്യാലറിയിലേക്ക് അവയവങ്ങൾ പാഞ്ഞടുത്തു. ബംഗാൾ തെരുവിൽ ആഘോഷങ്ങൾ ആരംഭിച്ച് കഴിഞ്ഞിരുന്നു. കോണിപ്പടികളെണ്ണി തൃപ്തിയടിഞ്ഞും മധുരപലഹാരങ്ങൾ പങ്കിട്ട് കഴിച്ചും വിജയം അത്ഭുതമാക്കുകയാണ് ഞങ്ങൾ.

ആഘോഷങ്ങൾക്കിടയിൽ നവീൻ പ്രഭാകറിന്റെ ശബ്ദം മാത്രം ഉയർന്നുകേട്ടില്ല.

എവിടെ എന്റെ പ്രഭാകർ.

എവിടെ എന്റെ പ്രഭാകർ..

ബംഗാൾ തെരുവീഥികളിൽ പ്രഭാകറിന്റെ പേരുവിളിച്ച് ഭിക്ഷ യാചിച്ചു.

ബൈജൂൺ തെരുവിലെ പീടികത്തിണ്ണയിൽ ഒരാൾ നിശ്ചലനായി കിടന്ന് സമൂഹത്തോട് എന്തൊക്കെയോ സല്ലപിക്കുന്നുണ്ടെന്ന് അടുത്ത് കണ്ട സ്നേഹിതൻ പറഞ്ഞു. കുതിരക്കുളമ്പടികൾ വെച്ചുകെട്ടിയ കാലുമായി ബൈജൂൺ തെരുവീഥിയിലേക്ക് നീങ്ങി.

ശരിയാണ്.. ആ സ്നേഹിതന് നന്ദി പറഞ്ഞു. ഇത് എന്റെ നവീൻ പ്രഭാകറാണ്. എഴുന്നേൽക്കൂ പ്രഭാകർ.. ഞാൻ നിന്റെ സൈനുദ്ദീനാണ് വിളിക്കുന്നത്.

അബ്ദുള്ള സൈനുദ്ദീൻ..

പുറത്തെല്ലാവരും നമ്മെ കാത്തിരിക്കുകയാണ്. നമുക്ക് നൃത്തം വയ്ക്കണ്ടേ. ഉച്ചത്തിൽ പാട്ടുപാടണ്ടേ....

ഗഞ്ജിറകൾ മുഴക്കണ്ടേ...

നീയെനിക്ക് നൽകാൻ കൊതിച്ച ആയിരം ചുംബനങ്ങൾക്കായി ഞാൻ കാത്തിരിക്കുകയാണ്.

കള്ളൻ...

ഞാൻ പറയുന്നത് കേട്ടങ്ങനെ നിശ്ചലനായി കിടന്നുറങ്ങുന്നപോലെ അഭിനയിക്കുകയാണെന്നെനിക്കു തോന്നി.

പാവം ആരോ മുള്ളുവേലികൾ കൊണ്ട് പുതപ്പണിയിച്ച് നൽകിയിട്ടുണ്ട്. രക്തക്കറകൾ മേലാസകലം ചിത്രം വരച്ചിരിക്കുന്നു. ഇടനെഞ്ചിലെ ആഴ്ന്ന മുറിവിൽ നിന്നും തെളിഞ്ഞ നീരുറവകളുടെ നിലക്കാത്ത പ്രവാഹം ഒരു സമുദ്രംതന്നെ സൃഷ്ടിച്ചിരിക്കുന്നു. അലയടിക്കുന്ന തിരമാലകളുടെ ഓളങ്ങളെ ചേർത്ത് പിടിച്ച് ഞാൻ ആ മുറിവിലേക്ക് ആഴ്ന്നിറങ്ങി.

"നവീൻ പ്രഭാകറിന്റെ ഇടനെഞ്ചിൽ ഒഴുകിനടക്കുന്ന അബ്ദുള്ള സൈനുദ്ദീൻ"

തെളിഞ്ഞ ആകാശത്തേക്കാൾ എത്ര വിശാലമാണ് അവന്റെ മനസ്സ്. ഇവിടെ ഒന്നല്ല ഒരുപാട് മഴവില്ലുകൾ പൂത്തുലഞ്ഞ് നിൽക്കുന്നു.

മഴവില്ലുകൾ പൂത്തുലഞ്ഞ താഴ്വരയിൽ നിന്നും അവൻ നൽകാൻ കൊതിച്ച ചുംബനങ്ങളെ തിരയുകയാണ് ഞാൻ.

ആയിരം നക്ഷത്രങ്ങളെപ്പോലെ ഇടതെളിഞ്ഞ ആകാശത്ത്, അവ എന്നെ നോക്കി പുഞ്ചിരിക്കുന്നു. ഞാനവയെ സിരകളിലൂടെ പറത്തിവിട്ട് ഉടലാഴങ്ങളിലേക്കടക്കം ചെയ്യുമ്പോഴും അവ ഓരോന്നും ഞങ്ങളുടെ മുന്നൂറ്റി എഴുപത്തേഴാമത്തെ കഥ പറഞ്ഞു കൊണ്ടേയിരുന്നു. ●







**മുഹമ്മദ് സഹദ്**
എം.എ. എക്ണോമിക്സ്,
ഒന്നാം വർഷം


للعلم أهمية عظيمة في حياة كل واحد، وهو الذي يعين قيمة حياتنا من بين حياة سائر البشر، فهو كالنور الذي يهدى صاحبه إلى مقصده آمنا، فمن فقد هذا النور يخبط خبط عشواء في ضوء النهار كأنه في ظلمة الليل، فالعالمون هم قائدو القوم , يسوقون الناس إلى ما هو خير لهم , فجدير لكل واحد منا أن نحاول لطلب العلم طول حياتنا كما قيل في شأنه :"العلم من المهد إلى اللهد".

لكن نظرياتنا عن حقيقة العلم مختلفة , وغالبا عندما نسمح لفظ العلم يتبادر إلى أذهاننا الإمتحان والأرقام والدرجات، وفكرياتنا عن العلم ملتحقة بهذه الخمال المذكورة، لكن للعلم مقاصد عالية وراء هذه المقاصد الصغيرة الجزئية , منها أن نزكي أنفسنا من الفواحش والعيوب أولا ونزكي الأمة ثانيا , فبقدر زيادة علم الرجل ونقصانه تكون منزلته وقيمته بين الناس ومن فوائد العلم أنه يزيد قواتنا وفنوننا في مختلف المجالات، وذلك أن الطالب إذا مارس في فنون وعلوم شتى يمكن له أن يعرف إلى أي فن يشتاق قلبه أكثر , فيمكن له أن يتركز في ذلك الفن وأن يكون ماهرا فيه بإستعانة الكتب والأساتيذ.

وأهم فوائد حصول العلم أنه يفتح أما منا أبواب الفرصات الكثيرة , فبقدر كثرة علم الرجل تكثر فرصاته , فأما من ليس عنده إلا دخل أو حظ محصور من العلم فدائرة فرصاته أيضا محصورة , فلذا نسمح عن سلفنا أنهم كانوا ماهرون في مختلف الفنون والعلوم . وإنما توسعت دائرة فرصاتهم بسبب شوقهم المزيد إلى الملازمة مع العلماء ونيل العلوم منهم لإي طريق كان!

فالعلم عنصر مهم في حياة الإنسان , فهو معيار قيمة الرجل ومقياس منزلته في القوم. فعلينا أن نحاول لجمع درر العلم أينما كان وحيثما كان...!

തസ്നിം റഹ്മത്തുല്ലാ
ഫങ്ഷനൽ ഇംഗ്ലീഷ്, രണ്ടാം വർഷം



# Abandoned Beauty

Deep within the bellowing seas
The tides danced to the solitary rhythm
Of a wounded heart
Dreadful silence dominated the night.

Sleepless nights and terrors engulfed her bravery
Weary clothed and protruded eyes
Yet she was overpowered by a determination
To put an end to her arduous and abrasive life

Lustful hands had savoured her flesh and had
Robbed her of her dignity
She turned her ghostly profile
Away from the milky sea

And sneaked a glance at her
Once beloved place
That had slowly turned into
An abyss in hell.

And then she moved
Farther into the sea
Her soul gently held by the firmament
Only then did she find eternal peace.

റാനിയ
ഇംഗ്ലിഷ്, രണ്ടാം വർഷം



# BEWITCHED

Gather around people, under the sky
Raise your voice, not just your brows,
Point your fingers, now at theleaders.
For once let's be free from the sorcery
Of the lords degrading God's morals!
Let's wipe out the stereotypes
Which chants,
That a woman must wear her hair tight
And that a man must earn till their bones break!
None shouts as they cannot own the gut
As the loud it gets,they lose their lives.
But they keep on whining about the lousy norms.
My mom said so and dad said don't;
It's not a protest but a trial for triumph,
Ah! Life's greatest deceitful promise!
Through the media and its screens
Of superhero stories and crimes!
Reality is worse than a rival,
It's endless rules and truths that suffocates,
Like being ordered on howwe breathe
Or altering ourselves for the acceptance of some.
So don't cast away your truths
In tune with the incantations of the crowd,
'Cause then we get bewitched to the core,
In cursing ourselves for this odious life and soul!

തസ്നിം റഹ്മത്തുല്ല
ഫങ്ഷനൽ ഇംഗ്ലീഷ്, രണ്ടാം വർഷം

നാഫിസത്ത് തസ്നിം
സൈക്കോളജി, രണ്ടാം വർഷം

# NAZISM REBORN?

Millions of Jews were massacred as part of an ethnic cleansing by the German Aryans who considered themselves to be the superior race in the 20th century; a dark chapter in history. Now, years later, Holocaust, a term very familiar to us which fills all our minds with waves of terror and blood shed has incarnated in another form in the People's Republic of china, where an ethnic cleansing far more dangerous than death is slowly taking place.

Xianjing had once been a vibrant city , bustling with traditional Urumqi music, stores that sell food, clothes and cheerful people . Today , the streets have been disfigured off it's history , all that remained until 2017 has been demolished and new structures are being build. The Uighur population that belonged to Xinjiang has been evacuated, families separated and their properties demolished. The Uighur community , their streets and homes now have almost vanished .Adults have been detained at



what the government calls as the're-education centers' .The Chinese government said that these are "vocational training centres" meant to eliminate survival of terrorism from the soil. A speech delivered by Chinese Communist Youth League Xinjiang Branch, March 2017 stated: "The training has only one purpose: to learn laws and regulations ... to eradicate from the mind thoughts about religious extremism and violent terrorism and to cure ideological diseases. If the education is not going well, we will continue to provide free education, until the students achieve satisfactory results and graduate smoothly" . TheChildren area forced into orphanages and are taught Chinese language and songs of praise of the Chinese government.

The government aims tomold a generation that is entirely uprooted from its heritage. People areconditioned to think in favor of the governmentand a poisonous patriotism is being injected into each citizen.

Simple reasons such as contacting someone abroad , praying, fasting or even saying the word God may lead one to be put into internment camps . Most of what happens inside these centers,beyond the barbed wires and high walls remains a mystery , as strict controls have been placed on media. In a video released by the BBC , men and women are seen dancing , singing songs, painting, and even enjoying basketball; an ideal vocational center from an outsiders view. Journalists are inspected and any clip that discords with the government's propaganda is immediately removedfollowed by subsequent detention.The media has been allowed to tour the " re education center" only as far as it agrees to propagate what the government wants to .

Using surveillance, detention and 're-education' as tools the government has cleansed an entire society . Evidence of increased surveillance can be seen from space and has taken on a more technological bent, moving from police-prepared dossiers to installing facial recognition cameras in mosques and on the streets of Xinjiang.A Guardian investigation found that the Chinese border police were also secretly installing surveillance apps on the phones of tourists crossing into Xinjiang in order to download personal information and pri-





vate emails, texts and contacts.

Though the violence is mainly considered to be against the Uighurs, it is estimated that the Chinese authorities may have detained hundreds of thousands to millions of Uighurs, Kazakhs, Kyrgyz, hui, and other ethnic Turkic Muslims, Christians and also some foreign citizens such as Kazakhstanis.

Recent reports reveal how China is barefacedly creating a parallel universe: one that is beautified for tourists who are only shown a curated version of Xinjiang and the one that is a hell where UighurMuslims are held prisoners and denied justice .

**Why are the Uighurs targeted ?**

Uighurs are a Turkic ethnic group originating from and culturally affiliated with general region of central and East Asia. They have been recognized as native to only one region, the Xinxiang Uyghur autonomous region of the people's republic of china.Unlike another large group of Muslims in China, the Hui people, Uighurs are not ethnically or culturally Chinese, but rather Turkish — this makes them specifically open to persecution on the basis not only of religion but also of race. Their culture and language (an Asian Turkic language similar to Uzbek) is degraded, and they occupy the lowest rungs of the social and economic hierarchies.

China has long been intent on exploiting Xinjiang's vast natural resources — increasing oil extraction and refining, along with coal and natural gas production, among other resources. But Xinjiang is essential for another reason: it is the hub of the most ambitious infrastructure project in modern history.

**Why is the world so quite about this ?**

China has tightly controlled its media and a lot of what is happening cannot be revealed to the rest of the world. What's painful is the evident hypocrisy of international governments, mainly due to their economic and strategic ties with China.

In February, Mohammed bin Salman, Saudi Arabia's crown prince, declared on Chinese state television, "China has the right to carry out antiterrorism and de-extermination work for its national security." Other world leaders who are otherwise rather vocal for Muslim population have observed ignorance and denial to address the Uyghurissue as a concern. One such example is of the Pakistan prime minister Imran Khan who when asked about the Uighurs said,"Frankly, I don't know much about that," explaining that the issue was "not so much in the papers. Many speculate that, like bin Salman, Khan has chosen not to defend Uyghur Muslims because of the lucrative trade deals Middle East countries are inking with China.

**What can you do ?**

Raise awareness. They are in dire need of international support. Uyghur American activist ,Aydin Anwar urges "pressure your governments to acknowledge Chinese occupation of East Turkestan and its systematic campaign to wipe out the Uighurs and other people of East Turkestan".

If what is happening today in the Xinjiang is not addressed by the international community, there is a likelihood that we could see its replication in other authoritarian states who have used the label of "terrorist" to describe those who peacefully resist state hegemony.

അഫ്റ ബിൻത് അലി
ഇംഗ്ലിഷ്, രണ്ടാം വർഷം

# पहरेदार

पायल खुश थी
पहली बार मंदिर जाती है वह
अपनी माँ-बाप के साथ
लंबी सीढ़ियाँ चढ़कर ऊपर गयी तो
देखा उस अजीब रूप को
वह चौंक गयी
माँ... कौन है यह? उसने पूछा
यह है हमारे पहरेदार
हर आपत्ती में हमारी रक्षा करेगी वह
दुनिया की किसी भी कोने में हो हम
मुसीबत में, बस, पुकारों हे माता रानी
हिन्दू और मुसलमान हो
वह ज़रूर आएगी और बचाएगी
पायल को बहुत खुश हुआ
लड़कियों को हर मुसीबत में
बचाने को इस दुनिया में एक औरत!
गर्व हुआ पायल को
अगले दिन वह पढ़ा अखबार में
छह साल की लड़की की हत्या हुई-
माता रानी की गोद में
पायल परेशान हुई
क्यों नहीं बचाया उस बेचारी को
अपनी गोद में थी न?
शायद वह मुसलमान होने की वजह होगी
नहीं, शायद पहरेदार कमज़ोर होगी!



മുഹമ്മദ് യാസീൻ
ഫിസിക്സ്, രണ്ടാം വർഷം

# महिला सशक्तीकरण

भारत में लिंग असमानता एक मुख्य सामाजिक मुद्दा है जिससे देश भर में पुरुषवादी प्रभुत्व से महिलाएं पिसती जा रही है। पुरुष और महिला को बराबरी पर लाने के लिए महिला सशक्तीकरण में तेज़ी लाने की ज़रूरत है। समाज के सभी क्षेत्रों में महिलाओं का उत्थान, देश का प्रथम लक्ष्य होना चाहिए। स्त्री-पुरुष के बीच की असमानता कई समस्याओं को जन्म देती है जो राष्ट्र के विकास में बाधा बन जाती है। पुरुष और महिला को समाज में बराबरी का दर्जा देना चाहिए, तभी देश का विकास भी संभव हो सकता है। वास्तव में स्त्री सशक्तीकरण का मूल उद्देश्य स्त्रियों को अपने अधिकारों के प्रति अवगत कराना है। महिलाओं को सिर्फ घरेलू और पारिवारिक ज़िम्मेदारियों को ही नहीं बल्कि समाज के हर क्षेत्रों में सक्रिय और सकारात्मक भूमिका निभानी चाहिए। लेकिन हमारे पुरुषमेधा समाज ने विभिन्न तरीके से उसे पराधीन करके उसके विकास के हर दरवाज़े बंद कर दिये। इसलिए समाज में अपना स्थान प्रतिष्ठित करने के लिए उन्हें सबसे पहले अपने अस्तित्व और अधिकार के प्रति सजग होना चाहिए।

महिला सशक्तीकरण के द्वारा देश और समाज में बहुत सारे परिवर्तन ला सकते हैं। आज हम देखते हैं कि महिला सशक्तीकरण के ज़रिए महिलाएँ जागृत हो रही है। समाज में किसी भी समस्या को पुरुषों से बेहत्तर ढंग से निभाने की क्षमता स्त्रियों में है। स्त्रियों का कर्मक्षेत्र परिवार होने के नाते पारिवारिक उलझनों से व्यस्त वे कभी-कभी अपनी इच्छाओं और लक्ष्यों को बली देने में विवश हो जाती है। ऐसा होने पर भी पारिवारिक उत्तरदायित्वों को वे भली-भाँति निभाती है। आज स्त्रियाँ सिर्फ परिवार में ही नहीं बल्कि समाज के हर क्षेत्र में अपनी दक्षता दिखायी है। चाहे पारिवारिक हो या सामाजिक किसी भी मामले में स्त्रियों का सक्रिय और प्रभावकारी योगदान हम देख सकते हैं।

महिला सशक्तीकरण के द्वारा पुरुष वर्चस्ववादी हमारे देश को एक मज़बूत अर्थव्यवस्था रखनेवाले देश के रूप में बदला जा सकता है। स्त्रियाँ आज अपने पैरों की बेड़ियाँ तोडकर शिक्षा के ज़रिए आगे बढ़ रही है। जिससे वे आर्थिक रूप से स्वतंत्र हो जाती है और परिवार को आर्थिक कठिनाई से बच सकती है। महिलाओं के उत्थान से ही पूरे देश का उत्थान संभव होगा।

महिला सशक्तीकरण का कार्य क्षेत्र विस्तृत और व्यापक है। सामाजिक, आर्थिक, राजनीतिक और पर्यावरण आदि विभिन्न क्षेत्रों से जुडे समस्याओं का समाधान महिला सशक्तीकरण से संभव हो सकती है। आज स्त्रियाँ अपने अस्तित्व के प्रति सचेत है। स्वास्थ्य, शिक्षा, नौकरी, परिवार, समाज और देश के प्रति अपनी ज़िम्मेदारियों को लेकर वे ज़्यादा सजग है। हर क्षेत्र में बिना कोई हिचक के कदम रखती है और सक्रिय रूप से अपनी भूमिका निभाने में सक्षम बनती है। अतः कई वर्षों के संघर्ष के बाद एक हद तक महिलाओं की स्थिति में परिवर्तन आया है और आज भी महिला सशक्तीकरण के दौरान महिलाएँ अपने और समाज के समग्र विकास के लिए संघर्षरत है।



റാനിയ കല്ലായ്
ഇംഗ്ലീഷ്, രണ്ടാം വർഷം

# नज़र नहीं, नज़रिया बदलो

समाज की सोच समय के साथ नहीं, बल्कि चुनौतियों और धमकियों के साथ बदल जाती है। हर इन्सान को अपने राय प्रकट करने का अधिकार हमारे देश में है, लेकिन अजीब बात यह है कि जब एक 'नारी' अपनी राय प्रकट करती है- सही हो या गलत, तब वह समाज के नज़र में 'नारीवादी' बन जाती है। असल में नारीवादी वह है जो लड़कियों का हक और लैंगिक समता के लिए काम करती है, लेकिन समाज को लगता है जब एक नारीवादी आवाज़ उठाकर अपनी राय प्रकट करती है, तब सारी शिकायतें पुरुष वर्ग को नीचे दिखाने के लिए और मिटाने के लिए है। इस गंभीर गलतफहमी की वजह से 'लड़कियों' को समाज नकारात्मक दृष्टि से देखते है और उनके सोच भी कुछ ऐसा ही बदल गयी है।

दुनिया आज इककीसवीं सदी तक पहूँच गयी है। पैदा होने से पहले ही लिंग निर्णय करने की सारी सुविधाएँ आज उपलब्ध है। इस दुनिया में कदम रखने से पहले ही माँ-बाप निर्णय करते है अगर लड़का हो तो खिलौना गाडी होना चाहिए और लड़की हो तो गुड़िया। लड़की को नए कपड़े, गहने, जूते आदि पहनाकर एक गुडिये की तरह पालन पोषण करती है। शैक्षिक सुविधाएँ मिलने पर भी उसे अपनी तरह से सोचने का मौका नहीं मिलता है। वह एक पंछी या तितली की तरह अपने पंख खुलकर उडना चाहती है। उस सपने को पूरा करने में उसे ज़िन्दागी की कडवाहट से गुजरनी पड़ती है। सपने देखने की और सच्चाइयों को स्वीकारने की सीख भी उसे अपने परिवार और समाज से मिलती है। इसी बातों को दिल और दिमाग में रखकर हर एक लड़की ज़िन्दगी में आगे बढ़ने





के बारे में सोचती है। लेकिन कभी-कभी समाज की नकारात्मक सोच और नज़रिया लड़कियों के रास्ते में बाधाएँ उपस्थित करती है।

आज तक जिन लोगों ने उसे पढ़ने को कहा, वही लोग अब उसे पिंजरे के अंदर, जंजीरों में बाँधकर, ताला लगाकर रखते है। उसके गले में एक सज़ा की रस्सी पहनाने के लिए कितने भी पैसा देने के लिए भी वे लोग तैयार है। इस सज़ा को हमारे देश में 'शादी' कहती है। अगर आप अठारह के नारी हो और आपकी शादी आज तक नहीं हुई हो तो अपने आप को खुश किसमत समझो और भगवान को शुक्रिया अदा करो। अगर विश्व में सात चमत्कार है तो हमारे देश में यह एक ऐसा ही चमत्कार है। एक पंछी को पंख फैलाकर उडने की सीख अपनी माँ-बाप से मिलती है, लेकिन जब वह उडना शुरू करती है तब उसके पंख कट देती है, यही हाल है लड़कियों की।

हमारे समाज में स्त्री को देवी के रूप में मान्यता प्राप्त है। लेकिन एक नारी पूजा के लिए मंदिर जाती है, तब उसकी 'खून की अपवित्रता' पर सवाल उठाकर उसे अंदर जाने नहीं देती। हँसी की बात यह है कि जो लोग नारी देवियों को पूजा करते है, वही लोग नारियों की प्रवेश में रोक लगाते है। ऐसी नारियों की हक के लिए नारीवादी लड़ती है और आवाज़ उठाती है, पुरुष वर्ग को नीचे दिखाने के लिए नहीं। कभी-कभी स्त्री मुक्ति का नारा लगाकर कई लोग अपना फायदा उठाते है। लेकिन इसकी असलियत को समझकर स्त्री की उन्नती के लिए समाज को आगे कदम रखना है।

हर एक मनुष्य की तरह लड़की को भी उसकी अपनी स्वतंत्रता, जीवन लक्ष्य और अपनी खुशी होती है। लेकिन समाज का गंदा नज़र उनके सपनों को तोड़ने के लिए हमेशा आतुर रहते हैं। उनके सृजनात्मक क्षमताओं को गालियों और धमकियों से तोड़े बिना उसे आगे बढ़ाने का दायित्व समाज पर निर्भर है। एक फिल्म में सुना है "कभी-कभी जीतने के लिए कुछ हारना पडता है और हार कर जीतनेवाले को बाजीगर कहते हैं।"

हिम्मत न हारनेवाली और दिल की आग कभी न बुझानेवाली लड़कियों के बारे में ये बातें सच हो उठती है-

'ज़िन्दगी में उठते वही है जो गिरने से नहीं डरती और गिरने की हिम्मत रखती है।'

'ज़िन्दगी में ऊँचे उठते वही है जो गिरने के बाद भी उठने की कोशिश करती है।'

हर नारी के अंदर ही अंदर यह सोच उभरते रहेगी। जीने की इच्छा, उडने की आग और सफल होने की चाहत वह कभी नहीं छोड़ती। इसलिए हम गर्व से कह सकते हैं 'नारीवादी' लड़कियों की उत्थान के लिए आवाज़ उठाती है और वे समाज के नज़र को नहीं बल्कि नज़रिये पर सवाल उठाती है। जब तक लड़कियों के प्रति समाज की नज़रिया नहीं बदलती तब तक नारीवादियों की आवाज़ गूँज उठेगी।



സഊദ് നാലകത്ത്
എം.സി.ജെ, രണ്ടാം വർഷം



## രാജാഗേറ്റ്

നിന്നെ പ്രണയിച്ച അത്ര ഒരു ഫാറൂഖിയനും ഒന്നിനേയും പ്രണയിച്ചു കാണില്ല,

ദക്ഷിണേന്ത്യയിലെ അലിഗഢെന്ന് ഫാറൂഖാബാദിന് കാലം പേര് നൽകിയതിനു മുൻപേ അലിഗഢിലെ ബാബേ സയിദിൽ നിന്ന് പൂർവ്വസൂരികൾ നിന്നെ സ്വപ്നം കണ്ടിട്ടുണ്ട്!

കാറ്റിലും കോളിലും ഉലയാതെ തലയുയർത്തിനിൽക്കുന്ന നീ തന്നെയാണ് ഞങ്ങളെ ഉയരങ്ങളെ കീഴടക്കാൻ പ്രേരിപ്പിച്ചതും.

## പുഞ്ചിരി വളവ്

അശോക മരങ്ങളാൽ തണൽ പാകിയ വഴികളിലൂടെ എന്നും നടന്നടുക്കുന്നത് പുഞ്ചിരിയിൽ തീർക്കുന്ന കണ്ടുമുട്ടലുകൾക്ക് വേണ്ടിയായിരുന്നു.

ഞങ്ങൾ പങ്കിട്ട പ്രണയത്തിനും സൗഹൃദത്തിനുമെല്ലാം നീ സാക്ഷിയാണ്! മൗനമായ പുഞ്ചിരിയിലാണ് അഗാധമായ സ്നേഹത്തിന്റെ ഉറവയെന്ന് നീ പറയാതെ പറയുന്നുണ്ട്.

## അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

രാജാവും റാണിയും നിനക്ക് കാവൽ നിന്നത് ഞങ്ങളെ കിനാവ് കാണാൻ പഠിപ്പിക്കാനായിരുന്നു.

ഞങ്ങൾ കണ്ട കിനാക്കളിൽ ഏറെയും പൂവണിഞ്ഞത് നിന്റകത്തെ അണയാത്ത ദീപശിഖ കൊണ്ടുമാത്രമാണ്.

നീ പകർന്നുനൽകിയ പ്രകാശമാണ് ഫാറൂഖിയനെന്ന പേരിൽ ഒരു മൺചിരാതായെങ്കിലും ഞങ്ങൾക്ക് പ്രകാശിക്കാനാവുന്നത്!

## മസ്ജിദുൽ അസ്ഹർ

ഇവിടുത്തെ മിനാരങ്ങൾക്ക് സംസാരിക്കാനാവുമായിരുന്നെങ്കിൽ ഫാറൂഖിയന് ഒരുപാട് ഇശ്ഖിന്റെ കഥകൾ കേൾക്കാമായിരുന്നു. ഒരു പക്ഷേ ആശിഖീങ്ങളുടെ കണ്ണീരിന്റെ നനവിനാവണം ഈ മിനാരങ്ങൾ ഇത്രമേൽ ആകാശംമുട്ടെ വളർന്നത്.

കനലെരിയുന്ന ഹൃദയങ്ങൾക്ക് എന്നും ആത്മശാന്തിയുടെ ഇടമാണു നീ!

## ഊട്ടി റോഡ്

അബുസ്സബാഹിനെയും മസ്ജിദുൽ അസ്ഹറിനെയും ലക്ഷ്യമിട്ട്



ഞങ്ങൾ ഈ വഴി നടന്നതിനാലാവണം നിനക്ക് ഇത്രമേൽ തണുപ്പ് അനുഭവപ്പെട്ടത്.

പേരമക്കൾക്ക് തണുപ്പേകാൻ വെയിലും മഴയും വകവെക്കാതെ ഓടി നടന്ന് ആത്മ സായൂജ്യമടഞ്ഞവരാണവർ.

അവർ നടന്ന വഴികളിൽ തണുപ്പല്ലാതെ മറ്റെന്ത് പ്രതീക്ഷിക്കാനാണ്?!

## റാണി ഗേറ്റ്

രാജാവ് അകലെയായിരുന്നിട്ടും റാണിയെ തേടി എന്നും വസന്തം വരാറുണ്ടെങ്കിൽ, കാലം ഫാറൂഖിയനെ വേർപ്പെടുത്തിയാലും ഫാറൂഖാബാദിനെ തേടി അവരെത്തും. ഇത് ഹൃദയങ്ങൾ തമ്മിൽ ചേർത്തു വെച്ച സ്നേഹ ബന്ധമാണ്.

അണയാത്ത മുറിയാത്ത സ്നേഹം.

## മാഞ്ചോട്

മാവ് പൂക്കുന്നതോടൊപ്പം പ്രണയവും സൗഹൃദവും പൂക്കാറുണ്ട്.

വസന്തകാലങ്ങളെ കാത്തുനിൽക്കാതെ നമ്മൾ കൈമാറിയ സ്നേഹമാണ് എന്നും ഓർമ്മകളുടെ പൂക്കാലം സമ്മാനിച്ചത്.

മാവിലകൾ പോലും അറിയാതെ ആകാശം തരുന്ന മന്ദമാരുതന്റെ കുളിരിൽ മാഞ്ചോട്ടിൽ ഇരുന്ന് പരസ്പരം പങ്കുവെച്ചതാണ് ഇന്നും ബാക്കിയായത്.

## സ്വയംവരപ്പന്തൽ

വർത്തമാനങ്ങൾക്ക് അഴകേറുന്നത് നിന്റെ തണലിൽ ഇത്തിരി നേരം ഇരുന്നപ്പഴാണ്!

ഏകാന്തനായി ഇരുന്നപ്പോഴും ആരോ കൂട്ടിനായി കൂടെയുണ്ടെന്ന് നീ തോന്നിപ്പിച്ചു,

ഫാറൂഖാബാദിന്റെ ഹൃദയമറിഞ്ഞ കൂട്ടുകാരനാണു നീ...

ഞങ്ങൾ പങ്കിട്ട പ്രണയത്തിനും സൗഹൃദത്തിനും നീ സാക്ഷിയാണ്...

സ്വയം വരമായി ലഭിച്ചതല്ലെങ്കിലും, ഇന്നും പലർക്കും നീ ഒരു വരമാണ്!!

അതിരുകളില്ലാത്ത മന്ദമാരുതന്റെ കൂട്ടുകാരൻ!!

## ലൈബ്രറി

ഫാറൂഖാബാദിന്റെ ഹൃദയം! അബുസ്സബാഹിന്റെ വിയർപ്പുകണങ്ങൾ ഇവിടുത്തെ ഓരോ താളുകളിലും ചേർന്നുകിടപ്പുണ്ട്! പലരും ഫാറൂഖിയനെ സ്വപ്നം കാണാൻ പഠിച്ചത് നിന്നിലൂടെയാണ്...

നിന്റെ ചുവരുകളിൽ ഇന്നും പൂർവ്വസൂരികളുടെ ത്യാഗത്തിന്റെ സ്മരണകൾ ഉല്ലേഖനം ചെയ്തു വച്ചിട്ടുണ്ട്,

ഞങ്ങളിൽ പലരും അറിയാതെ പോയ വസന്തകാലം കൂടിയാണു നീ... അറിഞ്ഞിരുന്നെങ്കിലെന്നാശിച്ചു പോയിടും നാളുകൾ, അവർ രാജകവാടം കടന്നിരിക്കുന്നു!!

അബ്ദുൽ മുഹൈമിൻ
സോഷ്യോളജി, മൂന്നാം വർഷം



# Exട്രാ ഫാറൂഖിയൻ

എങ്ങനെയാണ് ഒന്നുമില്ലായ്മയിൽ നിന്നും ഫാറൂഖിയൻ എന്ന മഹത്വമായ സംസ്ക്കാരത്തിന്റെ അടർന്ന് പോവാൻ പറ്റാത്ത വള്ളിയായ് മാറിയത് എന്ന പുനർവായനയും തിരിഞ്ഞുനോട്ടവും നൽകുന്നത് ഏറിയ തിരിച്ചറിവുകളാണ്. 2016 ജൂലൈ മാസത്തിൽ നേരിയ മഴയുടെ അകമ്പടിയോടെ ഏറെ പ്രതീക്ഷയോടെ രാജാകവാടം കടന്ന് വന്നപ്പോൾ കണ്ണുകൾക്കനുഭവപ്പെട്ട തീവ്രതയും അനുഭൂതിയും വാക്കുകളിലൊതുക്കാൻ പറ്റാത്തതാണ്. ഒരു പക്ഷെ അന്ന് തോന്നിയ അനുഭൂതിയിൽ നിന്നും ജിജ്ഞാസയിൽ നിന്നുമൊക്കെയായിരിക്കണം ഫാറൂഖിനെ കുറിച്ചുള്ള പഠനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

ഒരു സമുദായത്തിന്റെ, കാലഘട്ടത്തിന്റെ സംഘ സ്വപ്നങ്ങളുടെ ആകെത്തുകയാണ് ഫാറൂഖ് കോളേജ്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നിരുന്ന സമൂഹത്തിൽ വെളിച്ചം പകരാൻ വിദ്യാഭ്യാസത്തിനു മാത്രമേ സാധിക്കുകയുള്ളു എന്ന് മനസ്സിലാക്കിയ ഒരു കൂട്ടം നേതാക്കൻമാരുടെ അർപ്പണബോധത്തിന്റെയും ത്യാഗത്തിന്റെയും പരിസമാപ്തിയാണ് ഫാറൂഖാബാദ്. മഹാനായ അബു സ്വബാഹിന്റെയും, സീതി സാഹിബിന്റെയും വിയർപ്പിന്റെ ഫലമാണ് ഈ സെപ്റ്റംബർ 16 നു 71 വർഷങ്ങൾ പിന്നിട്ട ഈ വിജ്ഞാനത്തിന്റെ മലർവാടി. സാമൂഹിക സാംസ്കാരിക സാഹിത്യ രാഷ്ട്രീയ മേഖലകളിൽ ശോഭിച്ച നിരവധി പ്രതിഭകളെ സം

ഭാവന ചെയ്ത വിജ്ഞാനസൗധത്തിന്റെ ഭാഗമാവുക എന്നുള്ളത് തന്നെ ഭാഗ്യമായ് കരുതുന്നു.

ഇവിടങ്ങളിലെ ഓർമ്മകളെന്നും പച്ചപ്പ് നിറഞ്ഞതാണ്. വരണ്ടുണങ്ങിയ മനസ്സിൽ ഓർമ്മകളുടെ പുതുമഴ പെയ്യുന്ന അനുഭൂതി. 3 വർഷങ്ങൾ കൊണ്ട് ആഴ്ന്നിറങ്ങപ്പെട്ട ഓർമ്മകളുടെയും കിനാക്കളുടെയും ആകെതുകയാണ് എനിക്ക് ഫാറൂഖ്. ഒരു തരം ആരാധനയായിരുന്നു;ചവിട്ടി നിൽക്കുന്ന മണ്ണിന്റെ ചരിത്രത്തോടോ, അന്തരീക്ഷത്തിൽ അലയടിക്കുന്ന ത്യാഗസ്മരണകളോടോ, വർഷങ്ങളായി വിദ്യാർത്ഥി സമൂഹത്തോട് നിലനിർത്തി വന്ന നീതിയോടോ, എന്താണെന്നറിയില്ല വല്ലാത്തൊരു ആരാധന..!! പലരാത്രികളിലും ഏറെ വൈകിയും അബുസ്വബാഹ് ലൈബ്രറിയുടെയും യൂസഫ് അൽ സാഹർ ഓഡിറ്റോറിയത്തിന്റെയും മുന്നിൽ ഒറ്റക്കിരുന്ന് ഫാറൂഖിന്റെ വശ്യത ആവോളം ആസ്വദിച്ചിട്ടുണ്ട്. ചിന്തകളുടെ മായാലോകത്ത് സ്വൈര്യവിഹാരം നടത്താൻ പഠിപ്പിച്ചത് ഇത്തരം നിമിഷങ്ങളായിരുന്നു.

ഒരു പക്ഷെ വ്യത്യസ്ത പതാകകളാൽ അലംകൃതമായ രാജാഗേറ്റും നിശബ്ദതയെ പുൽകിയ ലൈബ്രറിയും ഏറെ ഇഷ്ടപ്പെട്ടിരുന്നത് അവകാശങ്ങൾക്കു വേണ്ടിയുള്ള കാതടപ്പിക്കുന്ന മദ്രാവാക്യങ്ങളായിരിക്കണം. വ്യവസ്ഥിതിയെ മാറ്റിമറിക്കാനും സ്ഥിരസങ്കൽപ്പങ്ങളെ പിടിച്ചുകുലുക്കാനും കെൽപ്പ് തന്നത് ഫാറൂഖിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവയുടെ ആദർശങ്ങളുമാണ്. വിശ്വസിച്ച പ്രസ്ഥാനവും നെഞ്ചോട് ചേർത്ത് വെച്ച പതാകയും മനസ്സിൽ മെനഞ്ഞ വികാരം അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി കത്തിജ്വലിക്കാൻ പ്രാപ്തിയുള്ളവ തന്നെയായിരുന്നു. ഇലക്ഷനും ഇലക്ഷൻ പ്രവർത്തനങ്ങളുമാണ് ഫാറൂഖിനെ ചൂടു പിടിപ്പിച്ചിരുന്നത്. ആശയങ്ങളെ ആശയങ്ങൾ കൊണ്ടു ചെറുക്കുന്ന ജനാധിപത്യ മൂല്യങ്ങൾക്ക് രാജാഗേറ്റിനുമുയരത്തിൽ സ്ഥാനം നൽകുന്ന രാഷ്ട്രീയമാണ് ഫാറൂഖ് പ്രോത്സാഹിപ്പിച്ചിരുന്നത്. ഫാറൂഖിനെ തകർക്കാൻ വരുന്ന ഒളിയമ്പുകൾക്കെതിരെ പ്രബുദ്ധരായ വിദ്യാർത്ഥികൾ ഒന്നിച്ചാണ് പോരാടിയിരുന്നത്. ഫാറൂഖിലെ പ്രബല രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ തലപ്പത്തിരുന്ന ചെറിയ കാലം നൽകിയത് വലിയ പാഠങ്ങളാണ്. ഉത്തരവാദിത്വങ്ങളിൽ ജീവിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നതും ഈ കാലയളവിലായിരുന്നു.

**"ഇവിടങ്ങളിലെ ഓർമ്മകളെന്നും പച്ചപ്പ് നിറഞ്ഞതാണ്. വരണ്ടുണങ്ങിയ മനസ്സിൽ ഓർമ്മകളുടെ പുതുമഴ പെയ്യുന്ന അനുഭൂതി. 3 വർഷങ്ങൾ കൊണ്ട് ആഴ്ന്നിറങ്ങപ്പെട്ട ഓർമ്മകളുടെയും കിനാക്കളുടെയും ആകെതുകയാണ് എനിക്ക് ഫാറൂഖ്."**

ചരിത്രത്തിലിടം നേടിയ യൂണിയന്റെ ഭാഗമായിരുന്നെങ്കിലും പിന്നീട് വന്ന 2018-19 വർഷത്തെ വിദ്യാർത്ഥി യൂണിയൻ ചെയർമാനാവുക എന്നുള്ളത് വെല്ലുവിളി നിറഞ്ഞ ദൗത്യമായിരുന്നു. ഏൽപ്പിക്കപ്പെട്ട സ്ഥാനത്തോട് നീതി പുലർത്താൻ പറ്റുമോ എന്നുള്ള ഭയമായിരുന്നു മനസ്സു നിറയെ. വിദ്യാർത്ഥികൾക്കൊപ്പം നിൽക്കാൻ, ഓർമ്മയുടെ ഏതെങ്കിലും ഒരു കോണിൽ ഇടം നേടാൻ കഴിഞ്ഞു എന്ന വിശ്വാസത്തോടെയാണ് പടിയിറങ്ങിയത്. കലാലയ നിമിഷങ്ങൾ ആസ്വദിക്കുന്നതിലുമപ്പുറത്ത് മറ്റുള്ളവരെ ആസ്വദിപ്പിക്കാൻ, അതിനവസരമൊരുക്കാനാണു ഫറൂഖിയൻ ജീവിതത്തിന്റെ ഏറിയ സമയവും മാറ്റിവെച്ചത്. വിദ്യാർത്ഥികൾക്ക് വേണ്ടി വിദ്യാർത്ഥികളുടെ കൂടെ നിന്നതിനാലാവണം കുറെയധികം നല്ല ഫീഡ്ബാക്കോടു കൂടി മുന്നോട്ട് പോവാനും തിരശ്ശീലയിടാനും വിദ്യാർത്ഥി യൂണിയനു സാധിച്ചത്.. സന്തോഷം...!! കൂടെ നിന്നവർ, ചേർ



**അബ്ദുൽ മുഹൈമിൻ**
സോഷ്യോളജി, മൂന്നാം വർഷം



# Exiso ഫാറൂഖിയൻ

എങ്ങനെയാണ് ഒന്നുമില്ലായ്മയിൽ നിന്നും ഫാറൂഖിയൻ എന്ന മഹത്വമായ സംസ്ക്കാരത്തിന്റെ അടർന്ന് പോവാൻ പറ്റാത്ത വള്ളിയായ് മാറിയത് എന്ന പുനർവായനയും തിരിഞ്ഞുനോട്ടവും നൽകുന്നത് ഏറിയ തിരിച്ചറിവുകളാണ്. 2016 ജൂലൈ മാസത്തിൽ നേരിയ മഴയുടെ അകമ്പടിയോടെ ഏറെ പ്രതീക്ഷയോടെ രാജാകവാടം കടന്ന് വന്നപ്പോൾ കണ്ണുകൾക്കനുഭവപ്പെട്ട തീവ്രതയും അനുഭൂതിയും വാക്കുകളിലൊതുക്കാൻ പറ്റാത്തതാണ്. ഒരു പക്ഷെ അന്ന് തോന്നിയ അനുഭൂതിയിൽ നിന്നും ജിജ്ഞാസയിൽ നിന്നുമൊക്കെയായിരിക്കണം ഫാറൂഖിനെ കുറിച്ചുള്ള പഠനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

ഒരു സമുദായത്തിന്റെ, കാലഘട്ടത്തിന്റെ സംഘ സ്വപ്നങ്ങളുടെ ആകെത്തുകയാണ് ഫാറൂഖ് കോളേജ്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നിരുന്ന സമൂഹത്തിൽ വെളിച്ചം പകരാൻ വിദ്യാഭ്യാസത്തിനു മാത്രമേ സാധിക്കുകയുള്ളു എന്ന് മനസ്സിലാക്കിയ ഒരു കൂട്ടം നേതാക്കൻമാരുടെ അർപ്പണബോധത്തിന്റെയും ത്യാഗത്തിന്റെയും പരിസമാപ്തിയാണ് ഫാറൂഖാബാദ്. മഹാനായ അബു സ്വബാഹിന്റെയും, സീതി സാഹിബിന്റെയും വിയർപ്പിന്റെ ഫലമാണ് ഈ സെപ്റ്റംബർ 16 നു 71 വർഷങ്ങൾ പിന്നിട്ട ഈ വിജ്ഞാനത്തിന്റെ മലർവാടി. സാമൂഹിക സാംസ്കാരിക സാഹിത്യ രാഷ്ട്രീയ മേഖലകളിൽ ശോഭിച്ച നിരവധി പ്രതിഭകളെ സം

ഭാവന ചെയ്ത വിജ്ഞാനസൗധത്തിന്റെ ഭാഗമാവുക എന്നുള്ളത് തന്നെ ഭാഗ്യമായ് കരുതുന്നു.

ഇവിടങ്ങളിലെ ഓർമ്മകളെന്നും പച്ചപ്പ് നിറഞ്ഞതാണ്. വരണ്ടുണങ്ങിയ മനസ്സിൽ ഓർമ്മകളുടെ പുതുമഴ പെയ്യുന്ന അനുഭൂതി. 3 വർഷങ്ങൾ കൊണ്ട് ആഴ്ന്നിറങ്ങപ്പെട്ട ഓർമ്മകളുടെയും കിനാക്കളുടെയും ആകെ തുകയാണ് എനിക്ക് ഫാറൂഖ്. ഒരു തരം ആരാധനയായിരുന്നു;ചവിട്ടി നിൽക്കുന്ന മണ്ണിന്റെ ചരിത്രത്തോടോ, അന്തരീക്ഷത്തിൽ അലയടിക്കുന്ന ത്യാഗസ്മരണകളോടോ, വർഷങ്ങളായി വിദ്യാർത്ഥി സമൂഹത്തോട് നിലനിർത്തി വന്ന നീതിയോടോ, എന്താണെന്നറിയില്ല വല്ലാത്തൊരു ആരാധന..!! പലരാത്രികളിലും ഏറെ വൈകിയും അബുസ്വബാഹ് ലൈബ്രറിയുടെയും യൂസഫ് അൽ സാഖർ ഓഡിറ്റോറിയത്തിന്റെയും മുന്നിൽ ഒറ്റക്കിരുന്ന് ഫാറൂഖിന്റെ വശ്യത ആവോളം ആസ്വദിച്ചിട്ടുണ്ട്. ചിന്തകളുടെ മായാലോകത്ത് സ്വൈര്യവിഹാരം നടത്താൻ പഠിപ്പിച്ചത് ഇത്തരം നിമിഷങ്ങളായിരുന്നു.

ഒരു പക്ഷെ വ്യത്യസ്ത പതാകകളാൽ അലംകൃതമായ രാജാഗേറ്റും നിശബ്ദതയെ പുൽകിയ ലൈബ്രറിയും ഏറെ ഇഷ്ടപ്പെട്ടിരുന്നത് അവകാശങ്ങൾക്കു വേണ്ടിയുള്ള കാതടപ്പിക്കുന്ന മുദ്രാവാക്യങ്ങളായിരിക്കണം. വ്യവസ്ഥിതിയെ മാറ്റിമറിക്കാനും സ്ഥിരസങ്കൽപ്പങ്ങളെ പിടിച്ചുകുലുക്കാനും കെൽപ്പ് തന്നത് ഫാറൂഖിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവയുടെ ആദർശങ്ങളുമാണ്. വിശ്വസിച്ച പ്രസ്ഥാനവും നെഞ്ചോട് ചേർത്ത് വെച്ച പതാകയും മനസ്സിൽ മെനഞ്ഞ വികാരം അവകാശങ്ങൾക്കും സ്വാതന്ത്രത്തിനും വേണ്ടി കത്തിജ്വലിക്കാൻ പ്രാപ്തിയുള്ളവ തന്നെയായിരുന്നു. ഇലക്ഷനും ഇലക്ഷൻ പ്രവർത്തനങ്ങളുമാണ് ഫാറൂഖിനെ ചൂടു പിടിപ്പിച്ചിരുന്നത്. ആശയങ്ങളെ ആശയങ്ങൾ കൊണ്ടു ചെറുക്കുന്ന ജനാധിപത്യ മൂല്യങ്ങൾക്ക് രാജാഗേറ്റിനുമുയരത്തിൽ സ്ഥാനം നൽകുന്ന രാഷ്ട്രീയമാണ് ഫാറൂഖ് പ്രോത്സാഹിപ്പിച്ചിരുന്നത്. ഫാറൂഖിനെ തകർക്കാൻ വരുന്ന ഒളിയമ്പുകൾക്കെതിരെ പ്രബുദ്ധരായ വിദ്യാർത്ഥികൾ ഒന്നിച്ചാണ് പോരാടിയിരുന്നത്. ഫാറൂഖിലെ പ്രബല രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ തലപ്പത്തിരുന്ന ചെറിയ കാലം നൽകിയത് വലിയ പാഠങ്ങളാണ്. ഉത്തരവാദിത്വങ്ങളിൽ ജീവിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നതും ഈ കാലയളവിലായിരുന്നു.

> **ഇവിടങ്ങളിലെ ഓർമ്മകളെന്നും പച്ചപ്പ് നിറഞ്ഞതാണ്. വരണ്ടുണങ്ങിയ മനസ്സിൽ ഓർമ്മകളുടെ പുതുമഴ പെയ്യുന്ന അനുഭൂതി. 3 വർഷങ്ങൾ കൊണ്ട് ആഴ്ന്നിറങ്ങപ്പെട്ട ഓർമ്മകളുടെയും കിനാക്കളുടെയും ആകെ തുകയാണ് എനിക്ക് ഫാറൂഖ്.**

ചരിത്രത്തിലിടം നേടിയ യൂണിയന്റെ ഭാഗമായിരുന്നെങ്കിലും പിന്നീട് വന്ന 2018-19 വർഷത്തെ വിദ്യാർത്ഥി യൂണിയൻ ചെയർമാനാവുക എന്നുള്ളത് വെല്ലുവിളി നിറഞ്ഞ ദൗത്യമായിരുന്നു. ഏൽപ്പിക്കപ്പെട്ട സ്ഥാനത്തോട് നീതി പുലർത്താൻ പറ്റുമോ എന്നുള്ള ഭയമായിരുന്നു മനസ്സു നിറയെ. വിദ്യാർത്ഥികൾക്കൊപ്പം നിൽക്കാൻ, ഓർമ്മയുടെ ഏതെങ്കിലും ഒരു കോണിൽ ഇടം നേടാൻ കഴിഞ്ഞു എന്ന വിശ്വാസത്തോടെയാണ് പടിയിറങ്ങിയത്. കലാലയ നിമിഷങ്ങൾ ആസ്വദിക്കുന്നതിലുമപ്പുറത്ത് മറ്റുള്ളവരെ ആസ്വദിപ്പിക്കാൻ, അതിനവസരമൊരുക്കാനാണു ഫാറൂഖിയൻ ജീവിതത്തിന്റെ ഏറിയ സമയവും മാറ്റിവെച്ചത്. വിദ്യാർത്ഥികൾക്ക് വേണ്ടി വിദ്യാർത്ഥികളുടെ കൂടെ നിന്നതിനാലാവണം കുറെയധികം നല്ല ഫീഡ്ബാക്കോടു കൂടി മുന്നോട്ട് പോവാനും തിരശ്ശീലയിടാനും വിദ്യാർത്ഥി യൂണിയനു സാധിച്ചത്.. സന്തോഷം...!! കൂടെ നിന്നവർ, ചേർ



ത്തു പിടിച്ചവർ, താങ്ങായവർ, തള്ളിയിട്ടവർ, വിമർശിച്ചവർ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഈയൊരു കാലയളവിൽ ഒരുപാട് പേരോട് ദേഷ്യപ്പെടേണ്ടി വന്നിട്ടുണ്ട് മുഖം കറുപ്പിച്ച് സംസാരിക്കേണ്ടി വന്നിട്ടുണ്ട്. ആ സമയത്ത് ശരിയായി തോന്നിയ കാര്യങ്ങൾ വലിയ തെറ്റായി ഇന്നും വേട്ടയാടപ്പെടുന്നുണ്ട്. ക്ഷമാഭ്യർത്ഥനക്ക് ഈയൊരവസരം വിനിയോഗിക്കുകയാണ്. സദയം ക്ഷമിക്കുക..

ഫാറൂഖാബാദിന്റെ യശസ്സ് വാനോളം ഉയർത്തുന്നത് കലാ-കായിക-വൈജ്ഞാനിക മേഖലകളിൽ നക്ഷത്രങ്ങളായ് തിളങ്ങുന്ന ഇവിടുത്തെ താരകങ്ങൾ തന്നെയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുമപ്പുറത്ത് ഫാറൂഖിയൻ എന്ന നാമം മുഴങ്ങി കേൾക്കുന്നതും തങ്കലിപികളാൽ ആലേഖനം ചെയ്യുന്നതും ഇത്തരക്കാരാണ്. മറ്റാരിൽ നിന്നും നമ്മെ വ്യത്യസ്ഥമാക്കുന്നത് മഹനീയമായ ഫാറൂഖിയൻ എന്ന ബ്രാൻഡ് നെയിം തന്നെയാണ്. ഫോസ്‌ലാവയും ഇന്റർസോൺ കലോത്സവങ്ങളും ഒഴിവാക്കി കൊണ്ട് ഫാറൂഖാബാദിനെ പറ്റി ഓർക്കുന്നത് തന്നെ നന്ദി കേടായിരിക്കും. ഒരുപാട് അദ്ധ്വാനത്തിന്റെ ദിനങ്ങളായിരുന്നെങ്കിലും ഏറെ ആനന്ദം നൽകുന്ന ഓർക്കാൻ ഇഷ്ടപ്പെടുന്ന സുഖമുള്ള നോവുകളാണ്. ഓടി നടന്ന പകലുകളും ഉറക്കമിളച്ച രാത്രികളും ഫാറൂഖാബാദിനു വേണ്ടിയാണ്, ഫാറൂഖിയൻ എന്ന നാമം ഉയർത്തിപ്പിടിക്കാനാണു എന്നാലോചിക്കുമ്പോൾ കിട്ടുന്ന ഊർജ്ജം അവർണ്ണനീയമാണ്. അവസാനം കോളേജ് ഡേയുടെ അന്ന് എല്ലാവരും മതിമറന്നാഘോഷിക്കുമ്പോൾ മനസ്സറിഞ്ഞ് ആസ്വദിക്കാനാവാതെ പനിച്ച് വിറച്ച് സ്റ്റേജിന്റെ മൂലയിലിരിക്കേണ്ടി വന്നത് നന്നായെന്ന് ഇന്ന് തോന്നുന്നു. പടിയിറക്കത്തിന്റെ വേദനയും നിറഞ്ഞൊഴുകിയ കണ്ണുകളും മറയ്ക്കാൻ പടച്ചവൻ തന്ന മുഖം മൂടി.. പനി..! ഏറെ അസൂയ തോന്നിയിട്ടുള്ളത് ഇവിടുത്തെ കായിക വിദ്യാർത്ഥികളോടാണ്. ഇത്രയധികം കലാലയ ജീവിതത്തെ ആസ്വദിക്കുന്ന ആഘോഷിക്കുന്ന മറ്റാരും തന്നെയുണ്ടാകില്ല. കാരണങ്ങളറിയാത്ത പ്രത്യേക തരം സ്നേഹവും ബന്ധങ്ങളും തോന്നിയിട്ടുള്ളത് ഇവരോടാണ്. ഫാറൂഖാബാദിന്റെ അലമാരയിൽ അഭിമാനത്തോടെ സൂക്ഷിച്ചു വെക്കുന്ന ഓരോ കിരീടങ്ങളുടെയും പിന്നിൽ ഒരു കൂട്ടം വിദ്യാർത്ഥികളുടെ വിയർപ്പിന്റെ കണികകളുണ്ട്. ആരാലും തിരച്ചറിയപ്പെടാത്ത നിസ്വാർത്ഥരയായ ഒരു കൂട്ടം വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ കൂടിയാണവ.

ഫാറൂഖാബാദ് പലർക്കും പലതാണ്. രാജാഗേറ്റും പുഞ്ചിരിവളവും ഊട്ടിറോഡും മാഞ്ചോടും സെമിത്തേരിയും ഓപ്പൺ എയറും അങ്ങനെ ഓരോയിടങ്ങളും ഓരോരുത്തർക്കും നൽകുന്ന അനുഭവങ്ങളും ഓർമ്മകളും വ്യത്യസ്ഥമാണ്. രാജാഗേറ്റ് കഴിഞ്ഞാൽ വ്യക്തിപരമായ് ഏറെയിഷ്ടപ്പെടുന്നിടം പുഞ്ചിരിവളവാണ്. ഒരു പക്ഷെ ഈയൊരു സ്ഥലത്തിന്റെ പേരിലായിരിക്കും ഏറ്റവുമധികം പരിഹാസങ്ങളേറ്റു വാങ്ങേണ്ടി വന്നിട്ടുള്ളത്. പക്ഷെ പുഞ്ചിരിവളവ് തന്നത് വേറിട്ടനുഭവങ്ങളായിരിന്നു. കുട്ടികളാരുമില്ലാത്ത രാത്രിയിൽ പോലും പലപ്പോഴും വെറുതെ അവിടെ നിന്നിട്ടുണ്ട്. മൂവായിരത്തോളം വിദ്യാർത്ഥികളിൽ വലിയൊരു വിഭാഗവുമായി സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും ബന്ധങ്ങൾ പുതുക്കാനുമുള്ള അവസരം നൽകുന്ന പൊതു ഇടമായിട്ടായിരുന്നു പുഞ്ചിരിവളവിനെ കണ്ടിട്ടുള്ളത്. ഒരു വിദ്യാർത്ഥിപ്രതിനിധിയുടെ മുഖ്യമായ കടമയും അതാണല്ലോ..! വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമപ്പുറം ഫാറൂഖിന്റെ ജീവനാഡിയായ ചിലരുണ്ട്. ആൾക്കൂട്ടങ്ങളിലും ബഹളങ്ങളിലും കാണാത്ത ആൾക്കൂട്ടത്തിലും തനിച്ചാവുന്ന ചിലർ.. ഹോസ്റ്റലുകളുടെ അധിപനായ റഹീം സാറും, കാര്യക്കാരൻ സുരേഷേട്ടനും, മുരളിയേട്ടനും, ഫാറൂഖിന്റെ മുഴുവൻ ഭാരവും തലയിലേറ്റിയ മട്ടിൽ നടക്കുന്ന ജബ്ബാർക്കയും, താക്കോൽക്കൂട്ടവുമായി ഓടിനടക്കുന്ന സൈനുത്തയും, പുഞ്ചിരിച്ച് മാത്രം കണ്ടിട്ടുള്ള ജാനുവേച്ചിയും കൂട്ടത്തിലേറ്റവും ഇഷ്ടപ്പെട്ട ഇന്നും പേരറിയാത്ത ചേച്ചിയും, എൻകയറി റൂമിലിരുന്ന് വീർപ്പ്മുട്ടുന്ന പ്രിയപ്പെട്ട ഷബ്നേച്ചിയും, നസീർക്കയും, റാഫിക്കയും കുറേ വട്ടം കറക്കിയ ഓഫീസ് സ്റ്റാഫുകളും, സുഭാഷേട്ടനും സുധാകരേട്ടനും അടങ്ങിയ സൈന്യവും അങ്ങനെ ഒരു പട തന്നെയുണ്ട്. രാവിലത്തെ പതിവ് ഉഴുന്ന് വടയ്ക്കും ചായക്കുമൊപ്പം രാഷ്ട്രീയം കൂടി വിളമ്പുന്ന ഹുസൈൻക്കയും, പൈസയില്ലെങ്കിലും സ്ഥിരമായ് കടം തരുന്ന ഫുഡ്പാർക്കിലെ ഫൈസൽക്കയും, ബഷീർക്കയും, മരക്കാനയിലെ ടീമുകളുമൊക്കെയാണ് പുറമേ നിന്നുള്ള പടയാളികൾ.. ഫാറൂഖിനെ പറ്റി എഴുതാൻ തുടങ്ങിയാൽ ഫാറൂഖിനെ ആവോളം ആസ്വദിച്ച യഥാർത്ഥ ഫാറൂഖിയന് അക്ഷരങ്ങളും വാക്കുകളും തികയാതെ വരും. അറ്റമില്ലാത്ത അതിരുകളില്ലാത്ത ആകാശം കണക്കെ നീണ്ടു നീണ്ടു പോകും..

> ഫാറൂഖാബാദിന്റെ യശസ്സ് വാനോളം ഉയർത്തുന്നത് കലാ-കായിക-വൈജ്ഞാനിക മേഖലകളിൽ നക്ഷത്രങ്ങളായ് തിളങ്ങുന്ന ഇവിടുത്തെ താരകങ്ങൾ തന്നെയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുമപ്പുറത്ത് ഫാറൂഖിയൻ എന്ന നാമം മുഴങ്ങി കേൾക്കുന്നതും തങ്കലിപികളാൽ ആലേഖനം ചെയ്യുന്നതും ഇത്തരക്കാരാണ്.

രാജാഗേറ്റിറങ്ങിയ ശേഷം നഷ്ടമാവുന്നത് പലതുമാണ്.. പലരെയുമാണ്.. മൂന്നു വർഷം പഠിക്കുകയായിരുന്നില്ല. ജീവിക്കുകയായിരുന്നു. ജീവിക്കാൻ പഠിക്കുകയായിരുന്നു. ഓർമ്മകളെ ഏറെ ഇഷ്ടപ്പെടുന്നത് കൊണ്ട് തന്നെ ഫാറൂഖിന്റെ ഓർമ്മകൾ എന്നും ഒരു ലഹരിയാണ്. കൊണ്ടു പോകുന്നത് നല്ല കുറേ ഓർമ്മകളും അനുഭവങ്ങളും ഒപ്പം മൂല്യമേറിയ 'ഫാറൂഖിയൻ' എന്ന ടാഗ്‌ലൈനുമാണ്. വള്ളികളായ് പടർന്നു കയറിയതിവിടെയാണ്; വേരാഴ്ത്തിയതും പൂത്തതും കായ്ച്ചതുമിവിടെയാണ്. ഏറെ സങ്കടത്തോടെയാണ് വിട പറഞ്ഞത്.. ഞാൻ ഞാനായിരുന്നിടത്തോടും, എന്നെ ഞാനാക്കിയ ഇടത്തോടും, നമ്മുടേതായിരുന്ന പലതിനോടും..

**മുബീന**
സുവോളജി, രണ്ടാം വർഷം

# വേരിറങ്ങിയ ഇടം

സർ സയ്യിദ് ഹോസ്റ്റൽ എന്ന നാമത്തിൽ 1965 ൽ നിലവിൽ വന്ന ഈ പഴക്കം ചെന്ന ഹോസ്റ്റലിന് 35 വർഷത്തോളം ബോയ്സ് ഹോസ്റ്റലിന്റെയും പിന്നീട് 2000ന് ശേഷമുള്ള ഗേൾസ് ഹോസ്റ്റലിന്റെയും വീര്യവും തീവ്രതയുമേറിയ ധാരാളം കഥകൾ പറയാനുണ്ട്.

അതെ, കാലങ്ങൾക്കിപ്പുറം ഇന്നിവിടെ ഗേൾസ് ഹോസ്റ്റൽ ആണ്. ഫാറൂഖാബാദിന്റെ കൗമാര പെൺ ഹൃദയങ്ങളുടെ സ്വപ്നങ്ങളും ആകുലതകളും ചിന്തകളും സ്നേഹ സന്തോഷങ്ങളും തിങ്ങി പാർക്കുന്ന ഇടം.

എസ്.എസ് എന്നും ഞങ്ങളുടെ സ്വകാര്യ അഹങ്കാരവും അഭിമാനവും ആണ്. ഇവിടെ നിന്നാണ് ഞങ്ങളുടെ വടിവുറ്റ സ്വപ്നങ്ങൾക്ക് അനന്തമായ ആകാശങ്ങളെ നോക്കി പറക്കുവാനുള്ള ചിറകുകൾ മുളപ്പിച്ചത്. ഇവിടെ നിന്നാണ് തന്റെ അടിത്തട്ടിൽ എരിഞ്ഞു കൊണ്ടിരിക്കുന്ന തീക്കനലിനെ അണയാതെ കാത്തുസൂക്ഷിക്കാനുള്ള ആർജ്ജവം നേടിയെടുത്തത്, അതുകൊണ്ട് തന്നെ ഇവിടെ ഹോസ്റ്റൽ എന്ന കേവല നാമത്തിനപ്പുറത്തേക്ക് എന്തൊക്കെയോ ആയിരിന്നു ഞങ്ങൾക്ക്. കാലം അങ്ങനെ മാറ്റി എടു






ക്കുകയായിരുന്നു.

സർ സയ്യിദ് ഹോസ്റ്റൽ എന്ന വലിയ അക്ഷരത്തിൽ നാമധേയം ചെയ്യപ്പെട്ട ആ കുഞ്ഞുഗേറ്റും കടന്ന് ഹോസ്റ്റലിലേക്ക് കടന്നുവരുന്ന ഒരു കേവല പതിനെട്ടുകാരിക്ക് ഇവിടം ഏറെ അതിശമായിരുന്നു, പ്രതീക്ഷയായിരുന്നു, അതിലുപരി ആകുലതകളായിരുന്നു...! ചില്ലു കഷ്ണങ്ങൾ കൊണ്ടലങ്കരിച്ച വലിയ മതിലുകളാൽ ചുറ്റപ്പെട്ട ഒരു പ്രാചീന കെട്ടിടം.... 4ഉം, 5ഉം, 7ഉം ആളുകൾ തിങ്ങി പാർക്കുന്ന കുറെ ഹോസ്റ്റൽ മുറികൾ. ഒരു വിശാലമായ നടുമുറ്റം. എല്ലാത്തിനും മേലെ ഇരു കണ്ണുകളും ചലിപ്പിച്ചു നടക്കുന്ന സദാസന്നദ്ധയായ ഒരു ഹോസ്റ്റൽ വാർഡൻ, ഇതിനപ്പുറത്തേക് ഒന്നും കാണാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ, ആശങ്കകളെയും വെല്ലുവിളികളെയും കവച്ചു വെക്കാൻ പടിപ്പിച്ചവളായിരുന്നു എസ്.എസ്. അതെ, എസ്.എസ്... നീ എന്നും ഞങ്ങളെ അതിശയിപ്പിച്ചിട്ടെയുള്ളൂ. എത്ര പെട്ടെന്നാണ് ഈ അധോലോകം ഞങ്ങൾക്ക് മായാലോകമായി മാറിയത്.! അടച്ചു മൂടപ്പെട്ട മതിലിനപ്പുറത്തേക് മുകളിലുള്ള വിശാലമായ ആകാശം കാണാൻ പഠിപ്പിച്ച എസ്.എസ്.. ഇന്ന് നിന്നിൽ നിന്നും ഞങ്ങൾക്ക് ഏറെ ഉൾക്കൊള്ളാൻ കഴിഞ്ഞിരിക്കുന്നു. വലിപ്പം കുറയുന്നതിനനുസരിച്ചു അടുപ്പം കൂടുമെന്ന് പഠിപ്പിച്ച ഹോസ്റ്റൽ മുറികൾ... സംവാദങ്ങളും ആർപ്പുവിളികളും ആർമാദവും വിനോദവും കൊണ്ട് തുടിച്ചു നിന്ന നടുമുറ്റം. നീണ്ടു നീണ്ടു പോയ സങ്കൽപ്പങ്ങളും യാഥാർഥ്യങ്ങളും നിറഞ്ഞ ജീവിത കഥകൾ പങ്കുവെച്ച ഹോസ്റ്റൽ സമയങ്ങൾ.... അനന്തമായിരുന്നു ഇവിടം.!

**'വൈവിധ്യങ്ങളുടെ ഒരു തുറന്ന ഭൂമി' എന്ന് വിശേഷിപ്പിക്കാനാണ് ഏറെ ഇഷ്ടപെട്ടിരുന്നത്. കാരണം ഓരോ വിദ്യാർത്ഥിയും അത്രയേറെ വ്യത്യസ്തമാർന്ന തന്റെ ചെയ്തികൾ കൊണ്ട് ഹോസ്റ്റലിന്റെ ഓളത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടായിരുന്നു.**

'വൈവിധ്യങ്ങളുടെ ഒരു തുറന്ന ഭൂമി' എന്ന് വിശേഷിപ്പിക്കാനാണ് ഏറെ ഇഷ്ടപെട്ടിരുന്നത്. കാരണം ഓരോ വിദ്യാർത്ഥിയും അത്രയേറെ വ്യത്യസ്തമാർന്ന തന്റെ ചെയ്തികൾ കൊണ്ട് ഹോസ്റ്റലിന്റെ ഓളത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടായിരുന്നു. ഏറെ ചിരിച്ചിരുന്നവർ... കണ്ണീരു കൊണ്ട് തന്റെ രാത്രികളെ

തട്ടിവിടുന്നവർ... യാത്രകളെ, സ്വപ്നങ്ങളെ പ്രണയിക്കുന്നവർ... ഉട്ടോപ്യൻ സിദ്ധാന്തങ്ങൾ കൊണ്ട് ആളുകളുടെ ശ്രദ്ധ പിടിച്ചു പറ്റിയവർ... പുതിയ പുതിയ കലകളെ സംസ്കാരത്തിന് സംഭാവന ചെയ്തവർ...!! അങ്ങനെ എന്തുമാത്രം വൈവിധ്യങ്ങളാണ് ഈ ചുരുങ്ങിയ വർഷത്തിനുള്ളിൽ നമ്മോടൊപ്പം തല ചായ്ച്ചുറങ്ങിയത്....

ഫാറൂഖാബാദെന്നും നിറങ്ങളുടെ പറുദീസായായിരുന്നു. ഹൃദയം ഒന്നു പിടയാതെ കണ്ണുകൾക്ക് കുളിർമ തട്ടാതെ.., ആ മണ്ണിനെ കുറിച്ചുള്ള ഓർമ്മപ്പുസ്തകം ഒരു താളുപോലും മറിച്ചിടാൻ കഴിയാറില്ല. 'ഇവിടം ഞങ്ങളുടേതാണ്' എന്ന് ഉറച്ച ശബ്ദത്തിൽ അത്രയേറെ ആത്മവിശ്വാസത്തോടെ ഓരോ ഫാറൂഖിയനും പറയാൻ കഴിയുന്നു എന്നത് തന്നെയാണ് ഇവിടുത്തെ ഏറ്റവും വലിയ നേട്ടം. ആയതിനാൽ ഈ മണ്ണിന്റെ യശസ്സും അഭിമാനവും മൂല്യവും ഒരു തരി പോലും കുറഞ്ഞു പോകാതെ കാത്തു സൂക്ഷിക്കാൻ എന്നും ശ്രദ്ധാലുവാകാറുണ്ട്.

വിജ്ഞാനം, കലാ, കായിക, സാഹിത്യ, രാഷ്ട്രീയ മേഖലകളിൽ കേരളത്തിൽ ഉന്നതപട്ടം ചമയുന്നത് ഞങ്ങളുടെ ക്യാമ്പസിന്റെ ഒരു കുത്തക തന്നെയാണ്. പലപ്പോഴും അത്തരം ചിന്തകളുടെ ഉറവിടം രൂപം കൊണ്ടിട്ടുള്ളത് ചെറിയ ഹോസ്റ്റൽ മുറികൾക്കുള്ളിൽ നിന്നു തന്നെയായിരുന്നു. ചൂടേറിയ ചർച്ചകളും, വാഗ്വാദങ്ങളും, വിമർശനങ്ങളും പരിഹാസവും നിറഞ്ഞ സമയം പോക്കലുകൾ ഹോസ്റ്റൽ ജീവിതത്തിൽ വിസ്മരിക്കാൻ കഴിയാത്തത് തന്നെയാണ്.

എസ്.എസ് ഫറൂഖിയൻസിന്റെ പേടി സ്വപ്നമായി മാറുന്നത് FOZLAVA (ഫാറൂഖിന്റെ ഉത്സവം) fine arts മത്സര വേദികളിലെ കൗതുകമാർന്നതും അമ്പരിപ്പിക്കുന്നതുമായ വിവിധ തരം പ്രകടനങ്ങൾ കണ്ടു കൊണ്ടാണ്. ആ സമയങ്ങൾ ഇവിടം ആഘോഷത്തിന്റെയും വാശിയുടെയും ഋതുക്കളാണ്. രാവുകളെ പകലുകളാക്കി മാറ്റുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നു ഞങ്ങൾ. എതിരില്ലാതെ കാലങ്ങളായി ഈ കപ്പ് ഇവിടം തന്നെയാണ് സൂക്ഷിക്കപ്പെടാറുള്ളത് എന്നുള്ളത് ഇത്തിരി അഹങ്കാരത്തോടെ മാത്രമേ ഞങ്ങൾക്ക് പറയാൻ കഴിയാറുള്ളൂ. 'എപ്പോഴും കപ്പ് അവിടെതന്നെ സൂക്ഷിക്കാനുള്ള സ്വാർത്ഥമായ ചിന്തയ്ക്കുമില്ലേ ലേശം ഉളുപ്പ് ' എന്ന മറ്റുള്ളവരുടെ ഡയലോഗ് കേൾക്കാനും ഒരു സുഖം..!!!

എന്നിരുന്നാലും, വലിഞ്ഞു മുറുക്കപ്പെട്ട ഹോസ്റ്റൽ നിയമങ്ങൾ ഞങ്ങളുടെ മനസിനെയും ശരീരത്തെയും ബുദ്ധിയെയും സർഗാത്മക ചിന്തകളെയും, സ്വതന്ത്ര

> **ഫാറൂഖാബാദെന്നും നിറങ്ങളുടെ പറദീസായായിരുന്നു. ഹൃദയം ഒന്നു പിടയാതെ കണ്ണുകൾക്ക് കുളിർമ തട്ടാതെ.., ആ മണ്ണിനെ കുറിച്ചുള്ള ഓർമ്മപ്പുസ്തകം ഒരു താളുപോലും മറിച്ചിടാൻ കഴിയാറില്ല.**

മനോഭാവത്തെയും അടിച്ചമർത്തും പോലെ തോന്നിയിട്ടുണ്ടെങ്കിലും തോൽക്കാൻ മനസില്ലാതെ പൂർവ്വാധികം ശക്തിയോടെ ഞങ്ങൾ ഉയർന്നു വന്നിട്ടുണ്ടെങ്കിൽ ഞങ്ങളിൽ എരിഞ്ഞു കൊണ്ടിരിക്കുന്ന തീക്കനൽ തണുത്തുറഞ്ഞ കട്ടകളായി മാറിയിട്ടില്ല എന്ന വിളിച്ചു പറയലുകളാണ്... ഓർമ്മപ്പെടുത്തലുകളാണ്..

ചില പേരുകൾ പരാമർശിക്കാതെ SS ഒരിക്കലും പൂർണമാവില്ല. ഞങ്ങളോട് അത്രയേറെ കൂറ് കാട്ടിയിരുന്ന ഞങ്ങളുടെ റഹീം സർ, സുരേഷേട്ടൻ, ശാലീന മിസ്സ്, സീമാം, വാർഡൻ, മെസ്സിലെ ചേച്ചിമാർ, വാച്ചുക്ക, അങ്ങനങ്ങനെ...

